# യേശുവിന്റെ ആത്മകഥ

## (ഒരു ഭാവനാവിഷ്കാരം)

വാല്യം 4



ഫാദർ. സി. സി. ചെറിയാൻ

# യേശുവിന്റെ ആത്മകഥ

(ഒരു ഭാവന ആവിഷ്കാരം)

വാല്യം – 4

**ഫാദർ. സി. സി. ചെറിയാൻ**
**കോട്ടയം**

സി.സി. ബുക്സ്, കോട്ടയം.

2021

Yeshuvinte Athmakadha - Volume 4
(Auto Biography of Jesus Christ)
By : Fr . C C Cherian
Mob: +91 944 73 02 518
frcccherian@gmail.com
Cover Design: Cyril Cherian
Page Setting : Cyril Cherian & Chris Cyril
Digital book: January 2021
Published by: C C Books, Kottayam.

# സമർപ്പണം

എൻറെ പ്രിയ മാതാപിതാക്കൾ, എന്നെ
വൈദികപദവിയിലേയ്ക്ക് കൈവെപ്പ് നൽകി
ഉയർത്തിയ കാലം ചെയ്ത അഭിവന്ദ്യ യൂഹാനോൻ മാർ
സേവേറിയോസ് തിരുമേനി, ആധ്യാത്മികതയുടെ
അടിസ്ഥാനപ്രമാണങ്ങൾ പകർന്നു തന്ന
കാലം ചെയ്ത അഭിവന്ദ്യ ഡോ. പൗലോസ്
മാർ ഗ്രീഗോറിയോസ് തിരുമേനി, കോട്ടയം
വൈദികസെമിനാരിയിൽ എന്നെ സഭാജീവിതം
പരിശീലിപ്പിടച്ച വന്ദ്യരായ ഗുരുക്കൻമാർ, എന്നെ
സ്നേഹിക്കുകയും, കരുതുകയും പ്രോത്സാഹിപ്പിക്കുകയും
ചെയ്ത മാതാപിതാക്കൾ, കുടുംബാംഗങ്ങൾ,
സുഹൃത്തുക്കൾ തുടങ്ങി എല്ലാവർക്കുമായി ഈ ഗ്രന്ഥം
ഞാൻ സമർപ്പിക്കുന്നു.

# ഉള്ളടക്കം

(വാല്യം – 4)


പ്രസ്താവന : ഫാ. സി. സി. ചെറിയാൻ. 2

അവതാരിക: "സഭാ ഗുരുരത്നം" റവ. ഫാ. ഡോ. T. J. ജോഷ്വാ 4

ആസ്വാദനം: ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ 7

അവലോകനം: റവ.ഫാ. ഡോ. ഓ. തോമസ് 11

46. അനുകമ്പയുള്ള ശിഷ്യരെയാണ് ഞാൻ അന്വേഷിക്കുന്നത്. 15

47. സ്വർഗ്ഗപിതാവിനാൽ ആകർഷിക്കപ്പെടാതെ ആരും എന്റെ അടുക്കലെത്തുന്നില്ല. 22

48 നിങ്ങൾക്ക് എന്നെ വിട്ടു പോകുവാൻ തോന്നുന്നുണ്ടോ? 29

49. എന്നെ ലോകം വെറുത്തത്പോലെ നിങ്ങളെയും വെറുക്കും. 36

50 കുരിശ് ചുമക്കുന്നതാണ് എന്റെ ശിഷ്യന്റെ അടയാളം. 43

51. എന്റെ ശിഷ്യൻമാരോടുള്ള രണ്ട് പ്രത്യേക നിർദ്ദേശങ്ങൾ. 51

52 നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ. 58

53 ജീവന്റെ അപ്പം ഞാൻ നിങ്ങൾക്ക് നൽകാം. 65

54. ന്യായപ്രമാണങ്ങളും പാരമ്പര്യങ്ങളും എന്റെ കാഴ്ചപ്പാടിൽ ആചരിക്കുക. 74

55. "കൊർബോനും" "ദശാംശവും" : എന്ത്? എന്തിന്? 83

56. ബധിരനും മൂകനുമായ ഒരാളെ സൗഖ്യമാക്കി. 93

57. നിങ്ങൾ അടയാളങ്ങൾ അന്വേഷിക്കുന്നത് എന്തിന്? 101

58. പരീശന്മാരുടെയും സദൂക്ക്യരുടെയും പുളിച്ചമാവിനെ സൂക്ഷിക്കുക. 108

59. മനുഷ്യ മാനദണ്ഡങ്ങൾ അല്ല, ദൈവത്തിന്റെ പ്രമാണങ്ങൾ തന്നെ പാലിക്കുക. 115

60. ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തുന്നത് തീരാനഷ്ടം തന്നെ 123

അനുബന്ധം 1 – ഉള്ളടക്കം (വാല്യം – 1) 130

അനുബന്ധം 2 – ഉള്ളടക്കം (വാല്യം – 2) 131

അനുബന്ധം 3 – ഉള്ളടക്കം (വാല്യം – 3) 132

അനുബന്ധം 4 – About the Author 133

Books by the Author 134

# പ്രസ്താവന

"യേശുവിന്റെആത്മകഥ" നാലാം വാല്യം പൂർത്തിയാക്കുവാൻ എന്നെ നിയോഗിച്ച് ശക്തിപ്പെടുത്തിയ ദൈവതിരുമുമ്പാകെ സ്തുതിയും സ്തോത്രവും താഴ്മയായി സമർപ്പിക്കുന്നു. യേശുവിന്റെ ശിഷ്യന്മാർ എന്ന നിലയിൽ എല്ലാ ക്രിസ്ത്യാനികളും ശ്രദ്ധാപൂർവ്വം ഗ്രഹിച്ച്, അനുസരിച്ച്, ജീവിച്ചു കാണിക്കേണ്ടതായ ദൈവരാജ്യമൂല്യങ്ങളെ വേർതിരിച്ച് വായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടു വരുവാനുള്ള ഒരു എളിയ ശ്രമമാണ് ഈ വാല്യത്തിൽ കൂടി അവതരിപ്പിക്കുന്നത്. പഴയനിയമപ്രമാണങ്ങൾ, ആധുനികകാലത്തെ ചിന്താധാരകൾ, ആത്മീക രംഗത്തെ നൂതന പ്രതിഭാസങ്ങൾ, സാമൂഹ്യജീവിതത്തിലെ മാനുഷിക മാനദണ്ഡങ്ങൾ തുടങ്ങിയ വിഷയങ്ങൾ, യേശുവിന്റെ ഇന്നത്തെ കാഴ്ചപ്പാടിൽ വിലയിരുത്തുമ്പോൾ ചിലരെങ്കിലും ചില വിയോജിപ്പുകൾ പ്രകടിപ്പിക്കുവാനിടയുണ്ട്. അക്കാരണത്താൽതന്നെ ക്രിസ്തുവിനെ കുറച്ചുകൂടി അടുത്തറിയുവാൻ വായനക്കാർ പരിശ്രമിക്കും എന്ന പ്രതീക്ഷയിലാണ് ഇപ്രകാരം ഭാവനാത്മകമായി അവതരിപ്പിക്കുന്നത്. വായനക്കാരുടെ പ്രതീക്ഷകൾക്കും സങ്കൽപങ്ങൾക്കും അനുസരിച്ചുള്ള "ക്രിസ്തുദർശനം"അവതരിപ്പിക്കുക എന്നതിലുപരി, വിശുദ്ധ വേദപുസ്തകത്തിനും സഭ പാരമ്പര്യത്തിനും അനുയോജ്യമായ വിധത്തിൽ യേശുവിന്റെ ചിന്തകളെ അവതരിപ്പിക്കണമെന്ന കാര്യത്തിൽ വിട്ടുവീഴ്ച ചെയ്തിട്ടില്ല എന്നാണ് ഞാൻ കരുതുന്നത്.

അതേസമയം വായനക്കാരുടെ ഭാവനകൾ തമ്മിൽ ചെറിയൊരു സംഘട്ടനം ഉണ്ടായാലും, അത് ഭക്തിസാന്ദ്രമായ വിലയിരുത്തലിൽ സമഗ്രമായ സമന്വയത്തിൽ എത്തുമെന്ന ശുഭപ്രതീക്ഷയാണ് എനിക്കുള്ളത്. ബഹുമാന്യരായ ഗുരുക്കന്മാരുടെയും സ്നേഹിതരുടെയും വായനക്കാരുടെയും ശക്തമായ പ്രോത്സാഹനവും പ്രചോദനവും ഈ ഗ്രന്ഥരചനയിൽ എന്നെ മുന്നോട്ട് നയിക്കുന്നതിനാൽ അഞ്ചാം വാല്യവും എഴുതി പൂർത്തിയാക്കാൻ കഴിഞ്ഞു. ഫെബ്രുവരി മാസം മുതൽ ആറാം വാല്യത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. എന്നാൽ ഇവിടുന്നങ്ങോട്ടുള്ള പ്രയാണം കുറേക്കൂടി ദുഷ്കരമാണെന്ന് അനുഭവപ്പെടുന്നു. ഇനിയും ഏതെല്ലാം വേദഭാഗങ്ങൾ ആവർത്തനവിരസത കൂടാതെ

അവതരിപ്പിക്കണമെന്ന കാര്യത്തിൽ വേണ്ടത്ര വ്യക്തത വന്നിട്ടില്ല. ഈ പരമ്പര അനന്തമായി നീണ്ടുപോകാതെ പരിമിതപ്പെടുത്തണം എന്ന് മനസ്സ് എന്നോട് പറയുന്നു. പ്രധാന ചിന്തകൾ വിട്ടുപോകാതെ "യേശുവിന്റെ ആത്മകഥ" പൂർത്തിയാക്കുവാൻ വിനയപൂർവ്വം പരിശുദ്ധാത്മസഹായം തേടുകയാണ് ഞാൻ. നിങ്ങളും പ്രാർത്ഥനയിൽ എന്നെ കൂടി ഓർത്ത് ശക്തി പകരണം എന്ന് അഭ്യർത്ഥിക്കുന്നു.

മുൻ പതിവുപോലെ ഈ ഗ്രന്ഥത്തിന് അർത്ഥപൂർണ്ണമായ അവതാരിക എഴുതിത്തന്ന പിതൃതുല്യനായ എന്റെ ഗുരുനാഥൻ "സഭാഗുരുരത്നം" റവ. ഫാ. ഡോ. ടി. ജെ. ജോഷ്വ, ഉചിതമായ അവലോകനം എഴുതിയ ആദരണീയനായ റവ. ഫാ. ഡോ. ഓ. തോമസ്, ഹൃദ്യമായ ആസ്വാദനം എഴുതിയ പ്രിയ സ്നേഹിതനായ റവ. ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നീ വൈദിക ശ്രേഷ്ഠരോടുള്ള നിസ്സീമമായ നന്ദിയും സ്നേഹവും കടപ്പാടും ഞാൻ ഹൃദയപൂർവ്വം രേഖപ്പെടുത്തുന്നു. മുൻവാല്യങ്ങളിലും ഇവർ നൽകിയ വിലയേറിയ പ്രോത്സാഹനങ്ങൾക്കു ആത്മാർത്ഥമായ സന്തോഷവും നന്ദിയും ഒരിക്കൽകൂടി പ്രകാശിപ്പിക്കുന്നു. ഇവരുടെ നിരന്തരമായ പ്രചോദനമാണ് എന്റെ എഴുത്തിനു അനുദിനം പ്രേരണയായി ഞാൻ കരുതുന്നത്. വായനക്കാരുടെ പ്രതികരണങ്ങളും, അവ വിമർശനങ്ങൾ ആയാൽ പോലും, എനിക്ക് ഊർജ്ജം പകരുന്നവ തന്നെയാണ്.

കവർപേജ് ഡിസൈനിങ്, പേജ് സെറ്റിംഗ് തുടങ്ങിയ കാര്യങ്ങളിൽ എന്റെ മകൻ സിറിൽ ചെറിയാനും കൊച്ചുമകൻ ക്രിസ് സിറിലും മുൻ പതിവു പോലെ എന്നെ സഹായിക്കുന്നുണ്ട്. ഡിജിറ്റൽ പ്രിൻറിംഗ് നടത്തുന്ന മണിപ്പാൽ ടെക്നോളജി, പ്രസിദ്ധീകരണം നടത്തുന്ന സി. സി. ബുക്സ്, കോട്ടയം എന്നിവരോടുള്ള നന്ദിയും രേഖപ്പെടുത്തട്ടെ

സർവോപരി ഈ സംരംഭത്തിന് മാർഗ്ഗദർശനം നൽകിക്കൊണ്ട്, പൂർണ്ണ വെളിച്ചവും ഊർജ്ജവും ദിനംതോറും പകർന്നുകൊണ്ടിരിക്കുന്ന സർവ്വശക്തനായ ദൈവ തിരുസന്നിധിയിൽ പ്രണാമവും നന്ദിയും അർപ്പിച്ചുകൊണ്ട് ഈ പ്രസ്താവന ഉപസംഹരിക്കുന്നു.

സ്നേഹാദരവുകളോടെ,

ഫാ. സി. സി. ചെറിയാൻ
ഗ്രന്ഥകർത്താവ്
കോട്ടയം. ജനുവരി 2021

# അവതാരിക

"സഭാ ഗുരുരത്നം" റവ. ഫാ. ഡോ. T. J. ജോഷ്വാ.

കോവിഡ് ലോക്ക് ഡൗൺ കാലം പ്രയോജനകരമായി വിനിയോഗിക്കാമെന്ന് സീനിയർ വൈദികനായ ഫാദർ. സി. സി. ചെറിയാൻ, വാല്യങ്ങളായി രചിക്കപ്പെട്ട ഈ കൃതികളിൽ കൂടി തെളിയിച്ചിരിക്കുന്നു. മുമ്പ് ശ്രദ്ധേയങ്ങളായ പല കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്,എങ്കിലും സുവിശേഷങ്ങളെകുറിച്ചുള്ള ആഖ്യാനം അവയിൽ പെടുന്നില്ല. എന്നാലിവിടെ മറ്റാരും ഒരുമ്പെട്ടിട്ടില്ലാത്ത ശൈലിയിൽ (ആത്മകഥാ രൂപത്തിൽ) ദീർഘമായ രചന നടത്താൻ അദ്ദേഹത്തിന് സാധിച്ചു. സ്വീകരിച്ച ശൈലിയെപ്പറ്റി വിമർശനം ഉണ്ടാകാം. സുവിശേഷ വ്യാഖ്യാനങ്ങളിൽ പലതിലും വ്യത്യസ്തത ദർശിക്കാവുന്നതാണ്. ഈ വ്യാഖ്യാന സമീപനത്തെപറ്റി അഭിനന്ദിച്ച് പറയാനുള്ളത്, ഓർത്തഡോക്സ് സഭയുടെ വീക്ഷണത്തെയും പാരമ്പര്യത്തെയും ഇതിൽ പിന്തുടർന്നിരിക്കുന്നു എന്നുള്ളതാണ്. എന്നാൽ പ്രവാചകശബ്ദം എന്നവണ്ണം തെറ്റായ പ്രവണതകളെയും നടപടികളെയും ചൂണ്ടിക്കാണിച്ചുകൊണ്ട് തിരുത്തുവാനുള്ള ആഹ്വാനം ഉയർത്തിയിട്ടുണ്ട്.

വർത്തമാനകാലത്തെ സമൂഹത്തെയും, അവിടെ നിന്നുയരുന്ന വെല്ലുവിളികളെയുംഉയർത്തികാണിക്കുന്നുണ്ട്.സമകാലീനസമൂഹത്തിന്റെ ധാർമികവും ആത്മീയവുമായ വിഷയങ്ങളെക്കുറിച്ച് മാത്രമല്ല സാമ്പത്തിക രംഗത്തേക്കും കർത്താവിന്റെ ശ്രദ്ധ പതിയുന്നതായി കാണിക്കുന്നു. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളും പ്രവൃത്തികളും ഒന്നാം നൂറ്റാണ്ടിലെ പലസ്തീൻ സമൂഹത്തിന്റെ പശ്ചാത്തലത്തിലാണ് കാണുന്നതെങ്കിലും അവയ്ക്ക് സനാതനമായ പ്രസക്തിയുണ്ടെന്നും, ഇന്നും എന്നുമുള്ള ഏത് ജനതയ്ക്കും അവയുടെ സന്ദേശം പ്രസക്തമാണ് എന്നുള്ള സത്യം ഗ്രന്ഥകർത്താവ് വിശദീകരണങ്ങളിൽ കൂടി വ്യക്തമാക്കുന്നു.

മുൻപുള്ള വാല്യങ്ങളിലെ പോലെ 15 പ്രതിപാദനങ്ങൾ ആണ് ഈ കൃതിയിലുമുള്ളത്. അവയിലെ മാതൃക ഇതിലും പിന്തുടരുന്നു. ശിഷ്യൻമാരെ സുവിശേഷ ദൗത്യത്തിനായി നിയോഗിച്ചയയ്ക്കുന്ന സംഭവത്തിന്റെ വിശദീകരണങ്ങളോടെ ആരംഭിക്കുന്നു. ഇവിടെ ആധുനിക സഭകളുടെ പരാജയങ്ങൾ ചൂണ്ടിക്കാണിക്കുകയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു. ഓരോ അധ്യായവും ഗ്രന്ഥകാരന്റെ ആഖ്യാന

മികവ് വെളിപ്പെടുത്തുന്നു. മാത്രമല്ല,തിരുവെഴുത്തുകളിലുള്ള അവഗാഹവും ഉചിതമായ ഉദ്ധാരണികളും പരാമർശങ്ങളും നൽകിക്കൊണ്ട് തെളിയിക്കുന്നു. പഴയനിയമ ഭാഗത്തുനിന്നും പുതിയനിയമ കൃതികളിൽനിന്നും ഓരോ സന്ദർഭത്തിനും വിഷയത്തിനും അനുയോജ്യവും പ്രസക്തവുമായ ഭാഗങ്ങൾ ധാരാളം പരാമർശിച്ചിട്ടുണ്ട്. ഗ്രന്ഥകാരന്റെ വേദപരിജ്ഞാനത്തിന്റെ തെളിവാണത്.

ക്രിസ്തുവിന്റെ ശിഷ്യത്വം സുവിശേഷത്തിലെ ഒരു പ്രധാന വിഷയമാണ്. അത് അംഗീകരിച്ചുകൊണ്ട് വളരെ വിശദമായി പ്രതിപാദിക്കുകയും ആശയങ്ങൾ അക്കമിട്ട് അവതരിപ്പിക്കുകയും ചെയ്യുന്നു. ക്രൂശ് എടുത്ത് അനുഗമിക്കുക എന്നതിൽ ക്രൂശിന്റെ അർത്ഥവും ജീവിതത്തിന്റെ ഏതെല്ലാം മേഖലകളിൽ അതിന്റെ അർത്ഥവ്യാപ്തി പ്രതിഫലിക്കണമെന്നതും വ്യക്തമാക്കുന്നു.

അഞ്ചപ്പം കൊണ്ട് പുരുഷാരത്തെ തൃപ്തിപ്പെടുത്തുന്ന അത്ഭുതമാണല്ലോ നാല് സുവിശേഷങ്ങളിലും ഉൾക്കൊള്ളുന്ന ഒന്ന്. ആ സംഭവത്തിന്റെ ഓരോ ഘടകത്തെയും വളരെ വിശദമായും, സമകാലിന പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ അവയുടെ പ്രസക്തിയും അർത്ഥവ്യാപ്തിയും വിശദമാക്കുന്നു.

ന്യായപ്രമാണങ്ങളെപറ്റിയും പാരമ്പര്യങ്ങളെകുറിച്ചും യേശുവിന്റേതായി നൽകുന്ന ഭാഷ്യം നിശ്ചയമായും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പാരമ്പര്യങ്ങളെ പുച്ഛിക്കുന്നവരുണ്ട്. പക്ഷേ അവരും അവരുടേതായ പാരമ്പര്യം പിന്തുടരുന്നു. പാരമ്പര്യങ്ങളിൽ ആശാസ്യം ഏത്? അനാശാസ്യം ഏത്? എന്ന വിവേചനം ഉണ്ടായിരിക്കണം. തെറ്റായ പാരമ്പര്യങ്ങൾ വളർന്നു വരാം. അവയെ ദൂരീകരിക്കേണ്ടതാണ്. നേർച്ചകൾ(Korbon), ദശാംശം എന്നീ വിഷയങ്ങളും കർത്താവിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. അവയ്ക്ക് ഇന്നുള്ള പ്രസക്തി ചൂണ്ടിക്കാണിക്കുന്നു. അതുപോലെ വിവാഹം, കുടുംബം എന്നീ സാമൂഹ്യ വിഷയങ്ങളും കർത്താവിന്റെ സജീവ ശ്രദ്ധയിൽപ്പെടുന്നതായി കാണിച്ചിരിക്കുന്നു. പരീശ ന്മാരുടെയും സാദൂക്യരുടെയും പുളിച്ചമാവിനെപറ്റിയുള്ള വിമർശനം വളരെ വിശദമായും ഇന്നുള്ള അവസ്ഥയോട് വ്യക്തമായി ബന്ധപ്പെടുത്തിയും പ്രതിപാദിച്ചിട്ടുണ്ട്.

15 അധ്യായങ്ങളും വിഷയങ്ങളിലോ വ്യാഖ്യാനങ്ങളിലോ ആവർത്തനവിരസത ഇല്ലാതെ പുതിയ വീക്ഷണങ്ങളോടെ വിലയിരുത്തിയിരിക്കുന്നു.

ഈ കൃതി നിശ്ചയമായും ബൈബിൾ പ്രഭാഷകർക്ക് നല്ല കൈമുതലായിരിക്കും. സുവിശേഷ പഠിതാക്കൾക്കും നല്ല ഉൾകാഴ്ച നൽകുന്നതാണ്. പ്രസാധകരെ ആരെയും സമീപിക്കാതെ സ്വന്തമായി കുറച്ച് കോപ്പികൾ വീതമാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. ഇത് കണ്ടും കേട്ടും വായിച്ചറിഞ്ഞു മറ്റ് പ്രസാധകർ മുന്നോട്ടു വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ വാല്യങ്ങൾ പൂർത്തിയാക്കാൻ ആവശ്യമായ പ്രചോദനവും ആത്മീയ ഉത്സാഹവും അച്ഛന് ദൈവം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വളരെ നിറഞ്ഞ സന്തോഷത്തോടെ, ദൈവത്തിനു സ്തോത്രം അർപ്പിച്ചുകൊണ്ട് ഈ കൃതി വിശ്വാസികൾക്കായി അവതരിപ്പിക്കുന്നു.

സചിവോത്തമപുരം, കോട്ടയം
ക്രിസ്മസ് ദിനം 2020.

# ആസ്വാദനം
# വരിക, കുരിശു വഹിക്കാം

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

ഒരു വ്യക്തി സ്വന്തം ജീവിതാനുഭവങ്ങളും ദർശനങ്ങളും ഹൃദ്യമായ ഭാഷയിൽ ആത്മാവിഷ്ക്കാരത്തോടെ വിവരിച്ചെഴുതുന്നതാണ് ആത്മകഥ. വന്ദ്യ.സി.സി. ചെറിയാൻ അച്ചൻ ഭാവാവിഷ്കാരമായി അവതരിപ്പിക്കുന്ന യേശുവിന്റെ ആത്മകഥയുടെ നാലാം വാല്യം അനുകമ്പയുള്ള ശിഷ്യന്മാർക്കായുള്ള ആത്മാന്വേഷണമാണ്. ശിഷ്യത്വത്തിന്റെ വിവിധ ദർശനങ്ങൾ ദാർശനികവും വേദാധിഷ്ഠിതവുമായി അവതരിപ്പിച്ച്, ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തരുതെന്ന ആഹ്വാനത്തോടെ സമാപിപ്പിക്കുന്നതാണ് ഇതിവൃത്തം.

യേശുവിന്റെ ജീവിതവും സന്ദേശവും തുടർപദ്ധതിയായി പുനർവായിക്കുന്നതിനാൽ 46 മുതൽ 60 വരെ അധ്യായങ്ങളിലെ 15 പാഠങ്ങളിൽ യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തെകുറിച്ചുള്ള കാഴ്ചപ്പാടുകളും വിമർശനങ്ങളും അന്വേഷണങ്ങളുമാണ് ഉൾച്ചേർത്തിരിക്കുന്നത്.

യേശുവിന്റെ പ്രഭാഷണങ്ങളും ഉപദേശങ്ങളും സുവിശേഷകരുടെ ഭാഷയിലൂടെയാണ് ലഭിച്ചിരിക്കുന്നത്. യേശുവിന്റെ യഥാർത്ഥ വാക്കുകളുടെ പാഠവും വിശകലനവും കണ്ടെത്തുവാനുള്ള ഗവേഷണവും പഠനവും അനിവാര്യമാണ്. അന്തരീക്ഷത്തിൽ അലിഞ്ഞു ചേർന്ന യേശുവിന്റെ സന്ദേശങ്ങൾ നവീന സാങ്കേതിക വിദ്യകളിലൂടെ പുനരുത്പാദിപ്പിക്കുവാൻ ഭാവിയിൽ സാധ്യമാകുമെന്ന് ശാസ്ത്രലോകത്തിന് പ്രത്യാശയുണ്ട്. എന്നാൽ ഗവേഷകനും വേദപണ്ഡിതനും ഗ്രന്ഥകാരനുമായ ഫാ. സി. സി. ചെറിയാൻ യേശുവിന്റെ ഉപദേശങ്ങൾ അതീന്ദ്രിയമായ ധ്യാനത്തിന്റെയും പഠനത്തിന്റെയും വെളിച്ചത്തിൽ ഭാവാവിഷ്ക്കാരമായി അവതരിപ്പിക്കുന്നത് അതീവ ഹൃദ്യവും വചനാധിഷ്ഠിതവുമായി തീരുന്നു.

യോർദാൻ നദിക്കരയിൽ യേശുവിന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുമ്പോൾ 30 വയസ്സ് ഉണ്ടായിരുന്നു എന്ന് വിശുദ്ധ ലൂക്കോസ് (3:23 ) സാക്ഷിക്കുന്നു. ഗലീല മുതൽ യെരുശലേം വരെയുള്ള മൂന്നുവർഷത്തെ ദീർഘമായ ജീവിതവും യാത്രയും വിളംബരം ചെയ്യുന്നത് ദൈവരാജ്യമൂല്യങ്ങളും സുവിശേഷ സത്യങ്ങളുമാണ്.

യേശുവിനോടൊപ്പമുള്ള ജീവിതയാത്രയിൽ 12 ശിഷ്യരെ തെരഞ്ഞെടുത്ത് മുഖ്യമായും പരിശീലിപ്പിച്ചത് ശിഷ്യത്വധർമ്മങ്ങളുടെ അർത്ഥവിശകലനങ്ങളാണ്. അവ യേശുവിൽ നിന്നും നേരിട്ട് കേൾക്കുന്നതായി വായനക്കാർക്ക് അനുഭവപ്പെടുന്നു. അത്രയ്ക്ക് വൈകാരികവും ഭാവതീവ്രവുമായ വിവരണ ശൈലിയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്.

രണ്ടായിരംവർഷങ്ങൾക്കുമുൻപ്ശിഷ്യന്മാരോട്സാരോപദേശങ്ങൾ പറയുന്ന യേശുവിന്റെ സ്വരവും കഥപറച്ചിലും ആദിയോടന്ത്യം ഇതിൽ പ്രതിധ്വനിക്കുന്നു. യേശു ജഗത്ഗുരുവാണ്. മനുഷ്യമനസ്സുകളെ സമഗ്രമായി പരിവർത്തനം ചെയ്യിപ്പിക്കുവാൻ കഴിവുറ്റ വാക്ക്പ്രവാഹമായിരുന്നു അത്. ആത്മാവും ചൈതന്യവും നിറഞ്ഞ അദ്ദേഹത്തിന്റെ ലാവണ്യ വാക്കുകളിൽ തെളിഞ്ഞത് സ്നേഹത്തിന്റെ മാധുര്യവും ജീവിതത്തിന്റെ പ്രകാശവുമാണ്. അധികാരത്തോടും അനുഭവസാക്ഷ്യത്തോടും കൂടി നടത്തിയ കഥപറച്ചിലിൽ പഴയനിയമ സംഭവങ്ങളുടെ പുനർവായനയും നവീനവും അമൂല്യങ്ങളുമായ സൂക്തങ്ങളും ഉൾച്ചേർന്നിരിക്കുന്നു. ചോദ്യങ്ങൾ ചോദിച്ചും വാങ്മയചിത്രങ്ങൾ അവതരിപ്പിച്ചും നടത്തിയ പ്രബോധനങ്ങളിൽ നിറഞ്ഞത് പ്രായോഗിക ജീവിതത്തിൽ പ്രതിഫലിപ്പിക്കേണ്ട ശിഷ്യത്വത്തിന്റെ അമൂല്യ രഹസ്യങ്ങളാണ്.

ശിഷ്യത്വവും കുരിശും ക്രിസ്തുവും ഇല്ലാതെ കൃപാവരങ്ങൾക്കായി ആഗ്രഹിക്കുന്ന സമൂഹത്തെ പ്രശസ്ത വേദശാസ്ത്രജ്ഞനായ ഡീട്രീച്ച് ബോൺ ഗോഫർ (Dietrich Bonhoeffer) വിമർശന വിധേയമാക്കി 1937ൽ "ശിഷ്യത്വത്തിന്റെ വില" നിർണയിച്ചത് "വരിക ക്രൂശിക്കപ്പെടുക" എന്ന ആഹ്വാനത്തിലാണ്. ശിഷ്യത്വത്തിന്റെ മഹത്തായ ദർശനം കുരിശ് എടുത്ത് യേശുവിനെ അനുഗമിക്കുന്നതാണ്. യേശുവിന്റെ ശിഷ്യത്വത്തിലേക്കുള്ള വിളിയിൽ ആത്മപരിത്യാഗവും കുരിശുമാണുള്ളത്. നിന്ദയും തിരസ്കരണവും മുൾക്കിരീടവും ശിഷ്യത്വത്തിന്റെ വഴിയാണ്. യേശുവിന്റെ പ്രഭാഷണങ്ങളുടെ അന്തസത്ത കുരിശു വഹിക്കുന്ന ശിഷ്യത്വമാണ്. ക്രിസ്തു ഇല്ലാത്ത കുരിശും കുരിശില്ലാത്ത ക്രിസ്തീയതയും ശിഷ്യത്വത്തിന്റെ വിളിയെ നിഷേധിക്കുന്നു.

യേശുവിന്റെ ശബ്ദം ഫാ. സി.സി. ചെറിയാനിലൂടെ പ്രവഹിക്കുന്നതിന്റെ നേർസാക്ഷ്യം ഇങ്ങനെയാണ്: "കഷ്ടതകൾ ആകുന്ന അനുഭവങ്ങൾ നിങ്ങളെ ശാരീരികമായും മാനസികമായും നുറുക്കികളയും, തകർത്തുകളയും. എന്നാൽ മുറിക്കുന്ന അവസരത്തിലാണ് നിങ്ങളിൽ ആന്തരികമായ രൂപാന്തരം സംഭവിക്കുന്നത്. യേശു അപ്പമെടുത്ത്, വാഴ്ത്തി, നുറുക്കി, കൊടുക്കുന്ന

അനുഭവം ശിഷ്യത്വത്തിന്റെ മുറിക്കപ്പെടലായി, ആത്മബലിയായി തീരുമ്പോൾ ആന്തരികമായ രൂപാന്തരം സംഭവിക്കുന്നതായി വ്യാഖ്യാനിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള സമഗ്രമായ രൂപാന്തര പ്രക്രിയയിൽ ഇപ്പോൾ ഭംഗം വരുന്നതാണ് ശിഷ്യത്വം നേരിടുന്ന വെല്ലുവിളി.

ദൈവത്താൽ ആകർഷിക്കപ്പെടുന്ന ശിഷ്യന്മാർ കുരിശ് ചുമക്കുന്നവരാകും. പാമ്പിനെ പോലെ ബുദ്ധിയും പ്രാവിനെ പോലെ നിഷ്കളങ്കതയും ഉൾകൊണ്ട് ചെന്നായ്ക്കളുടെ നടുവിൽ ശുശ്രൂഷിക്കാനുള്ള ശിഷ്യത്വമാണ് യേശു വാഗ്ദാനം ചെയ്യുന്നത്.

"പ്രസിദ്ധ അഭിഭാഷകരെ വച്ച് ദൈവരാജ്യപ്രമാണങ്ങൾക്ക് എതിരായി വാദിച്ച്, സഭയെ സംരക്ഷിക്കുവാൻ നടത്തുന്ന ഇന്നത്തെ വ്യവഹാരങ്ങൾ ഒന്നും ഞാൻ അനുവദിച്ചിട്ടുള്ളതല്ല"എന്ന യേശുവിന്റെ ആത്മഭാഷണം എല്ലാ സഭകൾക്കുമുള്ള താക്കീതാണ്. അത്ഭുതങ്ങളുടെ അരങ്ങേറ്റം നടത്തുന്ന വ്യാജ സുവിശേഷകരെക്കാൾ ധർമ്മം, നീതി, സ്നേഹം, ത്യാഗം, കാരുണ്യം എന്നിവയുള്ള അനുകമ്പ നിറഞ്ഞ ശിഷ്യരെയാണ് രൂപപ്പെടുത്തേണ്ടത്. പ്രാർത്ഥന, ദാനധർമ്മം, ഉപവാസം എന്നിവയിൽ കപടഭക്തി ഇല്ലാത്തവരെയാണ് പുതിയ തലമുറയ്ക്ക് ആവശ്യമെന്ന് യേശു പഠിപ്പിക്കുന്നു. വിനയവും വിശുദ്ധിയും വിശ്വാസവും ശിഷ്യത്വത്തിന്റെ അടയാളങ്ങൾ ആണെന്നും പ്രഖ്യാപിക്കുന്നു. "എന്റെ ശിഷ്യത്വത്തിന്റെ പ്രത്യേകതകൾ കുറെയൊക്കെ നിങ്ങൾ മനസ്സിലാക്കി കാണുമല്ലോ. ഗ്രഹിക്കുവാൻ ശ്രമിക്കുകയും ഗ്രഹിച്ചത് അനുസരിച്ച് ജീവിക്കുകയും ചെയ്യുക. ഞാൻ നിങ്ങളെ ശ്രദ്ധയോടെ വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. ധൈര്യമായി മുന്നേറുക. എന്ന് നിങ്ങളുടെ സ്വന്തം യേശു" എന്ന് യേശുവിന്റെ ആത്മകഥയിൽ വായിക്കുമ്പോൾ സൃഷ്ടിക്കപ്പെടുന്നത് ആത്മനൊമ്പരമാണ്; ആത്മാവിൽ അലിഞ്ഞു ചേരുന്ന യേശുവിന്റെ സാന്ത്വനം പകരുന്ന മൃദുല സ്വരമാണ്.

യേശുവിന്റെ ആത്മകഥാനുഭവങ്ങൾ ഭാവാത്മകമായി ഇതൾ വിരിയുമ്പോൾ, ചരിത്ര വസ്തുതകളും രേഖകളും ആവശ്യാനുസരണം ഉൾചേർക്കുവാൻ വന്ദ്യ സി.സി. ചെറിയാൻ അച്ചൻ അതീവ ജാഗ്രത പുലർത്തിയിട്ടുണ്ട്. "ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും വസിക്കുമ്പോൾ നിങ്ങളുടെ ആത്മാവ് ഒരിക്കലും നഷ്ടപ്പെടുകയില്ല, തീർച്ച."എന്ന് ആഹ്വാനം ചെയ്താണ് യേശു ആത്മകഥ യുടെ ഈ ഭാഗം ഉപസംഹരിക്കുന്നത്.

യേശുവിന്റെ ആത്മകഥയ്ക്ക് പുതിയ അർത്ഥതലങ്ങൾ നൽകി കാലികവും ആകർഷകവുമാക്കി അവതരിപ്പിക്കുവാൻ വന്ദ്യ സി. സി. ചെറിയാൻ അച്ചന്റെ സർഗ്ഗശേഷിയും വേദപരിജ്ഞാനവും

ഗവേഷണനൈപുണ്യവും സമന്വയിപ്പിക്കുന്നു. അതിനാൽ യേശുവിന്റെ ആത്മകഥ അതീവ ഹൃദ്യമായ രചനയാണ്. നിരന്തരമായ ധ്യാന പഠന ഗവേഷണങ്ങളിലൂടെയുള്ള ദീർഘമായ ആത്മീയ തീർത്ഥാടനത്തിൽ അക്ഷരങ്ങളിലൂടെ യേശു പുതുകാലത്തെ നിർമ്മിക്കുകയാണ്. ഭൂമിയുടെ ഉപ്പും വെളിച്ചവുമായി തീരാൻ കരുത്തുള്ള ശിഷ്യഗണങ്ങൾക്കായി, വന്ദ്യ സി.സി. ചെറിയാനച്ചനിലൂടെ യേശു ആത്മകഥ എഴുതിക്കൊണ്ടിരിക്കുന്നു. ഇതിലെ ആത്മീയ പ്രകാശം ഉൾകൊണ്ട് കുരിശ് ചുമന്ന് ശിഷ്യത്വത്തിലേക്ക് യാത്ര തുടരാം."വരിക, കുരിശുവഹിക്കാം" എന്ന യേശുവിന്റെ ആഹ്വാനം സ്വീകരിക്കുവാൻ സർഗ്ഗശേഷിയുള്ളവരെ സൃഷ്ടിക്കുമ്പോൾ ശിഷ്യത്വം സ്തുതിയും ബലിയും സ്തോത്രവും സാക്ഷ്യവുമായി തീരും. ക്രൂശിക്കപ്പെടുവാനും കുരിശ് വഹിക്കുവാനും"യേശുവിന്റെ ആത്മകഥ"ഏവരെയും പ്രചോദിപ്പിക്കട്ടെ എന്ന് പ്രാർത്ഥിച്ച്, വന്ദ്യ സി. സി. ചെറിയാൻ അച്ചന് ആദരവ് അറിയിച്ച്, പഠന മനനങ്ങൾക്കും ആന്തരിക രൂപാന്തരത്തിനുമായി ഈ കൃതി ഹൃദയപൂർവ്വം സമർപ്പിക്കുന്നു.

ബോധി, പന്തളം.
05-02-2021.

# അവലോകനം

റവ. ഫാ. ഡോ. ഓ. തോമസ്

സൈദ്ധാന്തികവും ദാർശനികവുമായ ചർച്ചകളിലേക്ക് തിരിച്ചുവിട്ടു, ക്രിസ്തുവിന്റെ ജീവിതത്തെയും പഠിപ്പിക്കലുകളെയും സാധാരണക്കാർക്ക് ദുർഗ്രഹ മാക്കിതീർത്ത രീതിശാസ്ത്രത്തിന് അർത്ഥവത്തായ ഒരു തിരുത്തലാണ് നസ്രായന്റെ ആത്മകഥ നൽകിക്കൊണ്ടിരിക്കുന്നത്. ഒരുകണക്കിന് സുവിശേഷങ്ങളുടെ രീതിശാസ്ത്രമാണ് ഗ്രന്ഥകർത്താവ് പിന്തുടരുന്നത്. യേശുക്രിസ്തു ജീവിച്ച കാലഘട്ടത്തിലും യുക്തിവാദം, ബഹുദൈവവിശ്വാസം, ജ്ഞാനവാദം, ഗ്രീക്ക്–റോമൻ പാരമ്പര്യങ്ങൾ, സോക്രട്ടീസ് തുടങ്ങിയ ദാർശനികരുടെ തത്വജ്ഞാനങ്ങൾ, യഹൂദന്മാർ പുറജാതിക്കാർ എന്ന് വിളിച്ചവരുടെ ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ ഇവയ്ക്കെല്ലാക്കെ എതിരായ സൈദ്ധാന്തികമായ ചർച്ചകൾ ക്കോ സംവാദങ്ങൾക്കോ യേശു അധികസമയം നീക്കിവച്ചില്ല. മറിച്ച് യഹൂദമതത്തിലെ പ്രബലരായ ശാസ്ത്രി–പരീശ വിഭാഗത്തിന്റെ സ്വാധീനത്തിലായ തിന്മയുള്ള ജീവിതശൈലിയെ തിരുത്തി, ദൈവരാജ്യത്തിന്റെ പ്രമാണങ്ങൾക്കനുസരണമായി ഒരു പുതിയ സൃഷ്ടിയായി, ഒരു പുതിയ ജീവിതശൈലിയെ പരിശീലിപ്പിക്കുകയും ശിഷ്യന്മാരിൽ കൂടി ലോകം മുഴുവനെയും ദൈവരാജ്യത്തിലേക്ക് രൂപാന്തരപ്പെടുത്തുവാനു മാണ് യേശുക്രിസ്തു ഉദ്യമിച്ചത്. "പരിച്ഛേദനയല്ല അഗ്രചർമ്മവുമല്ല പുതിയ സൃഷ്ടിയത്രെ കാര്യം". (ഗലാത്യ. 6: 15) എന്ന് പൗലോസ് ശ്ലീഹ പിന്നീട് ഇതിനെ വിശേഷിപ്പിച്ചു.

യേശു തമ്പുരാന്റെ അന്ത്യകൽപ്പനയിൽ സൂചിപ്പിച്ചിട്ടുള്ളതിൽ, സ്നാനം കഴിപ്പിക്കുന്നതിലുപരി സകല ജാതികളെയും ശിഷ്യരാക്കികൊള്ളുവിൻ എന്നതിനാണ് കൂടുതൽ പ്രാധാന്യമെന്ന് ഇന്ന് പൊതുവേ ക്രൈസ്തവസമൂഹം അംഗീകരിക്കുന്നു. അതുകൊണ്ട് വേദവിപരീതികൾക്കെതിരെ പോരാടിയ പിതാക്കൻമാരുടെ ചരിത്രത്തിന് ഇന്ന് സാംഗത്യമില്ല എന്ന് അർത്ഥമില്ല. എന്നാൽ കാലത്തിന്റെ ചുവരെഴുത്തുകളെ മനസ്സിലാക്കി സുവിശേഷത്തിന്റെ സനാതന മൂല്യങ്ങളെ വ്യാഖ്യാനിച്ചു നൽകേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ കാലത്തും ഇന്നും സംഗതമായ യാഥാർത്ഥ്യമെന്താണ്? പൈശാചിക സ്വാധീനത്തിൽ നിന്ന് ലോകം മുക്തമായിട്ടില്ല എന്ന യാഥാർത്ഥ്യത്തിനു നേരെ കണ്ണടയ്ക്കരുത്. പൈശാചിക ശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന ലൗകിക

ജീവിതഭ്രമത്തിൽനിന്ന് പരിശുദ്ധാത്മശക്തിയാൽ പുതുക്കപ്പെടുന്ന ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയുടെ ജീവിതത്തിലേക്കുള്ള രൂപാന്തരമാണ് വിശ്വാസസമൂഹം എക്കാലത്തും ലക്ഷ്യം വയ്ക്കേണ്ടത്. ഈ രൂപാന്തരത്തിന് നൽകുന്ന പൊതുവായ നാമമാണ് "ശിഷ്യത്വം." യേശുവിന്റെ ആത്മകഥയുടെ ഈ നാലാം വാല്യത്തിലെ പ്രധാന പ്രതിപാദ്യവിഷയം ഈ ശിഷ്യത്വമാണ്. "നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക, നിന്നെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക, ശത്രുവിനെയും സ്നേഹിക്കുക ഇത്യാദി പ്രബോധനങ്ങൾ ഒക്കെ വളരെ ലളിതവും അതേസമയം പ്രാവർത്തികമാക്കാൻ വളരെ പ്രയാസവുമാണ്. അതുകൊണ്ട് അതീവ ലളിതമായ സുവിശേഷ സത്യങ്ങളെ വ്യാഖ്യാനിച്ച് ദുഷ്കരമാക്കുകയും, സഭകൾ തങ്ങളുടെ സൈദ്ധാന്തിക നിലപാടുകളെ മറ്റുള്ളവരുടെതിനേക്കാൾ മേൽത്തരമെന്ന് ബൗദ്ധികമായി സ്ഥാപിക്കുകയും ചെയ്യുന്ന ഉദ്യമത്തിലാണ് എഴുത്തുകാരും പ്രബോധകരും മിക്കപ്പോഴും എത്തിനിൽക്കുന്നത്. ഇവിടെ ശിഷ്യത്വത്തിന്റെ നാനാർത്ഥങ്ങളും വിസ്മൃതിയിലാകുന്നു. അവയെ തിരികെ കൊണ്ടുവരാനുള്ള ശ്രമത്തിലാണ് ബുദ്ധിയേക്കാൾ ഉപരി ആത്മാവിനോട് സംവദിച്ചുകൊണ്ട് നസ്രായൻ തന്റെ ആത്മകഥ തുടരുന്നത്. ഇവയിലെ നിരീക്ഷണങ്ങൾ ശിഷ്യത്വം ഗൗരവമായി എടുക്കുന്ന ഏവരുടെ ഹൃദയത്തെയും കുത്തി നോവിക്കുക തന്നെ ചെയ്യും.

ചിലതൊക്കെ ഒന്ന് ശ്രദ്ധിക്കാം. അനുകമ്പയിലാണ് ശിഷ്യത്വത്തിൽന്റെ തുടക്കം. "എന്റെ ജനങ്ങളോടുള്ള മനസ്സലിവാണ് ഗ്രാമം തോറും പട്ടണം തോറും ചുറ്റിനടന്ന് ആലയങ്ങളിലും ചന്തസ്ഥലത്തും വഴിയരികിലുമെല്ലാം പ്രസംഗിക്കുവാനും പഠിപ്പിക്കുവാനും എന്നെ പ്രേരിപ്പിച്ചത്." ഇത് വായിച്ചപ്പോൾ കത്തോലിക്കാസഭയിലെ സന്യസ്തരുടെ പരിശീലന ത്തെയാണ് ഓർമിച്ചത്. അപരിചിതമായ സ്ഥലത്ത് അലഞ്ഞുതിരിഞ്ഞ് ഭിക്ഷ യാചിച്ച് തെരുവോരങ്ങളിലും മറ്റ് പൊതുസ്ഥലങ്ങളിലും കിടന്നുറങ്ങി സുരക്ഷിത മേഖലയിൽ നിന്ന് അകന്ന് ജീവിച്ച് ദൈവപരിപാലനത്തെ തിരിച്ചറിയണമെന്ന ഒരു ചട്ടം അവർക്കുണ്ട്. അതുകൊണ്ടാണ് കത്തോലിക്കാസഭയിലെ ആദ്യ ജസ്യൂട്ട് പിതാവായ ഫ്രാൻസിസ് മാർപാപ്പ സഭകളോടും ഇടവകകളോടും, "നിങ്ങൾ അരമനകളുടെയും പള്ളികളുടെയും കവാടങ്ങൾ കടന്ന് അതിരുകളിൽ (marginalised) കഴിയുന്നവരെ കൂടി ശുശ്രൂഷിക്കണം"എന്ന് പ്രബോധിപ്പിച്ചത്. ഇത് നസ്രായന്റെ മാർഗ്ഗമായിരുന്നു.

ലോകത്തിൽ മറ്റാരുടെയും ശിഷ്യത്വവും ആർക്കും സ്വയം സ്വീകരിക്കാവുന്നതാണ്. എന്നാൽ "ക്രിസ്തീയശിഷ്യത്വം" സ്വർഗ്ഗപിതാവിനാൽ ആകർഷിക്കപ്പെടുന്നവർക്ക് മാത്രം

സാധ്യമാവുന്ന ഒന്നാണ്. ക്രിസ്തു വീണ്ടും ഓർമ്മിപ്പിക്കുന്നു: "ഇന്ന് പേരുകൊണ്ട് ക്രിസ്തീയസഭകൾ എന്നറിയപ്പെടുന്ന സമൂഹങ്ങളിൽ ക്രിസ്തുവാകുന്ന എന്നെ പരിശുദ്ധാത്മശക്തിയാൽ ഗർഭം ധരിക്കുകയും പ്രസവവേദന അനുഭവിക്കുകയും വീണ്ടും ജനിക്കുകയും ചെയ്യുക എന്ന പ്രധാന കാര്യം നടക്കുന്നില്ല." വിശുദ്ധ മാമോദിസയേ കുറിച്ചുള്ള നിരീക്ഷണവും അർത്ഥവത്താണ്: "മാമോദിസ എന്നപേരിൽ അനുഷ്ഠാനങ്ങൾ നടക്കുന്നുണ്ടെങ്കിലും, വേണ്ടത്ര പ്രബോധനവും പരിശീലനവും ലഭിക്കാതെ വരുന്നതിനാൽ അധികപങ്കു വീണ്ടും ജനനവും "ചാപിള്ളകൾ" ആയിട്ടാണ് പുറത്തു വരുന്നത്. അനുഷ്ഠാനവും ജീവിതവും തമ്മിലുള്ള അന്തരം വ്യക്തമാക്കാൻ ഇതിലധികം എന്തുവേണം? ഈ തരത്തിൽ ഉദ്ദരിക്കാവുന്ന ശ്രദ്ധേയമായ നിരീക്ഷണങ്ങൾ അനവധി ഉണ്ടെങ്കിലും വിസ്താരഭയത്താൽ ഇവിടെ അതിന് മുതിരുന്നില്ല.

ഈ വാല്യങ്ങൾക്കെല്ലാം പൊതുവായ ഒരു സവിശേഷതയുണ്ട്, ലാളിത്യം. വേദപുസ്തകത്തിലെ ഏറ്റവും ശ്രദ്ധേയമായത് സുവിശേഷങ്ങൾ തന്നെയാണല്ലോ. ലോകരക്ഷകന്റെ ജീവിതവും പഠിപ്പിക്കലും പ്രധാന പ്രതിപാദ്യവിഷയം എന്നതിനോടൊപ്പം ഏറ്റവും ലാളിത്യമാർന്നതും സുവിശേഷങ്ങളാണ് എന്നതും എടുത്തു പറയേണ്ടത് തന്നെ. പുതിയനിയമത്തെക്കുറിച്ചുള്ള ആധുനിക വ്യാഖ്യാന പഠനങ്ങൾ ബൗദ്ധികമായി പ്രയോജനം ഉള്ളതാണെങ്കിലും വിശ്വാസികളുടെ ആത്മീയതയെ ആഴമാക്കുവാൻ സഹായിക്കുന്നതല്ല എന്ന് ബെനഡിക്ട് പതിനാറാമൻ പോപ്പ് പ്രസ്താവിച്ചിട്ടുണ്ട്. സമാനമായ അഭിപ്രായം പണ്ഡിതനായ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിക്കും ഉണ്ടായിരുന്നു എന്ന് തോന്നുന്നു. യേശുവിനെ അറിഞ്ഞവർക്ക് മാത്രമേ യേശുവിന്റെ ജീവിതത്തെയും പഠിപ്പിക്കലുകളെയും ലളിതമായി അവതരിപ്പിക്കാനാവൂ. "ക്രിസ്തുവിന്റെ മനസ്സറിഞ്ഞ് അവനെ ഗ്രഹിപ്പിക്കാനാകുന്നവൻ ആർ?. നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു." (1 കോരി.2: 16). ക്രിസ്തുവിന്റെ മനസ്സോടുകൂടി ബാക്കി വാല്യങ്ങളും പൂർത്തീകരിക്കുവാൻ വന്ദ്യനായ ചെറിയാനച്ചന് ദൈവം കൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ചേപ്പാട്,

9-2-2021.


നസ്രായനായ യേശു

## അദ്ധ്യായം 46

# അനുകമ്പയുള്ള ശിഷ്യരെയാണ് ഞാൻ അന്വേഷിക്കുന്നത്

(മത്തായി 9: 35; 10: 15)

എന്റെ ജനങ്ങളോടുള്ള മനസ്സലിവാണ് ഗ്രാമംതോറും പട്ടണംതോറും ചുറ്റിത്തിരിഞ്ഞു, ആലയങ്ങളിലും ചന്ത സ്ഥലങ്ങളിലും വഴിയരികിലും എല്ലാം പ്രസംഗിക്കുവാനും പഠിപ്പിക്കുവാനും എന്നെ പ്രേരിപ്പിച്ചത്. ദൈവരാജ്യ മർമ്മകളും അടയാളങ്ങളും ആയിരുന്നു എന്റെ പ്രധാന സന്ദേശം. കാണാതെപോയ മനുഷ്യരെ കണ്ടെത്തുന്നതുവരെ എന്റെ ഹൃദയം അവർക്ക് വേണ്ടി ദാഹിച്ചുകൊണ്ടിരുന്നു. യഹൂദമതനേതാക്കന്മാർ ഒന്നും അവരെപ്പറ്റി കരുതൽ ഇല്ലാത്തവരായിരുന്നു. ഇന്നത്തെ മതനേതാക്കന്മാർക്കും ജനത്തിന്റെ ആത്മീയ വളർച്ചയെപ്പറ്റി വേണ്ടത്ര കരുതലും മനസ്സലിവും ഇല്ല. അവർ സ്ഥാനമാനങ്ങൾക്കും ലോകപ്രകാരമുള്ള ഭൗതിക വളർച്ചയ്ക്കും വേണ്ടി സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും പ്രസ്താവനകളും നടത്തി അവരവരുടെ മഹിമ ഉയർത്തുന്ന കാര്യത്തിൽ പരസ്പരം മത്സരിച്ചും തർക്കിച്ചും കഴിയുകയാണ്. എന്റെ സ്വന്തം ജനമായ ദൈവമക്കളെ കരുതുവാനും അവരുടെ ആവശ്യങ്ങൾ അറിഞ്ഞ് അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുവാനും താൽപര്യവും സമർപ്പണബോധവും മനസലിവും ഉള്ള കുറെ പേരെ ഞാൻ എന്റെ കൂടെ പ്രവർത്തിക്കുവാൻ വേണ്ടി അന്വേഷിക്കാൻ തുടങ്ങി. അങ്ങനെ കുറേ പേരെ ഞാൻ കണ്ടെത്തിയിട്ടുണ്ട്, ആ കാര്യം പിന്നീട് പറയാം.

ഈ ജനത്തിന് വേണ്ടി അത്യാവശ്യമായി എന്തെങ്കിലുമൊക്കെ ചെയ്തേ മതിയാകൂ. എനിക്ക് ഈ ലോകത്തിൽ ഇനി അധികകാലം ശുശ്രൂഷിക്കാൻ സമയമില്ല. എന്റെ പരസ്യ ശുശ്രൂഷയുടെ രണ്ടാംവർഷം അവസാനിക്കുകയാണ്. വളരെയേറെ കാര്യങ്ങൾ ഇനിയും ചെയ്തുതീർക്കാനുണ്ട്. "കൊയ്ത്ത് വളരെയുണ്ട് വേലക്കാരോ ചുരുക്കം". എനിക്ക് തന്നെ പൂർത്തിയാക്കാൻ കഴിയാത്തതിൽ ഏറെ ജോലി ഉള്ളതിനാലാണ് എന്റെ പ്രിയ ശിഷ്യന്മാരുമായി എന്റെ ഹൃദയം ഞാൻ

പങ്കുവയ്ക്കുന്നത്. അവരുടെ പ്രാർത്ഥനാപൂർവ്വമായ അന്വേഷണഫലമായി കുറെ നല്ല ശിഷ്യന്മാരെ കണ്ടെത്തുവാൻ കഴിഞ്ഞു എന്ന സന്തോഷവുമുണ്ട്. അങ്ങനെ ലഭിച്ച 72 പേർക്ക് "സുവിശേഷ അറിയിപ്പുകാർ"(Evangelists) എന്ന പദവി നൽകി, ഈരണ്ടു പേരെ വീതം വിവിധ പ്രദേശങ്ങളിലേക്ക് ദൈവരാജ്യസുവിശേഷ പ്രവർത്തനങ്ങൾക്കായി അയച്ചു. രണ്ടു പേരെ വീതം അയച്ചതിന് പ്രത്യേക കാരണമുണ്ട്. എല്ലാ കാര്യങ്ങളും പരസ്പരം ആലോചിച്ചും ഓർമിപ്പിച്ചും പ്രോത്സാഹിപ്പിച്ചും സഹായിച്ചും തെറ്റുതിരുത്തി പ്രവർത്തനം നടത്തുവാൻ അപ്പോൾ അവർക്ക് കഴിയും. ഒരാൾ മാത്രം നടത്തുന്ന സുവിശേഷപ്രവർത്തനം ഏകാധിപത്യത്തിലേക്ക്, ദുരുപദേശങ്ങളിലേക്ക്, അധാർമ്മികതയിലേക്ക്, ദൂഷണത്തിലേക്ക് എന്നിങ്ങനെയുള്ള പല പല കുഴപ്പങ്ങളിലേക്ക് വഴുതി വീഴുവാൻ എളുപ്പമാണ്. ഇന്ന് കാണുന്ന എന്റെ സഭയുടെ പ്രധാന പ്രശ്നവും ഇതൊക്കെ തന്നെയാണ്. അങ്ങനെ വരാതിരിക്കുവാൻ എപ്പോഴും രണ്ടുപേർ ചേർന്ന് എന്റെ നാമത്തിൽ പ്രവർത്തിക്കുവാനുള്ള സംവിധാനമാണ് ഞാൻ അംഗീകരിക്കുന്നത്. ഞാനും പരിശുദ്ധാത്മാവും കൂടിച്ചേർന്നാണ് എന്റെ സ്വർഗ്ഗപിതാവിന്റെ രക്ഷാപദ്ധതി ഈ ലോകത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്ന് നിങ്ങൾക്കറിയാമല്ലോ.

സുവിശേഷ പ്രവർത്തകരോടുള്ള എന്റെ ചില പൊതുവായ നിർദ്ദേശങ്ങൾ നിങ്ങളും അറിഞ്ഞിരിക്കുന്നത് നല്ലതാണ്. വിശ്വാസികളുടെ ഇടയിൽ ആദ്യമായ് പ്രവർത്തനം തുടങ്ങുമ്പോൾ അടയാളങ്ങളായി അത്ഭുതങ്ങൾ ചെയ്യുവാൻ അവരെ ഞാൻ അനുവദിച്ചിരുന്നു. യഹൂദൻമാരുടെ തന്നെ കാണാതെപോയ അഥവാ ചിതറി പാർത്തിരുന്നവരുടെ അടുക്കൽ മാത്രമേ ആദ്യം പോകുവാൻ ഞാൻ അനുവദിച്ചിരുന്നുള്ളൂ. പുറജാതികാരുടെയും ശമരിയകാരുടെ പോലും അടുക്കൽ പോകരുതെന്ന് ഞാൻ അവരോട് പ്രത്യേകം പറഞ്ഞിരുന്നു. (മത്തായി 10: 5 6). തിരഞ്ഞെടുക്കപ്പെട്ട ജനമായ യഹൂദന്മാർ വഴി ലോകം മുഴുവൻ എന്റെ സന്ദേശം പ്രചരിക്കണം എന്നതായിരുന്നു എന്റെ ആഗ്രഹം. എന്നാൽ എന്റെ മരണം വരെയും വളരെ കുറച്ച് യഹൂദന്മാരെ മാത്രമേ എന്റെ സന്ദേശം കേട്ട് അനുസരിക്കുന്നവരായി എനിക്ക് ലഭിച്ചുള്ളു. എന്നാൽ എന്റെ പുനരുത്ഥാനശേഷം എല്ലാ ജാതികളെയും ശിഷ്യന്മാർ ആക്കുവാനായി ഭൂമിയുടെ നാനാ ദേശത്തേക്കു പോകുവാൻ ഞാനെന്റെ ശിഷ്യന്മാരോട് പറഞ്ഞു.(മത്തായി 28:19). അതിൻപ്രകാരം എന്റെ 12 അപ്പോസ്തോലന്മാരും 72 സുവിശേഷ അറിയിപ്പ്കാരും പോയി പ്രവർത്തിച്ച വിവരണങ്ങൾ ലൂക്കോസ് "അപ്പോസ്തല പ്രവർത്തികൾ" എന്നപേരിൽ എഴുതിയത് നിങ്ങൾ വായിച്ചു കാണും. ഞാൻ തന്നെ

വിജാതിയ പട്ടണമായ ശമര്യയിലും ഡക്കപൊലി– ഗദര ദേശങ്ങളിലും പ്രസംഗിച്ചു എങ്കിലും അവിടെ ഉണ്ടായിരുന്ന യഹൂദന്മാരെയാണ് ഞാൻ ആദ്യം ലക്ഷ്യം വെച്ചത്. ഈപ്രദേശങ്ങളിലുള്ള വിജാതിയർ പലരും എന്നിൽ വിശ്വസിച്ചു എന്നെ അനുഗമിച്ചു എങ്കിലും അവരിൽ നിന്ന് ആരെയും ഞാനെന്റെ തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരുടെ കൂട്ടത്തിൽ അന്ന് ഉൾപ്പെടുത്തിയില്ല.

## ശിഷ്യന്മാരോട് ഉള്ള എന്റെ ചില മാർഗ്ഗനിർദ്ദേശങ്ങൾ

1) ആദ്യം യഹൂദന്മാരുടെ അടുക്കലും പിന്നീട് ജാതികളുടെ അടുക്കലും പോകാം.

2) ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന പ്രധാന സന്ദേശം എല്ലായിടത്തും പറയണം.

സാധാരണക്കാരോട് സാധാരണ ഭാഷയിൽ ലളിതമായി പ്രസംഗിക്കണം. ദൈവരാജ്യരഹസ്യങ്ങളെപറ്റി വിശദീകരിക്കുവാൻ അവരോട് ഞാൻ പറഞ്ഞിരുന്നില്ല.വിശ്വാസത്തിൽ വന്നുകഴിഞ്ഞാൽ പരിശുദ്ധാത്മാവ് അവരെ സകല സത്യത്തിലും വഴി നടത്തും. അവരുടെ ഭാഷവൈദഗ്ധ്യവും പാണ്ഡിത്യവും കാണിക്കാനല്ല, ദൈവാത്മാവിനാൽ അവരുടെ ആത്മാർത്ഥമായ അവതരണവും ദൈവരാജ്യ അടയാളങ്ങളായ അത്ഭുതങ്ങളും നിഷ്കളങ്കരായ യഹൂദ സമുദായത്തിലെ അവഗണിക്കപ്പെട്ട ആളുകളെ എന്നിലേക്ക് ആകർഷിക്കുവാൻ തികച്ചും പര്യാപ്തമായിരുന്നതിനാലായിരുന്നു ഞാൻ അപ്രകാരം പറഞ്ഞത്. അങ്ങനെയുള്ളവരെ പ്രത്യേകം തിരഞ്ഞെടുത്ത് അഭിഷേകം നടത്തി അധികാരപ്പെടുത്തുക യായിരുന്നു. സാധാരണക്കാരായ അവർ സാധാരണക്കാരോട് അവരുടെ ശൈലിയിലും ഭാഷയിലും ദൈവരാജ്യത്തെ അവതരിപ്പിച്ചപ്പോൾ, അവർക്കും കേട്ടവർക്കും വളരെ സന്തോഷമായി എന്ന് അവർ തിരിച്ചുവന്നു എന്നോട് പറഞ്ഞു. (മത്തായി 10: 17).

3) ഇന്നും എന്റെ ശിഷ്യന്മാരായി പ്രവർത്തിക്കുന്നവർ ലോകപ്രകാരം ഉന്നത പാണ്ഡിത്യവും ബിരുദങ്ങളും ഉള്ളവരായാലും ഇല്ലെങ്കിലും, മനുഷ്യരോട് സ്നേഹത്തോടും വിശ്വാസത്തോടും സത്യസന്ധതയോടും കൂടി എന്റെ സന്ദേശം നൽകി എന്നിലേക്ക് ആകർഷിക്കുന്നവർ ആകണം എന്ന് തന്നെയാണ് ഞാൻ ആഗ്രഹിക്കുന്നത്. സമൂഹത്തിൽ അവഗണിക്കപ്പെട്ടവരും കഷ്ടപ്പെടുന്നവരും ആയ ആളുകളെ കണ്ടെത്തി

അവരെ ദൈവികസ്നേഹം ജീവിതത്തിൽ കൂടെ കാണിച്ചുകൊടുക്കുവാൻ, യഥാർത്ഥ ദൈവവിളിയുള്ള ശിഷ്യന്മാരെ ആണ് ഞാൻ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ചു ചുമതലയേൽപ്പിക്കുന്നത്. ഇന്ന്, മറ്റ് തൊഴിൽ ഒന്നും ലഭിക്കാതെ ഇരിക്കുന്നവർ ദൈവവേലയ്ക്ക് എന്ന പേരിൽ സ്വയം തെരഞ്ഞെടുത്ത "കൂലിവേലക്കാർ" ആയി സഭയിൽ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് എനിക്കറിയാം. അവരെല്ലാം എന്റെ യഥാർത്ഥ ശിഷ്യത്വത്തിന്റെ ചുമതലകൾ തിരിച്ചറിഞ്ഞ് എന്റെ ആടുകളെ നേരായ പാതയിൽ നടത്തി സൂക്ഷിക്കുന്നതിന് ഞാൻ അവരോട് പ്രത്യേക ആഹ്വാനം ചെയ്യുകയാണ്. ദൈവരാജ്യസന്ദേശം യഥാർത്ഥമായി ഉൾക്കൊണ്ടാൽ അവരും നല്ല ഇടയന്മാർ തന്നെ ആയിത്തീരുമെന്ന് പ്രത്യാശയിലാണ് ഞാൻ അവരെ എന്റെ സഭയിൽ നിലനിർത്തിയിരിക്കുന്നത്.

4) രോഗികളെ സൗഖ്യമാക്കുവാനും ഭൂതങ്ങളെ പുറത്താക്കാനും മരിച്ചവരെ ഉയർപ്പിക്കുവാനും ഞാൻ അവർക്ക് അധികാരം നൽകി. അക്ഷരാർത്ഥത്തിൽ ചില ശിഷ്യന്മാർക്ക് ഇപ്രകാരം ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും ആത്മീയ അർത്ഥത്തിൽ മാനസാന്തരം വഴി ആന്തരിക സൗഖ്യം നൽകുവാനും പൈശാചികപിടിയിൽ നിന്ന് മോചിപ്പിക്കാനും പാപം മൂലം ഉണ്ടാകുന്ന ആത്മീയ മരണത്തിൽ നിന്ന് ഉയർത്തുവാനും അവർക്ക് കഴിഞ്ഞിരുന്നു.

5) ആരിൽ നിന്നും പണമോ മറ്റു സാധനങ്ങളോ പ്രതിഫലമായി ചോദിക്കരുത് എന്ന് പ്രത്യേകം പറഞ്ഞിരുന്നു. "സഞ്ചിയും പൊക്കവും എടുക്കരുത്, വഴിയിൽ വച്ച് ആരെയും വന്ദനം ചെയ്യുകയുമരുത്. ഏത് വീട്ടിൽ എങ്കിലും ചെന്നാൽ ആ വീടിന് സമാധാനം എന്ന് ആശംസിക്കുക. അവിടെ സമാധാനപുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവൻമേൽ ഇരിക്കും. ഇല്ലെന്നു വരികിലോ നിങ്ങളിലേക്ക് മടങ്ങി പോരും."(മത്തായി 10: 4– 6).

നിങ്ങൾ ഇവിടെ ഒരു കാര്യം മനസ്സിലാക്കണം: സമാധാന പുത്രന്മാർക്ക് മാത്രമേ ഞാൻ നൽകുന്ന ദൈവിക സമാധാനം ലഭിക്കുകയുള്ളൂ. അതായത് ദൈവിക സമാധാനം ആഗ്രഹിച്ച് മനസ്സ് ഒരുക്കി കാത്തിരിക്കുന്നവർക്ക് മാത്രമേ എന്റെ സമാധാനം സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ലോകം നൽകുന്ന സമാധാനത്തിനു വേണ്ടി മനസ്സ് വിട്ടു കൊടുത്തിരിക്കുന്നവർക്ക് ദൈവികസമാധാനം ലഭിക്കുകയില്ല. എന്റെ സമാധാനത്തിൽ വസിക്കുവാൻ നിങ്ങളോട് ഞാൻ നേരത്തെ കുറെ കാര്യങ്ങൾ പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ.

6) ഏത് പട്ടണത്തിൽ ചെന്നാലും നിങ്ങളെ കൈക്കൊള്ളുന്നവരുടെ ഭവനത്തിൽ താമസിക്കുകയും അവർ തരുന്നത് മാത്രം ഭക്ഷിക്കുകയും ചെയ്യണം. ഒരു ദേശത്തെ പല വീടുകളിൽ മാറിമാറി താമസിക്കരുത്. അവർ തരുന്ന ഭക്ഷണം കഴിക്കുന്നതിൽ വിഷമം വിചാരിക്കേണ്ട. കൂലിക്കാരൻ തന്റെ കൂലിക്ക് യോഗ്യൻ തന്നെ. പണം ആയിട്ട് ഒന്നും വാങ്ങാതിരിക്കാൻ ആണ് പണസഞ്ചി എടുക്കരുത് എന്ന് പറഞ്ഞത്. ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെ യും നിങ്ങളുടെ വചനങ്ങൾ കേൾക്കാതെയും ഇരുന്നാൽ കാലിലെ പൊടിപോലും തട്ടിക്കളഞ്ഞു അവിടം വിട്ടുപോകണം.(മത്തായി 10: 14). എന്റെ നാമത്തിൽ നിങ്ങളെ സ്വീകരിക്കാത്തവരെ ഞാൻ തന്നെ ന്യായം വിധിക്കും എന്നും ഓർക്കുക.

7) ദൈവരാജ്യ പ്രവർത്തനങ്ങൾ നിങ്ങൾ സത്യസന്ധമായി നടത്തുവാൻ മാത്രമേ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നുള്ളൂ. അത് കേട്ട് അനുസരിക്കാത്തവരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് എനിക്കറിയാം. നിങ്ങൾ അതിനെപ്പറ്റി അമിതമായി ഭാരപെട്ടു നിരാശരാക്കുകയോ, അമിതമായി സന്തോഷിക്കുകയോ വേണ്ട. നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ അത്രേ നിങ്ങൾ സന്തോഷിക്കേണ്ടത്.(മത്തായി 10: 20).

8). "ചെന്നായ്ക്കളുടെ നടുവിൽ ആടിനെപോലെ ഞാൻ നിങ്ങളെ അയക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്കളങ്കരും ആയിരിക്കുവിൻ.(മത്തായി 10: 16). ചെന്നായ്ക്കൾ ആടുകളെയും മറ്റുള്ള മൃഗങ്ങളെയും ഉപദ്രവിച്ച് കൊന്നു തിന്നുന്ന സ്വഭാവം ഉള്ളവരാണ്. യഹൂദന്മാരും പുറജാതിക്കാരും ദൈവരാജ്യ സുവിശേഷം കേട്ട് മാനസാന്തരപ്പെട്ടു വരുവാൻ ഇഷ്ടമില്ലാത്തവർ ആയതിനാൽ ഒരുവിധത്തിൽ ചെന്നായ്ക്കളെപോലെ കഠിന സ്വഭാവക്കാരായിരുന്നു. അവരുടെ ഇടയിലേക്ക് പോകുമ്പോൾ നിഷ്കളങ്കരായി തന്നെ നിങ്ങൾ പ്രവർത്തിക്കണം. എന്നാൽ അപകടം മുൻകൂട്ടി അറിഞ്ഞു തല മാളത്തിലൊളിച്ചിരുന്ന പാമ്പിനെ പോലെയുള്ള ബുദ്ധി നിങ്ങൾക്കും ഉണ്ടായിരിക്കണം. പാമ്പിനെ കൊല്ലാൻ ശ്രമിച്ചാൽ അതിന്റെ തലയാണ് അത് സംരക്ഷിക്കുന്നത്. കാരണം ശരീരത്തിന് മുറിവേറ്റ പ്രയാസത്തിൽ ആയാലും, മുറിഞ്ഞുപോയാൽ പോലും പാമ്പിനു ജീവിക്കാം. എന്നാൽ തലയ്ക്കടിയേറ്റ് അധിക കാലം ജീവിക്കുകയല്ല. നിങ്ങളും ബുദ്ധിപൂർവ്വം നിങ്ങളുടെ തലയെ സൂക്ഷിക്കണം. അതായത് തലയ്ക്കകത്ത് ദുഷ്ട ചിന്തകളും ആലോചനകളും ദുരുപദേശങ്ങളും കയറാതെ സംരക്ഷിക്കണം. ആകയാൽ ചെന്നായ്ക്കളെപോലെ നിങ്ങളെ

സമീപിക്കുന്നവരിൽനിന്നും നിങ്ങളുടെ മനസ്സിനെ മലിനമാകാതെ സൂക്ഷിക്കണം. അവരുടെ ദുരുപദേശങ്ങൾ കേട്ട് നിങ്ങൾ അതിൽ അകപ്പെട്ടു പോകരുത്.

9). "നിങ്ങൾ പിടിക്കപ്പെട്ട് ന്യായാധിപന്റെ മുൻപാകെ ഏൽപ്പിക്കപ്പെടുമ്പോൾ, എങ്ങനെയോ, എന്തോ പറയേണ്ടത് എന്ന് നിങ്ങൾ വിചാരിക്കേണ്ട. പറയാനുള്ളത് ആ നാഴികയിൽ തന്നെ നിങ്ങൾക്ക് ലഭിക്കും. പറയുന്നത് നിങ്ങളല്ല നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാവത്രേ"(മത്തായി 10: 19 –20). ഞാൻ ഈ കാര്യം അന്ന് ശിഷ്യന്മാരോട് പറഞ്ഞതാണെങ്കിലും ഇന്നത്തെ ഇടയന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ട വലിയ ഒരു കാര്യമാണ് ഇത്. നിങ്ങൾ ആരെയും കോടതി കയറ്റാതെ നേരിട്ട് സംസാരിച്ച് പ്രശ്നം രമ്യമായി പറഞ്ഞു തീർക്കണം. (മത്തായി 18: 15– 18). എല്ലാ ശ്രമങ്ങളും പരാജയപ്പെടുമ്പോൾ മാത്രമേ ന്യായാധിപനെ സമീപിക്കേണ്ടതുള്ളൂ. എന്റെ ദൈവരാജ്യസന്ദേശം സ്വീകരിക്കാത്ത ചെന്നായ്ക്കളുടെ ഇടയിൽ തന്നെയാണ് എന്റെ സഭയിലെ ആടുകൾ നിലകൊള്ളുന്നത്. ഇടയന്മാരെ പിടിച്ച് കോടതികളിൽ കയറ്റുമ്പോൾ അവിടെ നിങ്ങൾക്ക് വേണ്ടി വാദിക്കാൻ "പാറക്കലീത്ത"(Advocate) എന്ന് പേരുള്ള വക്കീലിനെ ഞാൻ നിയമിച്ചിട്ടുണ്ട്. ആ കാര്യം മനസ്സിലാക്കാതെ, എന്റെ ദൈവരാജ്യമൂല്യങ്ങൾ അറിയാത്ത പ്രസിദ്ധ അഭിഭാഷകരെ നിയമിച്ച് ദൈവരാജ്യപ്രമാണങ്ങൾക്ക് എതിരായി വാദിച്ച സഭയെ സംരക്ഷിക്കുവാൻ നടത്തുന്ന ഇന്നത്തെ വ്യവഹാരങ്ങൾ ഒന്നും ഞാൻ അനുവദിച്ചിട്ടുള്ളതല്ല. പരിശുദ്ധ റൂഹാ ആകുന്ന ദൈവാത്മാവിനു ചെവി കൊടുത്തു സഭയിലെ എന്റെ ആളുകളെ കാത്തു സംരക്ഷിക്കുവാൻ എല്ലാ വിഭാഗത്തിൽപെട്ട ഇടയന്മാരും പ്രത്യേകം ശ്രദ്ധിക്കണം. അല്ലെങ്കിൽ ഇടയവേലയിൽ നിന്നും സ്വയം മാറി പോകണം. പോകുന്നില്ലെങ്കിൽ അങ്ങനെയുള്ളവരെ ഇടയ ശുശ്രൂഷയിൽ നിന്നും നീക്കിക്കളയും എന്ന് അറിഞ്ഞുകൊള്ളുക. (യ ഹസ്കിയേൽ. 34: 10).

10). സഹോദരങ്ങളും മാതാപിതാക്കളും എന്റെ പേരിൽ വഴക്കുണ്ടാക്കും. എന്റെ നാമം നിമിത്തം ഉണ്ടാകുന്ന കലഹങ്ങളെപറ്റി ഞാൻ വിശദമായി പിന്നീട് പറഞ്ഞു തരാം. സമാധാനമല്ല വാളാണ് ഞാൻ കൊണ്ടുവരുന്നത് എന്ന കാര്യം വളരെ വിശദമായി ഞാൻ നേരത്തെ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ.

11). "എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ

പകയ്ക്കും,അവസാനത്തോളം സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും" ( മത്തായി 10: 22). എല്ലാവരും നിങ്ങളെ വെറുക്കും എന്നകാര്യം ഒരു സത്യമാണ്. അത് സംബന്ധിച്ച് വിശദമായ കാര്യങ്ങൾ അടുത്തുതന്നെ നിങ്ങൾക്ക് പറഞ്ഞു തരാം. അവസാനത്തോളം സഹിച്ചു നിന്നാൽ മാത്രമേ നിങ്ങൾക്ക് രക്ഷപ്രാപിക്കാൻ കഴിയൂ. വിശ്വസിച്ചാൽ മാത്രം രക്ഷപ്പെട്ടു കഴിഞ്ഞു എന്ന് പഠിപ്പിക്കുന്ന ചില വേദവിപരീതികൾ നിങ്ങളുടെ ഇടയിൽ ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. നിങ്ങളുടെ ജീവിതാവസാനം വരെയും നിങ്ങൾക്ക് എന്റെ നാമത്തിൽ പീഡനങ്ങൾ സഹിക്കേണ്ടി വരും. അപ്പോഴൊക്കെ എന്നോടുള്ള വിശ്വാസം നഷ്ടപ്പെടുത്താതെ ഉത്തമ സാക്ഷ്യജീവിതം മരണംവരെയും പൂർത്തിയാക്കിയാൽ മാത്രമേ രക്ഷയുടെ ജീവകിരീടം നിങ്ങൾക്ക് ലഭിക്കുകയുള്ളൂ. ചില ഓട്ടമത്സരത്തിൽ ട്രാക്ക് മാറി ഓടിയാൽ ഒന്നാം സ്ഥാനത്ത് ആദ്യം എത്തിയാലും ഒരു സമ്മാനവും കിട്ടാത്തത് പോലെ, നിങ്ങൾ ജീവിതത്തിലെ നിയന്ത്രണരേഖ തെറ്റി ഓടിയാൽ നിങ്ങൾക്കും ജീവകിരീടം നഷ്ടപ്പെടുമെന്ന് ഓർക്കുക.

12). നിങ്ങൾക്ക് ഉപദ്രവം ഉണ്ടാകും എന്ന് അറിഞ്ഞാൽ എത്രയും വേഗം ആ സ്ഥലം വിട്ടു പോകണം. പീഡനം ഉണ്ടെന്നറിഞ്ഞ് അങ്ങോട്ട് പോയി മരണം ഏൽക്കുന്നത് ധീരത അല്ല. അപകടം മുൻകൂട്ടി കണ്ട് ഒഴിഞ്ഞുമാറാനുള്ള ബുദ്ധി നിങ്ങൾക്ക് ഉണ്ടാകണം. എന്റെ ജീവിതകാലത്ത് പല സന്ദർഭങ്ങളിലും ഇപ്രകാരം അപകടഘട്ടങ്ങളിൽ ആത്മാവിന്റെ നിർദ്ദേശപ്രകാരം ഞാൻ ഒഴിഞ്ഞു മാറിയിട്ടുണ്ട്. ശിഷ്യന്മാരായ നിങ്ങളോടും അപ്രകാരം പരിശുദ്ധാത്മാവിന്റെ നിർദ്ദേശങ്ങൾ ലഭിക്കുവാൻ പ്രാർത്ഥനാപൂർവ്വം കാതോർത്തുകൊണ്ട് പ്രതിസന്ധികളെ അതിജീവിക്കാൻ നിങ്ങൾ ശ്രദ്ധിക്കണം. മനുഷ്യരുടെ മുമ്പാകെ ധീരത തെളിയിക്കാൻ നിങ്ങൾ പരിശ്രമിക്കുന്നു എങ്കിൽ, അത് ദുരന്തത്തിൽ കലാശിക്കുമെന്ന് അറിഞ്ഞിരിക്കുക. എന്റെ അപ്പസ്തോലന്മാരെപറ്റിയും സുവിശേഷ അറിയിപ്പുകാരെ പറ്റിയും കുറേ കാര്യങ്ങൾ കൂടി എനിക്ക് പറയാനുണ്ട്. അത് പിന്നീട് പറയാം. തൽക്കാലം ഇവിടെ നിർത്തട്ടെ.

എന്ന് നിങ്ങളുടെ സ്വന്തം യേശു.

18–12–2020.

## അദ്ധ്യായം 47

# സ്വർഗ്ഗപിതാവിനാൽ ആകർഷിക്കപ്പെടാതെ ആരും എന്റെ അടുക്കൽ എത്തുന്നില്ല

(യോഹന്നാൻ 6: 41– 46)

മനുഷ്യരായ നിങ്ങളെല്ലാവരും പൂർണ്ണമായും ദൈവ പിതാവിന്റെ കരുണയും സ്നേഹവും കരുതലും, ആഗ്രഹിച്ചും ആശ്രയിച്ചും ജീവിക്കേണ്ടവരാണ്. പക്ഷേ നിങ്ങൾ ഈ കാര്യം പലപ്പോഴും മനസ്സിലാക്കാറില്ല, മനസ്സിലാക്കിയാൽ തന്നെ വേണ്ടത് പോലെ ഗൗനിക്കാറില്ല. നിങ്ങളിൽ പലരും ആത്മവിശ്വാസം ഉള്ളവരാണ്. നിങ്ങൾ മാത്രം വിചാരിച്ചാൽ നടക്കാവുന്ന കാര്യങ്ങളെ ഉള്ളൂ, മനുഷ്യൻ മനസ്സുവെച്ചാൽ ദൈവത്തെ പോലെ കുറെ കാര്യങ്ങൾ ഒക്കെ സ്വന്തമായി ചെയ്യാൻ കഴിവുള്ളവനാണ്, തീരെ കഴിയാതെ വരുമ്പോൾ മാത്രം ദൈവത്തെ സഹായത്തിന് വിളിച്ചാൽ മതി എന്നൊക്കെ ചിന്തിക്കുന്ന ആളുകളാണ് വിശ്വാസികൾ എന്ന് സ്വയം കരുതുന്ന നിങ്ങളിൽ പലരും. ഈ ചിന്ത അനേകം നല്ല മനുഷ്യരെ വഴിതെറ്റിക്കുന്നുണ്ട്.

യഥാർത്ഥ മനുഷ്യജീവിതം എന്താണെന്ന് ഞാൻ നിങ്ങൾക്ക് ജീവിച്ചു കാണിച്ചു തന്നിട്ടുണ്ട്. എന്നാൽ ഞാൻ അത് എങ്ങനെയാണ് പൂർത്തിയാക്കിയതെന്ന് നിങ്ങൾ വേണ്ടതുപോലെ അന്വേഷിക്കാതെയാണ് ക്രിസ്തീയ ജീവിതം നയിക്കുവാൻ ശ്രമിക്കുന്നത്. "ദൈവകൃപ"എന്താണെന്ന് നിങ്ങൾ ആദ്യം തിരിച്ചറിയണം. ദൈവം എല്ലാവർക്കും സൗജന്യമായി നൽകുന്ന കഴിവുകളും അവസരങ്ങളും ആണ് ദൈവകൃപ എന്ന് ചുരുക്കമായി പറയാം. എന്നാൽ ഞാൻ ഈ പറയുന്ന കാര്യങ്ങളൊക്കെ ഗ്രഹിക്കുവാനും വിശ്വസിക്കുവാനും നിങ്ങൾക്ക് സാധിക്കുന്നത് തന്നെ തന്റെ അളവറ്റ കൃപയാൽ സ്വർഗ്ഗപിതാവ് നിങ്ങൾക്ക് അനുവാദം നൽകുന്നത് കൊണ്ടാണ്. എന്ത് അടിസ്ഥാനത്തിലാണ് നിങ്ങൾക്ക് അപ്രകാരം അനുവാദം ലഭിക്കുന്നത് എന്ന് നിങ്ങൾ അറിഞ്ഞിരിക്കണം.

ദൈവപിതാവ് നിങ്ങളുടെ അന്തരംഗങ്ങളിലുള്ള ഹൃദയ വിചാരങ്ങളും ആഗ്രഹങ്ങളും ജീവിതലക്ഷ്യങ്ങളും മനോഭാവങ്ങളും എല്ലാം പൂർണമായി അറിഞ്ഞു കൊണ്ടിരിക്കുന്നവനാണ്. ഇപ്രകാരം ആന്തരികമായി നിങ്ങളിൽ വ്യാപരിക്കുന്ന കാര്യങ്ങളിൽ നിങ്ങൾ നിർമ്മലർ ആണെങ്കിൽ നിങ്ങൾ എന്റെ അടുക്കലേക്ക് എത്തുവാൻ സ്വർഗ്ഗപിതാവ് അനുവദിക്കും. എന്റെ അടുക്കൽ വരുന്ന എല്ലാവരും ഇപ്രകാരം സ്വർഗ്ഗപിതാവ് തെരഞ്ഞെടുത്ത ശേഷം അയക്കപ്പെടുന്നവരാണ്.

ഒരിക്കൽ എന്റെ വാക്കുകൾ ഉൾക്കൊള്ളുവാൻ സംശയിച്ച ശിഷ്യന്മാരോട് ഈ കാര്യം വ്യക്തമാക്കാനായി ഞാൻ ഇങ്ങനെ പറഞ്ഞു: "നിങ്ങൾ തമ്മിൽ തമ്മിൽ പിറുപിറുക്കേണ്ട. എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയില്ല . ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയർത്തെഴുന്നേൽപ്പിക്കും. എല്ലാവരും ദൈവത്താൽ ഉപദേശിക്കപെട്ടവർ ആകുമെന്ന് പ്രവചന പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു" –യെശയ്യ. 54: 13,യിരമ്യ 31: 33.– പിതാവിനോട് കേട്ട് പഠിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വരും"(യോഹന്നാൻ 6:43– 45)

ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, എന്റെ പിതാവിനോട് കേട്ട് പഠിക്കുക എന്നതാണ്. അതിന് നിങ്ങൾ തന്നെ താൽപര്യമെടുത്ത് മനസ്സ് വെച്ച് പരിശ്രമിക്കണം. നിങ്ങൾ സ്വർഗ്ഗപിതാവിനെ മറന്ന് ഈ ലോക മോഹങ്ങളിൽ വീണു പോകാൻ ഇടയാകുന്ന തിനാൽ, ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിവില്ലാത്തവർ ആയി തീരുകയാണ്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ എന്ത് പ്രവൃത്തിയാണ് ഞങ്ങൾ ചെയ്യേണ്ടത് എന്ന് ചിലർ എന്നോട് ചോദിച്ചപ്പോൾ ഞാൻ അവരോട് ഇങ്ങനെ പറഞ്ഞു:" ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നത ത്രെ.".(യോഹന്നാൻ 6: 29).

എന്നാൽ,എന്നിൽ വിശ്വസിക്കുക എന്നതും നിങ്ങൾക്ക് സ്വയം ആയി ചെയ്യാവുന്ന ഒരു കാര്യമല്ല. ലോകത്തിന്റെ ആദ്യപാഠങ്ങൾക്ക് കീഴ്പെട്ട്ജീവിക്കുന്ന സാധാരണക്കാരായ നിങ്ങളെ "ദൈവമക്കൾ" എന്ന പദവിയിലേക്ക് ഉയർത്താൻ ലക്ഷ്യംവച്ചുകൊണ്ട് സ്വർഗ്ഗ പിതാവ് എന്നെ ഈ ലോകത്തിലേക്ക് അയച്ചു എന്നും അങ്ങനെ ദൈവമക്കൾ ആകുന്ന നിങ്ങളുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവിനെ വസ്സിപ്പിച്ച് നിങ്ങളെ സകല സത്യത്തിലും വഴി നടത്തുന്ന കാര്യം നിങ്ങൾ വിശ്വസിക്കണം. ക്രിസ്തു എന്ന എന്നെ മനസ്സിനു പുറത്തു നിർത്തിക്കൊണ്ട് നിങ്ങൾ എന്നെ മനസ്സിലാക്കാൻ ശ്രമിക്കുന്നതിനു പകരം, ഞാൻ നിങ്ങളുടെ ഉള്ളിൽ

ജനിക്കുന്നതുവരെ നിങ്ങൾക്ക് "പ്രസവവേദന" വരുത്തുന്ന പരിശുദ്ധാ ആത്മാവിന്റെ സഹായം നിങ്ങൾ തേടണം. പൗലോസ് പറയുന്നതുപോലെ "ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം പ്രസവവേദന" അനുഭവിക്കുന്ന കാര്യം നിങ്ങളും അനുഭവിച്ചറിയണം.(ഗലാത്തി 4:19).ഞാനെന്റെ മാതാവിന്റെ ഉദരത്തിൽ ഗർഭം ധരിക്കാൻ ഇടയായതുപോലെ, നിങ്ങൾ എന്നെപറ്റി കേൾക്കുന്ന വചനം പരിശുദ്ധാത്മാവിനാൽ ഗർഭം ധരിക്കുവാൻ പൂർണ്ണമായും ഞാൻ നിങ്ങളുടെ ഉള്ളിൽ വളർച്ച പ്രാപിച്ച് നിങ്ങളിൽനിന്ന് മനുഷ്യരുടെ മുമ്പാകെ ജനിച്ചുവീഴുന്നതിന് ഇടയാകുന്നത് വരെ "പ്രസവവേദന" അനുഭവിക്കുന്നവർ ആയി നിങ്ങൾ തീരണം. എന്റെ അമ്മ പറഞ്ഞതുപോലെ, "ഇതാ ഞാൻ അവിടുത്തെ ദാസി അവിടുത്തെ ഇഷ്ടം പോലെ എനിക്ക് ഭവിക്കട്ടെ" എന്ന് പറഞ്ഞു പൂർണമായി നിങ്ങൾ ദൈവഹിതത്തിനു സമർപ്പിക്കും എങ്കിൽ പരിശുദ്ധാത്മാവ്, വചനമാകുന്ന എന്നെ നിങ്ങളിൽ നിക്ഷേപിച്ച് ജീവനുള്ള "ദൈവ പുത്രന്മാരായി" വളർത്തി ലോകത്തിൽ ജീവിച്ചു കാണിക്കാൻ നിങ്ങളെ "വീണ്ടും ജനിപ്പിക്കും". ഈ ഒരു വീണ്ടും ജനനത്തിന്റെ അനുഭവം നിങ്ങൾക്ക് ഉണ്ടാകാതെ നിങ്ങൾക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല.

ചുരുക്കത്തിൽ, പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ ദൈവത്തിന് പ്രീതികരമായ പ്രവൃത്തികൾ ചെയ്യുവാൻ നിങ്ങൾക്ക് സ്വയം കഴിയില്ല എന്ന് നിങ്ങൾ വ്യക്തമായി മനസ്സിലാക്കുക.

ഇന്ന് പേരുകൊണ്ട് "ക്രിസ്ത്രീയസഭകൾ" എന്നറിയപ്പെടുന്ന സമൂഹങ്ങളിൽ ക്രിസ്തുവാകുന്ന എന്നെ "പരിശുദ്ധാത്മശക്തിയാൽ ഗർഭം ധരിക്കുകയും പ്രസവവേദന അനുഭവിക്കുകയും വീണ്ടും ജനിക്കുകയും" ചെയ്യുന്ന പ്രധാനകാര്യം നടക്കുന്നില്ല. കേൾക്കുന്ന വചനം ഉള്ളിൽ വസിച്ച് മനുഷ്യരൂപത്തിൽ ജീവിക്കുന്ന നിങ്ങളിലൂടെ മറ്റുള്ളവർ കാണുവാൻ ഇടയാകുന്നില്ല. ഞാൻ മനുഷ്യാവതാരം ചെയ്ത് ഈ ലോകത്ത് ജീവിച്ചപ്പോൾ എന്റെ ഇഷ്ടമല്ല എന്നെ അയച്ച പിതാവിന്റെ ഇഷ്ടം മാത്രം പൂർത്തിയാക്കുവാൻ ആണ് വന്നത്(യോഹ 6: 38). ഞാൻ പറഞ്ഞതും ജീവിച്ചു കാണിച്ചു തന്നതും നിങ്ങൾ നല്ലപോലെ തിരിച്ചറിഞ്ഞു ജീവിച്ചു കാണിക്കുന്നതിന് ആഗ്രഹിച്ച് മനസ്സ് വെച്ച് പരിശ്രമിക്കണം. ആയതിന് നിങ്ങൾ ലക്ഷ്യം വെച്ചാൽ ഞാനും പരിശുദ്ധാത്മാവും യഥാർത്ഥ സാക്ഷികളായി ജീവിക്കുവാൻ നിങ്ങളെ ശക്തിപ്പെടുത്തി സഹായിക്കാം. ഇന്ന് കാണുന്ന ക്രിസ്ത്രീയ സമൂഹങ്ങളിൽ "മാമോദിസ" എന്നപേരിൽ അനുഷ്ഠാനങ്ങൾ നടക്കുന്നുണ്ടെങ്കിലും വേണ്ടത്ര പ്രബോധനവും പരിശീലനം ലഭിക്കാതെ വരുന്നതിനാൽ ദൈവമക്കൾ എന്ന നിലയിൽ

ജനിക്കാനും വളരുവാനും വളർത്തുവാനും മാതാപിതാക്കളും പുരോഹിതരും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്ന കാര്യം വളരെ ആശങ്കയോടെയാണ് ഞാൻ വീക്ഷിക്കുന്നത്. അധികപങ്ക് "വീണ്ടുംജനനവും" "ചാപിള്ളകൾ"ആയിട്ടാണ് പുറത്തു വരുന്നത്. അതുകൊണ്ട് "ക്രിസ്ത്യാനികൾ" എന്ന പേരിലറിയപ്പെടുന്നുണ്ടെങ്കിലും അവർ അഭിഷേകം ചെയ്യപ്പെട്ടവരാണ് എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അവരിൽ കൂടി ജീവിക്കുന്ന ക്രിസ്തുവാകുന്ന എന്നെ കാണിച്ചു കൊടുക്കാൻ കഴിയാതെ വരുന്നു എന്ന ദയനീയ പരമാർത്ഥം നിങ്ങൾ എല്ലാവരും മനസ്സിലാക്കണം. നിങ്ങൾ ഓരോരുത്തരും ഈ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി യഥാർത്ഥ ക്രിസ്തീയ സാക്ഷ്യജീവിതം നയിക്കുവാൻ കഴിവ് ലഭിക്കേണ്ടതിനായി സ്വർഗ്ഗപിതാവിങ്കലേക്ക് തിരിഞ്ഞു വിനയത്തോടെ, വിശുദ്ധിയോടെ, വിശ്വാസത്തോടെ നിലവിളിച്ച് പ്രാർത്ഥിക്കണം. "ചുങ്കക്കാരനും പരീശനും" പ്രാർത്ഥിച്ച കാര്യം നിങ്ങൾക്കറിയാമല്ലോ. എല്ലാം തികഞ്ഞവർ ആണെന്ന ആത്മസംതൃപ്തിയോടെ ദൈവമുമ്പാകെ അടുത്തു ചെല്ലുന്നവരെ സ്വീകരിക്കുവാൻ സ്വർഗ്ഗപിതാവിന് കഴിയില്ല എന്ന് അറിയുക.

ദൈവം പ്രസാദിക്കുന്നതിന്റെ ലക്ഷണമായി അത്ഭുതങ്ങളുടെ അരങ്ങേറ്റം അവതരിപ്പിക്കുന്ന വ്യാജസുവിശേഷം ഇന്ന് പല ക്രിസ്തീയ സമൂഹങ്ങളും കാണിക്കുന്നതിന്റെ പൊള്ളത്തരം ഞാൻ പലപ്രാവശ്യം ചൂണ്ടിക്കാട്ടിയിട്ടുണ്ടല്ലോ. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണെന്ന വിധത്തിൽ ഇപ്രകാരം നടത്തുന്ന അത്ഭുതങ്ങൾ സത്യദൈവത്തിൽ ഉള്ള വിശ്വാസം അവിശ്വാസികളുടെ മനസ്സിൽ ആരംഭിക്കുവാൻ മാത്രമേ അല്പമെങ്കിലും സഹായിക്കുകയുള്ളൂ. വിശ്വാസത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ അത്ഭുതങ്ങൾ കാണുവാനും കാണിക്കുവാനും നിങ്ങൾ ശ്രമിക്കരുത്. എന്റെ പരസ്യ ശുശ്രൂഷവേളയിൽ അവിശ്വാസികൾ എന്നെയും എന്റെ വാക്കുകളെയും വിശ്വസിക്കേണ്ടത് ആവശ്യം ആകയാൽ പല അത്ഭുതങ്ങളും ചെയ്തിട്ടുണ്ടെങ്കിലും എന്റെ ശിഷ്യന്മാരോട് അത്ഭുതങ്ങളുടെ പിറകെ പോകരുത് എന്ന് തന്നെ ഞാൻ കർശനമായി പറഞ്ഞിരുന്നത് വീണ്ടും നിങ്ങളോടും പറയുന്നു. ബാഹ്യമായ അടയാളങ്ങൾ, അത്ഭുതങ്ങൾ എന്നിവ നടക്കുന്നില്ല എന്നതിനാൽ ദൈവസാന്നിധ്യം ഇല്ല എന്ന തെറ്റായ ഉപദേശം നിമിത്തം പലരും വഴിതെറ്റി പോകുന്നുണ്ട് എന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാൻ ഈ കാര്യം വളരെ വിശദമായി നേരത്തെ പലപ്രാവശ്യം നിങ്ങളോട് പറഞ്ഞതാണെങ്കിലും ഇക്കാര്യത്തിൽ വലിയ വീഴ്ചയാണ്ഇന്ന്സഭകളിൽനടന്നുകൊണ്ടിരിക്കുന്നത്.അതുകൊണ്ടാണ് ഞാൻ ഈ കാര്യം ആവർത്തിച്ച് പറയുന്നത്. യാതൊരു ധാർമികതയും

വിശുദ്ധിയും അനുസരണവും ദൈവവിശ്വാസവും ഇല്ലാത്തവർക്ക് പോലും അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ദൈവം അനുവദിച്ചിട്ടുണ്ട്. ഒരിക്കൽ എന്റെ അടുക്കൽ അത്ഭുതങ്ങളും മറ്റും പ്രവർത്തിച്ച അവകാശവാദവുമായി വന്നവരെ അന്ത്യന്യായവിധി നാളിൽ ഞാൻ ആട്ടിയോടിക്കുന്ന കാര്യം നിങ്ങളോട് പറഞ്ഞത് ഓർക്കുന്നുണ്ടാകുമല്ലോ."കർത്താവേ, കർത്താവേ എന്ന് പറയുന്ന ഏവനും അല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോടു പറയും. അന്ന് ഞാൻ അവരോട്, അധർമം പ്രവർത്തിക്കുന്നവരെ എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും. (മത്തായി 7: 21– 23).

ക്രിസ്തുവാകുന്ന എന്നെ ലോകത്തിനു മുൻപിൽ പ്രസവിച്ചു കാണിക്കുവാൻ പ്രസവവേദന അനുഭവിക്കുന്ന എന്റെ മണവാട്ടിയായ സഭാമക്കൾക്ക് സുഖപ്രസവത്തിന് അവസരം നൽകാതെ ഗർഭച്ഛിദ്രം നടത്തി എന്നെ അവരുടെ മനസ്സാകുന്ന ഗർഭപാത്രത്തിൽ വച്ചുതന്നെ കൊന്നുകളയുന്ന പൈശാചിക അനുഭവം എത്ര ഭീകരമാണ്! ഞാനും എന്റെ മണവാട്ടിയായ നിങ്ങളോരോരുത്തരും ആയി യഥാർത്ഥമായി അറിയുവാനും ബന്ധപ്പെടാനുമുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കാതെ, ഞാനുമായി ബന്ധപ്പെട്ട് ആത്മീയ ഗർഭധാരണം നടക്കുവാൻ ആകാത്തവിധം നിങ്ങളെ എന്നിൽ നിന്നും അകറ്റികൊണ്ടുപോകുന്ന പരിപാടികളാണ് ഇന്ന് എന്റെ പേരിൽ പല സഭകളിലും നടന്നുവരുന്നത്. ക്രിസ്തുവാകുന്ന എന്നെ വിശ്വാസികളുടെ ഉള്ളിൽ പ്രവേശിക്കുന്നതിനും വളർത്തി പൂർണ്ണതയിൽ എത്തിക്കുന്നതിനും ശേഷിയുള്ള ദൈവമക്കളെ ജനിപ്പിക്കുന്നതിനായി സ്ഥാപിച്ചിരിക്കുന്ന എന്റെ സഭയിൽ ദൈവമക്കളെ ജനിപ്പിക്കാനും വളർത്തുവാനും ഇടയാകുന്നില്ല എന്നകാര്യത്തിൽ, സഭയുടെ നേതൃത്വം വഹിക്കുന്ന എല്ലാവരെയും ഞാൻ കുറ്റപ്പെടുത്തുകയാണ്. ആത്മീയ ഗർഭധാരണം നടക്കാത്തവിധം ഗർഭനിരോധന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിച്ചു, അങ്ങനെ ആത്മീയമായി മനുഷ്യമനസ്സിൽ പ്രവേശിച്ചു വളരുവാൻ ആഗ്രഹിക്കുന്ന എന്നെ നശിപ്പിച്ചു കളയുന്നതിനു പല വിദ്യകളും പൈശാചിക പ്രേരണയാൽ എന്റെ നാമം പറഞ്ഞുകൊണ്ടുതന്നെ, സഭകളിൽ നേതൃത്വം നൽകുന്നവർ പ്രയോഗിച്ചു വരുന്നുണ്ടെന്ന് ദൈവമക്കൾ തിരിച്ചറിയണമെങ്കിൽ പരിശുദ്ധാത്മസഹായം തന്നെ

തേടണം. എങ്ങനെയെങ്കിലും മനുഷ്യമനസ്സിൽ പ്രവേശിച്ച് അവിടെ വളരുവാൻ ശ്രമിക്കുന്ന എന്നെ നശിപ്പിച്ച ഇല്ലാതാക്കാൻ ശ്രമിക്കുന്ന പല അനുഭവങ്ങളും ഞാൻ നേരിടുന്നുണ്ട്. സകല സത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവിന്റെ സഹായം ലഭിക്കുവാൻ, നിങ്ങൾ എന്റെ വാക്കുകൾ പൂർണ്ണമായി വിശ്വസിച്ച വിനയത്തോടും വിശുദ്ധിയോടും കൂടെ ജീവിക്കണം.

നിങ്ങളുടെ സുബോധം നഷ്ടപ്പെടുത്തി "അനസ്തീഷ്യ" നൽകി സാത്താൻ നിങ്ങളെ മയക്കി ഇട്ടിരിക്കുകയാണ്. ഞാൻ നിങ്ങളുടെ എല്ലാം ആയുസ്സിന്റെ പരിധി നിശ്ചയിച്ചിട്ടുണ്ട് എന്ന് ഓർത്തുകൊള്ളുക. ഈ ജീവിതകാലം നിങ്ങൾ ഉണർന്നു പ്രവർത്തിക്കാനുള്ള അവസരമാണ്. മരണശേഷം അപ്രകാരം അവസരം ലഭിക്കുമെന്ന് കാത്തിരുന്നാൽ, നിങ്ങളുടെ ആത്മാവിന്റെ രക്ഷ അപകടത്തിൽ ആണെന്ന് ഓർക്കുക. നിങ്ങൾ എന്തെല്ലാം പ്രവർത്തിച്ച കൂട്ടുന്നു എന്നതിനേക്കാൾ നിങ്ങൾ ആന്തരികമായി എന്നിലും ഞാൻ നിങ്ങളിലും വസിച്ച് വളർന്നുകൊണ്ടിരിക്കുകയാണ് എന്നതാണ് നിങ്ങൾ കൂടുതൽ ഉറപ്പുവരുത്തേണ്ടത്.

ആത്മീയ വളർച്ചക്ക് വേണ്ടിയുള്ള "പ്രസവവേദന" അനുഭവിക്കുന്നവരായിരിക്കുക. ക്രിസ്തുവാകുന്ന എന്നെ ലോകത്തിന് മുൻപാകെ പ്രസവിക്കാനും വളർത്തി കാണിക്കുവാനും നിങ്ങൾക്ക് ഇടയാകതക്കവിധം ഞാനുമായി നിരന്തരമായ രഹസ്യസംസർഗത്തിൽ ഏർപ്പെടുവാൻ ആഗ്രഹിക്കുന്നവർ ആയി എന്റെ അടുക്കൽ വരിക. ഏശയ പ്രവചിച്ചത് കാണുക: "ഇത് കഷ്ടവും ശാസനയും നിന്ദയും ഉള്ള ദിവസം അത്രേ. കുഞ്ഞുങ്ങൾ ജനിക്കുവാൻ സമയം ആയിരിക്കുന്നു, പ്രസവിപ്പാനോ ശക്തിയില്ല. "(37: 3)." ഞങ്ങൾ ഗർഭംധരിച്ച് നോവ് കിട്ടി, കാറ്റിനെ പ്രസവിച്ചത് പോലെ ഇരുന്നു. ദേശത്ത് ഒരു രക്ഷയും ഞങ്ങൾ പ്രവർത്തിച്ചിട്ടില്ല. ഭൂവാസികൾ പിറന്നുവീണത് മില്ല."(യേശയ. 26:18). പൈശാചിക ഗർഭനിരോധന മുറകൾ നടത്തിയതിന്റെ ഫലമായിരുന്നു അത്.

എന്റെ സ്വർഗ്ഗപിതാവ് സാക്ഷാൽ മണവാളൻ ആയ എന്റെ അടുക്കലേക്ക് മണവാട്ടി സഭയെ തിരഞ്ഞെടുത്തു അയക്കുന്നത് ദൈവ രാജ്യത്തിലേക്ക് മക്കളെ ജനിപ്പിക്കുവാൻ ആണെന്ന് നിങ്ങൾ മനസ്സിലാക്കി കാണും എന്ന് കരുതുന്നു. എന്റെ പിതാവിനാൽ ആകർഷിക്കപ്പെട്ടല്ലാതെ ആരും എന്റെ അടുക്കൽ എത്തുന്നില്ല.

എന്റെ അടുക്കൽ എത്തുന്നവരെ ഞാൻ ഒരു നാളും കൈവിടുകയില്ല. അവരിലൂടെ അനേകരെ വീണ്ടും ജനിപ്പിച്ച് ദൈവരാജ്യം വികസിപ്പിക്കും. എന്റെ സ്വർഗ്ഗപിതാവ് തെരഞ്ഞെടുത്തു അയച്ചത് ആണെന്ന് ബോധ്യം ഉള്ളവർ എല്ലാം എന്നോട് കൂടെ വസിക്കുക. നമുക്കൊന്നിച്ച് ആത്മീയ ഗർഭധാരണം നടത്തി ദൈവപിതാവിനു അനേകം ദൈവമക്കളെ വീണ്ടും ജനിപ്പിക്കാൻ ശ്രമിക്കാം. അങ്ങനെ എല്ലാവരും ഒത്തു സ്വർഗ്ഗ പിതാവിന്റെ രാജ്യത്തിൽ നിത്യമായ സന്തോഷത്തിൽ ജീവിക്കാം.

എന്ന് നിങ്ങളുടെ സ്വന്തം യേശു.

19–12–2020.

## അദ്ധ്യായം 48

# നിങ്ങൾക്ക് എന്നെ വിട്ടു പോവാൻ തോന്നുന്നുണ്ടോ?

**(യോഹന്നാൻ 6: 63– 71)**

ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുന്നവരുടെ കൂട്ടത്തിൽ പലതരം ആളുകൾ ഉണ്ടായിരുന്നെങ്കിലും എന്റെ ശ്രദ്ധയിൽപെട്ട 3 വിഭാഗക്കാരുടെ പ്രത്യേകതകൾ ഞാൻ പറയാം. ഇതിൽ ഏത് വിഭാഗത്തിലാണ് നിങ്ങൾ ഉൾപ്പെടുന്നത് എന്ന് ആത്മശോധന നടത്തി കണ്ടുപിടിക്കുക.

ഒന്നാമത്തെ കൂട്ടർ, ആരംഭത്തിൽ പല പ്രതീക്ഷകളുമായി എന്റെ അടുക്കൽ എത്തുകയും കുറെ കാര്യങ്ങൾ ഒക്കെ കേട്ട ശേഷം എന്നെ വിലയിരുത്താൻ ശ്രമിക്കുകയും അവരുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള കാര്യങ്ങൾ സാധിക്കാതെ വരുമ്പോൾ എന്നോടുള്ള താൽപര്യം കുറഞ്ഞു വരികയും ഒടുവിൽ എന്നെ വിട്ടുപോവുകയും ചെയ്യുന്നവരാണ്. അവർ ആരംഭം മുതൽ തന്നെ എന്നെ വിശ്വസിക്കാതെ സംശയത്തോടെ ഉള്ളിൽ ചിന്തിക്കുന്നവർ ആണെങ്കിലും ബാഹ്യമായ നോട്ടത്തിൽ എന്റെ അടുത്ത പ്രവർത്തകരായി അഭിനയിക്കുവാൻ മിടുക്കരാണ്. പക്ഷേ അവർ സമാനചിന്താഗതിക്കാരുമായ ആളുകളെ കൂട്ടുപിടിച്ച് ഒരുപാട് പ്രശ്നങ്ങൾക്ക് ആരംഭം ഇടുന്നവരാണ്. ദൈവീകമർമങ്ങൾ ഗ്രഹിക്കാനുള്ള താൽപ്പര്യമില്ലാത്തവരും ലൗകീകകാര്യങ്ങളിൽ അമിതമായി ശ്രദ്ധിച്ചു സ്വന്തം കാര്യസാധ്യത്തിനായി പ്രവർത്തിക്കുന്നവരും ആയി തീരും. എനിക്ക് അവരെ ഗുണദോഷിക്കുവാൻ തക്ക കഴിവില്ലെന്ന് ചിന്തിക്കുന്നവരാണവർ. എന്തെല്ലാം പറഞ്ഞാലും ഉപദേശിച്ചാലും അവർ സ്വന്തം ഇഷ്ടപ്രകാരം മാത്രം നടക്കുന്നവരാണ്. അവർ കുറച്ചുകഴിഞ്ഞ് എന്നെ വിട്ടു പോവുക തന്നെ ചെയ്യും. എന്നിരുന്നാലും അവരുടെ തെറ്റായ നടപടികളെ ഞാൻ സ്നേഹപൂർവ്വം തിരുത്തുവാൻ ശ്രമിക്കാറുണ്ട്. പരിശുദ്ധാത്മ സഹായത്താൽ അവർ എപ്പോൾ വേണമെങ്കിലും നേർവഴി കണ്ടെത്തി എന്നെ അനുഗമിക്കും എന്ന പ്രതീക്ഷ എനിക്ക് എല്ലാവരെപറ്റിയും ഉണ്ടെന്നു നിങ്ങൾ മനസ്സിലാക്കുക. അവരുടെ ചില

പ്രവൃത്തികൾ കാണുമ്പോൾ അറിയാം, എന്താണ് അവരുടെ മനസ്സിൽ ഇരിപ്പ് എന്ന്. ചുരുക്കം ചിലർ അപ്രകാരമുള്ള പ്രകൃതം ഉപേക്ഷിച്ച എന്റെ കൂടെ തന്നെ നിന്നെങ്കിലും ബഹുഭൂരിപക്ഷം പേരും എന്റെ വാക്ക് കഠിനം എന്ന് പറഞ്ഞ് എന്നെ വിട്ടുപോയിട്ടുണ്ട്.

രണ്ടാമത്തെ കൂട്ടർ എന്നെ വിശ്വസിച്ച് എന്നെ സത്യസന്ധമായി പിന്തുടരുന്നവരാണ്. എന്റെ കാഴ്ചപ്പാടുകളും ഉപദേശങ്ങളും വളരെ കാര്യമായി സ്വീകരിച്ചതനുസരിച്ച് ജീവിക്കുവാൻ പരമാവധി ശ്രമിക്കുന്നവർ ആയി കാണപ്പെടാറുണ്ട്. ദൈവരാജ്യ പ്രവർത്തനങ്ങളിൽ വളരെ ഉത്സാഹത്തോടും ആത്മാർത്ഥതയോടും കൂടി എന്റെ കൂടെ നിരന്തരം അധ്വാനിക്കുന്നവരും ആണ്. അവരുടെ സ്വന്തം താൽപര്യങ്ങളും സുഖസൗകര്യങ്ങളും മാറ്റിവച്ച് എന്റെ ഉപദേശങ്ങൾ അനുസരിച്ച് മാതൃക ജീവിതം നയിക്കുവാൻ ശ്രമിക്കുന്നവരാണ് എന്ന് തോന്നും. അങ്ങനെയുള്ളവരെ കൂട്ടിന് കിട്ടിയാൽ അവരെ വിശ്വസിച്ച് ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കാവുന്നതാണ് എന്ന് എനിക്കും തോന്നിയിട്ടുണ്ട്. എന്നാൽ എന്തോ ചില കാരണങ്ങളാൽ പെട്ടെന്ന് അവരുടെ മനസ്സ് മാറുന്നത് കാണാം. നേരത്തെ എന്നോട് ഉണ്ടായിരുന്ന സ്നേഹവും ആത്മാർത്ഥതയും കുറഞ്ഞുവരുന്നതായി എനിക്ക് തോന്നി. അവരുടെ സ്നേഹത്തിന് പകരം വെറുപ്പ് അവരെ കീഴ്പ്പെടുത്തുന്നതായിട്ടും എനിക്ക് അനുഭവപ്പെട്ടു. ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്നവർ ഏറ്റവും കൂടുതൽ വെറുത്തു തുടങ്ങുന്നതായിട്ട് എനിക്ക് തോന്നി. അധികം താമസിയാതെ അവർ എന്നെ ഒറ്റിക്കൊടുക്കുവാൻ തക്കവിധം അധഃപതിക്കും, യൂദാസ്ക്ക് പറ്റിയത്പോലെ.

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ആരംഭംമുതൽ അവർ എന്നോട് സഹകരിച്ചത്, അവരുടെ താത്പര്യങ്ങൾക്കനുസരിച്ച് ഞാൻ പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നതുകൊണ്ടായിരുന്നു. "ദൈവരാജ്യം" അവരുടെ പ്രതീക്ഷയിൽ എല്ലാ രാജ്യങ്ങളെയും കീഴ്പെടുത്തി ഉണ്ടാക്കുന്ന ഒരു വലിയ "ലോകസാമ്രാജ്യം" ആയിരുന്നു. ഈ ലോകത്തിൽ തന്നെ സുഖകരമായ ഒരു സമൃദ്ധിയാണ് "നിത്യജീവൻ" ആയി അവർ കരുതിയത്. യഹൂദൻമാർ പ്രതീക്ഷിച്ചിരുന്ന "മശിഹാ" ഒരിക്കലും തോൽക്കുവാനോ കീഴടങ്ങുവാനോ നഷ്ടപ്പെടാനോ പാടില്ല എന്ന് അവർ ചിന്തിച്ചു. പ്രവാചകന്മാർ പറഞ്ഞതനുസരിച്ച് ഞാൻ ചെയ്ത അത്ഭുത പ്രവൃത്തികൾ കണ്ട്, ഞാൻ തന്നെയാണ് വരുവാനുള്ള മശിഹാ എന്ന് ഉറപ്പിച്ചു കൊണ്ടാണ് അവർ സർവാത്മനാ ആദ്യം എന്നെ അനുസരിച്ച് അനുഗമിച്ചത്. ഒടുവിൽ,

ഞാൻ കഷ്ടപ്പെടുകയും മരിക്കുകയും ഉയിർത്തെഴുന്നേൽക്കയും ചെയ്യും എന്ന് പറഞ്ഞപ്പോൾ, ആദ്യം എന്നെ കേട്ട എന്റെ ശിഷ്യന്മാർ പോലും അന്തംവിട്ടുപോയി. പത്രോസ് എന്നെ ശാസിച്ചതും ഞാൻ പത്രോസിനെ "സാത്താൻ" എന്ന് വിളിച്ചതും എല്ലാം നിങ്ങൾക്ക് അറിയാവുന്ന കാര്യമാണല്ലോ.

മൂന്നാമത്തെ തരം ആളുകൾ ആദ്യം മുതൽ അവസാനം വരെയും, ഒരുപക്ഷേ അവരുടെ മരണംവരെയും, എന്നെ പിന്തുടർന്നു സാക്ഷ്യ ജീവിതം നയിച്ചവരാണ്. അങ്ങനെയുള്ളവരാണ് ഞാൻ നേരത്തെ വിവരിച്ച "എന്റെ പിതാവിനാൽ ആകർഷിക്കപ്പെട്ടവർ". അവർ തങ്ങളെപ്പറ്റിയുള്ള ദൈവഹിതം തിരിച്ചറിയുവാനും  അറിഞ്ഞതനുസരിച്ച് വിനയത്തോടും വിശുദ്ധിയോടും വിശ്വാസത്തോടുകൂടി എന്നോട് ചേർന്ന് സന്തോഷങ്ങളും കഷ്ടപ്പാടുകളും ജീവിതാന്ത്യം വരെയും പങ്കിടുവാനും  പരിശ്രമിക്കുന്നവരും ആയിരുന്നു. എന്റെ സ്വർഗ്ഗ പിതാവിനാൽ ആകർഷിക്കപ്പെട്ടവർ ആയിരുന്നതിനാൽ പരിശുദ്ധാത്മ നടത്തിപ്പിന് വിധേയരായി ജീവിക്കാൻ പ്രത്യേകം ഉത്സാഹം കാണിച്ചിരുന്നു. അങ്ങനെയുള്ളവർക്ക് സ്വർഗ്ഗ പിതാവ് പരിശുദ്ധാത്മാവ് വഴിയായി നിരവധി വരങ്ങളും  ദാനങ്ങളും നൽകുന്നതിനാൽ എല്ലാ നിലയിലും അവർ ദൈവരാജ്യ വളർച്ചയ്ക്കുവേണ്ടി വിളിക്കപെട്ടവരും അയക്കപ്പെട്ടവരുമായി ഫലപ്രദമായി അധ്വാനിച്ച്, സാക്ഷ്യജീവിതം നയിച്ചിരുന്നു.  ഈ ലോകത്തിൽ സംഭവിക്കുന്ന എല്ലാ നല്ല കാര്യങ്ങളും ഇതുപോലെ ദൈവവുമായി സഹകരിച്ച് പ്രവർത്തിക്കാൻ മനസ്സുള്ള വരിലൂടെയാണ് ദൈവപിതാവ് വിജയകരമായി നടപ്പാക്കുന്നത്. ദൈവകൃപ വ്യാപരിക്കുന്നതിനാൽ എല്ലാ ആത്മീയ ഫലങ്ങളും (ഗലാത്യ 5:22) ആത്മീയ വരങ്ങളും (റോമർ.12, 13, 14 അധ്യായങ്ങൾ) അവർക്ക് സമൃദ്ധിയായി ലഭിക്കുവാനും അതിൻപ്രകാരം ദൈവരാജ്യ പ്രവർത്തനങ്ങൾക്കായി ലഭിച്ചിരുന്ന താലന്തുകൾക്കനുസരിച്ച് എന്നോട് ചേർന്ന് പ്രവർത്തിക്കാനും അവർക്ക് കഴിഞ്ഞിരുന്നു.

എല്ലാ കാര്യങ്ങളും സുഖമായും സന്തോഷമായും പോകുമ്പോൾ മാത്രമല്ല കഷ്ടതകളും എതിർപ്പുകളും രോഗങ്ങളും പീഡനങ്ങളും ഒക്കെ ഉണ്ടായാലും ഇവർ അടിപതറാതെ എന്നോടൊപ്പം നിലകൊണ്ട് ദൈവരാജ്യ വളർച്ചയ്ക്കുവേണ്ടി തളരാതെ പോരാടുന്നവരാണ്. പൊതുജനങ്ങളും ഭരണാധികാരികളും എതിരെ ആയാലും, ദൈവനാമത്തിൽ ധൈര്യമായി തല ഉയർത്തി നിൽക്കാനും ലൗകികനേട്ടങ്ങൾക്കുവേണ്ടി ദൈവരാജ്യമൂല്യങ്ങളെ അവഗണിക്കാനോ വിട്ടുവീഴ്ച ചെയ്യാനോ അവർ തയ്യാറാകുകയില്ല. അവരുടെ പ്രവർത്തനങ്ങൾ

ദൈവം മാത്രം കണ്ടു വില ഇട്ടാൽ മതി എന്ന് കരുതുന്നതിനാൽ യാതൊരുവിധ പരസ്യത്തിനും ഇവർ ഒട്ടും ആഗ്രഹിക്കാറില്ല. പ്രാർത്ഥന, ദാനധർമ്മം, ഉപവാസം എന്നീ മൂന്ന് കാര്യങ്ങൾ രഹസ്യമായി ചെയ്താൽ മാത്രമേ സ്വർഗ്ഗപിതാവിൽ നിന്നും പ്രതിഫലം ലഭിക്കുകയുള്ളൂ എന്ന് അറിഞ്ഞുകൊണ്ട് തന്നെ ഈ മൂന്ന് കാര്യത്തിലും വളരെ രഹസ്യസ്വഭാവം പാലിക്കുന്നവരാണ് ഇവർ. അതുകൊണ്ടുതന്നെ "കപടഭക്തി" ഒരിക്കലും ഇക്കൂട്ടരെ ബാധിക്കുകയില്ല.

ഈ മൂന്നു തരം ആളുകളെ പറ്റി പറഞ്ഞത് എന്തിനാണെന്ന് നിങ്ങൾക്ക് മനസ്സിലായി കാണും എന്ന് കരുതുന്നു. നിങ്ങൾ ഏതു കൂട്ടത്തിൽ പെടുന്നവരാണ് എന്ന് സ്വയം ആത്മശോധന നടത്തുക. ഇപ്പോൾ നിങ്ങൾ ഒന്നാമത്തെ രണ്ടാമത്തെയോ കൂട്ടത്തിൽ പെട്ടവർ ആണെങ്കിലും നിരാശപ്പെടേണ്ട. നിങ്ങൾ മൂന്നാമത്തെ കൂട്ടരോട് ചേർന്ന് കുറേക്കാലം ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ മനസ്സ് വയ്ക്കുക, അപ്പോൾ നിങ്ങളും അവരെപോലെ ആകും.

കുറച്ചുകൂടി വിശാലമായി പറഞ്ഞാൽ ഈ ലോകത്തിലുള്ള എല്ലാവരും ചേർന്ന വലിയകൂട്ടത്തിൽ നിന്നും എന്റെ സ്വർഗ്ഗ പിതാവ് പലരെയും തെരഞ്ഞെടുത്ത ശേഷം എന്റെ അടുക്കൽ എത്തിച്ചു കൊണ്ടിരിക്കുകയാണ്. എന്റെ മനുഷ്യാവതാര ജീവിതകാലത്ത് ചുരുങ്ങിയത് 5000 പേർ പലപ്പോഴായി എന്നെ സ്ഥിരം പിന്തുടരുന്നവർ ആയിരുന്നു. അവരിൽനിന്നും 12 പേരെ പ്രത്യേകം തെരഞ്ഞെടുത്ത് എന്റെ പ്രഥമ അപോസ്തോലന്മാർ ആക്കി. അവർ എന്റെ മരണംവരെയും എന്നെ അനുഗമിച്ചവരും, എന്റെ പുനരുദ്ധാനത്തിനു ശേഷം സാക്ഷ്യജീവിതം നയിച്ച്, ഒടുവിൽ രക്തസാക്ഷികളായി ജീവകിരീടം പ്രാപിച്ചവരുമാണ്.

എന്നെ കാണാതെ വിശ്വസിച്ചു എന്റെ നാമത്തിൽ കഷ്ടതയും പീഡനവും സഹിച്ചു മരണംവരിച്ച അവരുടെ ജീവിതമാതൃക നിങ്ങൾക്ക് പിൻതുടരുവാൻ കഴിയണം. എന്നെ പിൻതുടരുവാൻ ആഗ്രഹിക്കാതെ എന്നെ വിട്ടു പോകുന്നവരെ കുറിച്ച് എന്റെ പ്രിയശിഷ്യൻ യോഹന്നാൻ എഴുതിയത് കൂടി നിങ്ങൾ അറിയുക:" അവർ നമ്മുടെ ഇടയിൽ നിന്ന് പുറപ്പെട്ടു എങ്കിലും നമുക്ക് ഉള്ളവർ ആയിരുന്നില്ല. അവർ നമുക്ക് ഉള്ളവർ ആയിരുന്നുവെങ്കിൽ നമ്മോടു കൂടെ പാർക്കും ആയിരുന്നു എന്നാൽ എല്ലാവരും നമുക്ക് ഉള്ളവരല്ല എന്ന്പ്രസിദ്ധമാകേണ്ടതല്ലോ" (1യോഹന്നാൻ 2: 19). എന്നെ ശരിയായി മനസ്സിലാക്കിയവർ മാത്രം എന്റെ കൂടെ പ്രവർത്തിച്ചാൽ മതി എന്ന് ഞാൻ തീരുമാനിച്ചിട്ടുണ്ട്.

അങ്ങനെയുള്ളവർ എനിക്ക് ഇടർച്ച ആകുന്നു എന്ന് ഞാൻ പത്രോസിനോട് പറഞ്ഞതുപോലെ നിങ്ങളോട് പറയാൻ ഇടയാകാതിരിക്കട്ടെ എന്ന് ആശിക്കുന്നു.

എന്നെ പലരും വിട്ടുപോയ സമയത്ത് ഞാനെന്റെ 12 അപ്പോസ്തലന്മാരോട് ചോദിച്ചു: " എന്താ, നിങ്ങൾക്കും പോകണം എന്ന് തോന്നുന്നുണ്ടോ?" (യോഹന്നാൻ 6 : 67). ജനങ്ങളുടെ പ്രതീക്ഷക്ക് വിപരീതമായി അപ്രിയസത്യങ്ങൾ നിങ്ങൾ പറയുമ്പോൾ ജനങ്ങൾ നിങ്ങളെ വിട്ടുപോകും എന്നത് ഒരു യാഥാർത്ഥ്യമാണ്. നിസ്സാര കാരണങ്ങൾ മതി, നിങ്ങളെ വിട്ട എതിരാളിയുടെ പക്ഷം ചേരാൻ. അയ്യായിരത്തിലധികം പേർക്ക് സമൃദ്ധിയായി ഭക്ഷണം നൽകിയപ്പോൾ എന്നെ രാജാവാക്കുവാൻ ആഗ്രഹിച്ചവരാണ്, ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ എന്നെ വിട്ട പിരിഞ്ഞു പോയത്. കാരണം അവർക്ക് സ്വർഗ്ഗീയ ആഹാരത്തെക്കാൾ ലൗകിക ഭക്ഷണമാണ് വേണ്ടിയിരുന്നത്. ആത്മീയമായ വിശപ്പും ദാഹവും ഇല്ലാത്തവർക്ക് എന്റെ അടുക്കൽ നിന്ന് ഒന്നും കിട്ടാനില്ല. താൽക്കാലികമായ ലൗകിക നേട്ടങ്ങൾക്കും ജഡികസുഖങ്ങൾക്കും വേണ്ടി ലക്ഷ്യംവെച്ച് എന്നെ അന്വേഷിക്കുന്നവർ അധികം താമസിയാതെ നിരാശരായി തീരും എന്നതിന് യാതൊരു സംശയവുമില്ല.

എന്റെ ചോദ്യത്തിന് പത്രോസ് തന്നെയാണ് ശിഷ്യന്മാരുടെ വക്താവായി മറുപടി പറഞ്ഞത്. "കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും? ജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീ ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിച്ചു അറിഞ്ഞിരിക്കുന്നു." (യോഹന്നാൻ. 6: 68– 69). ഇവിടെ പത്രോസിനെ നിങ്ങൾ ശ്രദ്ധിച്ചുവോ? ശിഷ്യന്മാരുടെ വക്താവായി അവരുമായി ആലോചിച്ച് അവരുടെ കാഴ്ചപ്പാട് എന്നോട് അറിയിക്കുവാൻ പത്രോസിനു കഴിവുണ്ടായിരുന്നു. ഞാൻ ദൈവപുത്രനായ ക്രിസ്തു എന്ന വിശ്വാസം ആദ്യമായി പ്രഖ്യാപിച്ചപ്പോഴും ശിഷ്യന്മാരുടെ ധാരണയാണ് അവൻ അവിടെ എന്നോട് അറിയിച്ചത്. എന്റെ പുനരുദ്ധാനത്തിന് ദൃക്സാക്ഷിയായിട്ടുപോലും എന്റെ നിർദ്ദേശത്തിന് വിപരീതമായി മീൻ പിടിക്കാൻ പോയപ്പോൾ മറ്റു ശിഷ്യന്മാർ കൂടി അവനെ അനുഗമിച്ചതും പെന്തക്കോസ്ത് ദിനത്തിൽ 12 പേർക്കും വേണ്ടി സെഹിയോൻ മാളികയിൽ പ്രസംഗിച്ചതും എല്ലാം മുൻകൂട്ടി കണ്ടിട്ടാണ് ഞാൻ അവനെ പ്രധാന ഉത്തരവാദിത്വം ഏൽപ്പിച്ചത്. അവൻ ഏകൻ ആയിട്ടല്ല മറ്റു ശിഷ്യന്മാരെ മുഴുവനും കൂടെ നിർത്തിയാണ് എന്റെ നിർദ്ദേശങ്ങൾ നടപ്പാക്കി കൊണ്ടിരുന്നത്. ഈ ഒരു നേതൃത്വശൈലി

സഭയിലും സംഘടനകളിലും ഭവനങ്ങളിലും നടപ്പാക്കുവാൻ നേതൃത്വത്തിലിരിക്കുന്ന എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം.

പത്രോസിന്റെ മറുപടി കേട്ടപ്പോൾ എനിക്ക് അവനോട് കൂടുതൽ ആദരവ് തോന്നി. എത്ര ഹൃദ്യം ആയിട്ടാണ് അവൻ പറഞ്ഞത്, നിത്യജീവന്റെ വചനങ്ങൾ എന്റെപക്കൽ ഉണ്ട് എന്ന്! തന്നെയല്ല ഞാൻ ദൈവത്തിന്റെ പരിശുദ്ധൻ എന്ന് അറിയുക മാത്രമല്ല അപ്രകാരം തന്നെയാണെന്ന് വിശ്വസിച്ചിരിക്കുന്നു എന്നും കൂടി പ്രഖ്യാപിച്ചപ്പോൾ, എന്നെ വിട്ടുപോയവർ പോയത് നന്നായി എന്ന് കരുതി ഞാൻ ഉള്ളിൽ സന്തോഷിച്ചു. ഞാൻ നേരത്തെ പറഞ്ഞ പ്രസ്താവന അല്പം കൂടി അവർക്ക് വ്യക്തമായി പറഞ്ഞു കൊടുത്തു. "എന്റെ ശരീരരക്തങ്ങൾ ഭക്ഷിക്കാതെ ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ നിത്യജീവൻ ഇല്ല എന്ന് ഞാൻ പറഞ്ഞത് നിങ്ങൾക്ക് ഇടർച്ച ആകുന്നുവോ? മനുഷ്യപുത്രൻ മുൻപേ ഇരുന്നിടത്തേക്ക് കയറി പോകുന്നത് നിങ്ങൾ കണ്ടാലോ? ജീവിപ്പിക്കുന്നത് ആത്മാവാകുന്നു, മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോട് പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. എങ്കിലും വിശ്വസിക്കാത്തവർ നിങ്ങളുടെ ഇടയിൽ ഉണ്ട്."(യോഹന്നാൻ 6:62–65). വിശ്വസിക്കാത്തവർ ഇന്നവർ എന്നും എന്നെ കാണിച്ചു കൊടുക്കുന്നവൻ ആരെന്നും ഞാൻ ആദ്യം മുതൽ അറിഞ്ഞിരുന്നു. ദൈവപുത്രനായ ഞാൻ മനുഷ്യപുത്രനായി എങ്ങനെ ലോകത്തിൽ അവതരിച്ചു എന്ന് ബുദ്ധികൊണ്ട് നിങ്ങൾക്ക് മനസ്സിലാകാത്തത് പോലെ തന്നെ,അപ്പവും വീഞ്ഞും എടുത്ത് എന്റെ ശരീരരക്തങ്ങളായി നിങ്ങൾക്ക് നൽകിയപ്പോൾ അത് വിശ്വസിക്കുവാൻ കഴിയും എങ്കിൽ മാത്രമേ നിങ്ങൾക്കെന്നെ പിന്തുടരാൻ സാധിക്കുകയുള്ളൂ. ഞാൻ വരുന്നത് വരെയും നിങ്ങളുടെ വിശ്വാസത്തെ അളക്കുവാനുള്ള ഒരു ഉപാധി കൂടി ആയിട്ടാണ് ഞാൻ വിശുദ്ധ കുർബാന സ്ഥാപിച്ചത്. അത് വിശ്വാസത്തോടെ അനുഭവിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ നിങ്ങൾ എന്റെ വിശ്വാസത്തിൽ നിലനിൽക്കുന്നവരല്ല എന്ന് ഞാൻ മനസ്സിലാക്കും.

മാനുഷികനിലയിൽ എന്റെ അറിവിന് പരിമിതികൾ ഉണ്ടായിരുന്നെങ്കിലും, സദാ പ്രവർത്തിച്ചുകൊണ്ടിരുന്ന പരിശുദ്ധാത്മാവാണ് എനിക്ക് കാര്യങ്ങൾ മുൻകൂട്ടി അറിഞ്ഞ് വേണ്ടതുപോലെ പറഞ്ഞു കൊടുക്കാനും പ്രവർത്തിച്ചു കാണിക്കുവാനും ഇടയാക്കിയത്. ഇതുപോലെ പത്രോസിനും എന്നെ മുൻകൂട്ടി അറിയുവാനും പ്രഖ്യാപിക്കുവാനും കഴിഞ്ഞതു സ്വർഗ്ഗപിതാവ് അയച്ച പരിശുദ്ധാത്മാവിൽ കൂടി ആയിരുന്നു. നിങ്ങളുടേയും ജീവിതത്തിൽ സ്വർഗ്ഗപിതാവിന്റെ ഹിതം

അറിയാനും നടപ്പാക്കുവാനും തയ്യാറാകും എങ്കിൽ ഇത് പോലുള്ള ആത്മീയനിറവും നടത്തിപ്പും നിയോഗങ്ങളും നിങ്ങൾക്കും ലഭിക്കും എന്ന് അറിയുക.

പത്രോസിന്റെ ബലവും ബലഹീനതയും എനിക്ക് നല്ലതുപോലെ അറിയാമായിരുന്നു. അവന്റെ കുറവുകളും കഴിവുകളും അറിഞ്ഞുകൊണ്ടുതന്നെയാണ് അടിസ്ഥാന പാറയായ എന്റെ മേൽ ആദ്യത്തെ പാറകല്ല് ആയി പത്രോസ് എന്ന"കേഫയെ" വെച്ച് സഭയുടെ പണി ആരംഭിച്ചത്. മറ്റ് ശിഷ്യന്മാരെയും മാത്രമല്ല എന്റെ കൂടെ വരുന്ന എല്ലാവരെയും ഞാൻ അവരുടെ കഴിവും കുറവും അളന്നു നോക്കി എന്റെ സഭയുടെ വിവിധ ചുമതലകൾ ഏൽപ്പിച്ച് ഞാൻ എന്റെ സഭയെ പണിതുകൊണ്ടിരിക്കുകയാണ്. എന്റെ മരണം തക്കസമയത്ത് സാധ്യമാക്കി തീർക്കുവാൻ ഒറ്റുകാരൻ ആയ യൂദാായേയും ഞാൻ മുൻകൂട്ടി അറിഞ്ഞു കൂടെ നിർത്തി എന്ന് നിങ്ങൾക്ക് അറിയാമല്ലോ. എന്റെ കഷ്ടാനുഭവത്തിന്റെ പാതയിലും ഞാൻ യൂദായെ വെറുത്തില്ല. എന്നെങ്കിലും ഒരുനാൾ എന്നെ ശരിയായി അറിഞ്ഞു അവൻ എന്റെ അരികിലെത്തും എന്ന് തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. നിങ്ങളും കുരിശിന്റെ പാതയിൽ നടക്കേണ്ടി വരുമ്പോഴും, നിങ്ങളെ ഉപദ്രവിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ കഴിഞ്ഞാൽ നിങ്ങളും സാക്ഷാൽ സ്വർഗ്ഗീയ സന്തോഷത്തിൽ എത്തിച്ചേരുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു. സാത്താന്റെ കയ്യിൽ അകപ്പെട്ട് അതിക്രമം പ്രവർത്തിക്കാൻ ഇടയായാൽ തന്നെയും, ഞാൻ സാത്താനെ കീഴടക്കിയി രിക്കുന്നതിനാൽ എന്റെ ക്രൂശിലെ സ്നേഹം മൂലം നിങ്ങളെ എല്ലാം ഒരുനാൾ സ്വർഗ്ഗപിതാവിന്റെ അടുക്കൽ എത്തിക്കുവാൻ കഴിയും എന്ന പ്രതീക്ഷയോടെ ഞാൻ കാത്തിരിക്കുകയാണ്.

എന്ന് നിങ്ങളുടെ സ്വന്തം യേശു.

19–12–2020

## അദ്ധ്യായം 49

# എന്നെ ലോകം വെറുത്തത് പോലെ നിങ്ങളെയും വെറുക്കും

**(യോഹന്നാൻ. 15: 18– 25)**

എന്റെ ഈ ലോകജീവിത കാലം അവസാനിക്കാറായി. അതിനുമുൻപ് കുറേ പ്രധാനപ്പെട്ട കാര്യങ്ങൾ എനിക്ക് ശിഷ്യന്മാരോട് പറയാനുണ്ടായിരുന്നു. അതിലൊന്നാണ് ഇന്ന് നിങ്ങളോട് പറയുന്നത്."ലോകം നിങ്ങളെ പകക്കുന്നു എങ്കിൽ അത് നിങ്ങൾക്ക് മുമ്പേ എന്നെ പകച്ചു എന്നറിയുവിൻ. നിങ്ങൾ ലോകക്കാർ ആയിരുന്നുവെങ്കിൽ ലോകം തനിക്ക് സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകക്കാർ ആയിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നും തെരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകക്കുന്നു."

ദൈവം സൃഷ്ടിച്ച ലോകം ദൈവപുത്രനായ എന്നെ എങ്ങനെ വെറുക്കുന്നു, എന്തിന് വെറുക്കുന്നു എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും. ദൈവം, ശൂന്യതയായിരുന്ന അന്ധകാരത്തിൽ നിന്നാണ് വെളിച്ചം ഉണ്ടാക്കി ലോക സൃഷ്ടി നടത്തിയത് എന്ന കാര്യം ഉൽപത്തി പുസ്തകത്തിൽ നിങ്ങൾ വായിക്കുന്നുണ്ടല്ലോ. എല്ലാം നല്ലതെന്ന് കണ്ട ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ഏറ്റവും പ്രധാനമായും നൽകിയത് സ്വാതന്ത്ര്യമായിരുന്നു. അത് ദുർവിനിയോഗം ചെയ്ത് സാത്താന്റെ പിടിയിൽ മനുഷ്യൻ വീണുപോയതിന്റെ ഫലമായി ഈ ലോകം സാത്താന്റെ സ്വാധീനത്തിലുള്ള അന്ധകാരശക്തികളുടെ നിയന്ത്രണത്തിലായി. സാത്താനെ തോൽപ്പിച്ച് ദൈവരാജ്യം ഈ ലോകത്തിൽ സ്ഥാപിക്കുന്നതിനാണല്ലോ ഞാൻ ഈ ഭൂമിയിൽ മനുഷ്യാവതാരം ചെയ്തത്. ദൈവരാജ്യപ്രമാണങ്ങൾ നിങ്ങൾ വഴിയായി ഈ ലോകത്ത് നടപ്പാക്കാൻ ഞാൻ ശ്രമിക്കുന്നതാണ് എന്നോടുള്ള സാത്താന്റെയും അനുയായികളുടെയും വെറുപ്പിനുള്ള കാരണം. അത് ശാരീരികമായും മാനസികമായും ആത്മീയമായും പ്രകടിപ്പിച്ച് തോൽപ്പിക്കുന്നതിന്റെ മൂർധന്യാവസ്ഥയിലേക്ക്

എത്തിക്കൊണ്ടിരിക്കുകയാണ്. ഈ ലോകത്തിന്റെ ദൈവമായ– 2 കോരി 4:4– സാത്താന്റെ പ്രമാണങ്ങളുടെ കൂടെചേർന്ന് പ്രവർത്തിക്കാത്തവർക്കൊക്കെ ഇപ്രകാരം കഠിനമായ എതിർപ്പുകൾ നേരിടേണ്ടി വരുമെന്ന് ഞാൻ മുന്നറിയിപ്പ് തരുകയാണ്. ഇരുളും വെളിച്ചവും തമ്മിലും, തിന്മയും നന്മയും തമ്മിലും, സത്യവും അസത്യവും തമ്മിലുമുള്ള നിരന്തര പോരാട്ടമാണ് നിങ്ങളുടെ ഈ ലോകജീവിതം. ഈ ലോകവും അതിന്റെ സകല മോഹങ്ങളും ഒഴിഞ്ഞു പോകാനുള്ളതാണ്. ഞാൻ ഈ ലോകത്തിന്റെ വെളിച്ചം ആണെന്നും–– യോഹന്നാൻ 8:12––ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ആണെന്നും ഒക്കെ––യോഹന്നാൻ 1:29––സാത്താനും നല്ലവണ്ണം അറിയാം. നിങ്ങളുടെ എല്ലാം രക്ഷയ്ക്കുവേണ്ടിയാണ് എന്നെ എന്റെ പിതാവ് ലോകത്തിലേക്ക് അയച്ചത്. ––യോഹന്നാൻ 3: 16––ആകയാൽ എന്നെതന്നെ ഇല്ലാതാക്കിയാൽ ലോകം സാത്താനെന്റെ സ്വന്തമായി എടുക്കാം എന്ന വ്യാമോ ഹത്താലാണ് എന്നോടും എന്റെകൂടെ നിൽക്കുന്ന നിങ്ങളോടും നിരന്തരമായ വെറുപ്പും വൈരാഗ്യവും കാണിച്ച് പോരാടുന്നത്. യഥാർത്ഥ ദൈവീക സമാധാനം ലോകം തരുന്നത് പോലെ ഉള്ളതല്ല എന്ന് ഞാൻ നേരത്തെ പഠിപ്പിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. (യോഹന്നാൻ 14: 27).

പഴയ നിയമ ന്യായപ്രമാണം ആചരിക്കുവാൻ നിർബന്ധിതരായിരുന്ന യഹൂദന്മാർ, ശത്രുക്കളെ സ്നേഹിക്കണം എന്ന എന്റെ ഉപദേശത്തെ ഒരിക്കലും ഉൾക്കൊള്ളാൻ കഴിയാത്തവരായിരുന്നു. "കണ്ണിനു പകരം കണ്ണ് പല്ലിനു പകരം പല്ല്" എന്ന തത്വപ്രകാരം എതിരാളികളെ പൊരുതി തോൽപ്പിക്കുക എന്നത് പഴയ നിയമകല്പനയുടെ അനുസരണം ആയിരുന്നു. വെറുക്കാതെയും എതിർക്കാതെയും ഇരുന്നാൽ ആണ് അവർ കല്പന ലംഘനക്കാർ ആയിത്തീരുന്നത്. ഇപ്രകാരം ഒരു സാഹചര്യത്തിലാണ് ഞാൻ യഹൂദന്മാരുടെ കോപവും വെറുപ്പും എതിർപ്പും നേരിട്ടത്. എന്റെ പുതിയനിയമ പ്രമാണങ്ങൾ അനുസരിക്കുന്നവർക്കും അനുസരിക്കണമെന്ന് പറയുന്നവർക്കും,വെറുപ്പും എതിർപ്പും സഹിക്കേണ്ടിവരും എന്നത് എന്നെ അനുഗമിക്കുന്നവരും അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവരുമായ നിങ്ങളെല്ലാവരും നല്ലപോലെ അറിഞ്ഞിരിക്കണം.

ഞാൻ നിങ്ങളെ വിട്ടുപിരിഞ്ഞു പോയാലും നിങ്ങളോടുള്ള പകയും എതിർപ്പും കൂടിക്കൂടി വരും. നിങ്ങൾ തമ്മിൽ തമ്മിൽ പിണങ്ങാതെ ഇരിക്കുവാൻ ഞാൻ പ്രത്യേകം മുന്നറിയിപ്പു നൽകുകയാണ്. ഞാൻ

നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. വേണ്ടിവന്നാൽ സ്നേഹിതനു വേണ്ടി ജീവൻ പോലും പോലും കൊടുക്കുവാനുള്ള ദൈവീക സ്നേഹത്തെപ്പറ്റി യാണ് ഞാൻ നിങ്ങളെ പഠിപ്പിച്ചത്. ഇപ്രകാരമുള്ള ഒരു സ്നേഹബന്ധം നിങ്ങൾ കാത്തു സൂക്ഷിച്ചാൽ സാത്താന്റെ പകയും വെറുപ്പും ഒന്നും നിങ്ങളെ തോൽപ്പിക്കുകയില്ല. ആക്ഷരികമായി ജീവൻ കൊടുക്കേണ്ടി വന്നില്ലെങ്കിലും, ജീവിതകാലം മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കാനുള്ള നിങ്ങളുടെ മനോഭാവവും സന്നദ്ധതയുമാണ് എന്റെ സ്വർഗ്ഗപിതാവ് വിലയിരുത്തി പ്രതിഫലം തരുന്നത്. നിങ്ങളെ വെറുക്കുന്നവരും എതിർക്കുന്നവരും യഥാർത്ഥത്തിൽ ദൈവമക്കൾ തന്നെയാണ്. അവർ സാത്താന്റെ നിയന്ത്രണത്തിൽ നിന്നും മോചിതരാകാൻ, ഞാൻ ജീവിച്ച കാണിച്ചതന്ന പ്രമാണം നിങ്ങളുടെ ജീവിതത്തിലൂടെ അവർക്ക് കാണിച്ച കൊടുത്താൽ, അവർ പിന്നെ നിങ്ങളുടെ ശത്രുക്കളല്ല, മിത്രങ്ങളാണ്. എന്റെ സ്നേഹത്തെ നിങ്ങൾ അറിയുന്നതുപോലെ നിങ്ങളുടെ ശത്രുക്കളും നിങ്ങളിലൂടെ എന്റെ സ്നേഹം അറിയുവാൻ ഇടയാകട്ടെ.

എന്റെ ശിഷ്യരായിരിക്കുന്ന നിങ്ങളെ ഞാൻ ദാസന്മാർ എന്ന് വിളിക്കുന്നില്ല. നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെയാണ്. എന്റെ ഭാവി പരിപാടികളുൾപ്പെടെ എന്റെ ഹൃദയരഹസ്യങ്ങൾ എല്ലാം ഞാൻ നിങ്ങളോട് പങ്കു വെക്കുന്നതിൽ നിന്നുതന്നെ നിങ്ങൾ എന്റെ അടുത്ത സ്നേഹിതന്മാർ ആണെന്ന് നിങ്ങൾ മനസ്സിലാക്കും എന്ന് ഞാൻ കരുതുന്നു. ദാസൻ മാരോടും കൂലിക്കാരോടും യജമാനൻ തന്റെ പരിപാടികൾ വെളിപ്പെടുത്താറില്ലല്ലോ. ഒരു വിധത്തിൽ നിങ്ങളെല്ലാവരും ദൈവജനത്തിന് ശുശ്രൂഷ ചെയ്യുന്നവർ എന്ന നിലയിൽ ഇടയന്മാരും കാര്യവിചാരകരും ആണ്. എന്നാൽ ആത്യന്തികമായി ദൈവപിതാവിന്റെ സന്നിധിയിൽ എന്റെ സഹോദരസ്ഥാനം ലഭിക്കുന്നു എന്ന് നിങ്ങൾ അറിഞ്ഞു ആ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കണം. ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആണെന്ന് ഞാൻ പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ. കൊമ്പുകൾ എന്ന സ്ഥാനത്ത് ദൈവീകശക്തി സ്വീകരിക്കുവാൻ വിളിക്ക പെട്ടിരിക്കുന്നവർ എന്ന നിലയിൽ ശിഷ്യന്മാരും, എന്നെ അനുഗമിക്കുന്നവരും എന്നോടുള്ള നിരന്തര കൂട്ടായ്മയിൽ ജീവിക്കുന്നവ രുമാകയാൽ എന്റെ പ്രിയ സ്നേഹിതരുമാണ് നിങ്ങൾ. ഞാൻ നിങ്ങളെ തിരഞ്ഞെടുത്ത് നിയമിച്ച വരാക്കയാൽ നിങ്ങളുടെ പൂർണസംരക്ഷണവും ഉത്തരവാദിത്വവും എനിക്ക് ആണെന്ന് ഓർത്ത്, പ്രതികൂലങ്ങളിൽ പരസ്പരം പഴിചാരാതെ എന്നിൽതന്നെ ആശ്രയിച്ച ധൈര്യമായി പ്രവർത്തിക്കുക. നിങ്ങളെ ഞാൻ ഒരിക്കലും അനാഥരായി

കൈവിടുകയില്ല. നിങ്ങൾ ഫലം കായിക്കേണ്ടതിന് നിങ്ങളുടേതായ അധ്വാനം ഒന്നും ആവശ്യമില്ല. പക്ഷേ പ്രധാനവൃക്ഷമായ എന്റെ ശാഖകളായി എന്നോട് ചേർന്ന് ബന്ധം നഷ്ടപ്പെടാതെ നിങ്ങൾ സൂക്ഷിക്കണം. നിങ്ങളുടെ പാപചിന്തകളും പ്രവൃത്തികളും മൂലം തടസ്സം നേരിട്ടു കൊണ്ട് കൊമ്പുകൾ ആയ നിങ്ങൾ ഉണങ്ങി പോകുവാനും ഒടിഞ്ഞു പോകുവാനും ഇടയാകാതെ സൂക്ഷിക്കേണ്ടത് നിങ്ങളുടെ ചുമതലയാണ്.

ലോകം എന്നെ പകക്കുന്നതിന്റെ കാരണങ്ങൾ പറഞ്ഞ് വരികയായിരുന്നല്ലോ. എന്നെ പകക്കുമെങ്കിൽ എന്റെ അനുയായികളായ നിങ്ങളെയും പകക്കും. സാത്താന്റെ നിയന്ത്രണത്തിൽ കഴിയുന്ന ലോകമനുഷ്യർ ലൗകീകരായി തങ്ങളെപ്പോലെ ജീവിക്കുന്നവരെ സ്നേഹിക്കും, ആത്മീയരായി എന്നെ അനുസരിച്ച് ജീവിക്കുന്നവരെ വെറുക്കുകയും എതിർക്കുകയും ചെയ്യും.

ലോക പ്രകാരം മാന്യന്മാരും നല്ലവരും ഒക്കെയായി അങ്ങനെയുള്ളവർ കാണപ്പെടും. എങ്കിലും അവരുടെ അടുത്ത സുഹൃത്തുക്കളെ മനസ്സിലാക്കുമ്പോൾ അവരുടെ തനിനിറം പുറത്തു വരും. ഒരാളെ മനസ്സിലാക്കുവാൻ അയാളുടെ രഹസ്യ സുഹൃത്തുക്കളെ നോക്കിയാൽ മതി. സംസാരത്തിലും സമീപനങ്ങളിലും ആകർഷകമായി ഇടപെടുന്ന അവരെ എല്ലാവരും ഇഷ്ടപ്പെടും. എന്നാൽ അങ്ങനെയുള്ള പലരുടെയും രഹസ്യജീവിതം പലപ്പോഴും ദൈവമക്കൾക്ക് ചേർന്നത് ആയിരിക്കുവാൻ സാധ്യതയില്ല. ലോക മനുഷ്യരുടെ മുമ്പാകെ നല്ലതായി കാണപ്പെടുന്നത് പൊതുവേ ദൈവമുമ്പാകെ വെറുപ്പ് ആണെന്ന് ഞാൻ നേരത്തെ പറഞ്ഞത് ഒരിക്കൽ കൂടി പറയുന്നു. എന്റെ പ്രിയശിഷ്യന്മാർ ലൗകിക മനുഷ്യരുടെ മാനദണ്ഡങ്ങൾ സ്വീകരിക്കാതെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്കൊണ്ട് പൊതുവേ ലോക വീക്ഷണത്തിൽ സ്വീകാര്യമല്ലാത്തവരായി തീരുന്നു. ഞാനെങ്ങനെ ഉപേക്ഷിക്കപ്പെട്ടുവോ അപ്രകാരം നിങ്ങൾക്കും സഹിക്കേണ്ടിവരും. നീതി നിമിത്തം പീഡിപ്പിക്കപ്പെടുന്ന വർ ഭാഗ്യവാന്മാർ എന്ന് നേരത്തെ ഞാൻ ഗിരിപ്രഭാഷണത്തിൽ പറഞ്ഞിരുന്നല്ലോ. ഇവിടെ "എന്റെ നാമം നിമിത്തം"പീഡിപ്പിക്കപ്പെടുന്ന വർ എന്ന് പ്രത്യേകം എടുത്തു പറയുന്നത് നിങ്ങൾ ശ്രദ്ധിക്കണം. ഇന്ന് ലോകം മുഴുവൻ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുകയും കൂട്ടത്തോടെ കൊല്ലപ്പെടുകയും ചെയ്യുന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. എന്റെ നാമം നിമിത്തം എന്ന് പറയുമ്പോൾ പൈശാചിക ശക്തികളെ തോൽപ്പിച്ചവൻ എന്ന നിലയിൽ "എന്റെ നാമം" സാത്താന്റെ എല്ലാ അനുയായികൾക്കും പേടിസ്വപ്നം തന്നെയാണ്.

എന്റെ രക്ഷാപ്രവർത്തനത്തിന്റെ ആഴവും രഹസ്യവും മനസ്സിലാക്കാൻ കഴിയാത്ത ലൗകിക മനുഷ്യൻ പിശാചിന്റെ കെണിയിൽ വീണു ദൈവരാജ്യപ്രവർത്തനത്തെ എതിർക്കുന്നു.

ഞാൻ ലോകത്തിൽ മനുഷ്യനായി അവതരിച്ച് അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ പ്രസംഗിച്ചു,പ്രവർത്തിച്ചു, പഠിപ്പിച്ചു, ജീവിച്ചു കാണിച്ചു കൊടുത്തിട്ടും ലൗകിക മനുഷ്യർക്ക് എന്റെ സുവിശേഷത്തിലെ സന്ദേശം വേണ്ടവിധം ഓർക്കാതിരിക്കേണ്ടതിന്നു സാത്താൻ അവരുടെ മനസ്സ് കുരുട് ആക്കിയിരിക്കുകയാണ്. എന്റെ പ്രിയശിഷ്യന്മാരായ നിങ്ങൾ അങ്ങനെയുള്ളവരെ കണ്ടെത്തി അവരുടെ കണ്ണു തുറപ്പിക്കാൻ പീഡകൾ സഹിച്ചു പരിശ്രമിച്ചുകൊണ്ടിരിക്കണം.നിങ്ങളെ സഹായിക്കാനും ശക്തിപ്പെടുത്താനും പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് ഞാൻ അയച്ചു തന്നിട്ടുള്ളത് മറന്നുപോകരുത്.

എന്നെ അവർ വെറുതെയാണ് പകച്ചത്. അതും പ്രവചന പൂർത്തീകരണമായിരുന്നു.( സങ്കീർത്ത 35:19;69:4). എന്നെ കേൾക്കുക മാത്രമല്ല എന്റെ അൽഭുത പ്രവൃത്തികൾ നേരിട്ട് കണ്ടവരുമാണ് എന്നെ പകച്ച് എതിർക്കുന്നത്. എന്നെ വെറുക്കുന്നതിനാൽ എന്റെ സ്വർഗ്ഗപിതാവിനെയും അവർ വെറുക്കുന്നു. പാപത്തെക്കുറിച്ച് ബോധം വരുത്തുന്ന പരിശുദ്ധാത്മ പ്രവർത്തനത്തെയും അവർ വെറുക്കുന്നതിനാൽ ഒരിക്കലും ക്ഷമ കിട്ടാത്ത പാപികളായി അവർ തീരുകയാണ്. അവർക്ക് എന്നോട് ഉണ്ടായിരുന്ന വെറുപ്പ് പ്രവചന പൂർത്തീകരണം തന്നെയായിരുന്നു എന്ന് ഞാൻ പറഞ്ഞല്ലോ. എന്നാൽ ജനത്തിന്റെ കോപത്താൽ കാലേബും യോശുവയും കല്ലേറിയപ്പെടുന്ന ഒരു സാഹചര്യം ഉണ്ടായപ്പോൾ യഹോവയുടെ തേജസ് വെളിപ്പെട്ട് അവരെ രക്ഷപ്പെടുത്തിയ കാര്യവും നിങ്ങൾ ഓർത്തിരിക്കണം. (സംഖ്യ 14: 5– 12). തക്കസമയത്ത്,തന്നെ ആശ്രയിക്കുന്ന ദൈവമക്കളെ സഹായിക്കാനായി പരിശുദ്ധാത്മാവിനെ എന്റെ പിതാവ് നിങ്ങൾക്ക് അയച്ചു തരും എന്ന് ഞാൻ പറഞ്ഞിരുന്നല്ലോ. (യോഹന്നാൻ 14: 16). ഞാൻ തന്നെ നേരിട്ട് ഇടപെട്ടു നിങ്ങൾക്ക് ആവശ്യമുള്ളപ്പോഴൊക്കെ പരിശുദ്ധാത്മാവിനെ പിതാവിൽ നിന്നും അയച്ചു തരും എന്ന് ഒന്നുകൂടി ഉറപ്പിച്ചു പറയുന്നു. പരിശുദ്ധാത്മാവ് എന്നെ നിങ്ങൾക്ക് സാക്ഷ്യപ്പെടുത്താൻ ആണ് പ്രവർത്തിക്കുന്നത്. സ്വന്തമായിട്ട് ഒന്നും ഞാൻ പ്രവർത്തിക്കാത്തത് പോലെ പരിശുദ്ധാത്മാവും സ്വന്തമായിട്ട് ഒന്നും പഠിപ്പിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. എന്റെ പിതാവിൽനിന്ന് കേട്ടതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചെങ്കിലും, അത് വ്യക്തമാക്കി തരുവാനും

നിങ്ങളെ ബലപ്പെടുത്തി നേർവഴിയിൽ നയിക്കുവാനും പരിശുദ്ധാത്മാവ് തക്കസമയത്ത് നിങ്ങളുടെ സഹായത്തിന് എപ്പോഴും നിങ്ങളുടെ കൂടെ വസിക്കേണ്ടത് ആവശ്യമാകയാൽ വിശ്വാസത്തോടെ വിനയത്തോടും വിശുദ്ധിയോടും ജാഗ്രതയോടും കൂടി എന്റെ സ്നേഹത്തിൽ വസിക്കുക. നിങ്ങളെന്നെ അടുത്തറിഞ്ഞവർ ആണല്ലോ. ആകയാൽ നിങ്ങൾ തന്നെ എന്റെ സാക്ഷികൾ ആകണം.

വെറുപ്പും കോപവും മനുഷ്യഹൃദയങ്ങളിൽ നിലനിർത്തുന്നത് പിശാചാണ്. യാതൊരു തെറ്റും ചെയ്യാത്ത വളരെയേറെ ജാതിക്കാരെ, ദൈവജനം തങ്ങൾ മാത്രമാണെന്ന അഹങ്കാരത്തോടെ യഹൂദന്മാർ കൊന്നൊടുക്കിയ സംഭവങ്ങൾ പഴയ നിയമത്തിൽ ഉടനീളം കാണാം. നിരപരാധികളായ 60 ലക്ഷം യഹൂദന്മാരെ ഗ്യാസ് ചേംബറിൽ ഇട്ട് ശ്വാസം മുട്ടിച്ചു കൊന്ന ഹിറ്റ്ലർ സാത്താന്റെ പദ്ധതി ലോകത്തിൽ നടപ്പാക്കുകയായിരുന്നു. പിൽക്കാലത്തും മത വൈരാഗ്യത്തിന്റെ പേരിൽ ക്രിസ്ത്യാനികൾ കുരിശുയുദ്ധങ്ങളും, മുസ്ലിങ്ങൾ ജിഹാദ് യുദ്ധങ്ങളും, ഐ. എസ്.എസ് തീവ്രവാദികൾ കൂട്ടക്കൊലകളും നടത്തിയതും യാതൊരു തെറ്റും ചെയ്യാത്ത നിരപരാധികളെയാണ്. മനുഷ്യർ പരസ്പരം സഹോദരന്മാരായി കാണാതെ ശത്രുക്കളായി കാണുന്ന പ്രവണതയാണ് ഈ വക ക്രൂരകൃത്യങ്ങളുടെ അടിസ്ഥാനകാരണം. ഇതിനുള്ള ശാശ്വതമായ പരിഹാരമാണ് കാൽവറി ക്രൂശിൽ ഞാൻ കാണിച്ചു തന്ന "ദൈവസ്നേഹം." ദൈവസന്നിധിയിൽ മാലാഖമാരുടെ കൂട്ടത്തിൽ മുൻനിരയിൽ പ്രധാന സ്ഥാനത്ത് നിലകൊണ്ടിരുന്ന "ലൂസിഫർ" ദൈവത്തോട് മത്സരിക്കുക മാത്രമല്ല കൂടെ ഉണ്ടായിരുന്ന മാലാഖ വൃന്ദത്തെ വശീകരിച്ചു എടുത്തപ്പോൾ പിതാവാം ദൈവം അവരെ ഭൂമിയിലേക്ക് തള്ളിയിട്ടു. ഭൂമിയിലുള്ള മനുഷ്യരെ കൂടി തന്നിലേക്ക് വശീകരിക്കുവാൻ സാത്താനെ ദൈവം അനുവദിച്ചിരിക്കുകയാണ്. സ്വന്തം ഇഷ്ടപ്രകാരം തിന്മ തെരഞ്ഞെടുത്ത ആദാമിനെ വീണ്ടെടുക്കുവാൻ എന്റെ സ്വന്തം ഇഷ്ടപ്രകാരം നന്മ മാത്രം ചെയ്ത് ദൈവത്തെ അനുസരിച്ച് ജീവിക്കുവാൻ ഞാൻ ഭൂമിയിൽ ഇറങ്ങി വന്നു നിങ്ങൾക്ക് മാതൃക കാണിച്ചു തന്നു. ഞാൻ മരിക്കും എന്ന് ഉറപ്പായപ്പോൾ എന്റെ കൂടെ ഉണ്ടായിരുന്നവർ എല്ലാം എന്നെ വിട്ടുപോകുന്നതായി നിങ്ങൾക്ക് കാണാം. എന്റെ കൂടെ നടന്ന് എന്റെ ഉപദേശങ്ങളും അത്ഭുതങ്ങളും പ്രവൃത്തികളും എല്ലാം കണ്ട് ബോധ്യപ്പെട്ട ശിഷ്യന്മാർ പോലും ഞാൻ മരണത്തിന് ഏൽപ്പിക്കപ്പെട്ട നിമിഷം മുതൽ എന്നെ വിട്ടുപോയി ഒളിച്ചിരുന്നു. ഒരുവിധത്തിൽ അവർ എന്നെ വിട്ടു പോകുന്നത് ദൈവിക പദ്ധതി തന്നെ ആയിരുന്നു. കാരണം അവരും കൂടെ വധിക്കപ്പെട്ടാൽ എന്റെ സുവിശേഷം ലോകം മുഴുവൻ അറിയിക്കുവാൻ

ആളുകൾ ഇല്ലാതെ പോകുമായിരുന്നു. ഞാൻ ഉയർത്തെഴുന്നേറ്റ ശേഷം പലപ്രാവശ്യം പ്രത്യക്ഷപ്പെട്ടു എങ്കിലും അവർക്ക് വേണ്ടത്ര ബോധ്യം വന്നില്ല. ഒടുവിൽ പെന്തക്കോസ്ത് ദിനത്തിൽ പ്രാർത്ഥനയോടെ കാത്തിരുന്ന എല്ലാവർക്കും പരിശുദ്ധാത്മാവിനെ ലഭിച്ചപ്പോൾ മുതൽ അവർ ശക്തിപ്രാപിച്ച് യെരുശലേമിലും യഹൂദിയായിലും ലോകത്തിന്റെ നാനാഭാഗത്തും പോയി എന്റെ സാക്ഷികളായി.

സാത്താനും സൈന്യങ്ങളും ഇന്നും സജീവമായി മനുഷ്യമനസ്സുകളിൽ വെറുപ്പും കോപവും വച്ചുകൊണ്ട് രാജ്യങ്ങൾ തമ്മിലും മതങ്ങൾ തമ്മിലും വ്യക്തികൾ തമ്മിലും കലഹങ്ങളും പോരാട്ടങ്ങളും തുടർന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം കാണുമ്പോൾ എന്റെ മനസ്സ് ഏറെ ദുഃഖിക്കുന്നുണ്ടെങ്കിലും, എന്റെ പിതാവ് പദ്ധതിയിട്ട "സ്വർഗ്ഗരാജ്യം" അദൃശ്യമായി നിങ്ങളുടെ ഇടയിൽ വളർന്നു വരുന്നുണ്ടെന്ന് എനിക്ക് കാണാൻ കഴിയുന്നുണ്ട്. ആകയാൽ നിങ്ങൾ നിരാശരാകാതെ നിങ്ങളുടെ സാക്ഷ്യജീവിതം തുടരുക.

എന്ന് സ്നേഹപൂർവ്വം നിങ്ങളുടെ സ്വന്തം യേശു.

1-12-2020.

## അദ്ധ്യായം 50

# കുരിശ് ചുമക്കുന്നതാണ് എന്റെ ശിഷ്യന്റെ അടയാളം

**(മത്തായി 10:36 –39; മർക്കോസ് 8:34 –35; ലൂക്കോസ് 9:23 –27; 14:25 –27)**

"തന്റെ ക്രൂശ് എടുത്ത് കൊണ്ട് എന്റെ പിന്നാലെ വരാത്തവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയില്ല". (ലൂക്കോസ് 14: 27.)

എന്റെ ശിഷ്യന്മാരായ അനേകരിൽ ചിലരെ നിങ്ങൾക്കു അറിയാമല്ലോ. എന്താണ് എന്റെ ശിഷ്യൻ ആകുവാനുള്ള വ്യവസ്ഥകൾ എന്നുകൂടി ഇന്ന് നിങ്ങളോട് പറയാം. എന്നിൽ വിശ്വസിച്ചാൽ മാത്രം മതി എന്ന് പറഞ്ഞ് പലരും പലരെയും ശിഷ്യർ ആക്കികാണും. എന്നാൽ അത് മാത്രം പോരാ എന്ന് വ്യക്തമാക്കാനാണ് ഞാൻ ഇക്കാര്യങ്ങൾ വിശദമായി പറയുന്നത്.

1). "എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല". (മത്തായി 10: 36– 37).

അപ്പനെയും അമ്മയെയും ബഹുമാനിക്കണമെന്നും സഹോദരസ്നേഹമാണ് ഏറ്റവും പ്രധാനം എന്നുമുള്ള ദൈവകല്പനകൾ നിങ്ങൾക്കറിയാം. അപ്പോൾ അതിനെതിരായി ഞാൻ ഈ പറയുന്നത് എന്താണെന്ന് നിങ്ങൾ ചിന്തിച്ചു കാണും. ലോകത്തിലെ ബന്ധങ്ങൾ എല്ലാം നിങ്ങൾക്ക് താൽക്കാലികമായി ദൈവസ്നേഹത്തെ അറിയുവാനും പരസ്പരം അറിയിക്കുവാനും ഞാൻ നൽകുന്ന അവസരങ്ങളാണ്. അത് നിങ്ങൾ ഒരിക്കലും വീഴ്ച വരുത്താതെതന്നെ പാലിക്കണം. നിങ്ങൾ പരസ്പരം സ്നേഹിക്കുന്നി ല്ലെങ്കിൽ സ്വർഗ്ഗപിതാവ് നിങ്ങളെയും സ്നേഹിക്കുകയില്ല. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല.

ദൈവസ്നേഹം (Agape) എന്താണെന്ന് ശരിയായി

മനസ്സിലാക്കാതെയുള്ള ലൗകിക സ്നേഹങ്ങൾ എല്ലാം താൽക്കാലികങ്ങളാണ്. അവ താഴെ പറയുന്നവയാണ്.

A). സ്നേഹിതന്മാർ തമ്മിലുള്ള ഇഷ്ടം , പ്രിയം എന്നർത്ഥം വരുന്ന സ്നേഹഭാവം (Philia) സാഹചര്യങ്ങൾക്കനുസരിച്ച് മാറിമറിയുന്നതാണ്.

B) you കടപ്പാടുകൾ, വാൽസല്യം എന്ന നിലയിൽ സ്വാർത്ഥതയുടെ പേരിൽ നിലനിൽക്കുന്നതും പലകാരണങ്ങളാൽ എപ്പോൾ വേണമെങ്കിലും തകരാവുന്ന തുമായ കുടുംബബന്ധങ്ങൾ (Storge).

C) കാമുകീകാമുകന്മാർ, ഭാര്യ ഭർത്താക്കന്മാർ എന്നിവർ തമ്മിലുള്ള സ്നേഹമായ "കാമം"(Eros). ഈ മൂന്നുതരം സ്നേഹബന്ധങ്ങളും കുറച്ചുകഴിഞ്ഞാൽ തണുത്ത് പോകുന്നതും ചിലപ്പോൾ തീർത്തും മാഞ്ഞു പോകുന്നതും ചിലപ്പോൾ വെറുപ്പും വൈരാഗ്യവും ആയി തീരാവുന്നതുമാണ്.

D) എന്നാൽ സാഹചര്യങ്ങളെ കണക്കാക്കാതെ, ബന്ധങ്ങളെ പരിഗണിക്കാതെ, ശത്രുക്കളെപോലും സ്നേഹിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കുന്ന ദൈവിക സ്നേഹമാണ് ത്യാഗം (Agape).

ലഭിക്കുന്നതിനേക്കാൾ കൊടുക്കുന്നതിലാണ് ആ സ്നേഹം അടിസ്ഥാന പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് അത് സ്ഥിരമായി നിലനിൽക്കുന്നത്. നിങ്ങളെല്ലാവരും പൊതുവേ മറ്റുള്ളവരിൽനിന്ന് കിട്ടുവാനും വാങ്ങുവാനും ആഗ്രഹിക്കുന്നവരാണ്. എന്നാൽ എന്തുതന്നെയായാലും കൊടുക്കുന്നവരാകുവാൻ നിങ്ങൾക്കു കഴിയണമെങ്കിൽ ഈ ദൈവിക സ്നേഹം നിങ്ങൾ രുചിച്ചറിയണം. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് നല്ലത്" (അ. പ്ര. 20: 35) എന്ന മനോഭാവത്തിൽ എന്റെ ശിഷ്യന്മാർ എത്തിച്ചേരണമെങ്കിൽ ഈ "ത്യാഗമാണ് സ്നേഹം" എന്ന പ്രമാണം സ്വീകരിക്കണം. ഞാനെന്റെ അധ്വാനവും സമയവും ഒടുവിൽ ജീവനും ഉപേക്ഷിക്കുവാൻ തയ്യാറായത് ഈ ഒരു ത്യാഗ മനോഭാവം സ്വീകരിച്ചുകൊണ്ടാണ്. ചുരുക്കത്തിൽ നേരത്തെ പറഞ്ഞ മൂന്നുതരം ലൗകിക സ്നേഹബന്ധങ്ങളും, പിതാവിനോടുള്ള എന്റെ സ്നേഹബന്ധത്തിന് തടസ്സം ആകാതെ ഞാൻ നിലനിർത്തി. അതുപോലെ നിങ്ങൾക്കും സാധിച്ചെങ്കിൽ മാത്രമേ എന്റെ യഥാർത്ഥ ശിഷ്യനാകാൻ സാധിക്കുകയുള്ളൂ. എങ്കിൽ മാത്രമേ മരണംവരെയും എന്നെ അനുഗമിക്കുവാൻ നിങ്ങൾക്ക് കഴിയൂ.

എന്നെ അനേകം പേർ പിന്തുടരുന്നുണ്ടായിരുന്നു എങ്കിലും അവരെല്ലാം യഥാർത്ഥ ശിഷ്യത്വം തിരിച്ചറിയാത്തവർ

ആയിരുന്നതിനാൽ മഹാഭൂരിപക്ഷം പേരും എന്നിൽ നിന്നും അകന്നു പോയി. ഇന്നും അകന്നുതന്നെ ജീവിക്കുന്ന അനേകരുണ്ട്. എന്നാൽ ദൈവീകസ്നേഹത്തിന്റെ മർമങ്ങൾ രുചിച്ചറിഞ്ഞവർ രക്തസാക്ഷി മരണം വരെ സ്വീകരിക്കാൻ തയ്യാറായി എന്നെ പിന്തുടർന്നു. കാഴ്ചയിൽ "പേരിന് നല്ല ക്രിസ്ത്യാനിയായി", മനുഷ്യരാൽ അംഗീകരിക്കപ്പെടാൻ വേണ്ടി നാമധാരി ക്രിസ്ത്യാനികളായി, എന്ന "ലോകസമാധാനം പാലിക്കുന്ന സമൂഹമായി" കഴിയുന്നവർ എന്റെ യഥാർത്ഥശിഷ്യന്മാർ അല്ല എന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ ശിഷ്യത്വത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ നിങ്ങൾ തിരിച്ചറിയുക, എന്നിട്ട് എന്നെ അനുഗമിക്കുക.

2). "കുരിശെടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല"(മത്തായി 10: 38; ലൂക്കോസ് 14: 26 –27).

ഞാൻ അക്ഷരാർത്ഥത്തിൽ കുരിശു ചുമന്നത് പീലാത്തോസിന്റെ അരമന മുതൽ കാൽവറിമല വരെ മാത്രമായിരുന്നല്ലോ. ആ കാര്യത്തെപ്പറ്റി അല്ല ഞാൻ പറയുന്നത്. കുരിശ് എന്നത് പല കാര്യങ്ങളുടെ പ്രതീകമാണ്.

A). "ത്യാഗത്തിന്റെ പ്രതീകം."

ജീവൻ തന്നെ ബലിയർപ്പിക്കേണ്ടി വന്നാലും ശിഷ്യത്വത്തിൽ നിന്നും പിന്മാറാതെ മുന്നേറുവാൻ ഉള്ള ധീരമായ നിലപാടാണത്. എന്റെ ആദ്യകാല ശിഷ്യന്മാർക്ക് അത് ഉണ്ടായിരുന്നു.

B) "കഷ്ടതയുടെ പ്രതീകം."

ലോകത്തിൽ എല്ലാവരും സ്വന്തം സുഖം തേടിയാണ് അധ്വാനിക്കുന്നത്. എന്നാൽ സ്വയം നഷ്ടപ്പെട്ട് മറ്റുള്ളവർക്ക് സുഖം നൽകാൻ വേണ്ടി അധ്വാനിക്കുന്നവരായിരിക്കണം എന്റെ ശിഷ്യന്മാർ. അതിന് തയ്യാറാകാത്തവർ ശിഷ്യന്മാർ ആണെന്ന പേരിൽ എന്നെ പിന്തുടർന്നാൽ എന്റെ സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ എത്തിച്ചേരുക യില്ല.

C). "ബലിയർപ്പണത്തിന്റെ പ്രതീകം".

കാൽവറിയിൽ എന്റെ ബലിയർപ്പണം നടന്നത് മരക്കുരിശിൽ ആണ്. മറ്റുള്ളവർക്ക് ജീവൻ നൽകുവാൻ എന്റെ സ്വന്തം ജീവൻ ബലിയർപ്പിച്ച കാര്യം നിങ്ങൾ എപ്പോഴും ഓർക്കുവാൻ വേണ്ടി

നിങ്ങൾ കുരിശു വരയ്ക്കുകയും വഹിക്കുകയും ധരിക്കുകയും ചെയ്യണം. അതിനേക്കാളുപരി സ്വയം മറ്റുള്ളവർക്കുവേണ്ടി ആയുഷ്കാലം അഥവാ ജീവിതകാലം ചെലവഴിക്കുവാൻ നിങ്ങൾ തയ്യാറാകണം. നിങ്ങളുടെ "സമയം" ജീവനുള്ളിടത്തോളം ആയുഷ്കാലം ആണ്. ആ "സമയം അഥവാ ജീവിതം" മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കുമ്പോൾ അത് എന്റെ കാൽവറി ബലിയുടെ അനുദിന ആവിഷ്കാരമായി ഞാൻ കണക്കാക്കും. അതുകൊണ്ട് നിങ്ങളുടെ "ജീവൻ" കൊടുക്കുന്നതിന് "മരണം" വരെ കാത്തിരിക്കാതെ ജീവിച്ചു കൊണ്ട് തന്നെ ജീവൻ തന്നെ ആകുന്ന നിങ്ങളുടെ സമയം ഉപയോഗിച്ച് മറ്റുള്ളവരെ ജീവിപ്പിക്കുക.

D) "രക്ഷയുടെ പ്രസംഗപീഠമാണ് കുരിശ്."

കാൽവരിയിൽ ബലി അർപ്പിക്കപ്പെട്ടതുമുതൽ സർവ്വ ജനത്തിനും രക്ഷ ഉണ്ടായി എന്ന പ്രഖ്യാപനം എന്റെ കാൽവറികുരിശിൽ നിന്നും മുഴങ്ങി. നിങ്ങൾ കുരിശ് എടുക്കുമ്പോൾ ഈ രക്ഷയുടെ സന്ദേശവാഹകരായി മാറുകയാണ്. വാക്കുകളിലൂടെയും സാക്ഷ്യ ജീവിതത്തിലൂടെയും സാക്ഷ്യ മരണത്തിലൂടെയും രക്ഷയുടെ സുവിശേഷം നിങ്ങളുടെ സമൂഹത്തിലും സാഹചര്യത്തിലും അറിയിക്കുവാൻ വിളിക്കപ്പെട്ട വരും അയക്കപ്പെട്ടവരും ആണ് എന്റെ ശിഷ്യന്മാരായ നിങ്ങളോരോരുത്തരും. ഈ ഉത്തരവാദിത്വം നിങ്ങൾ മറന്നുപോകരുത്. നിങ്ങൾ ആയിരിക്കുന്ന സ്ഥലത്ത് നിങ്ങൾ എന്റെ അപ്പോസ്തലന്മാർ ആണ് എന്ന് ഓർക്കുക, അതായത് അയക്കപ്പെട്ടവർ. എന്നാൽ എന്നാൽ ഈ അപ്പോസ്തോല ദൗത്യം മറന്ന് പലരും വിശ്വാസ ത്യാഗികൾ എന്നർത്ഥമുള്ള അപ്പോസ്റ്റേറ്റ് (Apostate) എന്ന അവസ്ഥയിൽ എത്തിച്ചേരുന്നത് കാണുമ്പോൾ ഏറെ ദുഃഖം തോന്നുന്നു.

E) "ദൈവീക സ്നേഹത്തിന്റെ പ്രതീകമാണ് കുരിശ്."

Agape അഥവാ ദൈവീക സ്നേഹം എന്താണെന്ന് ഞാൻ പറഞ്ഞുവല്ലോ. അതി ന്റെ കുരിശാകൃതിയിൽ രണ്ട് തണ്ടുകൾ ഉണ്ട്. കുത്തനെ നിൽക്കുന്ന നീളംകൂടിയ തണ്ട് ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ആ തണ്ട് ബലമുള്ളതും ഉറപ്പുള്ളതും ആയി ആദ്യം കുത്തനെ നിലനിർത്തിയാൽ മാത്രമേ കുറുകേയുള്ള തണ്ട് അഥവാ മനുഷ്യനുമായുള്ള നിങ്ങളുടെ സ്നേഹബന്ധം ഉറപ്പിക്കുവാൻ കഴിയുകയുള്ളൂ. ഈ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ദൈവവുമായുള്ള നിങ്ങളുടെ ബന്ധം ഉറപ്പിക്കുവാൻ ശ്രമിക്കാതെ മനുഷ്യരുമായുള്ള സ്നേഹബന്ധം ഉറപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. ദൈവീക

സ്റ്റേഹബന്ധത്തെ തിരസ്കരിച്ച് മനുഷ്യ സ്റ്റേഹബന്ധം കെട്ടിപ്പടുക്കുവാൻ ശ്രമിച്ചാൽ അത് പരാജയപ്പെടും എന്ന് അറിയുക. കുടുംബങ്ങളിലും സഭകളിലും സമുദായങ്ങളിലും സംഘടനകളിലും എല്ലാം ഈ തത്വം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ആദ്യം ദൈവവുമായുള്ള നിങ്ങളുടെ ബന്ധം ശരിപ്പെടുത്തുക. നിങ്ങളുടെ ദുഷ്പ്രവൃത്തികളും പാപങ്ങളും ഒക്കെയാണ് ദൈവവുമായുള്ള ബന്ധം വേർപെടുത്താൻ കാരണമാകുന്നത്. പലപ്പോഴും മനുഷ്യരുമായുള്ള ഇടപാടുകളിൽ ആണ് ദൈവവുമായുള്ള ബന്ധം മുറിഞ്ഞു പോകാൻ ഇടയാകുന്നത്. ദൈവത്തെ നേരിട്ട് അനുസരിക്കുന്നത് നിങ്ങളുടെ മാനുഷിക ബന്ധങ്ങൾ വഴി ആണെന്ന് ഓർക്കുക. നിങ്ങൾ മനുഷ്യർക്ക് ചെയ്യുന്നതെല്ലാം എനിക്കാണ് ചെയ്യുന്നത്. അതുകൊണ്ട് ദൈവിക സ്റ്റേഹം മനുഷ്യർക്ക് പങ്കുവയ്ക്കുവാൻ കഴിഞ്ഞാൽ ദൈവവും മനുഷ്യനുമായുള്ള ബന്ധം നല്ല നിലയിൽ സംരക്ഷിക്കുവാൻ നിങ്ങൾക്ക് കഴിയും.

നേരത്തെ ഞാൻ പറഞ്ഞതുപോലെ നിങ്ങളെ സ്റ്റേഹിക്കുന്നവരെ, നിലപാടിന്റെയും ഇഷ്ടത്തി ന്റെയും കാമത്തിന്റെയും അടിസ്ഥാനത്തിൽ, സ്റ്റേഹിക്കുന്നത് കൊണ്ട് ദൈവവുമായുള്ള സ്റ്റേഹബന്ധം ശരിപ്പെടുത്താൻ കഴിയും എന്ന് നിങ്ങൾ കരുതണ്ട. അതുകൊണ്ടാണ് മേൽപ്പറഞ്ഞ സ്റ്റേഹബന്ധങ്ങളെക്കാൾ അധികം എന്നെ സ്റ്റേഹിക്കണം എന്ന് എന്റെ ശിഷ്യന്മാരോട് ഞാൻ പറയുന്നത്. ഗ്രഹിപ്പാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ.

F) തന്നെത്താൻ ത്യജിച്ചാലേ ക്രൂശ് എടുക്കുവാൻ കഴിയൂ.

"ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് കൊണ്ട് എന്നെ അനുഗമിക്കട്ടെ". (മർക്കോസ് 8: 34).

സ്വയത്തെ അഥവാ സ്വാർത്ഥതയെ ക്രൂശിക്കുക എന്നതാണ് പ്രധാനം.(self denial is the denial of the "Self"). സ്വന്തം കാര്യം നേടാൻ പരിശ്രമിക്കുന്നത് പാപത്തിലേക്ക് നിങ്ങളെ പ്രേരിപ്പിക്കുന്ന സ്വാർത്ഥ ചിന്ത മൂലമാകുന്നു. അതായത്, നിങ്ങളെകൊണ്ട് പാപം ചെയ്യിപ്പിക്കുന്നത് നിങ്ങളുടെ ഉള്ളിലുള്ള സ്വാർത്ഥ ചിന്തയാണ്. ചിലന്തിവലകൾ അടിച്ച് വൃത്തിയാക്കുന്നതിന് പകരം വലകൾ ഉണ്ടാക്കുന്ന "ചിലന്തിയെ" തന്നെ ഇല്ലാതാക്കണം. അതുപോലെ പാപ പ്രവൃത്തികൾ നിങ്ങളിൽ ഉല്പാദിപ്പിക്കുന്ന ചിലന്തി പോലെയുള്ള "സ്വാർത്ഥ"തയെ ക്രൂശിക്കണം. ലൗകിക കാര്യങ്ങൾ ശ്രദ്ധിക്കുവാൻ നിങ്ങൾ മനസ്സോടെ തയ്യാറായാൽ, നിങ്ങളുടെ ജഡിക സുഖങ്ങളോടുള്ള താല്പര്യം സാവകാശം കുറഞ്ഞു പോകും.

ലൈംഗികത ഉൾപ്പെടെയുള്ള നിങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുവാനും നിങ്ങൾക്ക് സാധിക്കും. യഥാർത്ഥത്തിൽ എന്റെ ശിഷ്യന്മാർ ആകുന്നു എങ്കിൽ ഇപ്രകാരമൊരു ആത്മനിയന്ത്രണം പാലിക്കുവാൻ ലൗകികമായ നിസ്സംഗത പാലിക്കുവാൻ നിങ്ങൾക്കു കഴിയണം. സന്യാസത്തിന്റെ ഈ അടിസ്ഥാനതത്വം എന്റെ എല്ലാ ശിഷ്യന്മാർക്കും ബാധകമാണ്. പൗലോസ് ശ്ലീഹാ പറയുന്നത് ശ്രദ്ധിക്കുക: " ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു."(ഗലാത്യ 2: 20).

മനുഷ്യരായ എല്ലാവർക്കും പാപം ചെയ്യാനുള്ള ഒരു ചായ്‌വ് ( inclination to sin) ആദമിന്റെ പാപഫലമായി ജന്മനാൽ തന്നെ കിട്ടിയിട്ടുണ്ട്. "മനുഷ്യന്റെ മനോനിരൂപണം ബാല്യംമുതൽ ദോഷം ഉള്ളതാകുന്നു"എന്നു യഹോവ തന്നെ അരുളി ചെയ്തിട്ടുണ്ട്. (ഉല്പത്തി 8: 21). ആകയാൽ ഈ പാപ പ്രവണതയെ അതിജീവിക്കുവാൻ യഥാർത്ഥ ത്യാഗമനോഭാവം(Renunciation) നിങ്ങളിൽ ഉണ്ടാകണം. ജഡികമായതും ലൗകികമായതുമായ കാര്യങ്ങളെ വിട്ടുകളയാൻ മനസ്സുകൊണ്ട് നിങ്ങൾ തയ്യാറാകണം. പൗലോസ് ശ്ലീഹ അപ്രകാരം ചെയ്തതായി എഴുതുന്നത് നിങ്ങൾ വായിച്ചു കാണുമല്ലോ. "ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാ. 5: 24 ).

G). ലൗകികകമായി തൃചിക്കുന്നതോടൊപ്പം ആത്മീയമായി നിറയുകയും വേണം.

ലൗകിക നേട്ടങ്ങൾക്കു വേണ്ടിയുള്ള നിങ്ങളുടെ ആഗ്രഹങ്ങളെ നിഗ്രഹിക്കുന്ന തോടൊപ്പം ആത്മീയ സുകൃതങ്ങൾ കൊണ്ട് നിങ്ങളെ തന്നെ നിറയ്ക്കുവാൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും വേണം. അടിച്ച് വൃത്തിയാക്കി കിടക്കുന്ന ഒഴിഞ്ഞ മനസ്സിൽ, പിശാച് കൂടുതൽ ദുഷ്ടചിന്തകളെ കയറ്റി പാർപ്പിക്കാൻ അവസരം കാത്ത് ഇരിക്കുകയാണെന്ന് അറിയുക. ആയതിനാൽ വളരെ ജാഗ്രതയോടെ ആത്മീയ സുകൃതങ്ങൾ അന്വേഷിച്ച് കണ്ടെത്തി പരിശീലിക്കാൻ ആരംഭിക്കണം.

"ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്യുക"(ഗലാത്യർ 5: 25). ശിഷ്യത്വത്തിന്റെ പ്രധാനഘടകമാണ് ദൈവാത്മാവിലുള്ള വളർച്ച. അതിനെപറ്റി പിന്നീട് പറയാം.

ഇവിടെ ഒരു തത്വം മാത്രം പറയട്ടെ. മനുഷ്യരായ നിങ്ങൾക്ക്

ശരീരവും മനസ്സും ആത്മാവും ഉണ്ടല്ലോ. ( Body Mind and Soul). ഈ "മനുഷ്യാത്മാവ് " ആണ് ദൈവത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവും ആയി ബന്ധപ്പെട്ട് ഈ ലോകത്തിലെ നിങ്ങളുടെ ശരീര പ്രകാരമുള്ള ജീവിതത്തെ നിയന്ത്രിക്കേണ്ടത്. ശരീരം മണ്ണുകൊണ്ടുള്ളത് ആകയാൽ പഞ്ചേന്ദ്രിയങ്ങൾ ലൗകിക കാര്യങ്ങൾക്കായി നിങ്ങളെ നിർബന്ധിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ദൈവാത്മാവ് മനുഷ്യാത്മാവു മായി നിരന്തര സംസർഗത്തിൽ ഏർപ്പെട്ട് ആത്മീയ കാര്യങ്ങൾക്കായി ആകർഷിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ശരീരത്തിനും ആത്മാവിനും ഇടയിൽ മധ്യവർത്തി ആയി പ്രവർത്തിക്കുന്ന മനസ്സു അഥവാ ഇച്ഛാശക്തി (Mind or Will) ആത്മീയ കാര്യങ്ങളിലേക്ക് എപ്പോഴും ശ്രദ്ധിക്കാതെ ഇരുന്നാൽ, ശരീരത്തിന്റെ ഇന്ദ്രിയങ്ങളുടെ സമ്മർദങ്ങൾക്ക് വിധേയമായി സാത്താന്റെ പ്രലോഭനങ്ങൾക്ക് അടിമപ്പെട്ടു പാപ ജീവിതത്തിൽ നിങ്ങൾ വീണു പോകും. ഇക്കാര്യത്തിൽ മനസ്സ് ജാഗ്രതയോടെയും സുബോധത്തോടെയും ഇരിക്കണമെങ്കിൽ ഞാൻ പറഞ്ഞുതന്ന ശിഷ്യത്വത്തിന്റെ പ്രമാണങ്ങൾ പൂർണമായും സ്വീകരിച്ചു നടപ്പാക്കുവാൻ ദൈവാശ്രയത്തോടെ മനസ്സ് പുതുക്കി രൂപാന്തരപ്പെടണം.(റോമർ 12: 1, 2). അതുകൊണ്ടാണ് ദൈവരാജ്യം സമീപിച്ചിരിക്കുകയാണ്, ആകെയാൽ മാനസാന്തരപ്പെടുവിൻ എന്ന് ഞാൻ ആവർത്തിച്ചു നിങ്ങളോട് പറയുന്നത്. നിങ്ങൾ സർവലോകവും നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്ത് പ്രയോജനം?

H) ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്.

"ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹമില്ല; ജഡമോഹം കൺമോഹം ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽനിന്ന് ഉള്ളതല്ല, ലോകത്തിൽനിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹങ്ങളും ഒഴിഞ്ഞുപോകുന്നു, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനിൽക്കും". (1 യോഹന്നാൻ 2: 15– 17). യോഹന്നാൻ പറയുന്ന ഈ കാര്യങ്ങൾ നിങ്ങൾ വളരെ ഗൗരവമായി സ്വീകരിക്കണം. യാക്കോബ് ശ്ലീഹായും ഇക്കാര്യം എടുത്തു പറയുന്നുണ്ട്. "ലോക സ്നേഹം ദൈവത്തോടുള്ള ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം ദൈവത്തിന്റെ ശത്രുവായി തീരുന്നു. (യാക്കോബ് 4: 4).

I) ദൈവ ആത്മാവിൽ ശക്തിപ്രാപിച്ച് പിശാചിനോട് എതിർത്തു നിൽക്കണം.

എന്റെ ശിഷ്യന്മാർക്ക് നിരന്തര പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, ദുഷ്ട ആത്മ സേനകളോടാണ്. നിങ്ങൾ മനുഷ്യരുമായി കലഹിക്കുമ്പോൾ പിശാച് നിങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കും. എന്നാൽ പരസ്പരം നിങ്ങൾ സ്നേഹത്തിൽ വസിച്ചാൽ, പരിശുദ്ധാത്മ സഹായത്താൽ നിങ്ങൾക്ക് പിശാചിനെ തോൽപ്പിച്ച് സ്വർഗ്ഗീയ പിതാവിനെ പ്രസാദിപ്പിച്ചു ജീവിക്കുവാൻ കഴിയും. യാക്കോബ് ശ്ലീഹാ പറയുന്നത് കേൾക്കുക, " ആകയാൽ നിങ്ങൾ ദൈവത്തിന് കീഴടങ്ങുവിൻ, പിശാചിനോട് എതിർത്തു നിൽക്കുവിൻ. എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. ദൈവത്തോടു അടുത്തു ചെല്ലുവിൻ. എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും..... കർത്താവിന്റെ സന്നിധിയിൽ താഴുവിൻ എന്നാൽ അവൻ നിങ്ങളെ ഉയർത്തും" (യാക്കോബ് 4: 7 –10).

എന്റെ ശിഷ്യത്ത്വാതിന്റെ പ്രത്യേകതകൾ കുറെയൊക്കെ നിങ്ങൾ മനസ്സിലാക്കി കാണുമല്ലോ. ഗ്രഹിക്കാൻ ശ്രമിക്കുകയും ഗ്രഹിച്ചത് അനുസരിച്ച് ജീവിക്കുകയും ചെയ്യുക. ഞാൻ നിങ്ങളെ ശ്രദ്ധയോടെ വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. ധൈര്യമായി തന്നെ മുന്നേറുക.

എന്ന് നിങ്ങളുടെ സ്വന്തം യേശു

9–12–2020.

## അദ്ധ്യായം 51

# എന്റെ ശിഷ്യന്മാരോട് രണ്ട് പ്രത്യേക നിർദ്ദേശങ്ങൾ

എന്റെ യഥാർത്ഥ ശിഷ്യന്മാർ ആകുന്നതിനുള്ള വ്യവസ്ഥകൾ കേട്ട് നിങ്ങൾ ഭയപ്പെട്ടു കാണും അല്ലേ? നിങ്ങൾക്ക് അദൃശ്യനായി ഞാൻ കൂടെയുള്ളതിനുപുറമേ നിങ്ങളുടെ പ്രയാസങ്ങളിലും സന്തോഷത്തോടെ മുന്നേറുവാൻ സഹായിക്കുന്നതിനും വഴിനടത്തുന്നുമായി പരിശുദ്ധാത്മാവും എന്നും നിങ്ങളോടൊപ്പം ഉണ്ടാകും. അതുകൊണ്ട് നിങ്ങൾ ഒട്ടും പ്രയാസപ്പെടേണ്ട. ശിഷ്യത്വത്തിന്റെ ഉത്തരവാദിത്തങ്ങൾ വിജയകരമായി പൂർത്തീകരിക്കുവാൻ രണ്ട് പ്രധാന കാര്യങ്ങൾ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

1) ജനത്തിൽ നിന്നും വേറിട്ട് ആശ്വസിക്കുക

(മാർക്കോസ് 6: 30 –32)

നിങ്ങളുടെ ശുശ്രൂഷകളിൽ വ്യാപൃതരാകുന്നതിന് മുൻപ് അതിനുള്ള ഒരുക്കമായി ജനത്തിൽ നിന്നും വേറിട്ട് ദൈവസന്നിധിയിൽ ജാഗരണം കഴിച്ച് ആത്മശോധന നടത്തേണ്ടത് ആവശ്യമാണ്. നിങ്ങളുടെ പ്രവർത്തന ശൈലിയെപറ്റി സ്വയം വിലയിരുത്തി പരിശുദ്ധാത്മാവിന്റെ നിർദ്ദേശങ്ങൾക്കായി കാതോർക്കണം. ദൈവ സംസർഗ്ഗത്തിലൂടെ ലഭിക്കുന്ന ഊർജ്ജവും പ്രസരിപ്പും മാർഗനിർദേശവും എല്ലാം നിങ്ങളുടെ തുടർന്നുള്ള പ്രവർത്തനത്തെ കൂടുതൽ ഫലവത്താക്കിത്തീർക്കും.

യോഹന്നാൻ സ്നാപകൻ കൊലചെയ്യപ്പെട്ട വാർത്തകേട്ട് എന്റെ ശിഷ്യന്മാരെല്ലാം അക്ഷരാർത്ഥത്തിൽ ദുഃഖിതരും ഭയചകിതരുമായിരുന്നു. സ്നാപകന്റെ കൂട്ടത്തിൽ പെട്ടവരും എന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നല്ലോ. അന്ത്രയോസ്, ഫിലിപ്പോസ്, നദാനിയേൽ എന്നിവരൊക്കെ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരായിരുന്നു. സത്യം മുഖത്ത് നോക്കി വിളിച്ചുപറഞ്ഞതിന്റെ ശിക്ഷ ആയിട്ടാണല്ലോ സ്നാപകൻ വധിക്കപ്പെട്ടത്. ആഹാബ് രാജാവിൽ ഇസബെൽ പൈശാചിക

സ്വാധീനം ചെലുത്തിയ പോലെതന്നെ, ഹെരോദ് രാജാവിൽ ഹെരോദിയ രാജ്ഞി സ്വാധീനം ചെലുത്തിയത് ആണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. ഇവിടെ പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒരു കാര്യം, ആദ്യം സ്ത്രീകളാണ് പൈശാചിക സ്വാധീനത്തിന് എളുപ്പം അടിമപ്പെടുന്നത് എന്നാണ്. ഏദൻ തോട്ടത്തിലും അതുതന്നെയല്ലേ സംഭവിച്ചത്? ദൈവം സ്ത്രീകൾക്ക് നൽകിയ ശാരീരികസൗന്ദര്യം മൂലം, പുരുഷന്മാരെ ലൈംഗികമായി ആകർഷിക്കാനുള്ള പ്രത്യേക കഴിവ് നൽകി ദൈവം അവരെ സൃഷ്ടിച്ചത് മനുഷ്യൻ ദുരുപയോഗം ചെയ്യാൻ ഇടയാകുന്നു എന്നത് ശിഷ്യന്മാരായ എല്ലാ സ്ത്രീ പുരുഷന്മാരും പ്രത്യേകം മനസ്സിലാക്കി കരുതലോടെ പെരുമാറണം. ലൈംഗികവികാരം ദൈവം മനുഷ്യന് നൽകിയത്, മനുഷ്യവംശം നിലനിർത്തുന്നതിനായി, ജനനപ്രക്രിയയിലൂടെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കെടുക്കുവാനുള്ള വലിയ ഉത്തരവാദിത്വത്തോടെ ആയിരുന്നു. എന്നാൽ അത് ജഡികസുഖത്തിനു വേണ്ടി ദുരുപയോഗം ചെയ്യാമെന്ന് മനുഷ്യരെ പ്രലോഭിപ്പിച്ച് പഠിപ്പിച്ചത് സാത്താനാണ്. ഇന്നും ആ കെണിയിൽ വീണു ദൈവരാജ്യത്തിൽ നിന്നും വളരെ അകലെ കഴിയുന്ന അനേകർ ഉണ്ട്. എന്റെ പ്രിയശിഷ്യന്മാരായ നിങ്ങൾ ഇക്കാര്യത്തിൽ വളരെയേറെ ജാഗ്രത ഉള്ളവർ ആയിരിക്കണം എന്ന് ഞാൻ വീണ്ടും പറയുന്നു. നിങ്ങളുടെ ശുശ്രൂഷയിൽ സ്ത്രീ–പുരുഷ ഇടപെടലുകൾ ഒരിക്കലും രഹസ്യം ആകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. സാത്താൻ വെളിച്ചദൂതന്റെ വേഷത്തിൽ വന്നു വളരെ നിഷ്ഠയോടെ ജീവിക്കുന്ന ദൈവമക്കളെ ഇപ്രകാരം വഴിതെറ്റിക്കുമെന്നത് വളരെ ഗൗരവമായി നിങ്ങൾ കാണണം.

മറ്റൊരുകാര്യം, ഹെരോദ്യ യുടെ വല്യപ്പൻ ക്രൂരനായ ഹെരോദാ രാജാവായിരുന്നു. ഞാൻ ജനിച്ചത് അറിഞ്ഞപ്പോൾ ബേത്ലഹേമിൽ രണ്ടു വയസ്സിനു താഴെയുള്ള എല്ലാ കുഞ്ഞുങ്ങളെയും കൊല്ലുവാൻ ആജ്ഞാപിച്ച മഹാക്രൂരനാണ് അയാൾ. അവന്റെ ഭാര്യയെയും മക്കളെയും കൊല്ലുന്നതിനും അവൻ മടിച്ചില്ല. അത്തരത്തിൽ ചില പൈശാചിക പൈതൃകത്തിൽ പെട്ടവരുടെ ക്രൂരതയും എന്റെ ശിഷ്യന്മാരായ നിങ്ങൾക്ക് നേരിടേണ്ടിവരും. അതുകൊണ്ടാണ് ചെന്നായ്ക്കളുടെ അടുക്കൽ കുഞ്ഞാടുകളെ പോലെ നിങ്ങളെ അയക്കുന്നു എന്ന് ഞാൻ പറഞ്ഞത്.

യോഹന്നാന്റെ ശിഷ്യന്മാർ അദ്ദേഹത്തിന്റെ ഉടലെടുത്ത് സംസ്കരിച്ചശേഷം എന്റെ അടുക്കൽ ദുഃഖം പങ്കുവയ്ക്കുന്ന സമയത്ത് തന്നെയാണ്, ഞാൻ നേരത്തെ ശുശ്രൂഷയ്ക്കായി പറഞ്ഞയച്ചിരുന്ന ശിഷ്യന്മാർ അവരുടെ സന്തോഷവാർത്ത കൊണ്ടുവന്നത്. അവരുടെ

ശുശ്രൂഷ വളരെ വിജയപ്രദമായിരുന്നു എന്നും ഭൂതങ്ങൾ പോലും അവർക്ക് കീഴ്പ്പെടുന്നു എന്നും ഒക്കെയായിരുന്നു അവരുടെ സന്തോഷത്തിനു കാരണം. ഞാൻ അവരോട് പറഞ്ഞു: "ഭൂതങ്ങൾ കീഴടങ്ങുന്നതിൽ അല്ല നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ സന്തോഷിപ്പിൻ"(ലൂക്കോസ് 10: 17–20). ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, നിങ്ങളുടെ സുവിശേഷ പ്രവർത്തനത്തിൽ ദുഃഖവും സുഖവും സന്തോഷവും മാറിമാറി വരും. എന്നാൽ ദുഃഖത്തിൽ നിരാശരാകാതെ, സന്തോഷത്തിൽ അമിതമായി സ്വയം മറക്കാതെ, വിജയത്തിൽ അഹങ്കരിക്കാതെ സംയമനം പാലിച്ച് പ്രത്യേകം സമചിത്തതയോടെ ദൈവീക സമാധാനത്തിൽ പ്രവർത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

ജനം കൂടി വരുമ്പോൾ അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ കൂടുതൽ കരുതലോടെ ദീർഘമായി അധ്വാനിക്കേണ്ടി വരും. അപ്രകാരമുള്ള സന്ദർഭങ്ങളിൽ അൽപസമയം വേറെ ഇരുന്നു ധ്യാനത്തിലൂടെ ദൈവ പിതാവുമായി സംസർഗ്ഗം ചെയ്യുന്നത് വളരെ ആവശ്യമാണ്. എന്റെ പരസ്യശുശ്രൂഷ വേളയിൽ ഞാൻ പലപ്പോഴും ജനത്തിൽ നിന്നും മാറി പോവുകയും ചിലപ്പോൾ ശിഷ്യന്മാരിൽ നിന്നും അകലെ പോയി സ്വർഗ്ഗപിതാവുമായി സമയം ചെലവഴിച്ചിരുന്നത് നിങ്ങൾക്കറിയാമല്ലോ. അതുപോലെ ദൈവത്തോടൊപ്പം ആണെന്ന കാര്യം മറക്കാതെ തന്നെ, കുടുംബാംഗങ്ങളും സഹപ്രവർത്തകരും ദൈവസ്നേഹിതരും ആയ മനുഷ്യരുമായും അൽപസമയം സൗഹൃദം പങ്കുവയ്ക്കുന്നതും നിങ്ങളുടെ തുടർന്നുള്ള ശുശ്രൂഷപ്രവർത്തനങ്ങൾക്ക് പുതിയ ഊർജം നൽകും. ഞാനും ശിഷ്യന്മാരും ഇപ്രകാരം പലപ്രാവശ്യം ജനങ്ങളിൽ നിന്നും ഒഴിഞ്ഞു മാറി ദൈവരാജ്യമർമ്മങ്ങളെ പറ്റി ഗഹനമായ പഠനങ്ങളും ചർച്ചകളും നടത്തി വന്നിരുന്നു. അതുകൊണ്ട് തന്നെ ജനങ്ങളുടെ ആശകളും ആശങ്കകളും അഭിലാഷങ്ങളും സാഹചര്യങ്ങളും എല്ലാം കണക്കിലെടുത്ത്, അവർക്ക് പ്രയോജനകരമായ വിധത്തിൽ പ്രഭാഷണങ്ങളും പ്രവർത്തനങ്ങളും ക്രമീകരിക്കുവാൻ ഞങ്ങൾക്ക് കഴിയുമായിരുന്നു. ഞങ്ങൾ മാറിപോകാൻ ശ്രമിക്കും തോറും ജനങ്ങൾ കൂടുതൽ ഉത്സാഹത്തോടെ ഞങ്ങളെ അന്വേഷിച്ച് എത്തുമായിരുന്നു. വഞ്ചിയിൽ കയറി അക്കരെ പോയാലും അവർ കൂട്ടമായി കരയിലൂടെ അവിടെ അക്കരെ ഓടിയെത്തും. അവരുടെ ആവേശവും താൽപര്യവും കാണുമ്പോൾ ക്ഷീണം മറന്ന് ശുശ്രൂഷ ചെയ്യാൻ ഞാൻ മടിച്ചില്ല. അവരുടെ രോഗികളെ കണ്ട് എനിക്ക് മനസ്സലിവ് തോന്നിയതിനാൽ അവരെ അനാഥരായി വിടാൻ തോന്നിയില്ല.

എന്റെ പ്രവർത്തനങ്ങൾ കേട്ടറിഞ്ഞ അധികാരികൾ എന്നെയും ശിഷ്യന്മാരെയും അറസ്റ്റ് ചെയ്യാനുള്ള സാധ്യതയും ഞങ്ങൾ മുൻകൂട്ടി കണ്ടു. എന്നിരുന്നാലും എന്റെ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കാതെ തുടരുവാൻ തന്നെ തീരുമാനിച്ചു. യോഹന്നാനിൽ നിന്നും കേൾക്കുവാൻ ഹെരോദാവ് രാജാവിനു താൽപര്യമുണ്ടായിരുന്നു എന്നെനിക്കറിയാം. യോഹന്നാൻ തന്നെ ഉയർത്തെഴുന്നേറ്റുവന്നതാണ് ഞാൻ എന്ന് അവൻ കരുതി. ദുഷ്ടയായ ഭാര്യയുടെ ഇഷ്ടത്തിന് അയാൾ വഴങ്ങിയത് ആയിരുന്നു. സത്യം വിളിച്ചു പറയുന്നവർക്ക് എന്നും ഭീഷണി നേരിടേണ്ടി വരുന്നുണ്ട് എന്ന് ഓർക്കുക. അതിനെ നേരിടേണ്ടതിനുള്ള ആന്തരികശക്തി ലഭിക്കേണ്ടത് ആവശ്യമായതിനാൽ നിങ്ങൾ ആശ്വസിക്കാനും ധൈര്യവും പരിശുദ്ധാത്മശക്തിയും നേടാനും പരിശ്രമിക്കണം. ഇനി രണ്ടാമത്തെ കാര്യം പറയാം.

2) എളിയവനെ ആദരിക്കുന്നവന് ഞാൻ പ്രതിഫലം നൽകും

(മത്തായി 10: 40 –42; മർക്കോസ് 9: 41).

യോഹന്നാന്റെ മരണവാർത്ത കേട്ട് ഒരുപക്ഷേ നിങ്ങൾ ഭയപ്പെട്ടു കാണും. എന്നാൽ അപ്രകാരം ഒരു ജീവിതത്തിന് മനസ്സോടെ തയ്യാറായി വരുന്നവർക്ക് എല്ലാവിധ സഹായവും നൽകുവാൻ സ്വർഗ്ഗപിതാവ് എന്നെയും പരിശുദ്ധാത്മാവിനെയും പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് നിങ്ങൾ അറിയുക. എന്റെ യഥാർത്ഥ ശിഷ്യന്മാരായവരെ സ്വീകരിച്ച് ആദരിക്കുന്നവരെ എല്ലാവിധത്തിലും സംരക്ഷിക്കുവാൻ ഞങ്ങൾ എപ്പോഴും തയ്യാറാണ്. എന്റെ ശിഷ്യനായ മത്തായി ആ കാര്യം സുവിശേഷത്തിൽ, ഞാൻ അന്ന് പറഞ്ഞത് രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്: "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു, എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ച പിതാവിനെ കൈക്കൊള്ളുന്നു. പ്രവാചകനെന്ന് വച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും. നീതിമാൻ എന്ന് വെച്ച് നീതിമാനെ കൈക്കൊള്ളുന്നവനു നീതിമാനന്റെ പ്രതിഫലം ലഭിക്കും. ശിഷ്യൻ എന്ന് വെച്ച് ഈ ചെറിയവരിൽ ഒരുത്തനു ഒരു പാനപാത്രം വെള്ളം മാത്രം കുടിക്കുവാൻ കൊടുക്കുന്നവന് പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടുപറയുന്നു."(മത്തായി. 10: 41– 42). മാർക്കോസും ഈ കാര്യം എഴുതിയിട്ടുണ്ട് : " നിങ്ങൾ ക്രിസ്തുവിനുള്ളവർ എന്നീ നാമത്തിൽ ആരെങ്കിലും ഒരു പാനപാത്രം വെള്ളം നിങ്ങൾക്ക് കുടിക്കുവാൻ തന്നാൽ അവനു പ്രതിഫലം കിട്ടാതിരിക്കില്ല എന്ന്

സത്യമായി ഞാൻ നിങ്ങളോട് പറയുന്നു."(മർക്കോസ് 9: 41). ലൂക്കോസ് എഴുതിയിരിക്കുന്നത് കാണുക: " നിങ്ങളുടെ വാക്ക് കേൾക്കുന്നവൻ എന്റെ വാക്ക് കേൾക്കുന്നു; നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു; എന്നെ തള്ളുന്നവൻ എന്നെ അയച്ചവനെതള്ളുന്നു" (ലൂക്കോസ് 10: 16)." എന്നെ കൈകൊള്ളുന്നവൻ എന്നെ അല്ല എന്നെ അയച്ചവനെ കൈക്കൊള്ളുന്നു"(മർക്കോസ് 9:37 b).

ആധുനിക സമൂഹത്തിൽ ആളുകളെ ആദരിക്കുന്നത് അവരുടെ സ്ഥാന ക്രമമനുസരിച്ച് ആണല്ലോ. സമ്പത്ത്, സ്ഥാനമാനങ്ങൾ, കുടുംബമഹിമ, ഔദ്യോഗികപദവി, പെരുമാറ്റരീതികൾ, വസ്ത്രധാരണം, ആഭരണങ്ങൾ,വീടിന്റെ പേരും വലുപ്പവും, ആഡംബര വാഹനങ്ങൾ എന്നിങ്ങനെ പല തലങ്ങൾ അനുസരിച്ച് വ്യക്തികളെ ആദരിക്കുന്ന കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഇപ്രകാരം തന്നെ, സ്വർഗ്ഗരാജ്യ പ്രമാണങ്ങൾ നടപ്പാക്കുന്നതിനും ചില മാനദണ്ഡങ്ങളുണ്ട്. പക്ഷേ അത് മേൽപ്പറഞ്ഞ ലൗകിക രീതികൾക്ക് നേരെ വിപരീതം ആണെന്ന് മാത്രം. ലോക പ്രകാരം അംഗീകാരവും ആദരവും ലഭിക്കുന്ന മാനദണ്ഡങ്ങൾ സ്വർഗ്ഗീയ കാഴ്ചപ്പാടിൽ സ്വീകാര്യമല്ല എന്ന് മാത്രമല്ല പ്രതിഫലത്തിന് അൽപംപോലും പരിഗണിക്കപ്പെടുന്നതുമല്ല. സ്വർഗ്ഗീയപ്രതിഫലത്തിന് ഉള്ള യഥാർത്ഥ അർഹത എന്റെ ശിഷ്യത്വവ്യവസ്ഥകൾ പാലിച്ചു ജീവിക്കുക എന്നതാണ്. "ധനവാന്റെയും ലാസറിന്റെയും" കഥയിൽ ഞാൻ ഈ കാര്യം വ്യക്തമാക്കിയിരുന്നു.

ആകയാൽ ലോക വ്യവസ്ഥകൾ അനുസരിച്ച് ചിന്തിക്കാനും പ്രവർത്തിക്കാനും താല്പര്യം എടുക്കാതെ ദൈവരാജ്യ മർമ്മങ്ങൾ ഗ്രഹിക്കുവാനും മറ്റുള്ളവരെ ഗ്രഹിപ്പിക്കുവാനും നിങ്ങൾ പ്രത്യേകം വേറിട്ട രീതിയിൽ എന്നെപ്പോലെ ചിന്തിക്കണം. ലോകപ്രകാരം അറിയപ്പെടാത്തവരെയും അഗതികളെയും ദരിദ്രരെയും സ്വയത്തിൽ അഹങ്കരിക്കാതെ ദൈവത്തിൽ മാത്രം ആശ്രയിച്ച് ജീവിക്കുന്ന സാധാരണക്കാരെയും ആദരിക്കാനും ബഹുമാനിക്കാനും എന്റെ ശിഷ്യത്വം സ്വീകരിച്ചവരായ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. നിങ്ങളുടെ സമ്പത്തും സമയവും അധ്വാനവും ഇങ്ങനെയുള്ളവർക്ക് വേണ്ടി ചെലവഴിക്കുവാൻ മനസ്സോടെ നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങൾക്ക് എന്റെ ശിഷ്യത്വത്തിൽ തുടരുവാൻ സ്വർഗ്ഗപിതാവ് നിങ്ങളെ അനുവദിക്കും. കാരണം, ഞാൻ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ നിങ്ങളെ പഠിപ്പിച്ചതുപോലെ നിങ്ങളെ കാണുന്നവരും അപ്രകാരം ദൈവ ഇഷ്ടം

ചെയ്യാൻ പഠിച്ചാൽ നിങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലം ഇരിട്ടി ആകും.

ഞാൻ ചെയ്തുകാണിച്ചതും പറഞ്ഞുതന്നതും ആയ കാര്യങ്ങൾ നിങ്ങൾ ആദ്യം നിങ്ങളുടെ ജീവിതത്തിൽ ചെയ്തു കാണിച്ചശേഷം മാത്രം മറ്റുള്ളവരോട് ഉപദേശിക്കുക. യഹൂദ പ്രമാണിമാർ പറയുന്നതേ ഉള്ളൂ പ്രവർത്തിച്ചിരുന്നില്ല. നിങ്ങൾ അങ്ങനെ ആകരുത്. പ്രവർത്തിക്കുന്നത് മാത്രം പറയുകയും പറയുന്നത് മുഴുവൻ പ്രവർത്തിക്കുകയും ചെയ്യണം. പ്രവർത്തിക്കാവുന്ന കാര്യങ്ങൾ മാത്രമേ പറയാവൂ. ഞാൻ ഈ ലോകത്തിൽ വന്നിട്ട് പ്രവർത്തിച്ച് കാണിച്ച കാര്യങ്ങൾ മാത്രമേ നിങ്ങളോട് അനുസരിക്കുവാൻ ആവശ്യപ്പെടുന്നുള്ളൂ. മനുഷ്യരെന്ന നിലയിൽ എന്റെ പിതാവിന്റെ നിർദ്ദേശവും പരിശുദ്ധാത്മ സഹായവും സ്വീകരിച്ചുകൊണ്ട് ഞാൻ ചെയ്തതും പറഞ്ഞതുമായ എല്ലാ കാര്യങ്ങളും എന്റെ യഥാർത്ഥ ശിഷ്യന്മാർക്കും കാണിക്കുവാനും പറഞ്ഞു കൊടുക്കാനും കഴിയും എന്ന് നിങ്ങൾ തിരിച്ചറിയണം. രോഗികളെ സൗഖ്യമാക്കുക, പിശാചുക്കളെ പുറത്താക്കുക, പാപികൾക്ക് മോചനം നൽകുക, മരിച്ചവരെ ഉയിർപ്പിക്കുക തുടങ്ങിയ കാര്യങ്ങളൊക്കെ യഥാർത്ഥ ശിഷ്യത്വം സ്വീകരിക്കുന്നവർക്ക് സാധിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? എന്റെ യഥാർത്ഥ ശിഷ്യന്മാരിൽ തലവൻ മാരായ പത്രോസും പൗലോസും അപ്രകാരം പ്രവർത്തിച്ചതായി നിങ്ങൾ വായിച്ചു കാണുമല്ലോ.

യഹൂദ സമുദായത്തിലെ താഴെക്കിടയിൽ ഉണ്ടായിരുന്ന സാധാരണക്കാരെയാണ് ഞാൻ ശിഷ്യന്മാർ ആക്കാൻ ശ്രമിച്ചത്. സ്വയം പണ്ഡിതന്മാരും പ്രഗൽഭൻ മാരും ഭക്തന്മാരും ആണെന്ന് കരുതിയിരുന്നവർ എന്റെ സന്ദേശം ഉൾക്കൊള്ളാൻ കഴിയാത്തവിധം അഹങ്കാരികൾ ആയിരുന്നു. വിനയവും വിശുദ്ധിയും വിശ്വാസവും ഉള്ളവർക്ക് മാത്രമേ ദൈവകൃപ ലഭിക്കുകയുള്ളൂ.

സ്വന്തം ശക്തിയിൽ ആശ്രയിക്കുന്നവരെ സ്വർഗ്ഗ പിതാവ് സഹായിച്ചാൽ പോലും, അവർക്ക് അത് സ്വീകരിക്കാൻ മനസ്സി ല്ലാത്തതിനാൽ ദൈവകൃപ ലഭിക്കാതെ വരുന്നതായി കാണുന്നുണ്ട്. അവരെ നിങ്ങൾ മാറ്റിനിർത്തണം എന്നല്ല; അവരോട് കൂടുതൽ തയ്യാറെടുപ്പോടെ സൗമ്യമായ രീതിയിൽ ഇടപെട്ടു അവരെയും എന്റെ ശിഷ്യത്വത്തിലേക്ക് കൊണ്ടുവരുവാൻ നിങ്ങൾ അധ്വാനിക്കണം. എന്റെ പരസ്യ ശുശ്രൂഷയിൽ ഞാനാരെയും മാറ്റിനിർത്തി യില്ല എന്നറിയാമല്ലോ. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ മേൽത്തട്ടിൽ ഉണ്ടായിരുന്ന പലരും എന്റെ ശിഷ്യന്മാരായി ചേർന്നിട്ടുണ്ട്.

ബാഹ്യമായി ധനവാനോ ദരിദ്രനോ എന്ന് നോക്കി നിങ്ങൾ ആളുകളെ വിലയിരുത്തരുത്. ആന്തരിക മനോഭാവമാണ് പ്രധാനം. ബാഹ്യമായി "ധനവാൻ" ആയി കാണപ്പെട്ടാലും ആന്തരികമായി ദൈവത്തെ അന്വേഷിക്കുന്ന മനസ്സുള്ളവർ ആയിരിക്കാം, അതുപോലെ ബാഹ്യമായി "ദരിദ്രനായി" കാണപ്പെട്ടാൽ തന്നെയും ആന്തരികമായി ധനത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത മനോഭാവം ഉള്ളവൻ ആയിരിക്കാം. അതുകൊണ്ട് ആരെയും ബാഹ്യമായി വിലയിരുത്താതെ, എല്ലാവരോടും എന്റെ നാമത്തിൽ സുവിശേഷ മർമങ്ങൾ അനുസരിച്ച് ജീവിച്ച് കാണിക്കുവാൻ എന്റെ എല്ലാ ശിഷ്യൻമാരോടും ഞാൻ ആഹ്വാനം ചെയ്യുന്നു.

സാധാരണക്കാരായ എന്റെ ജനമായ ദൈവമക്കളോട് ഞാൻ പറയുന്നു: നിങ്ങൾ ഒരു ശിഷ്യനായോ, ഒരു വിശുദ്ധനായോ, ഒരു പ്രവാചകൻ ആയോ ആയി തീർന്നിട്ടില്ല എങ്കിലും അങ്ങനെയുള്ളവരെ മനസ്സുകൊണ്ട് അംഗീകരിക്കുകയും കഴിവു പോലെ ആദരിക്കുകയും ചെയ്താൽ നിങ്ങൾക്കും, അവർക്ക് ലഭിക്കുന്ന പ്രതിഫലം ലഭിക്കും എന്നാണ് ഞാൻ പറയുന്നത്. നിങ്ങൾ അവർക്ക് നൽകുന്ന പിന്തുണയും പ്രോത്സാഹനവും നിമിത്തം അവർ കൂടുതൽ ആത്മീയ പക്വത പ്രാപിച്ച് ദൈവരാജ്യ പ്രവർത്തനത്തിൽ വളരുവാൻ ഇടയാകുമ്പോൾ, അങ്ങനെ സ്വർഗ്ഗരാജ്യം വളർത്തുന്നതിൽ നിങ്ങൾ നൽകിയ പങ്കാളിത്തം സ്വർഗ്ഗ പിതാവ് പരിഗണിച്ച് നിങ്ങൾക്കും പ്രതിഫലം തരും എന്ന് നിശ്ചയമായും വിശ്വസിക്കുക. എന്നാൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. നിങ്ങൾനൽകുന്ന സഹായസഹകരണങ്ങൾ സ്വന്തം ആവശ്യത്തിനും സുഖലോലുപതയും ആർഭാടവും നിറഞ്ഞ ജീവിതത്തിനും ആയിട്ടാണ് വിനിയോഗിക്കപ്പെടുന്നത് എങ്കിൽ അപ്രകാരമുള്ള കള്ള പ്രവാചകരെയും വ്യാജസുവിശേഷകരെയും മതനേതാക്കളെയും വിട്ടൊഴിഞ്ഞു പോകുവാൻ തക്ക ജാഗ്രത ഉള്ളവരും ആയിരിക്കണം നിങ്ങൾ.

എന്ന് സ്നേഹപൂർവ്വം സ്വന്തം യേശു

10-12-2020

## അദ്ധ്യായം 52

# നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ

(മത്തായി 14:15–21; മാർക്കോ. 6:35–44; ലൂക്കോ 9:10–17;യോഹന്നാൻ 6:1–13)

എന്റെ അടുക്കൽ എത്തുന്ന ജനങ്ങളുടെ സംഖ്യ ദിനം തോറും കൂടി കൂടി വന്നു. അവരോട് പ്രഭാഷണം നടത്തുക മാത്രമല്ല അവരുടെ രോഗികളെ സുഖപ്പെടുത്തുക എന്നത് വളരെ സമയമെടുത്ത് ചെയ്യേണ്ട ശുശ്രൂഷയാണ്. എല്ലാവരെയും ഒറ്റവാക്കിൽ സുഖപ്പെടുത്തുക അല്ല, ഓരോരുത്തരുടെയും വിശ്വാസവും മനോനിലയും വിലയിരുത്തിക്കൊണ്ടാണ് ഞാൻ സൗഖ്യം നൽകിയിരുന്നത്. എന്റെ അടുക്കൽ വന്നവരെ എല്ലാം അവരുടെ വിശ്വാസത്തിന്റെ തോതനുസരിച്ച് ഞാൻ സൗഖ്യമാക്കി. എന്നാൽ അല്പ വിശ്വാസികളും ഒട്ടും വിശ്വാസം ഇല്ലാത്തവരും എന്റെ അടുക്കൽ വന്നെങ്കിലും ആ കാരണത്താൽ സൗഖ്യം പ്രാപിക്കാതെ പോയവരും ഉണ്ട്. ലോകത്തിലെ എല്ലാ രോഗികളെയും ഒറ്റവാക്കിൽ സുഖപ്പെടുത്തുവാൻ കഴിവുണ്ടല്ലോ, അങ്ങനെ ഞാൻ ചെയ്തു കൂടെ എന്ന് ചിന്തിക്കുന്നവർ ചിലപ്പോൾ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടായേക്കാം. എന്നാൽ ഞാൻ അങ്ങനെ ഒരിക്കലും ചെയ്യുകയില്ല, കാരണം നേരത്തെ പറഞ്ഞത് ഒന്നുകൂടി പറയാം. എല്ലാ അത്ഭുത പ്രവർത്തികളും സൗഖ്യ ദാനങ്ങളും മനുഷ്യരുടെ വിശ്വാസവും ദൈവത്തിന്റെ ശക്തിയും ചേർന്നാണ് സംഭവിക്കുന്നത്. വിശ്വാസമില്ലാത്ത സന്ദർഭങ്ങളിൽ ദൈവശക്തി ഉപയോഗിക്കാതെ വരുന്ന അനുഭവങ്ങൾ ഞാൻ നേരത്തെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. (മാർക്കോസ് 6: 6).

ഞാൻ പറഞ്ഞു വന്നത്, വലിയ പുരുഷാരം എന്നെ സമീപിച്ച് സമയം തികയാതെ വരുന്ന കാര്യമായിരുന്നു. ഒരു വലിയ ജനക്കൂട്ടം, അതായത് പതിനായിരത്തിൽ പരം ആളുകൾ, എന്റെ അടുക്കൽ എത്തി രാവിലെ മുതൽ എന്റെ ശുശ്രൂഷയിൽ സംബന്ധിക്കുക ആയിരുന്നു. നേരം സന്ധ്യയായപ്പോൾ ശിഷ്യന്മാർ വന്ന് എന്നോട് പറഞ്ഞു: " ഇവിടെ

നാം മരുഭൂമിയിൽ ആയിരിക്ക കൊണ്ട് പുരുഷാരം ചുറ്റുമുള്ള ഊരുകളിലും കുടികളിലും പോയി രാത്രി പാർപ്പാനും ആ ഹാരം വാങ്ങുവാനും വേണ്ടി അവരെ പറഞ്ഞു അയക്കേണമേ"(ലൂക്കോസ് 9: 12; മാർക്കോസ് 6: 35). അവർ പറയാതെ തന്നെ ആ കാര്യം എനിക്ക് അറിയാമായിരുന്നു. ഞാൻ ഇതുവരെ ചെയ്യതിൽ വലുതായ ഒരു അത്ഭുതം ദൈവരാജ്യത്തിന്റെ അടയാളമായി ചെയ്യുന്നതിന് സമയമായെന്ന് സ്വർഗ്ഗ പിതാവ് എന്നെ ഓർമ്മപ്പെടുത്തി. ഞാൻ ശിഷ്യന്മാരോട് പറഞ്ഞു: "അവർ പോകണമെന്നില്ല നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുക്കണം" (മത്തായി 14: 16). ശിഷ്യന്മാരുടെ വിശ്വാസവും മനസ്സലിവും എന്തുമാത്രം ഉണ്ടെന്ന് അറിയാൻ തന്നെയാണ് ഞാൻ അങ്ങനെ പറഞ്ഞത്. തന്നെയല്ല, ആത്മീയ ആഹാരമാകുന്ന വചനപ്രഘോഷണം മാത്രമല്ല ശാരീരിക നിലനിൽപ്പിന് ആവശ്യമായ പോഷണം കൂടി നൽകുന്നതും ശിഷ്യന്മാരുടെ ഉത്തരവാദിത്വമാണെന്ന് അവരെ ബോധ്യപ്പെടുത്തുക കൂടിയായിരുന്നു എന്റെ ലക്ഷ്യം. ജനത്തിനു വേണ്ടി എന്താണ് ഞാൻ ചെയ്യേണ്ടത് എന്ന് എനിക്ക് നല്ല ബോധ്യമുണ്ടായിരുന്നു.

ഞാൻ പറഞ്ഞത് കേട്ടപ്പോൾ ശിഷ്യന്മാർ പകച്ചു പരസ്പരം നോക്കി നിന്നു. ഒരുത്തൻ എന്നോട് ചോദിച്ചു: " ഇത്രയും പേർക്ക് ഭക്ഷണം വാങ്ങുവാൻ 200 ദീനാർ വേണ്ടിവരും, അത് ഞങ്ങൾക്ക് സാധിക്കുന്ന കാര്യം അല്ലല്ലോ."(മർക്കോസ് 6: 37). അക്കാലത്ത് ഒരാളുടെ ദിവസക്കൂലി ഒരു ദീനാർ അഥവാ ഒരു വെള്ളിക്കാശ് ആയിരുന്നു. (ഇന്നത്തെ 200 ദീനാറിന് ഏകദേശം രണ്ട് ലക്ഷം രൂപ). മറ്റൊരുത്തൻ ചോദിച്ചു: "ഞങ്ങൾ പോയി വാങ്ങികൊണ്ട് വരണം എന്നാണോ അങ്ങ് പറയുന്നത്?" അവരുടെ മുഖത്തെ പരിഭ്രമം ഞാൻ ശ്രദ്ധിച്ചു. ഫിലിപ്പോസ് പറഞ്ഞു: "ആറുമാസത്തെ അധ്വാനത്തിന്റെ കൂലി വേണ്ടിവരും ഇത്രയും ആഹാരം വാങ്ങിക്കാൻ. അതുതന്നെ ലഘുഭക്ഷണം മാത്രമേ കിട്ടുകയുള്ളൂ. എല്ലാവർക്കും കൊടുക്കുവാൻ തക്കവണ്ണം കടകളിൽ പോലും തയ്യാറായി കാണുകയില്ല." (ലൂക്കോസ് 9: 13). അവരെല്ലാം പറഞ്ഞ കാര്യങ്ങൾ പ്രായോഗികമായി ശരിയായിരുന്നു. ഞാൻ ചോദിച്ചു: "എത്ര അപ്പം നിങ്ങളുടെ പക്കൽ ഉണ്ട്? പോയി അന്വേഷിച്ചു വരൂ".അന്ത്രയോസ് പറഞ്ഞു: "ഒരു ബാലന്റെ കയ്യിൽ 5 ബാർലി അപ്പവും രണ്ടു മീനും ഉണ്ട്, പക്ഷേ അതുകൊണ്ട് എന്ത് ആകാനാണ്?".ഞാൻ പറഞ്ഞു അത് എന്റെ കയ്യിൽ തരിക. ജനത്തെ 50, 100 എന്നിങ്ങനെ തിരിച്ച് വരിവരിയായി ക്രമത്തിൽ ഇരുത്തുക". ഞാൻ പറഞ്ഞത് അനുസരിച്ച് ശിഷ്യന്മാർ ജനത്തെ ഇരുത്തി. അത് കണ്ടപ്പോൾ ശിഷ്യന്മാരുടെയും ഇരുന്ന ജനങ്ങളുടെയും വിശ്വാസം എനിക്ക് ബോധ്യമായി. ഇനി അത്ഭുതം പ്രവർത്തിക്കാൻ പ്രയാസമില്ല.

ഞാൻ ആ അഞ്ചപ്പവും രണ്ടു മീനും കയ്യിലെടുത്ത് സ്വർഗ്ഗ പിതാവിനെ കാണിച്ച് സ്തോത്രം ചെയ്തു, മുറിച്ച്, ജനത്തിന് വിതരണം ചെയ്യുവാൻ ശിഷ്യന്മാർക്ക് കൊടുത്തു. 12 ശിഷ്യന്മാരും ഓരോ കുട്ടയിൽ ഞാൻ വാഴ്ത്തി കൊടുത്ത അപ്പക്കഷണങ്ങൾ, മീൻ എന്നിവ എന്റെ കയ്യിൽ നിന്നും വാങ്ങി അവരവരുടെ കുട്ടിയിൽ ഇട്ടു. അവർ ഓരോ കുട്ടയുമായി ഓരോ ഓരോ ഭാഗങ്ങളിലേക്ക് പോയി. എല്ലാവർക്കും സമൃദ്ധിയായി കൊടുത്തു അവർ ഭക്ഷിച്ചു തൃപ്തരായി. ശിഷ്യന്മാർ അവരോരുത്തരും അവരുടെ കുട്ടകളായി എന്റെ അടുക്കൽ തിരിച്ചുവന്നപ്പോഴും ആ 12 കുട്ടകളും നിറഞ്ഞു തന്നെ ഇരുന്നു. ഞാൻ പറഞ്ഞു: "ഇത് നിങ്ങൾക്കുള്ളതാണ്. നിങ്ങളും ഭക്ഷിച്ചുകൊള്ളുക. ഇനിയും വിശന്നു വരുന്നവർ ഉണ്ടെങ്കിൽ അവർക്കും കൂടി കൊടുക്കണം."

അവിടെ കൂടിയിരുന്നവരെല്ലാം അത്ഭുതപ്പെട്ടു, ദൈവത്തെ മഹത്വപ്പെടുത്തി. ശിഷ്യന്മാർ ആകട്ടെ അത്ഭുതപ്പെടുക മാത്രമല്ല, അല്പം അഹങ്കരിക്കുക കൂടി ചെയ്തു എന്ന് എനിക്ക് തോന്നി. ഞാൻ സ്വർഗ്ഗപിതാവിന്റെ അനുവാദത്തോടെ ചെയ്തതാണെങ്കിലും, ശിഷ്യന്മാരുടെയും ശിഷ്യന്മാരെ അനുസരിച്ച് വിശ്വസിച്ച ഭക്ഷണത്തിന് വരി തെറ്റിക്കാതെ അച്ചടക്കത്തോടെ ഇരുന്ന ജനത്തിനും ഉള്ള വിശ്വാസം കൂടി അത്ഭുത പ്രവർത്തനത്തിന് കാരണമായ പ്രധാന ഘടകങ്ങളായിരുന്നു. വിശന്നിട്ടു എന്നെ കേൾക്കുവാൻ ദിവസം മുഴുവനും കാത്തിരുന്നു എന്നത് വലിയ ഒരു കാര്യം തന്നെയായിരുന്നു.

ഈ അത്ഭുതം പ്രവർത്തിച്ചത് വഴി താഴെ പറയുന്ന ചില പ്രധാന കാര്യങ്ങൾ ഞാൻ ശിഷ്യന്മാരുടെ ശ്രദ്ധയിൽപ്പെടുത്തി അവരെ പഠിപ്പിക്കുകയായിരുന്നു. നിങ്ങൾക്കും ഈ കാര്യങ്ങൾ ബാധകമാണ്.

1) എന്റെ ജനത്തിന് ആത്മീയ ആഹാരം സമൃദ്ധിയായി നൽകുന്നതോടൊപ്പം ശാരീരിക ഭക്ഷണവും നൽകുന്നതിനുള്ള ഉത്തരവാദിത്വം ശിഷ്യന്മാർ ഏറ്റെടുക്കണം. കുടുംബത്തിലായാലും സമൂഹത്തിലായാലും സഭയിൽ ആയാലും വിശന്നിരിക്കുന്നവരെ കഴിവനുസരിച്ച് തീറ്റിപ്പോറ്റുന്നതിൽ എന്റെ യഥാർത്ഥ ശിഷ്യന്മാർ മുൻകൈയെടുക്കണം. സാമൂഹ്യദ്രോഹികൾ ആയി നടക്കുന്നവരെ പോലും നിങ്ങൾ കരുതണം. എങ്കിലും, ദൈവിക കാര്യങ്ങളിൽ വിശ്വാസം ഉള്ളവരെയും അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുന്നവരെയും ആദ്യം പരിഗണിക്കണം. ദൈവത്തിൽ ആശ്രയിക്കുന്നവർ ഒന്നിനും കുറവ് വരാതെ സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കുന്നത്

കണ്ടു, ദൈവനിഷേധികളും സാമൂഹ്യദ്രോഹികളും ആയി ജീവിക്കുന്നവർക്ക് ദൈവ സ്നേഹത്തെപ്പറ്റി മനസ്സിലാക്കുവാൻ അവസരമായി തീരും. വിശന്നിരിക്കുന്നവന്റെ മുൻപിൽ ദൈവം അപ്പത്തിൻന്റെ രൂപത്തിൽ പ്രത്യക്ഷനാകും എന്ന് അവർ മനസ്സിലാക്കട്ടെ.

2). നിങ്ങൾക്ക് വിശ്വാസം ഉണ്ടെങ്കിൽ നിങ്ങളെ സമീപിക്കുന്ന എല്ലാവരെയും സംതൃപ്തനാക്കാൻ സ്വർഗ്ഗപിതാവ് നിങ്ങളെ ശക്തികരിക്കും എന്ന് നിങ്ങൾ തിരിച്ചറിയുക. നിങ്ങളുടെ ഭവന അംഗങ്ങളെ മാത്രമല്ല നിങ്ങളുടെ സഹായം തേടി വരുന്ന എല്ലാവരെയും ആത്മീയമായും ലൗകീക മായും തൃപ്തിപ്പെടുത്തുവാൻ നിങ്ങളുടെ വിശ്വാസത്തോടെയുള്ള കാരുണ്യ മനോഭാവം നിങ്ങളെ പ്രാപ്തരാക്കും എന്ന് മനസ്സിലാക്കി ഉത്സാഹപൂർവ്വം മുന്നേറുക. എന്റെ സ്ഥാനാ പതികളായി പ്രവർത്തിക്കുന്ന നിങ്ങളുടെ അടുക്കൽ വന്നു നിരാശരായി തിരിച്ചു പോകാൻ ആർക്കും ഇടയാകാതെ ഇരിപ്പാൻ എന്റെ പിതാവിലും എന്നിലും പൂർണ്ണമായി വിശ്വസിച്ചു പരിശുദ്ധാത്മാവിനെറെ സഹായം തേടുക. നിങ്ങൾക്ക് ഒരിക്കലും നിരാശരാകേണ്ടി വരികയില്ല, നിശ്ചയം.

3). നിങ്ങളുടെ പക്കൽ ഒന്നുമില്ല എന്ന തോന്നലിൽ ആരും നിങ്ങളെ വിലയിരുത്തുവാൻ ഇടയാകരുത്. സ്വർഗ്ഗപിതാവ് സമ്പന്നനായിരിക്കുന്നത് പോലെ നിങ്ങളും സൽഗുണ പൂർണ്ണത ഉള്ളവർ ആയിരിക്കണം. (മത്തായി 5: 48). ഇക്കാര്യം നിങ്ങൾ തെറ്റിദ്ധരിക്കരുത്. ലൗകിക സമൃദ്ധി അല്ല ഞാൻ ഉദ്ദേശിച്ചത്. ചില ദുരുപദേശ കാർ ലൗകികസമൃദ്ധിയുടെ സുവിശേഷം ( prosperity gospel) പ്രസംഗിക്കുന്നത് നിങ്ങൾ തിരിച്ചറിയണം. ലോകപ്രകാരം സമൃദ്ധി നൽകുന്നത് ഈ ലോകത്തിന്റെ ദൈവമായ സാത്താനാണ്.(2.കൊരിന്ത്യർ4:4). മരുഭൂമിയിലെ പ്രലോഭനത്തിൽ സാത്താൻ എന്നെയും വീഴ്ത്താൻ നോക്കിയതാണ്. ലോകസമൃദ്ധി എല്ലാം കാണിച്ച്, അവനെ ഒന്ന് വണങ്ങിയാൽ ഇതെല്ലാം തരാമെന്ന് വാഗ്ദാനം നല്കി സാത്താൻ ഇന്നും അനേകരെ അവന്റെ കെണിയിൽ പെടുത്തികൊണ്ടിരിക്കുന്നു. ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും എന്നത് ദൈവത്തിന്റെ സദ്ഗുണങ്ങളുടെ പൂർണതയാണ്. ആ കാര്യത്തിലാണ് നിങ്ങൾ സമ്പന്നർ ആകേണ്ടത്. ലൗകികനേട്ടങ്ങൾക്ക് വേണ്ടി ഓടി നടക്കുന്നവരെ സ്വർഗ്ഗപിതാവ് മാടിവിളിക്കുന്നുണ്ടെങ്കിൽ പോലും സത്യദൈവം ആകുന്ന എന്നെയും എന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നിഷേധിച്ച് പോകുന്നവർ ഭോഷ്ക്ക് വിശ്വസിക്കേണ്ടതിന് വ്യാജത്തിന്റെ ആത്മാവിനെ ഏൽപ്പിച്ചു കൊടുക്കുന്ന മഹാ ദുരന്തത്തിൽ എത്തിച്ചേരും.

(2 തെസ്സലൊനീക്യർ 2: 9– 12). അങ്ങനെ പോകുന്നവരെയും പരിശുദ്ധാത്മസഹായത്തോടെ എന്റെ ശിഷ്യന്മാർ മാനസാന്തരത്തിൽ തിരിച്ചുകൊണ്ടുവരുവാൻ പരിശ്രമിക്കണം.

4) നിങ്ങളുടെ കയ്യിൽ ഉള്ളത് എന്താണെങ്കിലും അത് എത്രയുണ്ടെന്ന് പരിശോധിച്ചു കൊണ്ടിരിക്കണം. നിങ്ങളുടെ സ്വന്തമായിട്ടുള്ളത് ഒന്നുമില്ലെന്ന് ബോധ്യമായി വന്നാൽ മറ്റുള്ളവരെ ആശ്രയിക്കാനും സഹായം അഭ്യർഥിക്കുവാനും നിങ്ങൾ മടിക്കേണ്ടതില്ല. നിങ്ങൾ ചോദിക്കുന്നത് നിങ്ങളുടെ സ്വന്തം ആവശ്യത്തിനായിരിക്കരുത് എന്ന് മാത്രം. വിശന്ന് വലഞ്ഞ് കഴിയുന്നവർക്ക് വേണ്ടി മറ്റുള്ളവരുടെ സഹായം തേടുന്നത് നിങ്ങൾ ലജ്ജിക്കേണ്ട കാര്യമല്ല. ആരെയും നിർബന്ധിച്ചു, ഭയപ്പെടുത്തി, പ്രലോഭിപ്പിച്ചു പിരിച്ചെടുക്കരുത്. സന്തോഷത്തോടെ തങ്ങളുടെ കയ്യിലുള്ളത് എത്രമാത്രം ചെറുതാണെങ്കിലും ദൈവകരങ്ങളിൽ ഏൽപ്പിച്ചാൽ സമൃദ്ധിയായി വർദ്ധിക്കുമെന്ന പാഠം പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുക. അന്ന് അഞ്ചപ്പവും രണ്ടു മീനും നൽകിയ ബാലൻ ആയിരിക്കും ഏറ്റവും കൂടുതൽ സന്തോഷിച്ചത്. അത്രയും വലിയ പുരുഷാരത്തെ സംതൃപ്തിയായി പോറ്റുവാൻ അവൻ നൽകിയ ആ ചെറിയ "ഭക്ഷണപ്പൊതി" മുഖാന്തരം ആയി എന്നതിൽ അവനും എന്നെപ്പോലെ തന്നെ അഭിമാനിക്കുന്നുണ്ടായിരുന്നു. അവൻ അവന്റെ വീട്ടിലെത്തി അമ്മയോട് പറഞ്ഞത് നിങ്ങൾക്ക് കേൾക്കണോ? "അമ്മേ ഇന്ന് ഞാനും യേശുവും കൂടി വലിയ ഒരു അത്ഭുതം ചെയ്തു". അവൻ പറഞ്ഞത് ശരിയാണ്. അവൻ തനിക്കുള്ളത് നിസ്സാരമാണെങ്കിലും വിശ്വാസപൂർവ്വം എന്നെ ഏൽപ്പിച്ചു. ആ വലിയ ഒരു തത്വമാണ് നിങ്ങൾ പഠിക്കേണ്ടത്. നിങ്ങൾക്കുള്ളത് പൂർണ്ണമായും എന്നെ ഏൽപ്പിക്കുക, ഞാൻ അത് നിങ്ങൾക്കും കൂടെയുള്ള പതിനായിരങ്ങൾക്കും പൂർണ തൃപ്തി വരുത്തുവാനായി രൂപാന്തരപ്പെടുത്തി തരാം.

5) നിങ്ങൾ ശ്രദ്ധിച്ചുകാണും, ഞാൻ അപ്പം വർധിപ്പിച്ചപ്പോൾ നാല് കാര്യങ്ങൾ ചെയ്തു.

A) കയ്യിലെടുത്തു B) പിതാവിനെ കാണിച്ച് സ്തോത്രം ചെയ്തു വാഴ്ത്തി. C) അപ്പം നുറുക്കി കഷണങ്ങളാക്കി. D) വിളമ്പുവാൻ ആയി ശിഷ്യന്മാർക്ക് കൊടുത്തു. ഈ നാല് കാര്യങ്ങളെപ്പറ്റി വിശദമായി പിന്നീട് നിങ്ങളോട് പറയാം.

അപ്പത്തിന്റെ സ്ഥാനത്ത് നിങ്ങൾ നിങ്ങളെ തന്നെ സമർപ്പിച്ച് കുറച്ചുനേരം ഭാവനയിൽ കാണുക.

എന്റെ അടുക്കൽ നിങ്ങൾ എത്തിപ്പെട്ടാൽ ഞാൻ നിങ്ങളെ എന്റെ ഉള്ളം കയ്യിലെടുക്കും. എന്റെ കയ്യിൽ നിങ്ങൾ സുരക്ഷിതരാണ് എന്ന് നിങ്ങൾക്കും തോന്നും. അതുകഴിഞ്ഞാൽ ഞാൻ നിങ്ങളെ വാഴ്ത്തി അനുഗ്രഹിക്കും. അപ്പോൾ നിങ്ങൾ ഏറെ സന്തോഷിക്കും. എന്നാൽ മൂന്നാമത്തെ ഘട്ടം വരുമ്പോൾ, അതായത് മുറിക്കുവാൻ തുടങ്ങുമ്പോൾ, നിങ്ങൾ ചിലപ്പോൾ പ്രതിഷേധിച്ച് എന്റെ കയ്യിൽ നിന്ന് ഇറങ്ങി ഓടി പോകും. കഷ്ടതകൾ ആകുന്ന അനുഭവങ്ങൾ നിങ്ങളെ ശാരീരികമായും മാനസികമായും നുറുക്കി കളയും, തകർത്തുകളയും. എന്നാൽ അപ്രകാരമുള്ള മുറിക്കുന്ന അവസരത്തിലാണ് നിങ്ങളിൽ ആന്തരികമായ രൂപാന്തരം സംഭവിക്കുന്നത്. നിങ്ങൾ അനേകർക്ക് തൃപ്തി വരുത്തുവാൻ തക്കവിധം വർദ്ധിച്ചുവരുന്നത് അപ്രകാരം മുറിക്കപ്പെടുന്നതിനാലാണ്. നിങ്ങൾ മുറിക്കപ്പെടുവാൻ തയ്യാറല്ലെങ്കിൽ നിങ്ങളിൽ ആന്തരിക വളർച്ച സംഭവിക്കുന്നില്ല. അതിനാൽ തന്നെ മറ്റുള്ളവരെ സംതൃപ്ത രാക്കാൻ നിങ്ങൾക്ക് കഴിയുകയുമില്ല. ദൈവത്തിന്റെ ബലിയർപ്പണ കരങ്ങളിൽ മുറിക്കപ്പെടുവാൻ നിങ്ങൾ സ്വയം മനസ്സോടെ ഏൽപ്പിച്ചു കൊടുക്കുക. ദൈവകരങ്ങൾ കൊണ്ട് മുറിക്കപ്പെട്ട അനുഭവത്തിൽ ആണ് നിങ്ങളെങ്കിൽ അനേകായിരങ്ങൾക്ക് തൃപ്തി വരുത്തുവാൻ നിങ്ങളെ കൊണ്ട് എനിക്ക് സാധിക്കും.

6) നിങ്ങൾ എന്റെ കയ്യിൽ എത്തിയാൽ നിങ്ങൾ സങ്കൽപ്പിക്കുന്നത് എന്താണെങ്കിലും അതിനേക്കാൾ പതിന്മടങ്ങ് സമൃദ്ധിയായി കൊടുക്കുവാൻ എനിക്ക് സാധിക്കുമെന്ന് നിങ്ങൾ മനസ്സിലാക്കി എന്നോട് സഹകരിച്ച് നിങ്ങൾക്കുള്ളതെല്ലാം എന്നെ ഏൽപ്പിക്കുക. നിങ്ങൾക്ക് ഓരോരുത്തർക്കും പലതരം താലന്തുകൾ നൽകിയിട്ടുള്ള കാര്യം പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ..? താലന്തുകളുടെ എണ്ണമല്ല, അത് എങ്ങനെ വിനിയോഗിക്കുന്നു എന്ന് നോക്കിയാണ് പ്രതിഫലം തരുന്നത് എന്ന് മറക്കാതിരിക്കുക. താലന്തുകൾ കുറഞ്ഞുപോയി എന്ന് കരുതാതെ നിങ്ങൾക്ക് ലഭിച്ചത് കുഴിച്ച് ഇടാതെ സാഹചര്യങ്ങൾക്കനുസരിച്ച് വർദ്ധിപ്പിക്കുവാൻ ശ്രമിക്കുക. ഞാൻ നിങ്ങളുടെ കൂടെ ഇരുന്ന് വാഴ്ത്തി വർദ്ധിപ്പിക്കാം.

7). നിങ്ങൾക്കുള്ളത് നൽകുവാൻ തുടങ്ങിയാൽ അത് തുടർച്ചയായി വർദ്ധിച്ചുകൊണ്ടേയിരിക്കും. ഈ കാര്യം നിങ്ങൾ അനുഭവിച്ചറിയണം.

വിശ്വാസത്തോടെ നൽകുക, പ്രതിഫലം നിശ്ചയമാണ്. നിങ്ങൾക്കല്ല, നിങ്ങളിൽ കൂടെ മറ്റുള്ളവർക്ക് ആണ് ഞാൻ ഗുണം ചെയ്യുന്നത് എന്ന് ഓർക്കുക.

ഇവിടെ 5അപ്പവും അയ്യായിരം പുരുഷന്മാരും ആയിരുന്നല്ലോ. എന്നാൽ മറ്റൊരു സന്ദർഭത്തിൽ 7 അപ്പം കൊണ്ട് നാലായിരം പേരെ പോഷിപ്പിച്ചപ്പോൾ ഇതുപോലെതന്നെ അപ്പം വർദ്ധിപ്പിക്കുക ഉണ്ടായി. (മത്തായി 15 :32 ––;മർക്കോസ് 8 1–10). 5000 പേർക്ക് ശിഷ്യന്മാർ തന്നെ അപ്പം "കുട്ട"യിൽ നിന്നും വിതരണം ചെയ്യുകയായിരുന്നു. എന്നാൽ 4000 പേർക്ക് നൽകിയപ്പോൾ ജനങ്ങൾ നേരിട്ട് എടുക്കുവാൻ തക്കവണ്ണം വലിയ "വട്ടി"കളാണ് ഉപയോഗിച്ചത്. നിങ്ങൾ ആധുനികകാലത്ത് "ബുഫെ" നൽകുന്നതുപോലെ , എല്ലാവർക്കും ആവശ്യാനുസരണം തിരക്ക് കൂടാതെ സമൃദ്ധിയായി എടുക്കുവാൻ ക്രമീകരിച്ചിരുന്നു. ഇവർ മൂന്നു നാളായി വചനം കേട്ടിരുന്നതിനാൽ കൂടുതൽ ക്ഷീണിതരായ അവരോട് കൂടുതൽ അച്ചടക്ക നിയമങ്ങൾ ആവശ്യപ്പെടാതെ തന്നെ അവരവർ ഇരുന്ന സ്ഥലത്തേക്ക് ഭക്ഷണം എത്തിക്കുകയായിരുന്നു. ഇവിടെ ഞാൻ തന്നെയാണ് ശിഷ്യന്മാരെ വിളിച്ച് അവർക്ക് ഭക്ഷണം നൽകാൻ പറഞ്ഞത്. 5000 പേർക്ക് ഭക്ഷണം കൊടുത്ത ദിവസം ഇവരിൽ എല്ലാവരും തന്നെ പങ്കെടുത്തിരുന്ന വരായിരിക്കും. അന്ന് അത്ഭുതം കാണിച്ച് ഭക്ഷണം കൊടുത്തതുപോലെ ഇപ്രാവശ്യം ലഭിക്കുമെന്ന് പ്രതീക്ഷിച്ചതിനാൽ അവർ പലരും ഭക്ഷണം കരുതിയിരുന്നില്ല. അവർ നിരാശരാകരുത് എനിക്ക് പ്രത്യേകം എനിക്ക് നിർബന്ധമുണ്ടായിരുന്നു. വിശ്വാസത്തോടെയുള്ള അവരുടെ കാത്തിരിപ്പ് എന്റെ അത്ഭുത പ്രവർത്തനത്തിന് സഹായകമായി. നിങ്ങളും അപ്രകാരം വിശ്വാസത്തോടെ കാത്തിരിക്കുക. ഇനിയും ആത്മീയ ആഹാരം നൽകുന്ന കാര്യം പറയാം. അത് അടുത്ത ദിവസം ആകട്ടെ.

എന്ന് സ്നേഹപൂർവ്വം സ്വന്തം യേശു

11–12–2020.

## അദ്ധ്യായം 53

# ജീവന്റെ അപ്പം ഞാൻ നിങ്ങൾക്ക് നൽകാം

(യോഹന്നാൻ 6: 22 –65)

ഞാൻപോകുന്നിടത്തൊക്കെയുംജനക്കൂട്ടംതടിച്ചുകൂടികൊണ്ടിരുന്നു. ടിബെറിയാസ് കടൽക്കരയിൽ വെച്ചാണ് ഞാൻ അഞ്ചപ്പം കൊണ്ട് 5000 പേരെ പോഷിപ്പിച്ചത്. പിറ്റേ ദിവസവും ജനങ്ങൾ അവിടെ വന്നു എങ്കിലും ഞങ്ങൾ വഞ്ചിയിൽ കയറി അക്കരെ ഇറങ്ങി കഫർനാഹൂമിൽ എത്തിയിരുന്നു. ജനങ്ങൾ അറിഞ്ഞു അവിടെയും എത്തി. അവർക്ക് അത്ഭുതങ്ങൾ കാണാനും അപ്പം തിന്നാനും സൗഖ്യം പ്രാപിക്കാനും ഒക്കെയായിരുന്നു താല്പര്യം. ഞാൻ അവരോട് പറഞ്ഞു: "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടാണ് എന്നെ അനുഗമിക്കുന്നത്. നശിച്ചുപോകുന്ന ആഹാരത്തിന് വേണ്ടി അല്ല നിത്യജീവനിലേക്ക് നിലനിൽക്കുന്ന ആഹാരത്തിന് വേണ്ടി തന്നെ പ്രവർത്തിക്കുവിൻ. അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും. അവനെ പിതാവായ ദൈവം മുദ്രഇട്ടിരിക്കുന്നു."(യോഹന്നാൻ 6: 26–28). ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി എന്താണെന്ന് അവർ എന്നോട് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: "ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നത്രെ". അവർ വിശ്വസിക്കേണ്ടതിന് അടയാളം ചോദിച്ചു. തുടർന്ന് മോശ അവർക്ക് മരുഭൂമിയിൽ "മന്ന" നൽകിയ കാര്യവും പറഞ്ഞു. ഞാൻ ഇങ്ങനെ ഉത്തരം പറഞ്ഞു: " ആമേൻ ആമേൻ ഞാൻ നിങ്ങളോട്ടു പറയുന്നു, സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം നിങ്ങൾക്ക് തന്നത് മോശയല്ല; എന്റെ പിതാവത്രേ സ്വർഗ്ഗത്തിൽ നിന്നുള്ള സാക്ഷാൽ അപ്പം നിങ്ങൾക്ക് തരുന്നത്. ദൈവത്തിന്റെ അപ്പമോ, സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി വന്നു ലോകത്തിന് ജീവനെ കൊടുക്കുന്നത് ആകുന്നു". അപ്പോൾ അവർ എന്നോട് "കർത്താവേ ഈ അപ്പം എപ്പോഴും ഞങ്ങൾക്ക് തരേണമേ" എന്ന് പറഞ്ഞു.

ഞാൻ അവരോട് അല്പം ശബ്ദമുയർത്തി തന്നെ പറഞ്ഞു: " ഞാൻ ജീവന്റെ അപ്പം ആകുന്നു എന്റെ അടുക്കൽ വരുന്നവന് വിശക്കുകയുമില്ല, വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയും ഇല്ല. എന്നാൽ നിങ്ങൾ എന്നെ കണ്ടിട്ട് വിശ്വസിക്കുന്നില്ല..... പിതാവ് എനിക്ക് തരുന്നവർ ഒക്കെയും എന്റെ അടുക്കൽ വരും. എന്റെ അടുക്കൽ വരുന്നവരെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല. ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടം അത്രേ ചെയ്യുവാൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നിരിക്കുന്നത്. അവൻ എനിക്ക് തന്നതിൽ ഒന്നും ഞാൻ കളയാതെ എല്ലാവരെയും ഒടുക്കത്തെ നാളിൽ ഉയർത്തെഴുന്നേൽപ്പിക്കണം എന്നാണ് എന്നെ അയച്ചവന്റെ ഇഷ്ടം. പുത്രനെ നോക്കികൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്ന് ആകുന്നു എന്റെ പിതാവിന്റെ ഇഷ്ടം; ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയർത്തെഴുന്നേൽപ്പിക്കും."

ഞാൻ ഇത്രയും പറഞ്ഞപ്പോൾ എന്നെ വിമർശിക്കാൻ വന്നിരുന്ന യഹൂദന്മാർ പിറുപിറുത്തു തുടങ്ങി. ഞാൻ അവരോട് പറഞ്ഞു:" നിങ്ങൾ പിറുപിറുക്കേണ്ട, എന്റെ പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല.... പിതാവിൽ നിന്ന് കേട്ട് പഠിച്ചവൻ എല്ലാം എന്റെ അടുക്കൽ വരും. പിതാവിനെ ആരും കണ്ടിട്ടുണ്ട് എന്നല്ല, ദൈവത്തിന്റെ അടുക്കൽനിന്ന് വന്നവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളൂ. സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു:" വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ജീവന്റെ അപ്പം ആകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നിട്ടും മരിച്ചുവല്ലോ. ഇതോ തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിന്നു സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങുന്ന അപ്പം ആകുന്നു.... ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും. ഞാൻ കൊടുപ്പാൻ ഇരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു."

ഇതുകേട്ട് യഹൂദന്മാർ വീണ്ടും പ്രതിഷേധിക്കുവാൻ തുടങ്ങി. ഞാൻ വീണ്ടും അവരോട് ഉറപ്പിച്ചു പറഞ്ഞു:" ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു നിങ്ങൾ മനുഷ്യ പുത്രന്റെ മാംസം തിന്നുകയും അവന്റെ എന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയർത്തെഴുന്നേൽക്കും. എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും

ആകുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു..... ഞാൻ പിതാവിൽ മൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ ഞാൻ മൂലം ജീവിക്കും. സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന അപ്പം ഇതാകുന്നു. പിതാക്കന്മാർ തിന്നുകയും മരിക്കുകയും ചെയ്തതു പോലെയല്ല ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും".(യോഹന്നാൻ 6:26 –59).

കഫർനഹൂമിലെ പള്ളിയിൽവെച്ചാണ് ഞാൻ ഇതൊക്കെ പറഞ്ഞത്. എന്നിൽ വിശ്വാസമില്ലാത്ത യഹൂദർ സ്വാഭാവികമായും ഇത് സ്വീകരിച്ചില്ല. എന്നാൽ എന്റെ ശിഷ്യൻമാർ എന്ന് നടിച്ചിരുന്ന എല്ലാവരും "ഇത് കഠിന വാക്ക്, ആർക്കു കേൾക്കാൻ കഴിയും" എന്ന് പറഞ്ഞു എന്നെ വിട്ടുപോയി. എന്റെ 12 അപ്പോസ്തോലന്മാർ പരസ്പരം പിറുപിറുക്കുന്നത് കണ്ടപ്പോൾ ഞാൻ അവരോട് പറഞ്ഞു:" ഇത് നിങ്ങൾക്ക് ഇടർച്ച ആകുന്നുവോ? മനുഷ്യപുത്രൻ മുൻപേ ഇരുന്നിടുത്തേക്ക് കയറി പോകുന്നത് നിങ്ങൾ കണ്ടാലോ? ജീവിപ്പിക്കുന്നത് ആത്മാവാകുന്നു, മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോട് സംസാരിച്ച വചനം ആത്മാവും ജീവനും ആകുന്നു. എങ്കിലും വിശ്വസിക്കാത്തവർ നിങ്ങളുടെ ഇടയിൽ ഉണ്ട്". അന്നുമുതൽ എന്റെ പിതാവിനാൽ ആകർഷിക്കപ്പെടാത്ത പലരും എന്നിൽ നിന്നും പിൻവാങ്ങി പോയി. നിങ്ങൾക്കും പോയ്ക്കൊള്ളുവാൻ തോന്നുന്നുണ്ടോ എന്ന് 12 അപ്പോസ്തോലന്മാരോട് ഞാൻ ചോദിച്ചു. പത്രോസാണ് മറുപടി പറഞ്ഞത്:" കർത്താവേ ഞങ്ങൾ ആരുടെ പക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്." ഞാൻ മറുപടി പറഞ്ഞു:" നിങ്ങളെ 12 പേരെ ഞാൻ തെരഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളിൽ ഒരുവൻ ഒരു പിശാച് ആകുന്നു". സ്കറിയോത്ത യൂദായെ കുറിച്ചാണ് ഞാൻ അങ്ങനെ പറഞ്ഞത് എങ്കിലും അവർക്ക് അപ്പോൾ അത് മനസ്സിലായില്ല.

ഞാൻ ഇത്രയും വിശദമായി കാര്യങ്ങൾ മുൻകൂട്ടി പറയുവാൻ മറ്റൊരു കാരണം കൂടിയുണ്ട്. എന്റെ നിര്യാണ കാലം അടുത്തു വരുന്നതായി എനിക്ക് തോന്നി തുടങ്ങി. എന്റെ മരണത്തിന് മുൻപ് എന്റെ "ശരീരരക്തങ്ങൾ" നിങ്ങൾ എല്ലാവർക്കുമായി നൽകപ്പെടുവാനുള്ള പദ്ധതി ഞാൻ സ്വർഗ്ഗപിതാവുമായി ആലോചിച്ച് ഉറപ്പിച്ചു കഴിഞ്ഞിരുന്നു. ലോകത്തിന്റെ പാപത്തിനു വേണ്ടി അറുക്കപെടാനുള്ള "ദൈവത്തിന്റെ കുഞ്ഞാട്" ആയ ഞാൻ പെസഹ പെരുന്നാളിനോടനുബന്ധിച്ച് ബലി അർപ്പിക്കപ്പെടാനുള്ളതാണ്.

യഹൂദ പെസഹായിക്കു മുൻപായി ഞാൻ ക്രൂശിക്കപ്പെടുന്ന കാര്യം ശിഷ്യന്മാരുടെ അറിവിലേക്ക് പലപ്രാവശ്യം പറഞ്ഞതാണെങ്കിലും അവർ അത് ഗൗരവമായി പരിഗണിച്ചിരുന്നില്ല. അന്ത്യ അത്താഴ സമയത്ത് ഞാൻ വിശുദ്ധാകുർബാന സ്ഥാപിച്ച എന്റെ ശരീരരക്തങ്ങൾ ആണെന്ന് പറഞ്ഞു കൊടുത്തപ്പോൾ ആർക്കും ഒരു സംശയവും ഉണ്ടാകാതിരിക്കാനാണ് ഞാൻ ഇത്രയും വിശദമായി തന്നെ മുൻകൂട്ടി ഈ കാര്യം അവരോട് പറഞ്ഞത്. ഞാൻ രണ്ടാമത് വരുന്നതുവരെ എന്റെ ഓർമ്മയ്ക്കായി ചെയ്യുവാൻ എന്റെ ശിഷ്യന്മാരെ പരിശീലിപ്പിച്ച ഒരേ ഒരു അനുഷ്ഠാനമാണ് വിശുദ്ധ "കുർബാന" അഥവാ "അപ്പം മുറിക്കൽ" ശുശ്രൂഷ. അതെപ്പറ്റി കുറച്ചു കാര്യങ്ങൾ പിന്നെ പറയാം. ഈ സന്ദർഭത്തിൽ ഇതിനോട് ചേർന്ന് ചില കാര്യങ്ങൾ അക്കമിട്ടു നിങ്ങളോട് പറയട്ടെ.

1) യഹൂദൻമാരുടെ മനസ്സിൽ നിറഞ്ഞു നിന്നിരുന്നത് മോശയുടെ നേതൃത്വത്തിൽ അവരുടെ പൂർവികർ ചെങ്കടലും മരുഭൂമിയും കടന്ന് കനാൻ ദേശത്തേക്കുള്ള യാത്രയായിരുന്നു. അവർ ചെങ്കടൽ കടന്നതുപോലെ ഞാനും ശിഷ്യന്മാരും, 13 മൈൽ നീളവും 7 മൈൽ വീതിയുമുള്ള ഗലീലകടൽ കടന്ന് വന്നവരായിരുന്നു. മരുഭൂമിയിൽ അവർക്ക് ലഭിച്ചിരുന്ന "മന്നാ" മിച്ചം വയ്ക്കുവാൻ ആകാത്തവിധം ആയിരുന്നെങ്കിൽ, ഞാൻ നൽകിയ അപ്പം 12 കുട്ടകളിൽ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾക്കുമായി നിത്യജീവന്റെ പ്രതീകമായി ശേഖരിച്ചു വയ്ക്കാവുന്നതായിരുന്നു. ഇസ്രായേൽ മക്കൾ കനാൻ ദേശത്ത് എത്തി ഗോതമ്പു കൊണ്ടു ആദ്യമായി പുളിപ്പില്ലാത്ത അപ്പം തിന്നതിന്റെ അനുസ്മരണം ആയിരുന്നു പെസഹ എന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ. എന്നാൽ ദിനംതോറും ഉള്ള ആഹാരം ആക്കുവാൻ വേണ്ടിയാണ് ഞാൻ പുളിപ്പുള്ള അപ്പം കൊണ്ട് പെസഹ ആചരിക്കുവാൻ ശിഷ്യന്മാരെ പ്രത്യേകം ചുമതല ഏൽപ്പിച്ചത്. ഈ രണ്ട് പെസഹ അനുഭവങ്ങൾ ഒരേസമയം ഒത്തുവന്നത് ദൈവിക പദ്ധതിയായിരുന്നു.

2). അപ്പോസ്തോലന്മാർ എന്നോട് ചേർന്ന്നിന്നത് ഞാൻ സാക്ഷാൽ മശിഹാ തന്നെയാണെന്ന ഉത്തമ ബോധ്യത്തിൽ ആയിരുന്നു. നിത്യജീവൻ എന്നിൽ കൂടെ മാത്രമാണെന്ന് അവർ വിശ്വസിച്ചു. എന്നെ വിട്ടു പോയവർക്ക് ആ വിശ്വാസമില്ലായിരുന്നു. മോശയെപ്പോലെ ഈലോക പ്രകാരമുള്ള വിമോചകനായ ഒരു പ്രവാചകനെയാണ് അവർ "മശിഹാ"യായി എന്നിൽ പ്രതീക്ഷിച്ചത്. (ആവർത്തനം 18: 15 –19). അവർ ആ കാര്യം വ്യക്തമാക്കുകയും ചെയ്തു. (യോഹന്നാൻ 6:14; 7:40). ലോകപ്രകാരമൊരു വലിയ സാമ്രാജ്യം

സ്ഥാപിച്ച് മറ്റ് ഭരണാധികാരികളിൽ നിന്നും ഇസ്രായേൽ ജനതയെ വി മോചിപ്പിക്കുമെന്ന പ്രതീക്ഷയിലാണ് യഥാർത്ഥമായ മിശിഹാ ആയ എന്നെ തിരിച്ചറിയാൻ അവർക്ക് കഴിയാതെ പോയത്. എന്നെ കേൾക്കുന്ന നിങ്ങൾക്കും അപ്രകാരം ചിന്തിക്കാനുള്ള അപകടസാധ്യത ഞാൻ ചൂണ്ടിക്കാട്ടുകയാണ്.

3). എന്റെ പരസ്യശുശ്രൂഷ വേളയിലെ നാലാമത്തെ അത്ഭുതമാണ് ഇത്. നാല് സുവിശേഷങ്ങളിലും നിങ്ങളിത് വായിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇതിൽ ഒളിഞ്ഞിരിക്കുന്ന ആന്തരിക മർമ്മങ്ങൾ പ്രധാനപ്പെട്ടതാണെന്ന് അറിയാമല്ലോ. 5000 പേർക്കും 4000 പേർക്കും ആയി രണ്ട് സംഭവങ്ങൾ നിങ്ങൾ കാണുന്നുണ്ട്. ആദ്യത്തേത് യഹൂദന്മാർ ഭൂരിപക്ഷമുള്ള സമൂഹമായിരുന്നു. ഒരു ദിവസം കൊണ്ട് അത് പൂർത്തിയാക്കി. എന്നാൽ രണ്ടാമത്തേത്, മൂന്നു ദിവസത്തേക്ക് നീണ്ടു നിന്നിരുന്നു. യഹൂദന്മാരെക്കാൾ അധികം പുറജാതി ജനങ്ങൾ അതിൽ സംബന്ധിച്ചിരുന്നതിനാൽ അവർക്ക് മനസ്സിലാകുന്ന വിധത്തിൽ പലതും വിശദീകരിച്ച് പറയേണ്ടിവന്നു. അവരുടെ കേൾക്കാനുള്ള സന്നദ്ധതയും തീക്ഷ്ണതയും കണ്ടു ഞാൻ എന്റെ പ്രഭാഷണവും രോഗസൗഖ്യ ദാനവും നിർത്താതെ തുടരുകയായിരുന്നു. നിങ്ങളും കേൾക്കാൻ വരുന്നവരുടെ താല്പര്യമനുസരിച്ച് ശുശ്രൂഷ നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

4) യഹൂദന്മാരുടെ ബലിവസ്തു മൃഗങ്ങളും പക്ഷികളും ആയിരുന്നു. എന്നാൽ ഞാൻ സ്ഥാപിച്ച പെസഹാ ബലിയിൽ അപ്പ വീഞ്ഞുകൾ ആയിരുന്നു ബലിവസ്തു. പണ്ട് അബ്രഹാമിന് പ്രത്യക്ഷപ്പെട്ട ദൈവത്തിന്റെ പുരോഹിതനായ മൽക്കിസദേഖ് അപ്പ– വീഞ്ഞുകൾ വച്ച് നടത്തിയ വിരുന്നുക്രമപ്രകാരമുള്ള പൗരോഹിത്യ ശുശ്രൂഷ ആണ് ഞാൻ ഭൂമിയിൽ പുനസ്ഥാപിച്ചത്. മൂക ജന്തുക്കളുടെ ബലിയർപ്പണം എന്റെ കാൽവറി ക്രൂശിലെ ബലി മൂലം പൂർണമായി ഞാൻ നിർത്തൽ ചെയ്തു. യഹൂദന്മാരുടെ പെസഹ ദിനത്തിൽ അറുക്കപ്പെടുന്ന കുഞ്ഞാടിന്റെ സ്ഥാനത്തും ആ സമയത്തും , പുതിയ നിയമ പെസഹ കുഞ്ഞാട് ആയ ഞാൻ ബലി ആയതിനാൽ തുടർന്ന് യാതൊരു മൃഗബലിയും അതിനോട് ചേർന്നുള്ള അഹരോന്യ പൗരോഹിത്യവും പുതിയ നിയമസഭയിൽ നിലനിർത്തേണ്ട ആവശ്യമില്ല. പഴയനിയമബലികൾ എല്ലാം എന്റെ കാൽവറി ബലിയുടെ നിഴൽ മാത്രമായിരുന്നു. ആ ബലികൾക്കെല്ലാം പൂർത്തീകരണവും ഫലപ്രാപ്തിയും ഉണ്ടായത് സാക്ഷാൽ പൊരുളായ എന്റെ കാൽവരിയിലെ പരമ യാഗം മൂലമാണ്. എല്ലാകാലത്തും ഉള്ള സകല മാനവരാശിയുടെയും നിത്യജീവൻ ഉറപ്പാക്ക പ്പെടുന്നത് എന്റെ

പരമ യാഗത്തിലുള്ള വിശ്വാസ പൂർണമായ പങ്കാളിത്തം വഴിയാണ്. കാരണം, ദൈവപുത്രനായ ഞാൻ എന്റെ സ്വന്തം ജീവൻ ബലിയായി കൊടുത്തത് ലോകത്തിലുള്ള സകല മനുഷ്യർക്കും നിത്യജീവൻ നൽകുവാനാണ്. ലോകത്തിലെ നാനാജാതി മതസ്ഥരും ദൈവസ്വ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതിനാൽ ഒരാൾ പോലും നഷ്ടപ്പെട്ട നശിച്ചുപോകരുത് എന്നാണ് സ്വർഗ്ഗപിതാവ് ആഗ്രഹിക്കുന്നത്.

5). സാക്ഷാൽ ദൈവപുത്രനായ ഞാൻ എങ്ങനെ മനുഷ്യപുത്രനായി അവതരിച്ചു എന്ന് ബുദ്ധികൊണ്ട് മനസ്സിലാക്കാൻ ആർക്കും കഴിയില്ല; അത് വിശ്വസിക്കുവാൻ മാത്രമേ കഴിയൂ. എന്നാൽ അപ്രകാരം നിങ്ങൾ വിശ്വസിക്കുന്നവരാണ് എന്ന് സ്വയമായി നിങ്ങൾക്കു മാത്രമല്ല ദൈവമുമ്പാകെയും മനുഷ്യരുടെ മുൻപിലും പരസ്യമായി സാക്ഷ്യപ്പെടുത്താൻ ഉള്ള ഒരു അവസരം ആയിട്ടാണ് ഞാൻ അപ്പവും വീഞ്ഞും എടുത്ത് എന്റെ "മാംസവും രക്തവും" ആണെന്ന് നിങ്ങളോട് പറഞ്ഞത്. അത് യോഗ്യതയോടെ ഭക്ഷിക്കുവാൻ വിശ്വസിച്ചു കൊണ്ട് നിങ്ങൾ മുന്നോട്ടു വരുമ്പോൾ, നിങ്ങളുടെ വിശ്വാസം സത്യമാണെന്ന് നിങ്ങൾ പൊതുവായി സാക്ഷ്യപ്പെടുത്തുകയാണ്. അതിനുവേണ്ടിയാണ് ലോകാവസാനത്തോളം ഈ ശുശ്രൂഷ തുടരുവാൻ ശിഷ്യന്മാരോട് പറഞ്ഞത്. എന്നിലുള്ള സത്യവിശ്വാസം പരസ്യമായി പ്രകടിപ്പിക്കുന്ന വിശുദ്ധ കുർബാന സ്വീകരണ ത്തോടൊപ്പം തുടർന്നുള്ള നിങ്ങളുടെ ജീവിതവും സത്യവിശ്വാസത്തിന് അനുസരിച്ചുള്ള മാതൃക ആകണം എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇന്ന് പലരും, സത്യവിശ്വാസം ഇല്ലാതെയും വേണ്ടത്ര ആത്മശോധന നടത്താതെയും അയോഗ്യമായി എന്റെ ശരീരരക്തങ്ങൾ ഭക്ഷിക്കുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങനെയുള്ളവർക്ക് ശിക്ഷ ഉണ്ടാകുമെന്ന് അറിയുക.

6). വിശുദ്ധ കുർബാനയിലേക്ക് സൂചന നൽകുന്ന വിധം 4 കാര്യങ്ങൾ ഞാൻ അപ്പം വർധിപ്പിക്കുന്ന സന്ദർഭത്തിൽ ചെയ്തത് നിങ്ങൾ ശ്രദ്ധിച്ചു കാണും.

A) അപ്പം "എടുത്തു". അപ്പ ത്തോടൊപ്പം നിങ്ങളെയും ഞാൻ കയ്യിൽ എടുത്തിരിക്കുകയാണ് എന്ന് നിങ്ങൾ മനസ്സിലാക്കുക. യഹോവ നിങ്ങളെ ഉള്ളംകൈയിൽ വരച്ചിരിക്കുന്നു എന്ന പഴയനിയമം പ്രമാണം ഞാൻ നടപ്പാക്കുകയാണ് എന്ന് നിങ്ങൾ മനസ്സിലാക്കുക. എന്റെ കയ്യിൽ നിങ്ങൾ സുരക്ഷിതരാണ്. എന്റെ കയ്യിൽ നിന്നും ആരും നിങ്ങളെ തട്ടിക്കൊണ്ടു പോവുകയില്ല. ഞാൻ നിങ്ങളെ കയ്യിലെടുക്കാൻ

ആഗ്രഹിക്കുമ്പോൾ നിങ്ങൾ മാറി പോകുന്നത് കണ്ടു ഞാൻ ദുഃഖിക്കാറുണ്ട്. ഒരുവേള, മനസ്സോടെ എന്റെ കയ്യിൽ ഇരുന്നാലും നിങ്ങൾ ആവശ്യപ്പെടുന്ന വിധത്തിൽ ഞാൻ നിങ്ങളെക്കൊണ്ട് പോകാഞ്ഞാൽ നിങ്ങൾ അസ്വസ്ഥരായി അവസരം കിട്ടുമ്പോൾ എന്റെ കയ്യിൽ നിന്നും ഇറങ്ങി ഓടുന്ന കാഴ്ച എന്നെ വേദനിപ്പിക്കുന്നുണ്ട് എന്ന് ഓർക്കുക.

B). ഞാൻ "വാഴ്ത്തി". എന്റെ കയ്യിൽ ഇരിക്കുന്ന നിങ്ങളെ ഞാൻ വാഴ്ത്തി അനുഗ്രഹിക്കുന്നു എന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്. ശരിയാണ് ഞാൻ നിങ്ങളെ വാഴ്ത്തി അനുഗ്രഹിക്കുക തന്നെ ചെയ്യും. എന്നാൽ അതിനു മുൻപായി സ്വർഗ്ഗ പിതാവിനോട് നന്ദി അർപ്പിക്കുന്നതാണ് ഏറ്റവും പ്രധാനമായ കാര്യം. വിശുദ്ധ കുർബാനയ്ക്ക് നന്ദി അർപ്പണം എന്നർത്ഥമുള്ള Eucharist എന്ന പേര് പറയുന്നത് അതുകൊണ്ടാണ്.

സ്വർഗ്ഗപിതാവിൽ നിന്നും ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി അഥവാ സ്തോത്രം അർപ്പിക്കുക എന്നതാണ് പരമപ്രധാനമായ കാര്യം. ആരാധനയിൽ വിശുദ്ധ കുർബാനയെ പറ്റി പറയുന്നത് " അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവും " ആകുന്നു എന്നാണല്ലോ. ദൈവത്തിൽനിന്നും എന്നും ലഭിക്കുന്ന അനുഗ്രഹങ്ങൾ പ്രാപിച്ച നിങ്ങൾ ദൈവവും ആയും മനുഷ്യരുമായും അനുരഞ്ജനപെട്ടു മാത്രം ബലിപീഠത്തിന്റെ മുൻപാകെ പോകണം. അഥവാ രമ്യം ആകാൻ കഴിഞ്ഞില്ലെങ്കിൽ അതുവരെയും ബലിയിൽ പങ്കെടുക്കുവാൻ ഞാൻ ആരെയും അനുവദിക്കുന്നില്ല.

C). ഞാൻ "നുറുക്കി." എന്റെ കയ്യിൽ എടുക്കുന്നതും ഞാൻ വാഴ്ത്തുന്നതും നിങ്ങൾക്ക് സന്തോഷം നൽകുന്ന കാര്യങ്ങൾ ആണ്. നുറു ക്കുവാൻ വേണ്ടിയാണ് ഞാൻ നിങ്ങളെ എടുക്കുന്നതും വാഴ്ത്തുന്നതും എന്ന് നിങ്ങൾ നല്ലവണ്ണം അറിഞ്ഞിരിക്കണം. വിശുദ്ധ കുർബാനയ്ക്ക് ആദ്യം ഉണ്ടായിരുന്ന പേര് തന്നെ "അപ്പം മുറിക്കൽ" ശുശ്രൂഷ എന്നായിരുന്നു. (അ. പ്ര. 2:42 ). മുറിക്കപ്പെടുന്ന അനുഭവത്തിലൂടെയാണ് ആന്തരിക രൂപാന്തരം സംഭവിക്കുന്നത്. ശരീര പോഷണത്തിനായി കഴിക്കുന്ന വെറും ഗോതമ്പ് അപ്പം ബാഹ്യരൂപം മാറാതെതന്നെ അനേകർക്ക് നിത്യജീവൻ നൽകുന്ന എന്റെ മാംസമായി തീരുന്ന അത്ഭുതകരമായ പ്രക്രിയ നടക്കുന്നത് ഈ "മുറിക്കൽ ശുശ്രൂഷ"യിൽ കൂടിയാണ്. നിങ്ങൾ മുറിക്കപെടാതെ ഇരുന്നാൽ നിത്യജീവൻ ലഭിക്കത്തക്ക ആന്തരിക മാറ്റം നിങ്ങൾക്ക് ലഭിക്കാതെ പോകും. ആകയാൽ ജീവിതത്തിലുണ്ടാകുന്ന

കഷ്ടതകളും പ്രതിസന്ധികളും ആകുന്ന മുറിക്കപ്പെടുന്ന അനുഭവങ്ങൾ ആയി, ദൈവം തന്റെ കരങ്ങളിൽ എടുത്ത്, അനേകർക്ക് നിത്യജീവൻ പകർന്നു കൊടുക്കുവാൻ വേണ്ടി രൂപാന്തരപ്പെടുത്തി കൊണ്ടിരിക്കുകയാണെന്ന് മറക്കാതിരിക്കുക.(മത്തായി. 15: 36; 26:27; മർക്കോസ് 8: 6; : 14:23 ;ലൂക്കോസ് 22: 17– 19 ; 1കൊരിന്ത്യർ. 11:24; എഫെസ്യർ. 5: 20) എന്നീ വേദഭാഗങ്ങൾ കൂടി പരിശോധിക്കുക.

D) അനേകർക്ക് "കൊടുത്തു"

ഞാൻ അഞ്ചപ്പം വാഴ്ത്തി വിതരണം ചെയ്തത് നിങ്ങൾ ശ്രദ്ധിച്ചു കാണും. ജനങ്ങളിൽ നിന്നും ശേഖരിച്ച് എന്റെ കയ്യിൽ തന്ന അപ്പം ഞാൻ സ്തോത്രം പറഞ്ഞു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു. അവർ അത് ജനങ്ങൾക്ക് നൽകി. ഈ ഒരു ക്രമം നിങ്ങൾ ആരാധനയിലും പാലിക്കണം. നിങ്ങളുടെ പക്കലുള്ളത് എത്ര ചെറുതായാലും എന്റെ കയ്യിൽ തരുവാൻ ആയി എന്റെ സ്ഥാനാപതികളായി നിയമിക്കപ്പെട്ടിരിക്കുന്ന പട്ടക്കാരെ ഏൽപ്പിക്കുകയും അവർ എന്റെ മേശയിൽ ബലിയർപ്പിച്ച് നിങ്ങള്ക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന രീതി, അപ്പസ്തോലന്മാർക്ക് ഞാൻ സെഹിയോൻ മാളികയിൽ വെച്ച് കാണിച്ചുകൊടുത്ത മാതൃകയാണ്. ഞാൻ രണ്ടാമത് വരുവോളം നിങ്ങൾ അത് തുടരണം. ഞാൻ എന്നെ തന്നെ നിങ്ങൾക്ക് ബലിയായി നൽകിയതുപോലെ നിങ്ങളും മറ്റുള്ളവർക്കുവേണ്ടി ബലിയായ് തീരുവാൻ സന്നദ്ധരാകണം.

ഞാൻ കാണിച്ചു തന്ന മാതൃക ബലിയർപ്പണത്തിൽ അവസാനിക്കുന്നതല്ല. ആരാധനയിലൂടെ ദൈവത്തിന് നിങ്ങൾ സമർപ്പിക്കപ്പെട്ടു കഴിയുമ്പോൾ, അത് ബലി ആയി തീരുമ്പോൾ നിങ്ങൾക്ക് ലഭിക്കുന്ന ആത്മീയ ഊർജ്ജം മറ്റുള്ളവർക്ക് വേണ്ടി ചിലവാക്കുന്ന ശുശ്രൂഷജീവിതത്തിലേക്ക് നിങ്ങളെ നയിക്കണം. ഞായറാഴ്ചകളിൽ ദേവാലയത്തിലെത്തി നിങ്ങളുടെ വിശ്വാസം വിശുദ്ധ കുർബാന അനുഭവത്തിലൂടെ പരസ്യമായി പ്രഖ്യാപിച്ചശേഷം, തുടർന്നുള്ള ദിവസങ്ങളിലും സമൂഹത്തിൽ ഉത്തമ സാക്ഷ്യ ജീവിതം കാഴ്ചവയ്ക്കുന്ന ശുശ്രൂഷകരായി തീരണം നിങ്ങൾ. എന്റെ അടുക്കലെത്തി എന്റെ കയ്യിലിരുന്ന് വാഴ്ത്തപ്പെട്ട, നുറുക്കപെട്ട അനുഭവത്തിൽ എത്തിക്കഴിഞ്ഞാൽ, അവിടെ കൊണ്ട് തൃപ്തരാകാതെ മറ്റുള്ളവർക്ക് കൊടുക്കപ്പെടുന്നവർ ആയിട്ട് നിങ്ങളോരോരുത്തരും വിളിക്കപ്പെട്ടവരാണ് എന്ന ഉത്തമബോധ്യത്തോടെ പ്രവർത്തിക്കുവാൻ നിങ്ങൾക്ക് എല്ലാവർക്കും ഇടയാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

ആദ്യം എന്നെ അന്വേഷിച്ച വന്ന യഹൂദൻമാരോട് അന്ന് ഞാൻ പറഞ്ഞതുപോലെ തന്നെ ഒരിക്കൽ കൂടി ഇന്ന് നിങ്ങളോട് പറയുന്നു :" നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടാണ് എന്നെ അനുഗമിക്കുന്നത്. നശിച്ചുപോകുന്ന ആഹാരത്തിന് ആയിട്ടല്ല നിത്യജീവനിലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായി തന്നെ പ്രവർത്തിക്കുക. അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും. അവനെ പിതാവായ ദൈവം മുദ്ര ഇട്ടിരിക്കുന്നു." ഞാനിത് വീണ്ടും എടുത്തു പറയാൻ കാരണം എന്നെ കേൾക്കുന്നവരിൽ ഞാൻ പറഞ്ഞത് വേണ്ടത്ര ശ്രദ്ധിക്കാത്തവരും കേട്ടവരിൽ തന്നെ ഗ്രഹിക്കാത്തവരും ഉണ്ട്. ഗ്രഹിക്കുവാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ.

എന്ന് സ്നേഹപൂർവ്വം സ്വന്തം യേശു

11-12-2020.

## അദ്ധ്യായം 54

# ന്യായപ്രമാണങ്ങളും പാരമ്പര്യങ്ങളും എന്റെ കാഴ്ചപ്പാടിൽ ആചരിക്കുക

യഹൂദജനതയ്ക്ക് കാലാകാലങ്ങളിൽ ദൈവം നൽകിയ ന്യായപ്രമാണങ്ങളെയും കല്പനകളെയും ശരിയായ വിധത്തിൽ മനസ്സിലാക്കാതെ ദുർവ്യാഖ്യാനം ചെയ്തു കൊണ്ടിരുന്ന യഹൂദമത നേതാക്കന്മാരുടെ നിലപാടുകളും ആചരണങ്ങളും അനുഷ്ഠാനങ്ങളും നിയന്ത്രണങ്ങളും എന്റെ സ്വർഗ്ഗപിതാവിന്റെ ഹിതത്തിനും പദ്ധതികൾക്കും പലപ്പോഴും വിരുദ്ധമായിരുന്നു. ആയതിനാൽ എന്നെ കേൾക്കുന്നവരായ നിങ്ങൾക്ക് ഞാൻ ചില തിരുത്തലുകൾ നിർദേശിക്കുകയാണ്.

A. നിങ്ങളെ അശുദ്ധമാക്കുന്നത് നിങ്ങളുടെ കപടഭക്തിയാണ്

(മത്തായി 15:1,2;7–11; മാർക്കോസ് 7:1–9)

എന്റെ കുറ്റം കണ്ടുപിടിക്കാൻ ആയിതന്നെ കുറെ യഹൂദപ്രമാണിമാർ എന്നെ അനുഗമിച്ചിരുന്നു എന്ന് ഞാൻ പറഞ്ഞിരുന്നല്ലോ. യെരുശലേമിലെ മത നേതാക്കന്മാരോട് എന്നെ പറ്റി കുറ്റം കണ്ടെത്തി റിപ്പോർട്ട് നൽകുവാൻ നിയോഗിക്കപ്പെട്ടവർ ആയിരുന്നു അവർ. എന്റെ ശിഷ്യന്മാർ ഭക്ഷണം കഴിക്കുന്നതിനു മുൻപ് കൈ കഴുകുന്ന പതിവില്ല എന്നതായിരുന്നു അവർ കണ്ടുപിടിച്ച ഒരു കുറ്റം. ഞങ്ങൾ സാധാരണ ഭവനങ്ങളിൽ വെച്ച് ഭക്ഷണം കഴിക്കുന്നത് അവർ കാണാതെയാണ് അപ്രകാരം കുറ്റപ്പെടുത്തിയത്. അപ്പോഴൊക്കെ ഞങ്ങൾ കൈകഴുകി തന്നെ ആയിരുന്നു ഭക്ഷിച്ചിരുന്നത്. എന്നാൽ യാത്രയിൽ, ദൈവരാജ്യശുശ്രൂഷയിൽ വ്യാപൃതരായി ഗ്രാമം തോറും സഞ്ചരിക്കുമ്പോൾ ഞങ്ങളുടെ ഭക്ഷണം ആരെങ്കിലും ഒരാൾ പോയി ഏതെങ്കിലും കടയിൽനിന്ന് വാങ്ങി കൊണ്ടുവരും. പിന്നെ വഴിയരികിലെ വൃക്ഷത്തണലിൽ അല്ലെങ്കിൽ പാറപ്പുറത്ത് ഒക്കെ ഇരുന്ന് കഴിക്കും. ബ്രഡ്ഡും എന്തെങ്കിലും പഴവർഗ്ഗങ്ങളും പാൽക്കട്ടിയും ഒക്കെ ആയിരുന്നു ഞങ്ങളുടെ അപ്പോഴത്തെ ഭക്ഷണം. കുടിക്കാനുള്ള വെള്ളം മാത്രമേ ഞങ്ങൾ കൂടെ

കരുതാറുള്ളൂ. അത്തരം ഭക്ഷണം ആയതിനാൽ ഭക്ഷണത്തിനു മുൻപും പിൻപും കൈകഴുകേണ്ട ആവശ്യം വരാറില്ല. ഇത് കണ്ടു കൊണ്ടാണ് അവർ ഞങ്ങളെ വിമർശിച്ചത്. യഥാർത്ഥ കാര്യമറിയാതെ നിങ്ങൾ ആരെയും വിമർശിക്കരുത് എന്ന് ഈ സന്ദർഭത്തിൽ നിങ്ങളെയും ഓർമിപ്പിക്കുന്നു.

പരീശന്മാർ ഞങ്ങളെ കുറ്റപ്പെടുത്തിയത് ഞങ്ങൾ അങ്ങനെ ചെയ്തത് കൊണ്ട് ദൈവത്തെ കോപിപ്പിച്ചു എന്നതല്ല, അവർ എഴുതിയുണ്ടാക്കിയ ന്യായപ്രമാണലംഘനം നടത്തി എന്നതാണ്. അതുകൊണ്ടുതന്നെ ഞാൻ ഏശായ പ്രവാചകൻ പറഞ്ഞ കാര്യം അവരോട് പറഞ്ഞു: "ഈ ജനം അടുത്തുവന്ന് വായ കൊണ്ടും അധരം കൊണ്ടും എന്നെ ബഹുമാനിക്കുന്നു, എങ്കിലും അവരുടെ ഹൃദയത്തെ അവർ എങ്കിൽ നിന്ന് ദൂരത്ത് ആക്കി വച്ചിരിക്കുന്നു. എന്നോടുള്ള അവരുടെ ഭക്തി മാനുഷിക കൽപനയാണ്..... ഇതു കാരണത്താൽ അവരുടെ ജ്ഞാനികളുടെ ജ്ഞാനം നശിക്കും; അവരുടെ ബുദ്ധിമാന്മാരുടെ ബുദ്ധിയും മാഞ്ഞുപോകുമെന്ന് കർത്താവ് അരുളിച്ചെയ്യുന്നു." (എശയ. 29:13,14) ആ കാര്യം തന്നെ ഞാൻ എന്റേതായ് അവരോട് ഒരിക്കൽ കൂടി എടുത്തു പറഞ്ഞു:" ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു. മാനുഷിക കൽപനകൾ ആയ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നത് കൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു".(മത്താ. 15:8,9). ഈ പ്രവചനം യഹൂദൻമാരിൽ പൂർത്തി ആയിരിക്കുന്നു എന്നുകൂടി ഞാൻ പറഞ്ഞു.

അതു കഴിഞ്ഞ് ഞാൻ ജനത്തോട് പറഞ്ഞു:" കേട്ട് ഗ്രഹിച്ചു കൊൾവിൻ. മനുഷ്യനെ അശുദ്ധി വരുത്തുന്നത് വായ്ക്കകത്ത് പോകുന്നതല്ല, വായിൽനിന്ന് പുറപ്പെടുന്നതത്രെ" (മത്തായി7:11). ഇതുകേട്ട് പരീശന്മാർ ഇടറി എന്നോട് കോപിച്ച് ഇറങ്ങിപ്പോയി. അതേപ്പറ്റി കൂടുതൽ അറിയാൻ ശിഷ്യന്മാർ എന്നോട് ചോദിച്ചപ്പോൾ ഞാൻ അല്പം കൂടി വിശദമായി പറഞ്ഞു: "നിങ്ങളും അവരെ പോലെ ബോധമില്ലാത്തവരോ? വായ്ക്കകത്ത് കടക്കുന്നത് എല്ലാം വയറിനകത്ത് ചെന്നിട്ട് മറപ്പുരയിൽ പോകുന്നു എന്ന് ഗ്രഹിക്കുന്നില്ലയോ? വായിൽ നിന്ന് പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്ന് വരുന്നു. അത് മനുഷ്യനെ അശുദ്ധനാക്കുന്നു. എങ്ങനെയെന്നാൽ ദുഷ് ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, മോഷണം എന്നിവ ഹൃദയത്തിൽ നിന്ന് പുറപ്പെട്ടു വരുന്നു. മനുഷ്യനെ അശുദ്ധനാക്കുന്നത് ഇതത്രെ. കഴുകാത്ത കൈകൊണ്ട് ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധൻ ആക്കുന്നില്ല."(മത്തായി 7:16-20). ഒരുപക്ഷേ

രോഗികൾ ആക്കിയേക്കാം.

ഞാൻ ഇങ്ങനെ പറഞ്ഞപ്പോൾ നിങ്ങൾക്കും ചില സംശയങ്ങൾ ഉണ്ടാകാനിടയുണ്ട്. വിഷാംശം നിറഞ്ഞ ഭക്ഷണങ്ങൾ, അമിത കൊഴുപ്പു കൂടിയ പദാർത്ഥങ്ങൾ തുടങ്ങിയവ കഴിക്കുന്നത് മനുഷ്യരെ രോഗികൾ ആക്കും എന്നതിനാൽ അത് ദോഷമല്ലേ? തീർച്ചയായും ശരിയാണ്, അവ നിങ്ങളെ അശുദ്ധമാക്കുകയല്ല, രോഗികളാക്കി മാറ്റുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സാധാരണ ഭക്ഷണസാധനങ്ങൾ തെരഞ്ഞെടുക്കുമ്പോഴും പാകം ചെയ്തു കഴിക്കുമ്പോഴും കൈമാത്രമല്ല, ഭക്ഷണപദാർത്ഥങ്ങളും നല്ലവണ്ണം കഴുകിയ ശേഷം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ശരീരത്തിന്റെ ആരോഗ്യത്തിന് അത് അത്യാവശ്യം തന്നെയാണ്. ശരീരത്തെക്കാൾ വലുതായി ആത്മീയ ജീവൻ സംരക്ഷിക്കണമെന്നാണ് ഞാൻ പ്രധാനമായും പറയുന്നത്. അതിനായി ആന്തരിക വിശുദ്ധി പാലിക്കണം എന്ന് പറയുന്നത് നിങ്ങൾ ഗ്രഹിച്ച് കാണും എന്ന് കരുതുന്നു.

"ഹൃദയ കാവൽ" ആണ് ഏറെ പ്രധാനം. നിങ്ങളുടെ ചിന്തകൾ ലൈംഗികകാര്യങ്ങളിൽ മാത്രം മുഴുകി ഇരുന്നാൽ നിങ്ങൾ അറിയാതെ നിങ്ങളുടെ മനസ്സ് നിറയെ സ്വാർഥ നേട്ടങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ടിരിക്കും. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഭക്ഷണത്തെപറ്റിയും ശരീര ആരോഗ്യത്തെപ്പറ്റിയും മുൻഗണന കൊടുക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്നത് സാത്താനാണ്. എന്നെ പ്രലോഭിപ്പിച്ചതും ആദ്യം ശരീരത്തിലെ വിശപ്പുമാറ്റാൻ "കല്ല്" അപ്പം ആക്കണം എന്ന് പറഞ്ഞുകൊണ്ട് ആയിരുന്നു. ഈ കാര്യം നിങ്ങൾ നല്ലോണം തിരിച്ചറിഞ്ഞു "ആകൽ കറുസ" ("ഭക്ഷണവും വയറും" എന്നാണ് ഈ സുറിയാനി വാക്കിന്റെ അർത്ഥം) എന്ന സാത്താന്റെ കെണിയിൽ പെട്ടുപോകാതെ സൂക്ഷിക്കണം. ഭക്ഷണത്തിന് മുൻഗണന കൊടുക്കുന്നവർക്ക് ആത്മീയ വളർച്ചയിലൂടെ ലഭിക്കുന്ന ആന്തരിക ഹൃദയ ശുദ്ധീകരണം നേടിയെടുക്കാൻ പ്രയാസമാണ്. അതുകൊണ്ട് ശാരീരിക ശുദ്ധീകരണ ത്തേക്കാൾ അധികമായി ആന്തരിക ശുദ്ധീകരണത്തിനായി ശ്രമിക്കുക. അപ്പോൾ ബാഹ്യമായ ശരീരത്തിന്റെ ശുദ്ധീകരണവും സ്വാഭാവികമായിത്തന്നെ അതോടൊപ്പം നടക്കും. എന്നാൽ ബാഹ്യമായ ശുദ്ധീകരണത്തിൽ മുൻഗണന നൽകി കൂടുതൽ ശ്രദ്ധിച്ചാൽ ആന്തരിക ശുദ്ധീകരണം അവഗണിക്കപ്പെടുകയും തൽഫലമായി സ്വർഗ്ഗീയ പ്രതിഫലം നഷ്ടമാകുകയും ചെയ്യും. അനുതാപത്തോടും ജാഗരണത്തോടും പ്രാർത്ഥനയോടും ഉപവാസത്തോടും കൂടി നിങ്ങൾ ആന്തരിക ശുദ്ധീകരണത്തിനായി നിരന്തരം പരിശ്രമിക്കുക. അപ്പോൾ

നിങ്ങൾക്ക് നിർമ്മലമായ ഹൃദയം ലഭിക്കും."ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവും ഉള്ളത്. ആരാഞ്ഞറിയുന്നവൻ ആര്? യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഒരുത്തന് അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു".(യിറമ്യ.17:9,10).

ഇങ്ങനെ പരിശുദ്ധമായ ഒരു ഹൃദയം ദൈവമാണ് നിങ്ങളിൽ നിക്ഷേപിക്കുന്നത് എന്നോർത്ത് അതിനായി ദൈവത്തിൽ ആശ്രയിച്ച് പരിശ്രമിക്കുക. " ഞാൻ പുതിയൊരു ഹൃദയം നിങ്ങൾക്ക് തരും. പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിലാക്കും. കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്ന് നീക്കി മാംസളമായ ഹൃദയം നിങ്ങൾക്ക് തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിലാക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും."(യസ്കി യേൽ.36: 26,27). ഞാൻ ഇപ്രകാരം എന്നെ പിന്തുടരുന്ന എല്ലാ ജാതികളിലും ഉള്ള മനുഷ്യരോടും വാഗ്ദാനം ചെയ്യുകയാണ്. എന്റെ സ്വന്തം ജനമായി ഞാൻ തിരഞ്ഞെടുത്ത ഇസ്രായേൽ മക്കളോടും പുതിയ ഇസ്രയേൽ ആകുന്ന എന്റെ സഭയിലെ സഹോദരങ്ങളോടും ഈ വാഗ്ദാനം നടപ്പാക്കുവാൻ എനിക്ക് കൂടുതൽ താല്പര്യം ഉണ്ട്. കാരണം ഓണം ഈ വാഗ്ദാനം പ്രവാചകൻ മുഖാന്തരം ആദ്യം നൽകിയത് നിങ്ങൾക്ക് ആണല്ലോ. നിങ്ങളുടെ ഹൃദയ നവീകരണത്തോടൊപ്പം നിങ്ങൾക്ക് താഴെപ്പറയുന്ന വാഗ്ദാനങ്ങളും ഞാൻ നിറവേറ്റി തരും: "ഞാൻ നിങ്ങളുടെ പിതാക്കന്മാർക്ക് കൊടുത്ത ദേശത്ത് നിങ്ങൾ പാർക്കും. നിങ്ങളെനിക്ക് ജനമായും ഞാൻ നിങ്ങൾക്ക് ദൈവമായും ഇരിക്കും. ഞാൻ നിങ്ങളുടെ സകല മലിനതകളും നീക്കി നിങ്ങളെ രക്ഷിക്കും." (യഹസ്കി.36:28).

B വിശുദ്ധ പാരമ്പര്യങ്ങൾ

(മത്തായി 15:2–36; മർക്കോസ് 7:3,9;8:9; കൊലോ.2:8;2 തെസ്സ 2:15; 3:6; 1പത്രോ.1:8; ഗലാ.1: 14).

തലമുറകൾ കൈമാറി വരുന്ന ആചാരങ്ങളും മുറകളും രീതികളും ഒക്കെയാണ് പാരമ്പര്യമായി പൊതുവെ പറയപ്പെടുന്നത്. ഗ്രീക്ക് ഭാഷയിൽ "Paradosis"എന്നും ഇംഗ്ലീഷ് ഭാഷയിൽ"Tradition"എന്നും പറയപ്പെടുന്ന ഈ പദത്തിന് എല്ലാ മതങ്ങളിലും ഏറെ പ്രസക്തിയുണ്ട്. പൊതുജീവിതത്തിൽ പാലിച്ചു വരുന്നവ, യഹൂദ ന്യായപ്രമാണപ്രകാരം ആചരിച്ചു വന്നിരുന്നവ, വിവിധ മതങ്ങളിൽ സൂക്ഷിച്ചു വന്നിരുന്നവ എന്നിങ്ങനെ പലതരം പാരമ്പര്യങ്ങൾ ഉണ്ട്. അവയിൽ പലതും

എഴുതപ്പെട്ടതാണ്. എന്നാൽ എഴുതപ്പെടാത്ത, വാമൊഴിയായി മാത്രം തലമുറകൾ പാലിച്ചു വരുന്നവയും പാരമ്പര്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താറുണ്ട്. ആചാരാനുഷ്ഠാനരീതികൾ, പാരമ്പര്യങ്ങൾ, സമ്പ്രദായങ്ങൾ, പത്ഥ്യോപദേശങ്ങൾ എന്നീ വാക്കുകൾ ഒക്കെ ഇക്കാര്യത്തിൽ ഉപയോഗിക്കാറുണ്ട്. പാരമ്പര്യ വാദികളും യുക്തിവാദികളും തമ്മിൽ പലപ്പോഴും സംവാദങ്ങളും ഏറ്റുമുട്ടലുകളും ചരിത്രത്തിലുടനീളം കാണാവുന്നതാണ്.

ദൈവകൽപന എന്ന വിധം മാനുഷിക നിർമ്മിതമായ പല പാരമ്പര്യങ്ങളും എന്റെ കാലഘട്ടത്തിൽ യഹൂദന്മാരുടെ ഇടയിൽ നിലനിന്നിരുന്നു. മനുഷ്യനിർമ്മിതമായ പാരമ്പര്യങ്ങളെ ആണ് ഞാൻ ചോദ്യം ചെയ്തിരുന്നത്. പാരമ്പര്യങ്ങൾ പ്രധാനമായും രണ്ടു വിധമുണ്ട്:

1)മാനുഷിക താല്പര്യങ്ങൾക്കും ലൗകിക മാനദണ്ഡങ്ങൾക്കനുസരിച്ച് രൂപം പ്രാപിച്ചു വന്നവ. (മർക്കോസ് 7:6–16).

തിരുവെഴുത്തുകൾ എല്ലാംതന്നെ ഇപ്രകാരമുള്ള മാനുഷിക പാരമ്പര്യങ്ങളെ എതിർക്കുന്നു. കാരണം അവ ദൈവീക കാഴ്ചപ്പാടിൽ ഉള്ളതല്ല, ദൈവാത്മാവിനാൽ പ്രേരിതവും അല്ല. ഈ ലോകതത്വങ്ങൾക്ക് അനുസരിച്ചുള്ള ഒരു വ്യവസ്ഥിതിയുടെ ഭാഗമായി രൂപംകൊണ്ടതിനാൽ ദൈവ മക്കൾ അവയെ നിരസിക്കുക തന്നെ വേണം. "തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളുടെ മനസ്സ് കവർന്നു കളയാതിരിക്കാൻ സൂക്ഷിക്കുക. അത് മനുഷ്യരുടെ സമ്പ്രദായത്തിന് ഒത്തവണ്ണം, ലോകത്തിലെ ആദ്യ പാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിനു ഒത്തവണ്ണം ഉള്ളതല്ല."(കൊലോസ്യർ 2:8). അപ്രകാരമുള്ള കുറെ മാനുഷിക പാരമ്പര്യങ്ങൾ യഹൂദന്മാരുടെ പ്രമാണിമാർ അവരുടെ സ്വന്തം കാഴ്ചപ്പാടിൽ ഉണ്ടാക്കി, അതിനെ ദൈവിക നിയമങ്ങൾ എന്ന വിധം ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചതിനെയാണ് ഞാൻ ചോദ്യം ചെയ്തത്.

എന്നാൽ പുതിയ നിയമ ഇസ്രയേൽ ആകുന്ന എന്റെ സഭയിൽ യഥാർത്ഥമായ വിശുദ്ധ പാരമ്പര്യങ്ങൾ പരിശുദ്ധാത്മാവ് എഴുതിയിട്ടുള്ളത് നിങ്ങൾ തിരിച്ചറിയണം. ആദ്യകാലം മുതൽ ദൈവിക പ്രമാണങ്ങൾ, പ്രവാചകന്മാർ വഴി ജനത്തിന് നൽകിയിരുന്നതാണല്ലോ "പഴയനിയമം" എന്ന തിരുവെഴുത്തുകളിൽ കൂടി നിങ്ങൾക്ക് ലഭിക്കുന്നത്. എഴുതപ്പെട്ടതിനു പുറമേ തലമുറകളായി പാലിച്ചു വന്നിരുന്ന അനേകം വാമൊഴികൾ (Oral Traditions) യഹൂദന്മാർ പാലിച്ചു തലമുറകൾക്ക് കൈമാറി

വന്നിരുന്നു. പുതിയ നിയമസഭയിലും അപ്രകാരം വാമൊഴിയായി അനേകം കാര്യങ്ങൾ പാരമ്പര്യമായി വളർന്നു വന്നിട്ടുണ്ട്. പുതിയ നിയമം തന്നെ എഴുതപ്പെട്ട പാരമ്പര്യം ആയത് ഞാൻ ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത ശേഷം മുപ്പതിൽപരം വർഷങ്ങൾ കഴിഞ്ഞാണ്. അക്കാലത്ത് പരസ്പരം സംസാരത്തിൽ കൂടെയായിരുന്നു സുവിശേഷം പ്രചരിപ്പിക്കപ്പെട്ടു കൊണ്ടിരുന്നത്. ഗ്രന്ഥങ്ങൾ തന്നെ കൈ എഴുത്തുകൾ ആയിരുന്നതിനാൽ കുടുംബങ്ങൾക്കും വ്യക്തികൾക്കും വായിക്കുവാൻ ലഭിക്കമായിരുന്നില്ല. ഓരോ ആരാധനാലയത്തിൽ മാത്രമേ സാധാരണയായി "വേദഗ്രന്ഥചുരുളുകൾ" വായിക്കപ്പെടുന്നുണ്ടായിരുന്നുള്ളൂ. എന്റെ സന്ദേശം കേൾക്കുകയും കേട്ട കാര്യങ്ങൾ ഞങ്ങൾ വിശ്വസിച്ചു, പ്രബോധിപ്പിച്ച് ജീവിതത്തിൽ കൂടെ അനുസരിച്ച് കാണിക്കുകയായിരുന്നു ആദിമസഭയുടെ പാരമ്പര്യം. ഞാൻ ഉടനെ രണ്ടാമത് വരുമെന്നുള്ള പ്രതീക്ഷയിൽ, എഴുതിവെക്കാൻ ഒന്നും ആരും ശ്രദ്ധിച്ചില്ല. എ.ഡി. എഴുപതിൽ യെരുശലേം ദേവാലയത്തിന് ഉണ്ടാകാൻ പോകുന്ന നാശത്തെ പറ്റി ഞാൻ പറഞ്ഞ കാര്യങ്ങൾ എന്റെ അന്ത്യന്യായവിധി ക്കായുള്ള രണ്ടാമത്തെ വരവിനെപ്പറ്റി ആണെന്ന് അക്കാലത്ത് പലരും തെറ്റിദ്ധരിച്ചു എന്ന് തോന്നുന്നു. (മത്തായി 24 ആം അധ്യായം കാണുക). എന്റെ അപ്പോസ്തോലന്മാരുടെ ജീവിതകാലം അവസാനിക്കുന്നു എന്ന് അറിഞ്ഞു അന്നുള്ള പലരും പല ഗ്രന്ഥങ്ങൾ ഓർമ്മയിൽ നിന്ന് എഴുതി വെച്ചു തുടങ്ങി. അതിൽ ആധികാരികമല്ലാത്ത പലതും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ പിൽക്കാലങ്ങളിൽ അപ്പോസ്തോലന്മാരും ആയി ബന്ധപ്പെട്ട പിതാക്കന്മാർ ഒന്നിച്ചിരുന്ന് ആധികാരികമായി അല്ല എന്ന് തോന്നിയ ഗ്രന്ഥങ്ങൾ ഒഴിവാക്കുകയും പുതിയ നിയമത്തിൽ ഇന്ന് നിങ്ങൾ കാണുന്നതുപോലെ 27 ഗ്രന്ഥങ്ങൾ ആധികാരികമാണെന്ന് പ്രസ്താവിക്കുകയും ചെയ്തു. പതിനഞ്ചാം നൂറ്റാണ്ടിലാണ് അച്ചടി കണ്ടുപിടിച്ചതിനു ശേഷം "വേദപുസ്തകം" എന്ന രൂപത്തിൽ എഴുതപ്പെട്ട പാരമ്പര്യം സർവ്വസാധാരണമായി തീർന്നത്. ഇന്നും യഥാർത്ഥ ക്രിസ്തീയ പാരമ്പര്യം അച്ചടിച്ച വാക്കുകളിലൂടെ അല്ല, ജീവിച്ചു കാണിക്കുന്ന സാക്ഷ്യ വാക്കുകളിലൂടെയാണ് യഥാർത്ഥമായി പ്രചരിക്കപ്പെടുന്നത്. നിങ്ങൾ വായിക്കുന്ന കാര്യങ്ങൾ നിങ്ങൾ ഗ്രഹിച്ചു ജീവിതത്തിലൂടെ പ്രതിഫലിപ്പിക്കുമ്പോൾ മാത്രമേ എഴുതപ്പെട്ട പാരമ്പര്യങ്ങളും ഫലപ്രദമാകുകയുള്ളൂ.

2) വിശുദ്ധാ പാരമ്പര്യങ്ങൾ

"ആകയാൽ സഹോദരന്മാരെ നിങ്ങൾ ഉറച്ചുനിന്നു ഞങ്ങൾ

വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ച തന്ന പ്രമാണങ്ങളെ മുറുകെ പിടിച്ച കൊള്ളുവിൻ"(2 തെസ്സ.2:15). മാനുഷിക പാരമ്പര്യങ്ങളെ അതിജീവിക്കുവാൻ ഇപ്രകാരമുള്ള ദൈവിക പാരമ്പര്യങ്ങൾ സംരക്ഷിച്ച് ആചരിക്കണം എന്നാണ് പൗലോസ് ശ്ലീഹ പറയുന്നത്. യഥാർത്ഥത്തിൽ രണ്ട് പാരമ്പര്യങ്ങൾ ഇല്ല. വാമൊഴിയായും അഥവാ വാക്കിനാലും, വരമൊഴിയായും അഥവാ ലേഖനത്താലും ലഭിച്ച ഏക പാരമ്പര്യത്തിലെ ഉറവിടം ദൈവമാണ്. പ്രവാചകന്മാരിലൂടെയും അതിന്റെ പൂർണ്ണതയായി ദൈവത്തിന്റെ പുത്രനായ എന്നിലൂടെയും, തുടർന്ന് എന്റെ ശിഷ്യന്മാരിലൂടെയും കൈമാറിവന്ന പാരമ്പര്യം പരിശുദ്ധാത്മാവാണ് നിങ്ങൾക്ക് നൽകിയതും നൽകിക്കൊണ്ടിരിക്കുന്നതും.

"വേദപുസ്തകം എഴുതപ്പെട്ട പാരമ്പര്യവും, എഴുതപ്പെടാത്ത പാരമ്പര്യങ്ങൾ വേദപുസ്തകവും ആണ്"എന്ന് പറയാം. എന്നാൽ മാനുഷിക പാരമ്പര്യങ്ങളും ദൈവിക പാരമ്പര്യങ്ങളും ഇതുപോലെ ഒന്നായി കാണാൻ പാടില്ല. കാരണം രണ്ടിന്റെയും ഉറവിടവും ലക്ഷ്യവും രണ്ടാണ്.

"മാനുഷിക പാരമ്പര്യങ്ങൾ ജീവിക്കുന്ന മനുഷ്യരെ മരണത്തിലേക്ക് നയിക്കുന്നവ യാണ്. എന്നാൽ ദൈവീക പാരമ്പര്യം മരണത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന മനുഷ്യരെ നിത്യജീവനിലേക്ക് നയിക്കുന്ന പ്രമാണങ്ങളാണ് എന്ന് നിങ്ങൾ തിരിച്ച റിയണം. പൗലോസ് വീണ്ടും പറയുന്നത് കേൾക്കുക: "സഹോദരന്മാരെ ഞങ്ങളോട് പ്രാപിച്ച പ്രമാണം വിട്ട് ക്രമം കെട്ടു നടക്കുന്ന ഏത് സഹോദരനോടും അകന്നു കൊള്ളണമെന്ന്നമ്മുടെകർത്താവായയേശുക്രിസ്തുവിന്റെനാമത്തിൽ ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്നു. ഞങ്ങളെ അനുകരിക്കേണ്ടത് എങ്ങനെ എന്ന് നിങ്ങൾ തന്നെ അറിയുന്നുവല്ലോ".(2 തേസ്സ.3:6,7). " ഇന്ന് വരെ പഠിച്ചു എന്ന് ഓർക്കുകയും ക്രിസ്തുവിലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ഞാൻ യാക്കാൻ മതിയായ തിരുവെഴുത്തുകളെ ബാല്യംമുതൽ അറികയും ചെയ്യുന്നതു കൊണ്ട് പഠിച്ചു നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്കുക"(2 തിമോത്തി 3:14,15).

എല്ലാ ദൈവിക പാരമ്പര്യങ്ങളും ദൈവാത്മാവിൻ നിന്നാണ് വരുന്നത്. തിരുവെഴുത്തുകൾ എല്ലാം തന്നെ ദൈവനിശ്വസ നീയം ആണെന്നതുപോലെ എല്ലാ ദൈവീക പാരമ്പര്യങ്ങളും ആത്മപ്രേരിതമായി സഭയിൽ നിലനിൽക്കുന്നവയാണ്.(2 തിമോ.3:16). തിരുവെഴുത്തു കൾക്ക് നിരക്കാത്തതും തിരുവചനത്തിൽ അടിസ്ഥാനം

ഇല്ലാത്തതുമായ പാരമ്പര്യങ്ങൾ ഒന്നും യഥാർത്ഥ ക്രൈസ്തവസഭയിൽ, പ്രത്യേകിച്ച് ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ സ്വീകാര്യമല്ല. എന്നാൽ എഴുതപ്പെട്ട വേദപുസ്തകത്തിലെ പ്രമാണങ്ങളിൽ അടിസ്ഥാനപ്പെട്ട സഭയിൽ കാലാകാലങ്ങളായി രൂപപ്പെട്ട വന്ന വിശുദ്ധാ പാരമ്പര്യങ്ങൾ വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കായി പരിശുദ്ധാത്മാവ് നിലനിർത്തുന്നുണ്ട് എന്നും നിങ്ങൾ മനസ്സിലാക്കണം. സങ്കീർത്തനത്തിൽ ദാവീദ് പറയുന്നതുപോലെ " നീതി പാതകളിൽ യഹോവ എന്നെ നടത്തുന്നു"(23:3) എന്നതും ദൈവീക പാരമ്പര്യമായി കണക്കാക്കാം. " യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു:

നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്ന് പഴയ പാതകളെ നോക്കി ചോദിച്ച് അതിൽ നടപ്പിൻ"(യിരമി. 6:16). ചുരുക്കത്തിൽ, ദൈവീക പാരമ്പര്യങ്ങളെ നിങ്ങൾ പാലിക്കണം, മാനുഷിക പാരമ്പര്യങ്ങളെ തിരസ്കരിക്കണം.

എന്താണ് വിശുദ്ധാ പാരമ്പര്യങ്ങൾ?

ഞാൻ പഠിപ്പിച്ചതും അപ്പോസ്തലിക സഭ ആചരിച്ചതും രക്തസാക്ഷികൾ കൈമാറി തന്നതുമായ വിശ്വാസ, ആചാര, അനുഷ്ഠാനങ്ങളാണ് വിശുദ്ധാ പാരമ്പര്യങ്ങൾ ആയി പുതിയ നിയമസഭയിൽ നിലനിന്ന് വരുന്നത്. ദൈവവും മനുഷ്യരുമായി വ്യക്തിപരമായ ഒരു കൂട്ടായ്മ അല്ല, ആന്തരികമായ ഹൃദയ അടുപ്പവും അനുഭവവും നിലനിർത്തുക എന്നതാണ് ക്രിസ്തീയ പരിപൂർണതയിൽ വളരുന്നതിനുള്ള അടിസ്ഥാനം. അത് യഥാർത്ഥ ആരാധന ജീവിതത്തിലൂടെ സാധിച്ചെടുക്കാൻ ഉള്ള വിവിധ സംവിധാനങ്ങൾ പരിശുദ്ധാത്മാവ് സത്യ സഭയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ലോക വ്യവസ്ഥിതികളുടെ വ്യാമോഹങ്ങളിലേക്ക് വീണുപോകാതെ ദൈവരാജ്യ അംഗങ്ങളുടെ മനോഹാരിത ആസ്വദിച്ചുകൊണ്ട്, ദൈവ പിതാവും ആയും ദൈവമക്കൾ ആയ സഹോദരങ്ങളുമായും സ്നേഹത്തിൽ നിലനിർത്തുവാൻ ആ ഗോളവും ദേശീയവും പ്രാദേശികവുമായ വിശുദ്ധാ പാരമ്പര്യങ്ങൾ നിങ്ങൾ തിരിച്ചറിഞ്ഞു ആചരിക്കുവാൻ പരിശീലിക്കണം. അതിനിടയിൽ മാനുഷിക പാരമ്പര്യങ്ങളിൽ കയറി വരാതെ സൂക്ഷിക്കുകയും ചെയ്യണം.

എല്ലാ സഭകൾക്കും അത് പാരമ്പര്യങ്ങൾ ഉണ്ടാക്കാം. എന്നാൽ അവയൊന്നും തന്നെ തിരുവചന സത്യങ്ങൾക്ക് വിരുദ്ധം അല്ലാത്തതാണെന്ന് ഉറപ്പുവരുത്തണം.അനുഷ്ഠാനരീതികളിൽ പ്രാദേശിക വ്യത്യാസം ഉണ്ടാകാമെങ്കിലും, അവ വേദവിരുദ്ധമോ പരസ്പരവിരുദ്ധമോ

ആദിമ ക്രിസ്തീയ പാരമ്പര്യങ്ങളെ അവഗണിച്ചുള്ളതോ ആകാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണം. ചില പാശ്ചാത്യ സഭകളിൽ പ്രഭാഷണങ്ങൾക്കും വേദ പഠനത്തിനും കൂടുതൽ പ്രാധാന്യം കൊടുക്കുമ്പോൾ, സഭയുടെ പാരമ്പര്യങ്ങൾക്കും കൂദാശ അനുഷ്ഠാനങ്ങൾക്കും അവഗണന നേരിടാറുണ്ട്. അതുപോലെ ചില പൗരസ്ത്യസഭകളിൽ കൂദാശകളും ആചാരാനുഷ്ഠാനങ്ങളും ഭരണക്രമങ്ങളും കൂടുതൽ ഊന്നൽ നൽകി നടത്തുന്നതിനാൽ, വേദ പഠനങ്ങളും പ്രസംഗങ്ങളും പഠിപ്പിക്കലുകളും അവഗണിക്കപ്പെടുന്നുമുണ്ട്. ഈ രണ്ട് സമീപനങ്ങളും തിരിച്ചറിഞ്ഞ് അവ പരസ്പരപൂരകങ്ങളായി കരുതി ഇരു വിഭാഗങ്ങളിലും പെട്ട സഭകളിൽ പ്രോത്സാഹിപ്പിക്കുകയും സ്വീകരിക്കപ്പെടുകയും വേണം.

പഞ്ചേന്ദ്രിയങ്ങളെ മുഴുവനും പങ്കെടുപ്പിച്ചുകൊണ്ടുള്ള പൗരസ്ത്യ ആരാധനാരീതി ഓരോ വ്യക്തിയെയും ദൈവസാന്നിധ്യ ബോധത്തിലേക്ക്. ഉയർത്തുവാൻ കൂടുതൽ പ്രയോജനപ്പെടുന്നുണ്ട്. കിഴക്കോട്ട് തിരിഞ്ഞ്, കുരിശു വരച്ച്, മുട്ടുകുത്തി, സുഗന്ധം വീശി,കൈകസ്തൂരി നൽകി, പാടി ആരാധിക്കുന്ന പൗരസ്ത്യ രീതിയിൽ മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളും ദൈവ സംസർഗത്തിൽ എത്തിച്ചേരുവാൻ സഹായിക്കുന്നു. പാശ്ചാത്യ രീതിയിൽ പൊതുവെ ബുദ്ധിയുടെ പ്രകാശനമാണ് കൂടുതൽ ലക്ഷ്യം വയ്ക്കുന്നത്. രണ്ടു രീതികളിലും മനുഷ്യരുമായുള്ള സംസർഗത്തിലേക്കും സഹകരണത്തിലേക്കു നയിക്കുന്ന, സേവനത്തിലേക്ക് ഇറങ്ങി തിരിക്കുവാൻ പ്രോത്സാഹിപ്പിക്കുവാൻ ഉതകുന്ന പാരമ്പര്യങ്ങൾ കൂടുതലായി വളർത്തിയെടുക്കേണ്ടതുണ്ട്. ആരാധനയിൽ നിന്ന് ലഭിക്കുന്ന ആത്മീയ ഊർജ്ജം സമൂഹത്തിൽ ദൈവകരുണയും കരുതലും അർഹിക്കുന്ന അശരണരെ കണ്ടെത്തി അവരെ ശുശ്രൂഷിക്കുന്ന പാരമ്പര്യത്തിൽ എത്തി നിൽക്കണം. ബാഹ്യമായ ആചാര അനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ ആന്തരികമായ ദൈവീക ചൈതന്യം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അതാണ് പഴയ യഹൂദ സമുദായത്തിന് പറ്റിയത്. അപ്രകാരം എന്റെ പ്രിയ സഹോദരങ്ങൾക്ക് ഇടയാകാതെ ഇരിക്കാൻ നല്ല ദൈവീക പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കുകയും പുതിയ നല്ല പാരമ്പര്യങ്ങൾ ലഭിക്കുന്നതിനായി പരിശുദ്ധാത്മാവിൽ ആശ്രയിക്കുകയും ചെയ്യുക. പരിശുദ്ധാത്മാവ് നിങ്ങളെ സകല സത്യത്തിലും വഴി നടത്തട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ഞാനും എന്നാളും നിങ്ങളോടുകൂടെ ഉണ്ടെന്ന് അറിയാമല്ലോ.

എന്ന് സ്നേഹപൂർവ്വം സ്വന്തം യേശു

12-12-2020.

## അദ്ധ്യായം 55

# കൊർബോനും ദശാംശവും: എന്ത്, എന്തിന്?

പ്രമാണങ്ങളും പാരമ്പര്യങ്ങളും എന്നപോലെതന്നെ യഹൂദമതത്തിൽ നിലനിന്നിരുന്ന മറ്റു രണ്ട് കാര്യങ്ങളാണ് കൊർബോനും ദശാംശവും എന്നത്. ഇന്ന് അത് സംബന്ധിച്ച് ചില കാര്യങ്ങൾ നിങ്ങളോട് പറയാം.

മതത്തിന്റെ പേരിൽ നിങ്ങൾ മാതാപിതാക്കളെ അവഗണിക്കരുത്

(മർക്കോസ് 7: 10– 13; മത്തായി. 15: 3–6).

യഹൂദന്മാർക്ക് മോശെമുഖാന്തരം നിയമങ്ങൾ നൽകിയത് ദൈവഹിതം അറിഞ്ഞ് പ്രവർത്തിക്കുവാൻ വേണ്ടിയായിരുന്നു. എന്നാൽ യഹൂദ പ്രമാണിമാർ മാനുഷികമായ സൗകര്യങ്ങൾക്ക് വേണ്ടി ആ നിയമങ്ങളെ ദുർവ്യാഖ്യാനം ചെയ്തു വന്നത് ഞാൻ കഠിനമായി വിമർശിച്ചു. " നിങ്ങൾ ദൈവകൽപന വിട്ടുകളഞ്ഞു, മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു. നിങ്ങളുടെ സമ്പ്രദായം പ്രമാണിക്കുവാൻ വേണ്ടി നിങ്ങൾ ദൈവകല്പന തള്ളിക്കളയുന്നത് ശരിയാണോ? നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ പ്രാകുന്നവൻ മരിക്കണം എന്നും മോശ പറഞ്ഞുവല്ലോ. നിങ്ങളോട് ഒരു മനുഷ്യൻ അപ്പനോടോ അമ്മയോടോ നിനക്ക് എന്നാൽ ഉപകാരമായി വരേണ്ടത് വഴിപാട് എന്നർത്ഥമുള്ള "കൊർബോൻ" എന്ന് പറഞ്ഞാൽ മതി എന്ന് പറയുന്നു; തന്റെ അപ്പനോ അമ്മയ്ക്കോ മേലാൽ ഒന്നും ചെയ്യുവാൻ അവനെ സമ്മതിക്കുന്നതും ഇല്ല. ഇങ്ങനെ നിങ്ങൾ ഉദ്ദേശിക്കുന്ന സമ്പ്രദായ താൽ ദൈവകല്പന ദുർബലമാക്കുന്നു. ഈ വക പലതും നിങ്ങൾ ചെയ്യുന്നു".(മർക്കോസ് 7: 10 –; പുറപ്പാട് 20: 12; 21:17 ; ആവർത്തനം 5: 16; ലേവ്യ 20: 9)

ഈ വിഷയം തന്നെ മത്തായി എടുത്തുപറഞ്ഞിട്ടുണ്ട് "നിങ്ങളുടെ സമ്പ്രദായം (പാരമ്പര്യം) കൊണ്ട് നിങ്ങൾ ദൈവകല്പന ലംഘിക്കുന്നത് എന്ത്? അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ

അമ്മയെയോ രക്ഷിക്കുന്നവൻ മരിക്കണമെന്ന് ദൈവം കല്പിച്ചുവല്ലോ.... ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബലം ആക്കിയിരിക്കുന്നു (മത്താ15: 3– 6).

മക്കളുടെ ചുമതലയാണ്, വളർത്തി വലുതാക്കിയ മാതാപിതാക്കളെ പൂർണതോതിൽ സംരക്ഷിക്കുക എന്നത്, പ്രത്യേകിച്ചും അവരുടെ രോഗാവസ്ഥയിലും വാർദ്ധാക്യത്തിലും. പ്രായമുള്ള മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള മക്കൾ അനുഗ്രഹീതരാണ്. കാരണം അവർ നിങ്ങൾക്കു വേണ്ടി, നിങ്ങൾ വളർച്ചയ്ക്കും സന്തോഷത്തിനും വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്ന വരാണ്. എന്നാൽ ഇന്നത്തെ തലമുറയിൽ അനേകം യുവദമ്പതികൾ മാതാപിതാക്കളേക്കാൾ അധികമായി പരസ്പരം സ്നേഹിക്കുവാനും കരുതുവാനും ഉത്സാഹിക്കുന്നത് പലതരം കുടുംബ കലഹങ്ങൾക്കും വേർപിരിയലിനും കാരണമാകാറുണ്ട്. "പുരുഷൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും എന്ന് ഞാൻ ഒരിക്കൽ പറഞ്ഞത് നിങ്ങളിൽ പലരും തെറ്റിദ്ധരിച്ചു എന്ന് തോന്നുന്നു. പുരുഷനും സ്ത്രീയും രണ്ടല്ല ഒരു വ്യക്തിയാണെന്ന കാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ അങ്ങനെ പറഞ്ഞു എന്നത് ശരിയാണ്. പുരുഷൻ മാത്രമായും സ്ത്രീ മാത്രമായും ഒരു കാര്യം ചെയ്താൽ, പ്രത്യേകിച്ചും കുടുംബം കെട്ടിപ്പടുക്കുവാൻ ശ്രമിച്ചാൽ, പരാജയമാണെന്നും അതിനാൽ പരസ്പരം ആലോചിച്ചും സഹകരിച്ചും പ്രവർത്തിക്കണം എന്ന കാര്യമാണ് ഞാൻ പറയാൻ ശ്രമിച്ചത്. ദൈവം ആദാമിനെ ആദ്യം സൃഷ്ടിച്ചത് ഏക വ്യക്തി ആയിട്ടായിരുന്നു. പിന്നീട്, മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് കണ്ടിട്ടാണ് സ്ത്രീയെ സൃഷ്ടിച്ചത്. ആദമിന്റെ തന്നെ ഒരു ഭാഗമാണ് ഹവ്വ. അതുകൊണ്ടാണ് പുരുഷനും സ്ത്രീയും (ഭാര്യയും ഭർത്താവും) ഏക ശരീരം എന്ന വിധം സഹകരിച്ച് പ്രവർത്തിക്കണമെന്ന് ഞാൻ പറഞ്ഞത്. അതുകൊണ്ടുതന്നെ വിവാഹമോചനം, ഒന്നിലധികം ജീവിതപങ്കാളി, ഇവയൊന്നും ഞാൻ അനുവദിക്കുന്നില്ല. (മത്തായി 19: 3 –12).

ഞാൻ പറഞ്ഞു വന്നത് മാതാപിതാക്കളെ സംരക്ഷിക്കുന്നതിനെ പറ്റി ആയിരുന്നല്ലോ. ചില മക്കൾ ഈ ഉത്തരവാദിത്വത്തിൽനിന്നും അറിഞ്ഞും അറിയാതെയും മാറി നിൽക്കാറുണ്ട്. അതിന് അവരെ മാത്രം കുറ്റം പറയാനും കഴിയില്ല. ചില മാതാപിതാക്കൾ മക്കളുടെ സ്വകാര്യ ജീവിതത്തിലും സ്വാതന്ത്ര്യത്തിലും അനാവശ്യമായി കൈകടത്താറുണ്ട്. അമ്മായിഅമ്മ – മരുമകൾ ബന്ധം പലകാരണങ്ങളാൽ പല ഭവനങ്ങളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മരുമകളെ സ്വന്തം മകളെ പോലെ സ്നേഹിക്കുവാനും കരുതുവാനും ചില അമ്മായി അമ്മമാർ

അവരുടെ മുൻ അനുഭവം നിമിത്തം പരാജയപ്പെടുന്നു. മരുമകൾ അമ്മായി അമ്മയെ സ്വന്തം അമ്മയായി കാണാനും ശ്രമിക്കാറില്ല. ഭർത്താക്കന്മാർക്ക് ഇത്തരം സന്ദർഭങ്ങളിൽ ഉണ്ടാകുന്ന സംഘർഷം സ്വാഭാവികമാണ്. പരസ്പരം പോരടിച്ച് കഴിയുന്ന ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകാൻ പ്രധാന കാരണം ദൈവഭയം ഇല്ലാത്ത ഭവന അന്തരീക്ഷമാണ്. തലമുറകൾ തമ്മിലുള്ള അകലവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കുടുംബത്തിൽ അച്ചടക്കത്തോടെ കുട്ടികൾ വളർത്തപ്പെടുന്ന സാഹചര്യങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. കുഞ്ഞുനാൾ മുതൽ മക്കളെ നേരായി വാത്സല്യത്തോടെ കരുതുവാനും അതേസമയം ആവശ്യം വന്നാൽ ശിക്ഷണത്തിന്റെ ഭാഗമായ ലഘു ശിക്ഷകൾ നൽകുവാനും മടിക്കുന്ന മാതാപിതാക്കളെയാണ് ഇന്ന് പല കുടുംബങ്ങളിലും കാണുന്നത്. കുഞ്ഞുങ്ങളുടെ ഭാവിയ്ക്ക് വേണ്ടി സമ്പാദിച്ച് കൂട്ടുന്ന ധൃതിയിൽ, അപ്പനും അമ്മയും മക്കളെ അവരുടെ വഴിക്ക് വിട്ട്, ജോലി ചെയ്ത് ധനസമ്പാദനത്തിനായി പോകുന്നതും, അവർ ആവശ്യപ്പെടുമ്പോൾ ഒക്കെ ആവശ്യപ്പെടുന്ന എന്തും വാങ്ങി കൊടുക്കുന്നതും, ഒരു കാര്യത്തിലും "അരുത്" എന്ന് പറയാതെ കുട്ടികളുടെ ഇഷ്ടം സാധിച്ച് കൊടുക്കുന്നതും, സ്നേഹത്തിന്റെ പേരിലാണെങ്കിൽ പോലും, അതെല്ലാം കുഞ്ഞുങ്ങൾക്ക് തെറ്റായ ജീവിതദർശനം നൽകുകയാണെന്ന് മാതാപിതാക്കൾ തിരിച്ചറിയണം. ഇന്ന് പല ഭവനങ്ങളിലും മക്കളാണ് മാതാപിതാക്കളെ നിയന്ത്രിക്കുന്നത്. അതുകൊണ്ടുതന്നെ അവർ സ്വന്തം സുഖവും സൗകര്യവും മാത്രം സംരക്ഷിച്ച് ജീവിച്ചതു കൊണ്ട് മാതാപിതാക്കൾ പോലും ശല്യമായി കരുതി അവരെ പുറന്തള്ളുന്ന മനോഭാവം ഉള്ളവരായി തീരുന്നു. അവരെ അങ്ങനെ ആക്കി തീർത്തതിൽ മാതാപിതാക്കളുടെ പങ്കുണ്ട് എന്ന് ഓർക്കുക. കുഞ്ഞുനാൾ മുതൽ മറ്റുള്ളവരുടെ പ്രയാസങ്ങൾ അറിഞ്ഞു അവരെ സഹായിക്കാനുള്ള മനോഭാവം വളർത്തിയെടുക്കുവാൻ മാതാപിതാക്കൾ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കണം. പഠിത്തത്തിന്റെ കാര്യത്തിലായാലും മറ്റുള്ളവരെ തോൽപ്പിച്ച് ഒന്നാമനാകാൻ ഉള്ള ആഗ്രഹം കുഞ്ഞുങ്ങളിൽ വളർത്തുന്നതിന് പകരം, മറ്റുള്ളവരും ഒന്നാംസ്ഥാനത്ത് എത്തുവാൻ അവരെ സഹായിക്കുന്ന മനോഭാവം മക്കളിൽ വളർത്തിയെടുക്കാൻ മാതാപിതാക്കൾ തന്നെ ശ്രദ്ധിക്കണം. അങ്ങനെ വരുമ്പോൾ അവരുടെ അടിസ്ഥാന സ്വഭാവം സ്നേഹത്തിനും കരുതലിനും മുൻതൂക്കം കൊടുക്കുന്നതായിത്തീരും. എന്നാൽ മാത്രമേ മാതാപിതാക്കളെ സ്നേഹിക്കുവാനും കരുതുവാനും മക്കൾക്ക് സാധിക്കുകയുള്ളൂ. മാതാപിതാക്കൾ സ്വന്തം ജീവിതത്തിൽ മറ്റുള്ളവരോടുള്ള കരുതലും സ്നേഹവും കാണിച്ചു കൊടുക്കാതെ, സ്വന്തം സുഖസൗകര്യങ്ങൾ

നോക്കി ജീവിക്കുന്ന തെറ്റായ മാതൃക കുട്ടികൾ കണ്ടു വളരുന്നതിന്റെ കുറ്റം മാതാപിതാക്കൾക്ക് തന്നെ വാർധക്യത്തിൽ തിരിച്ചടിയായി ലഭിക്കുന്നു എന്നത് ഒരു സാമാന്യ നീതി ആണ്. ഏതായാലും കലഹിച്ചും ദുഃഖിച്ചും ഒരു ഭവനത്തിൽ കഴിയുന്നതിനേക്കാൾ ഇത്തരം സാഹചര്യങ്ങളിൽ വൃദ്ധസദനങ്ങളിൽ സംരക്ഷിക്കപ്പെടാൻ ക്രമീകരിക്കുന്നതു തന്നെയാണ് നല്ലത്. എന്നാൽ അത് മാതൃകായോഗ്യമായത് ആണെന്നോ ഏറ്റവും നല്ലത് ആണെന്നോ ഞാൻ പറയില്ല. അത് തീരെ നിവൃത്തിയില്ലാതെ വരുമ്പോൾ ചെയ്യാവുന്ന ഒരു നീക്കുപോക്ക് മാത്രമാണ്. ആധുനികകാലത്ത് ജോലിസംബന്ധമായ കാരണങ്ങളാൽ മാതാപിതാക്കളുടെ സുഖവും സുരക്ഷിതത്വവും കണക്കിലെടുത്ത് സഹായിയെ വച്ച് സ്വഭവനത്തിൽ തന്നെ താമസിപ്പിക്കുന്നതും നല്ലതാണെന്ന് പറയാം.

മാതാപിതാക്കളോടൊപ്പം താമസിക്കുന്ന മക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. അവർ നിങ്ങളുടെ സാമ്പത്തികമായ സുഖസൗകര്യങ്ങൾ മാനസികമായ ഇഴയടുപ്പം ആണ് ആഗ്രഹിക്കുന്നത്. അവരുമായി അൽപസമയം കുശലാന്വേഷണം നടത്തുന്നതിന് മക്കളും കൊച്ചു മക്കളും സമയം കണ്ടെത്തണം. മാനസിക ഉല്ലാസം ആണ് അവർക്ക് കൂടുതൽ ആവശ്യമായിരിക്കുന്നത്. വീട്ടിൽ വിരുന്നുകാർ വരുമ്പോൾ മാതാപിതാക്കളെ അകത്തെ മുറിയിലേക്ക് ഒളിപ്പിക്കുന്ന ആധുനിക മക്കളുണ്ട്. വീട്ടിലെ പ്രധാന കാര്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുമ്പോൾ മാതാപിതാക്കളുമായി ആലോചിക്കുന്ന രീതി വളരെയേറെ ഗുണം ചെയ്യും. അവർക്ക് ഉണ്ടാകുന്ന ശാരീരിക അവശത മൂലം ഓർമ്മക്കുറവും പരുക്കൻ പെരുമാറ്റങ്ങളും ചിലപ്പോഴൊക്കെ മക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയാലും, നിങ്ങൾ കുഞ്ഞുങ്ങൾ ആയിരുന്നപ്പോൾ നിങ്ങൾക്ക് വേണ്ടി ഉറക്കമൊഴിച്ചു കഷ്ടപ്പെട്ടതും ഒക്കെ നിങ്ങളൊന്നു ഓർത്താൽ മതി. നിങ്ങൾക്ക് സമയം കിട്ടുമ്പോൾ ഒക്കെ ഓരോരുത്തർ മാറി മാറി അവരുമായി കുറച്ചുസമയം മനസ്സുതുറന്ന് സംസാരിക്കണം. അവർ പറയുന്ന പഴയ കാര്യങ്ങളൊക്കെ ശ്രദ്ധയോടെ കേട്ട് ഇരുന്നാലും മതി.

യഹൂദമതത്തിലെ നിയമ പ്രമാണങ്ങളെ പറ്റി പറഞ്ഞു വരികയായിരുന്നല്ലോ. ദീർഘായുസ്സ് ഉണ്ടാകേണ്ടതിന് അപ്പനെയും അമ്മയെയും ബഹുമാനിക്കണമെന്ന കല്പന അനുസരിച്ചു ജീവിച്ചിരുന്ന നല്ല തലമുറകൾ ആയിരുന്നു മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്. എന്നാൽ ദ്രവ്യാഗ്രഹം വർധിച്ചപ്പോൾ മത നേതാക്കന്മാർ ചില വ്യവസ്ഥകൾ പുതുതായി എഴുതി ഉണ്ടാക്കി. അതിലൊന്നാണ് korbon

(നേർച്ച അഥവാ വഴിപാട് എന്നർത്ഥം) എന്ന പ്രമാണം. എന്റെ ജീവിതകാലത്ത് യഹൂദന്മാർ എല്ലാവരും ദേവാലയ നിധിയിലേക്ക് നിക്ഷേപം നൽകണമെന്നും അങ്ങനെ നൽകുന്ന തുകയ്ക്ക് നികുതി നൽകേണ്ടതില്ലെന്നും അങ്ങനെ ദൈവത്തിന് വഴിപാടായി നൽകിയ തുക ആയതിനാൽ മറ്റ് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഒന്നും ഉപയോഗിക്കാൻ പാടില്ലെന്നും നിയമം എഴുതിയുണ്ടാക്കി. അതിന്റെ മറവിൽ മാതാപിതാക്കളെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും ചെറുപ്പക്കാരായ മക്കൾക്ക് ഒഴിഞ്ഞുമാറുവാൻ അവസരമുണ്ടാക്കി. ദേവാല നിധിയിലേക്ക് നിക്ഷേപിച്ചതിനാൽ അങ്ങനെയുള്ളവരുടെ മാതാപിതാക്കളുടെ സംരക്ഷണം ദൈവം തന്നെ നേരിട്ട് ഇടപെട്ട് കൂടുതൽ അനുഗ്രഹങ്ങളും സൗഖ്യങ്ങളും മാതാപിതാക്കൾക്ക് നൽകുമെന്നും വ്യാമോഹിച്ച ദേവാലയനിധി വർധിപ്പിച്ചു. ഒരുവിധത്തിൽ യഹൂദ പ്രമാണിമാരെ വിശ്വസിച്ച മാതാപിതാക്കളും മക്കളും ഒരുപോലെ ദേവാലയ പ്രമാണികളാൽ വഞ്ചിക്കപ്പെടുകയായിരുന്നു. ദൈവം മോശെ മുഖാന്തരം നൽകിയ നിയമം അല്ലായിരുന്നു എന്നും യഹൂദ ശാസ്ത്രിമാർ അവരെ ചതിക്കുകയായിരുന്നു എന്നും ഞാൻ പരസ്യമായി പറഞ്ഞപ്പോൾ അവർക്ക് എന്നോടുള്ള എതിർപ്പ് പതിന്മടങ്ങ് വർദ്ധിച്ചു.

നേർച്ചയും വഴിപാടും നൽകുന്നതിനെപ്പറ്റി ഒരു വാക്ക് കൂടെ പറയട്ടെ. ദൈവ പിതാവിൽനിന്ന് എന്തെങ്കിലും കിട്ടാൻ വേണ്ടി കൈക്കൂലി കൊടുക്കുന്നത് അല്ല നേർച്ച. ദൈവം നിങ്ങൾക്ക് നൽകിയിട്ടുള്ള നന്മകൾക്ക് വേണ്ടി ദൈവത്തോട് നന്ദി അറിയിക്കുന്നതിന്റെ പ്രതീകമായിട്ടാണ് വഴിപാടുകളും നേർച്ചകളും നിങ്ങൾ നൽകേണ്ടത്. എന്തെങ്കിലും കിട്ടാൻ വേണ്ടിയല്ല, കിട്ടിയതിനുശേഷം ഉള്ള നന്ദി അറിയിക്കുന്നതിനു വേണ്ടിയായിരിക്കണം നിങ്ങളുടെ വഴിപാടുകളും. നിങ്ങൾ മറ്റുള്ളവർക്ക് വേണ്ടി ചെയ്യുന്ന ദാനധർമ്മങ്ങൾ എനിക്കുവേണ്ടി ചെയ്യുന്നു എന്ന് നേരത്തെ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. ഇതുസംബന്ധിച്ച് അല്പം കൂടെ വിശദമായി ദശാംശത്തെപറ്റി പറയുന്ന അടുത്ത ഭാഗത്ത് പറയാം.

ദശാംശം: എന്ത്? എന്തിന്? എങ്ങനെ?

പഴയ നിയമ ന്യായപ്രമാണത്തിന്റെ ഭാഗമായി ദശാംശം പുരോഹിതർക്ക് നൽകണമെന്ന നിർദ്ദേശം പലയിടത്തായി കാണുന്നുണ്ട്. ഇസ്രായേൽ ഗോത്രങ്ങൾക്ക് കനാൻ ദേശം വിഭജിച്ച കൊടുത്തപ്പോൾ ലേവ്യ ഗോത്രത്തിന് പ്രത്യേക ഭൂപ്രദേശം കൊടുത്തില്ല. മറ്റേ 11

ഗോത്രക്കാരും അവരവരുടെ വരുമാനത്തിൽനിന്ന് പത്തിലൊരംശം ലേവ്യ ഗോത്രത്തിലെ പുരോഹിതരുടെ ആവശ്യങ്ങൾക്കായി നൽകണമെന്നാണ് നിയമം. അത് സംബന്ധമായി ചില കാര്യങ്ങൾ ചുരുക്കം ആയിട്ട് പറഞ്ഞുതരാം.

1) പഴയനിയമത്തിൽ അബ്രഹാം ശാലേം രാജാവായ മെൽക്കിസെദേക്ക് എന്ന ദൈവത്തിന്റെ പുരോഹിതന് ദശാംശം നൽകിയതു നിങ്ങൾ വായിക്കുന്നുണ്ടല്ലോ.(ഉൽപത്തി 14: 20). ലോത്തിനെയും കുടുംബത്തെയും തട്ടിക്കൊണ്ടുപോയ രാജാക്കന്മാർക്കെതിരെ അബ്രഹാം 318 യോദ്ധാക്കളെകൊണ്ട് പോയി അവരെ തോൽപിച്ച് അവരുടെ കൊള്ളമുതലു മായി തിരിച്ചുവരുമ്പോൾ അവർക്ക് സമൃദ്ധമായി അപ്പം വീഞ്ഞുകൾ നൽകി സ്വീകരിച്ചു. അതിന്റെ പ്രതിഫലം എന്ന വിധം അബ്രഹാം കൊള്ള മുതലിന്റെ "ദശാംശം"മെൽക്കിസെദേക്ക് ന് കൊടുത്തതാണ് തിരുവെഴുത്തുകളിലെ ആദ്യത്തെ പരാമർശം. രണ്ടാമത്തെ പരാമർശം നിങ്ങൾ കാണുന്നത് ഗോത്ര പിതാവായ യാക്കോബ് ബഥേലിൽവച്ച് ദൈവവുമായി ഉണ്ടാക്കുന്ന ഒരു ഉടമ്പടിയുടെ ഭാഗമായിട്ടുള്ളതാണ്.(ഉല്പത്തി 28: 18– 22). ഇവിടെ യഹോവ ആയിട്ടുള്ള ഒരു വിലപേശൽ ആയി നിങ്ങൾക്ക് തോന്നാം. "യാക്കോബ് ഒരു നേർച്ച നേർന്നു. ദൈവം എന്നോട് കൂടെ ഇരിക്കുകയും ഞാൻ പോകുന്ന ഈ യാത്രയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പിക്കാൻ വസ്ത്രവും എനിക്ക് തരികയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്ക് സൗഖ്യത്തോടെ മടക്കി വരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്ക് ദൈവം ആയിരിക്കും. ഞാൻ തൂണായി നിർത്തിയ ഈ കല്ല് ദൈവത്തിന്റെ ആലയവും ആകും. നീ എനിക്ക് തരുന്ന സകലത്തിലും ഞാൻ നിനക്കു ദശാംശം തരുമെന്ന് പറഞ്ഞു".

ഈ രണ്ട് സന്ദർഭങ്ങളിലും പിന്നീടുണ്ടായ ദശാംശ നിയമങ്ങളൊന്നും പാലിക്കപ്പെടുന്നതായിട്ട് കാണുന്നില്ല. ഈ രണ്ട് കാര്യങ്ങളും, സാന്ദർഭികമായി സ്വമേധയാ ഒറ്റത്തവണയായി നടത്തിയതാണ് എന്ന് ശ്രദ്ധിക്കുക.

2) യഹോവ രാജാവായിരുന്ന ഇസ്രായേൽ ജനതയുടെ നേതൃത്വം നടത്തിയിരുന്ന പുരോഹിതന്മാർക്ക് നൽകുവാനായി പിന്നീട് മോശെമുഖാന്തരം ദശാംശം നൽകണമെന്ന നിയമങ്ങൾ നിലവിൽ വന്നു. ആ നിയമപ്രകാരം എല്ലാ യഹൂദൻമാരും മൂന്നുതരത്തിലുള്ള ദശാംശം കൊടുക്കണമായിരുന്നു. A) ദേവാലയ നികുതി (സംഖ്യാ 18:

21–24). B) ഉത്സവ നികുതി. C) 3 വർഷം കൂടുമ്പോൾ സാധുക്കൾക്ക് വേണ്ടിയുള്ള പ്രത്യേക നികുതി.(2 ദിനവൃത്താന്തം 31: 4– 12). ഈ മൂന്ന് നികുതികളും ദശാംശം എന്ന പേരിൽ തന്നെയാണ് അറിയപ്പെട്ടിരുന്നത്. ഈ മൂന്ന് നികുതികളും കൂട്ടുമ്പോൾ ആകെ പ്രതിവർഷം 25% വീതം ഓരോ യഹൂദനും ദേവാലയത്തിൽ നിർബന്ധ പിരിവ് ആയി കൊടുക്കണമായിരുന്നു. (ലേവ്യാ. 27: 30– 31). അപ്പോൾ ദശാംശം എന്ന് പറയുന്നത് പത്തിലൊരംശം അല്ല നാലിൽ ഒരംശമായിട്ട് മാറുന്നു.

3). ഞാൻ തന്നെയും നികുതി അടയ്ക്കുന്നതും, പരീശന്മാർ നികുതി കൊടുക്കുന്ന കാര്യം പത്രോസിനോട് ചോദിക്കുന്നതും നിങ്ങൾ കണ്ടതല്ലേ?(മത്തായി. 23:23). പുരോഹിതന്മാർക്കും റാബി മാർക്കും നികുതി കൊടുക്കേണ്ടത് ഇല്ലെങ്കിലും ആർക്കും ഇടർച്ച വരുത്താതിരിക്കാൻ ആയിട്ടാണ് ഞാൻ അന്ന് തർക്കിക്കാതെ നികുതി കൊടുത്ത് മാതൃക കാണിച്ചത്. നിയമം അനുവദിക്കുന്നുണ്ടെങ്കിലും,അത് നടപ്പാക്കാനായി മറ്റുള്ളവർക്ക് ഇടർച്ച വരുത്തുന്നത് ദൈവ പിതാവിന്റെ മുൻപാകെ സ്വീകാര്യമല്ല എന്ന് എനിക്കറിയാം. നിങ്ങളും ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കൽപ്പനകൾ ലംഘിക്കാതെ തന്നെ മറ്റുള്ളവർക്ക് ഇടർച്ച വരുത്താതിരിക്കാൻ നിങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.(മത്തായി 17: 24– 27) പരീശന്മാർ എന്നെ പരീക്ഷിക്കാൻ ചോദിച്ചപ്പോൾ ഞാൻ ഉത്തരം പറഞ്ഞതും നിങ്ങൾ കേട്ടുകാണുമല്ലോ. "കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുവാൻ പറഞ്ഞപ്പോൾ അവർക്ക് വാക്ക് മുട്ടിപ്പോയി. (മത്തായി 22: 21).

4) മലാക്കി മൂന്നാം അധ്യായത്തിൽ ദശാംശത്തെ പറ്റി പറയുന്നത് യഹൂദ നിയമത്തിന്റെ കീഴിൽ ഉള്ളവർക്ക് മാത്രമേ ബാധകം ആകുന്നുള്ളൂ. " എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന് നിങ്ങൾ ദശാംശം മുഴുവനും ഭണ്ടാര ത്തിലേക്ക് കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിലുകൾ തുറന്നു സ്ഥലം പോരാതെ വരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയില്ലയോ എന്നിങ്ങനെ ഇതിനാൽ നിങ്ങളെന്നെ പരീക്ഷിക്കു വിൻ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 3: 10). സ്വർഗ്ഗരാജ്യത്തെ പറ്റിയുള്ള കാഴ്ചപ്പാട് ലഭിക്കാതിരുന്ന യഹൂദ ജനതയോട് ലോക പ്രകാരമുള്ള അനുഗ്രഹങ്ങൾ(ആവർത്തനം 28:1–14) ലഭിക്കേണ്ടതിനായി പ്രവാചകൻ ആഹ്വാനം ചെയ്തു. അതനുസരിച്ച് ലോകപ്രകാരമുള്ള സമൃദ്ധി പ്രതീക്ഷിച്ച് യഹൂദന്മാർ ദശാംശം നൽകുകയും ചെയ്തുവന്നു. സമ്പത്ത് ഘടനയുടെ കാഴ്ചപ്പാടുള്ള ഒരുതരം വ്യാപാരം ആയിരുന്നു

ദൈവനാമത്തിൽ മലാഖി പ്രവചിച്ചത്. വാസ്തവത്തിൽ യഹോവയ്ക്ക് ഇവരുടെ വഴിപാട് ആവശ്യമുണ്ടോ? പത്ത് വച്ചാൽ നൂറ് തരാം എന്ന് വ്യാമോഹിപ്പിക്കുന്ന വ്യവസ്ഥകൾ യഹോവ ചെയ്യതായി പറഞ്ഞുവെങ്കിലും, സ്വർഗ്ഗ പിതാവിന്റെ ഹിതം അറിഞ്ഞുള്ള പ്രവചനം അല്ലായിരുന്നു അത്. സ്വന്തം താൽപര്യങ്ങൾ യഹോവയുടെ പേരിൽ പ്രഖ്യാപിക്കുന്ന ബലഹീനത പല പ്രവാചകന്മാരിലും കാണുന്നുണ്ട്. (ആവർത്തനം 18: 20– 22).ഏതായാലും മലാക്കി പ്രവചനത്തിനുശേഷം യഹോവ ഏകദേശം 400 വർഷം ആരെയും പ്രവചനത്തിന് നിയോഗിച്ചില്ല. പിന്നീട് കാലസമ്പൂർണ്ണതയിൽ ഞാൻ മനുഷ്യാവതാരം ചെയ്യപ്പോൾ യോഹന്നാൻ സ്നാപകൻ മുഖാന്തരം സ്വർഗ്ഗപിതാവ് ജനത്തോട് സംസാരിക്കാൻ തുടങ്ങി. ലോകരാജ്യത്തിന് പകരം "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാണ്, മാനസാന്തരപ്പെടുവിൻ"എന്ന് പറഞ്ഞ് ജനത്തെ പുതിയ നിയമത്തിലേക്ക് ആഹ്വാനം ചെയ്തു. ആകയാൽ മലാക്കി പ്രവാചകൻ, ലോക പ്രകാരമുള്ള അനുഗ്രഹങ്ങൾ നൽകി വശീകരിക്കുന്ന യഹോവ നൽകുന്ന വാഗ്ദാനങ്ങൾ ആയി പ്രവചിച്ചത്, യഥാർത്ഥ സ്വർഗ്ഗ പിതാവിന്റെ സന്ദേശം വേണ്ടതുപോലെ മനസ്സിലാക്കുവാൻ പരാജയപ്പെട്ടതിനാൽ ആണ് എന്നു വേണം കരുതുവാൻ. യഹോവയുടെ അരുളപ്പാട് വേണ്ടവിധം മനസ്സിലാക്കുവാൻ പ്രവാചകന്മാർ പരാജയപ്പെടുന്ന സാഹചര്യത്തിലാണ് പഴയ നിയമപ്രകാരമുള്ള പ്രവാചകന്മാരുടെ കാലം സ്വർഗ്ഗപിതാവ് അവസാനിപ്പിച്ചത്. ഇന്നും ദൈവത്തിന്റെ പേരിൽ പലരും കള്ളപ്രവചനങ്ങൾ നടത്തുന്ന കാര്യം ഞാൻ നേരത്തെ മുന്നറിയിപ്പ് തന്നത് ഓർക്കുന്നുണ്ടല്ലോ.

5) പുതിയ നിയമത്തിൽ നിങ്ങളുടെ സ്വത്തിന്റെ ദശാംശം എന്ന ഒരു പ്രമാണത്തിന് വലിയ പ്രസക്തിയില്ല. കാരണം നിങ്ങൾക്ക് ആർക്കും സ്വന്തമായി സ്വത്ത് ഉണ്ടാകാൻ പാടില്ല. എന്റെ ശിഷ്യൻ ആകണമെങ്കിൽ എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്തു, എന്റെ പിന്നാലെ വരുവാൻ ഞാൻ പറഞ്ഞിരുന്നത് നിങ്ങൾ ഓർക്കുന്നുണ്ടാവും. ഇപ്പോൾ നിങ്ങൾക്ക് ഉണ്ട് എന്ന് വിചാരിക്കുന്നത് എല്ലാം മറ്റുള്ളവർക്കുവേണ്ടി ആവശ്യാനുസരണം ദൈവഹിതമനുസരിച്ച് ചെലവഴിക്കാൻ വേണ്ടി നിങ്ങളെ സ്വർഗ്ഗപിതാവ് ഏൽപ്പിച്ചതാണ്. സ്വന്തമെന്ന് കരുതുന്ന എന്തെങ്കിലും നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾക്ക് എന്റെ ശിഷ്യന്മാരായിരിക്കാൻ കഴിയില്ല. നിങ്ങൾക്ക് ഉണ്ട് എന്ന് കരുതുന്നത് എല്ലാം നിങ്ങളുടെ സ്വന്തമാണെന്നും അതിൽനിന്നും ദശാംശം എങ്കിലും ദൈവത്തിനു കൊടുത്തു ബാക്കി 90% നിങ്ങളുടെ ഇഷ്ടംപോലെ ചെലവഴിക്കാം എന്നുമുള്ള തെറ്റായ ധാരണ ഒരിക്കലും എന്റെ സഭയിൽ ഞാൻ അനുവദിക്കുകയില്ല.

നിങ്ങളുടെ ആത്മീയവും മാനസികവും ശാരീരികവുമായ എല്ലാം തന്നെ ഞാൻ നിങ്ങൾക്ക് ദാനമായി തന്നിട്ടുള്ളതാണ്. നിങ്ങളുടെ ആരോഗ്യം, സമ്പത്ത്, സമയം , വിവിധ കഴിവുകൾ എല്ലാം തന്നെ നിങ്ങളുടേതല്ല, നിങ്ങൾ ദൈവഹിതത്തിന് അനുസരിച്ച് ഉപയോഗിച്ച് എന്നെ തിരിച്ചേൽപ്പിക്കാൻ വേണ്ടി കാര്യവിചാരകൻമാരായി നിങ്ങളെ നിയമിച്ച് ഏൽപ്പിച്ചിരിക്കുന്നതാണ്. ഞാൻ എല്ലാത്തിനും നിങ്ങളോട് കണക്ക് ചോദിക്കുന്ന ഒരു സമയമുണ്ട് എന്ന് ഓർത്ത്, ജാഗ്രതയോടെ വിശ്വസ്തതയോടെ കാര്യവിചാരകത്വം നിർവഹിക്കണം.

6).പുതിയനിയമസഭയിൽനിർബന്ധംആയിട്ടുള്ളഒരുപിരിവുംഞാൻ അനുവദിക്കുന്നില്ല. പൗലോസ് ശ്ലീഹ ആ കാര്യത്തെപ്പറ്റി പല പ്രാവശ്യം എഴുതി അറിയിച്ചിട്ടുണ്ട്.(കൊലോ 2: 20–23).ന്യായപ്രമാണത്താൽ അല്ല എന്നിലുള്ള വിശ്വാസത്താലും അനുസരണത്താലും ആണ് നിങ്ങൾ ജീവിക്കേണ്ടത്.(റോമാ 3: 20). ദൈവത്തിന്റെ നീതി അറിഞ്ഞു ജീവിക്കണമെന്നും പ്രത്യേകം പറഞ്ഞിട്ടുള്ളത് നിങ്ങൾ ശ്രദ്ധിക്കുക.(റോമാ 10: 3– 4). ആഴ്ചതോറും ആരാധനയ്ക്ക് കൂടി വരുമ്പോൾ സ്തോത്രകാഴ്ചയായി ജനങ്ങളിൽ നിന്നും പിരിവ് സ്വീകരിക്കുന്ന പതിവ് ഉണ്ടായിരുന്നതായി പൗലോസ് പറയുന്നത് എല്ലാ സഭകളിലും ദേവാലയങ്ങളിലും നിങ്ങൾ തുടർന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ആവശ്യം തന്നെയാണ്. (1 കോരി 16: 1– 2). അത് ഒരിക്കലും ദശാംശം ആയിട്ടല്ല, അവരവരുടെ കഴിവുപോലെ ദരിദ്രർക്ക് വേണ്ടിയുള്ള ധർമ്മ ശേഖരണം ആയതിനാൽ സന്തോഷത്തോടെ നിങ്ങൾ നൽകണം. "ദേവാലയ കർമ്മങ്ങൾ നടത്തുന്നവർദേവാലയംകൊണ്ട്ജീവിക്കണമെന്നുംശുശ്രൂഷചെയ്യുന്നവർ യാഗപീഠത്തിലെ വഴിപാടുകളിൽ ഓഹരിക്കാർ ആകുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? (1കൊരി 9: 13). അതുപോലെ സുവിശേഷം അറിയിക്കുന്നവർക്ക് സുവിശേഷത്താൽ ഉപ ജീവിക്കണമെന്ന് ഞാൻ കൽപ്പിച്ചതും പൗലോസ് പറയുന്നു. (1കൊരി 9: 14).പക്ഷേ പൗലോസ് സ്വന്തം കൈയാൽ അധ്വാനിച്ച് ഉപജീവനം നടത്തിയിരുന്നതാണ് യഥാർത്ഥ ശിഷ്യത്വത്തിന്റെ മാതൃകയായി ഞാൻ പറയുന്നത്. എന്നിരുന്നാലും പൂർണ സമയം ദൈവരാജ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടപ്പോൾ ഞാനും ശിഷ്യന്മാരും മറ്റു ജോലികളിൽ വ്യാപൃതരാകാതെ ജനങ്ങൾ നൽകിയ സംഭാവനകൾ സ്വീകരിച്ചിരുന്നു. യൂദായുടെ കയ്യിൽ പണസഞ്ചി ഏൽപ്പിച്ചിരുന്നത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. ഞങ്ങൾ ആരോടും തന്നെ ഒന്നും ചോദിച്ചു വാങ്ങിയിട്ടില്ല, സന്തോഷത്തോടെ തരുന്നത് നിരസിച്ചുമില്ല. സഹായം അർഹിക്കുന്നവർക്ക് ഒക്കെ ആവശ്യാനുസരണം നൽകുവാൻ തക്കവണ്ണം അതുകൊണ്ട് ഞങ്ങൾക്ക്

സാധിച്ചു. ദാനം ചെയ്യുന്നതിന് ഒരിക്കലും നിർബന്ധിച്ചു കൊണ്ടോ, കൂടുതൽ ലഭിക്കുമെന്ന് പ്രലോഭിപ്പിച്ചുകൊണ്ടോ, കൊടുത്തില്ലെങ്കിൽ ദോഷം വരുമെന്ന് ഭയപ്പെടുത്തി കൊണ്ടോ അല്ലായിരുന്നു എന്ന് പ്രത്യേകം ശ്രദ്ധിക്കണം. ദാനമായ് കൊടുക്കുന്നതിനെ പറ്റി പൗലോസ് ശ്ലീഹാ പറയുന്നത് തന്നെ കേൾക്കുക," ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും, ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും എന്ന് ഓർത്തുകൊൾവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്, നിർബന്ധത്താലും അരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു."(2 കോരി 9: 6–7).

നിങ്ങളെല്ലാവരും എന്റെ ശിഷ്യന്മാർ ആകുന്നുവെങ്കിൽ എന്റെ വിശ്വസ്ത കാര്യവിചാരകത്വം ഏറ്റെടുക്കണം. നിങ്ങൾക്കുള്ളതെല്ലാം ഞാൻ നിങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ്. നിങ്ങളുടെ ആവശ്യം കഴിഞ്ഞ് മിച്ചം ഉള്ളതെല്ലാം മറ്റുള്ള ആവശ്യക്കാർക്ക് ചെലവഴിക്കാനായി നിങ്ങളെ ചുമതലപ്പെടുത്തിയിരിക്കുകയാണ് എന്ന കാര്യം നിങ്ങൾ മറക്കരുത്. ദശാംശം ദൈവത്തിനും ബാക്കിയെല്ലാം നിങ്ങൾക്കും ആണെന്ന കാര്യം മറന്നേക്കു. ഒന്നും കൊടുക്കണ്ട എന്ന് ഞാൻ പറഞ്ഞു എന്ന് തെറ്റിദ്ധരിച്ച് ദശാംശം എങ്കിലും കൊടുക്കാൻ നിങ്ങൾ മറക്കരുത്. നിങ്ങൾക്ക് ലഭിക്കുന്നതിനേക്കാൾ മറ്റുള്ളവർക്ക് കൊടുക്കുന്നത് ഭാഗ്യമായി നിങ്ങൾ കരുതി പ്രവർത്തിക്കുക.(അ. പ്ര.20: 35). നിങ്ങളുടെ പ്രവൃത്തി യേക്കാൾ നിങ്ങളുടെ മനോഭാവത്തെയാണ് ഞാൻ വിലയിരുത്തുന്നത് എന്ന് എന്ന് ഓർക്കുക.

എന്ന് സ്നേഹപൂർവ്വം സ്വന്തം യേശു

13–12–2020.

## അദ്ധ്യായം 56

# ബധിരനും മൂകനുമായ ഒരാളെ ഞാൻ സൗഖ്യമാക്കി

(മത്തായി 15:29–31; മർക്കോസ് 7: 31–37)

യഹൂദാ നിയമങ്ങളെ പറ്റിയും അവരുടെ തെറ്റായ ആചരണത്തെ പറ്റിയും ഒക്കെ നിങ്ങൾ കേട്ട് വിഷമിച്ചിരിക്കുകയാണ് എന്ന് എനിക്ക് തോന്നുന്നു. നിങ്ങളുടെ ജീവിതാനുഭവത്തിൽ അപ്രകാരമുള്ള വീഴ്ചകൾ വരാതെ സൂക്ഷിക്കാൻ ഞാൻ ചില മുന്നറിയിപ്പുകൾ നൽകിയതാണ്. ഞാൻ സൗഖ്യം നൽകിയ ഒരു പുതിയ അനുഭവം ഇന്ന് നിങ്ങളോട് വിവരിക്കാം.

കാഫർണാഹും എന്റെ സ്വന്തം പട്ടണം ആണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. ഗലീലായിരുന്നപ്പോൾ കൂടുതൽ സമയവും ഞാൻ അവിടെത്തന്നെ പാർക്കുമായിരുന്നു. അവിടെനിന്നും ഞങ്ങൾ പുറപ്പെട്ടു ഗലീലകടലിന്റെ അക്കരെയുള്ള 10 പട്ടണങ്ങൾ എന്നാർത്ഥമുള്ള "ദക്കപ്പോലി" ദേശത്തേക്കു പോയി. പണ്ട് കനാൻ ദേശം യഹൂദന്മാർ പിടിച്ചടക്കാൻ വന്നപ്പോൾ ജോർദാൻ നദിയുടെ കിഴക്കുഭാഗത്ത് വിജാതിയർ പാർത്തിരുന്ന സ്ഥലമാണ് ഇത്. ഞാനും ശിഷ്യരും അവിടെ എത്തിയപ്പോൾ സംസാരിക്കാനും കേൾക്കാനും കഴിയാത്ത ഒരാളെ അവർ എന്റെ അടുക്കൽ കൊണ്ടുവന്നു. ഇതിനു മുൻപ് ഞാൻ ആ പ്രദേശത്ത് പോയി ദൈവരാജ്യസുവിശേഷം അറിയിച്ചിട്ടുള്ളതിനാൽ അവർക്ക് എന്നിൽ വിശ്വാസം ഉണ്ടായിരുന്നു. ഞാൻ ആ മനുഷ്യനെ ജനക്കൂട്ടത്തിൽ നിന്നും കുറച്ചകലെ കൊണ്ടുപോയി. ഞങ്ങൾ മാത്രമായപ്പോൾ അവന്റെ ചെവിയിൽ ഞാൻ വിരലിട്ടു സൗഖ്യമാക്കി. ഞാൻ സ്രഷ്ടാവാണ് എന്ന കാര്യം ബോധ്യപ്പെടുത്താനാണ് അങ്ങനെ ചെയ്തത്. ആദമിനെ ദൈവം വിരലുകൾ കൊണ്ടാണല്ലോ മെനഞ്ഞുണ്ടാക്കിയത്. സൃഷ്ടാവിനെ ഓർമ്മിപ്പിക്കുവാൻ ആണ് ഞാൻ വിരൽ പ്രത്യേകം ഉപയോഗിച്ചത്. അവന്റെ ചെവിയുടെ കേടായിപോയ ഭാഗങ്ങൾ ഞാൻ പുതുതായി സൃഷ്ടിക്കുകയായിരുന്നു എന്ന് അവരെ ബോധ്യപ്പെടുത്തുകയായിരുന്നു. പിന്നീട് അവന്റെ കെട്ടപ്പെട്ട നാവ് അഴിച്ച് സംസാരശേഷി വീണ്ടെടുക്കാനും സൃഷ്ടികർമ്മത്തിൽ സ്വർഗ്ഗ പിതാവ് ചെയ്തതുപോലെ

മണ്ണെടുത്ത് കുഴച്ചതിനെ അനുസ്മരിപ്പിക്കാനാണ് എന്റെ വിരൽകൊണ്ട് എന്റെ തുപ്പൽ എടുത്ത് അവന്റെ നാവിൽ പുരട്ടിയത്. ഉടൻതന്നെ അവനു സൗഖ്യം ലഭിച്ചെങ്കിലും, അത് അവനും കണ്ടു നിന്നവർക്കും ബോധ്യം വരുവാനായി, സ്വർഗ്ഗ പിതാവിന്റെ അനുവാദം വാങ്ങി ഞാൻ അവന്റെ ചെവിയിൽ ഉച്ചത്തിൽ "എഫഥ"(തുറക്കട്ടെ) എന്ന് പറഞ്ഞപ്പോൾ ഒരേസമയം തന്നെ അവനു കേൾക്കുവാനും സംസാരിക്കുവാനും കഴിഞ്ഞു. അവൻ വളരെ സ്ഫുടമായി സംസാരിക്കുവാനും കേൾക്കുവാനും തുടങ്ങി. അവൻ ഓടി ജനക്കൂട്ടത്തിന് അടുത്തേക്ക് ചെന്നപ്പോൾ ആ മനുഷ്യന്റെ സന്തോഷ വാക്കുകൾ കേട്ട് എല്ലാവരും അത്ഭുതപ്പെട്ടു.

അൽഭുതം സംബന്ധിച്ച് നേരത്തെ നിങ്ങളോട് പറഞ്ഞ ചില കാര്യങ്ങൾ ഒന്നുകൂടി ഞാൻ ഇവിടെ എടുത്തു പറയട്ടെ.

A) സൗഖ്യം ആക്കുന്നതിനു മുൻപ് ഞാൻ സ്വർഗ്ഗ പിതാവിനോട് ആലോചിച്ച് അനുവാദം വാങ്ങുമായിരുന്നു.

B) എന്നിലുള്ള വിശ്വാസത്തിലേക്ക് വരുവാൻ ആരംഭിക്കുന്നവർക്ക് മാത്രമേ അത്ഭുതങ്ങൾ ഞാൻ കാണിച്ചുകൊടുക്കാറുള്ളൂ. അങ്ങനെ വിശ്വാസത്തിൽ വന്നവരെ സ്വർഗ്ഗരാജ്യ മർമ്മങ്ങൾ പഠിപ്പിച്ച് എന്റെ അനുസരണയിൽ വളർത്തുകയാണ് എന്റെ ലക്ഷ്യം.

C) അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിന് വിശ്വസിക്കുന്ന മനസ്സ് ആവശ്യമാണ്. എന്റെ അടുക്കൽ ആ മനുഷ്യനെ കൊണ്ടുവന്നപ്പോൾ അവരുടെ വിശ്വാസം എനിക്ക് മനസ്സിലായത്കൊണ്ട് അത്ഭുതം സംഭവിച്ചതാണ്. വിശ്വാസമില്ലാത്തിടത്ത് അപ്രകാരം സംഭവിക്കുകയില്ല. അതുകൊണ്ട് കൂടിയാണ് ആൾക്കൂട്ടത്തിൽ നിന്നും മാറിനിന്ന് വിശ്വാസം ഉള്ളവരുടെ കൂട്ടത്തിൽ അത്ഭുതം പ്രവർത്തിച്ചത്. അത്ഭുതത്തെ പറ്റി അധികം ആരോടും പറയരുതെന്ന് ഞാനവരോട് പറഞ്ഞതും അതുകൊണ്ടാണ്. പക്ഷേ അവൻ അത് കേൾക്കാതെ സന്തോഷം കൊണ്ട് തുള്ളിച്ചാടി ഉടൻതന്നെ ആൾക്കൂട്ടത്തിലേക്ക് ഓടിച്ചെന്ന് ഞാൻ ചെയ്ത കാര്യങ്ങളെല്ലാം വിളിച്ചുപറഞ്ഞു.

D) ഞാൻ മശിഹായാണെന്ന കാര്യം ജാതിക്കാർക്ക് അറിയില്ലായിരുന്നല്ലോ. മശിഹാ വരുമ്പോൾ ഇപ്രകാരം അത്ഭുതങ്ങൾ നടക്കുമെന്ന പ്രവചനം അവർ സാവധാനം മനസ്സിലാക്കി കഴിഞ്ഞാൽ എന്റെ ഉപദേശങ്ങളും അവർ സ്വീകരിക്കുമെന്ന പ്രതീക്ഷയിലാണ് ഞാൻ അവിശ്വാസികളുടെ ഇടയിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചത് .(ഏശയ 35:5).

ഈ വാർത്ത കേട്ടവർ "ഞാൻ എല്ലാം നന്നായി ചെയ്തു" എന്ന് പ്രത്യേകം പറയുന്നത് ഞാൻ കേട്ടു. അത് ശരി ആണ്. ഞാൻ ചെയ്യുന്നതെല്ലാം ദൈവഹിതമനുസരിച്ച് ആയിരുന്നതിനാൽ നല്ലത് തന്നെയായിരുന്നു. നിങ്ങൾക്കും നല്ലത് ചെയ്യണം എന്ന് ആഗ്രഹമുണ്ടെങ്കിൽ സ്വർഗ്ഗപിതാവുമായി ആലോചിച്ച അനുവാദത്തോടെ പ്രവർത്തിക്കുക, നിങ്ങൾക്കും നല്ലത് ചെയ്യാൻ കഴിയും. അശ്രദ്ധയോടെയും അലസ മായും അലക്ഷ്യമായും പാതി ഉപേക്ഷിച്ചതും ആയ പ്രവൃത്തികൾ ഒന്നും ഞാൻ ചെയ്യാറില്ല, അങ്ങനെ ചെയ്യുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല. ജീവിതത്തിൽ അപ്രകാരമുള്ള ശീലമുള്ളവരെ എനിക്ക് വെറുപ്പാണ്. അവരെക്കുറിച്ച്, അവരുടെ കഴിവനുസരിച്ച് പ്രവർത്തിപ്പിക്കുവാൻ കഴിയാത്തതിൽ എനിക്ക് ദുഃഖമുണ്ട്. അതുകൊണ്ടാണ് ഞാൻ എപ്പോഴും പറയുന്നത് "നിങ്ങൾ ചെയ്യുന്നത് പൂർണ ശക്തിയോടും പൂർണ മനസ്സോടും പൂർണ ആത്മാവോടും കൂടി ചെയ്യണമെന്ന്." ശരീരവും മനസ്സും ആത്മാവും ഒന്നിച്ച ചേർന്നുള്ള പൂർണ സമർപ്പണം ഉള്ളവരെ മാത്രമേ എന്റെ പിതാവിന്റെ അനുവാദത്തിനായി സമർപ്പിക്കുവാൻ എനിക്ക് കഴിയൂ. അങ്ങനെയുള്ളവരിൽ കൂടി മാത്രമേ ദൈവരാജ്യ പ്രവർത്തനം "നന്നായി" നടത്തുവാൻ സാധിക്കുകയുള്ളൂ. എനിക്ക് എല്ലാം നന്നായി ചെയ്യാൻ കഴിഞ്ഞതിന്റെ രഹസ്യം, സ്വർഗ്ഗപിതാവിന്റെ ഇഷ്ടം പൂർത്തിയാക്കാനുള്ള എന്റെ പൂർണ്ണ സമർപ്പണമാണ്. നിങ്ങളും അങ്ങനെ പൂർണ്ണമായി സമർപ്പിക്കണം.

ബധിരനും മൂകനുമായ മനുഷ്യനെ സൗഖ്യം ആക്കിയതിന്റെ പ്രാധാന്യം നിങ്ങൾ വേണ്ടതുപോലെ മനസ്സിലാക്കിയോ എന്ന് എനിക്ക് സംശയമുണ്ട്. മനുഷ്യന്റെ പ്രധാനപ്പെട്ട രണ്ട് കഴിവുകളാണ് കേൾക്കുക എന്നതും പറയുക എന്നതും. ഈ രണ്ട് കഴിവുകളും ഒന്നിച്ച് പ്രവർത്തിക്കുന്നത് മനുഷ്യനിൽ മാത്രമേയുള്ളൂ എന്ന് നിങ്ങൾക്കറിയാമോ?അടിസ്ഥാനപരമായി ദൈവത്തിൽനിന്ന് കേൾക്കുവാനും കേട്ട കാര്യങ്ങൾ ശരിയായി ഗ്രഹിച്ച് മറ്റുള്ളവരോട് പറയുവാനും മനുഷ്യനു നൽകിയ ഈ കഴിവ് ശരിയായി വിനിയോഗിക്കുവാൻ നിങ്ങൾ ഗൗരവത്തോടെ പരിശ്രമിക്കണം. ആവശ്യമില്ലാത്തവ കേൾക്കാതിരിക്കാനും കേൾക്കേണ്ട കാര്യങ്ങൾ ശരിയായി വ്യക്തമായവിധം കേട്ട് ഗ്രഹിക്കുവാനും ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്ന ഈ കഴിവ് നിങ്ങൾ ശരിയായി തന്നെ വിനിയോഗിക്കണം. ദൈവരാജ്യപ്രമാണങ്ങൾക്ക് എതിരായി ഈ ലോക

കാര്യങ്ങളും അറിവുകളും കേൾക്കാനും കേൾപ്പിക്കാനും ഇടയാകാതെ നിങ്ങൾ സൂക്ഷിക്കണം. നിങ്ങൾക്കും മറ്റുള്ളവർക്കും ആത്മീയ വർദ്ധന നൽകാത്ത കാര്യങ്ങൾക്ക് നിങ്ങൾ ഒരിക്കലും ചെവികൊടുക്കരുത്. എങ്കിൽ മാത്രമേ സ്വർഗ്ഗപിതാവ് നിങ്ങൾക്ക് നൽകുന്ന സന്ദേശങ്ങൾ കേട്ട് ഗ്രഹിക്കുവാനും അതിൻപ്രകാരം യാഥാർത്ഥ്യങ്ങൾ ഗ്രഹിച്ച് നല്ലതുമാത്രം പ്രവർത്തിക്കുവാനും നിങ്ങൾക്ക് കഴിയുകയുള്ളൂ. ലോകമോഹങ്ങളുടെ മനോഹര ശബ്ദങ്ങൾക്ക് നിങ്ങൾ ചെവികൊടുത്താൽ ദൈവശബ്ദത്തിന് ചെവി ചായ്ക്കുവാൻ നിങ്ങൾക്ക് കഴിയാതെ പോകും. ഇടയ ശബ്ദം കേൾക്കാതെയും കേട്ടാൽ തന്നെ തിരിച്ചറിയാതെയും ആകുന്ന അവസ്ഥയിൽ ആയാൽ ആ ടുകളെ പോലെ നിങ്ങളും വഴിതെറ്റി പോകും എന്ന് ഓർത്തിരിക്കുക.

കേൾവി പോലെ തന്നെ മറ്റൊരു പ്രധാന ദാനമാണ് സംസാരശേഷി. മറ്റൊരു ജീവജാലത്തിനും ഇല്ലാത്ത സവിശേഷമായ കഴിവാണ് സംസാരശേഷി എന്ന് നിങ്ങൾ മറക്കരുത്. "മിണ്ടാപ്രാണികൾ"എന്ന നിലയിൽ മറ്റ് സൃഷ്ടികളെ നിങ്ങൾ ഉപദ്രവിക്കുകയും കൊന്നു തിന്നുകയും ചെയ്യുമ്പോൾ ഓർക്കുക, അവയ്ക്കും പറയാനാകാത്ത വികാരവിചാരങ്ങളും വേദനകളും നെടുവീർപ്പുകളും എല്ലാം ഉണ്ട് എന്നും ദൈവം അവ അറിയുന്നുണ്ട് എന്നും അവക്കെതിരായി നിങ്ങൾ ചെയ്യുന്ന ക്രൂരതകൾക്ക് ദൈവമുൻപാകെ കണക്ക് ബോധിപ്പിക്കേണ്ടിവരും എന്നും മറക്കാതിരിക്കുക. സംസാരശേഷിയില്ലാത്ത മനുഷ്യരോട് മാത്രമല്ല, എല്ലാ ജീവജാലങ്ങളോടും നിങ്ങൾക്ക് സംസാരശേഷി നൽകിയ ദൈവത്തിന്റെ നാമത്തിൽ കരുണയോടും കരുതലോടും കൂടി പെരുമാറുവാൻ ഇട യാകണമെന്ന് സാന്ദർഭികമായി ഞാൻ നിങ്ങളെ ഓർമിപ്പിക്കുന്നു.

രണ്ടു ചെവികൾക്ക് ഒരു നാവു മാത്രമേ നിങ്ങൾക്ക് ഉള്ളൂ. അതായത്, രണ്ട് പ്രാവശ്യം കേട്ടുകഴിഞ്ഞു മാത്രമേ ഒരു പ്രാവശ്യം സംസാരിക്കാൻ പാടുള്ളൂ. കേൾപ്പാൻ വേഗതയും സംസാരിക്കാൻ താമസവും ഉള്ളവരാകണം നിങ്ങൾ. ചില കാര്യങ്ങൾ ഒരു ചെവിയിൽ കൂടി കേട്ട് മറു ചെവിയിലൂടെ പുറത്തു വിടുന്നതാണ് നല്ലത്. ഒരു കാര്യം കേട്ടാൽ അത് മറ്റുള്ളവർക്ക് പ്രയോജനം വരുത്തുന്നതാണ് എങ്കിൽ മാത്രം അവരോട് പറയുക. അല്ലെങ്കിൽ അത് മറന്നു കളയുക.

സംസാരശേഷിയെപറ്റി പറയുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട അവയവം "നാവു" തന്നെയാണ്. അതുകൊണ്ടാണ് ഞാൻ നാവു തൊട്ട്

സൗഖ്യം നൽകിയത്. നിങ്ങളും സംസാര ശേഷി ഉള്ളവരായി തുടരുന്നത് ഞാൻ ഞാൻ തൊട്ടതു കൊണ്ടാണ് എന്ന് ഓർക്കുന്നത് നല്ലതാണ്. നാവ് ഒരു സ്വതന്ത്ര അവയവമല്ല. അതിനെ സംരക്ഷിക്കുന്ന പല്ലുകളും നിലനിർത്തുന്ന താടിയെല്ലുകളും അതുപോലെതന്നെ നാഡീഞരമ്പുകളും ശരിയായി പ്രവർത്തിക്കുമ്പോഴാണ് നാവ് ചലിപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുന്നത്. അധരങ്ങളെ അടയ്ക്കാനും തുറക്കാനും ആയി ചുണ്ടുകളും ദൈവം സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഈ ഭാഗങ്ങളെല്ലാം ശാരീരിക അവയവങ്ങൾ ആണെങ്കിലും അവയൊന്നും സ്വയമായി പ്രവർത്തിക്കുവാൻ കഴിയില്ല എന്ന് അറിയാമല്ലോ. "ഹൃദയം നിറഞ്ഞു കവിയുന്നത് ആണല്ലോ വായ സംസാരിക്കുന്നത് " നിങ്ങളുടെ ഹൃദയം നന്മ കൊണ്ട് നിറഞ്ഞിരുന്നാൽ നിങ്ങളിൽ നിന്നും നന്മ നിറഞ്ഞ വാക്കുകൾ പുറത്തുവരും. ആകയാൽ എപ്പോഴും നല്ല ചിന്തകൾ കൊണ്ട് നിങ്ങളുടെ മനസ്സ് നിറഞ്ഞു തന്നെ ഇരിക്കട്ടെ. ശൂന്യം ആയിരിക്കുന്ന മനസ്സ് പിശാചിനെ വിളിച്ചുവരുത്തും എന്ന് ഓർക്കുക. ന്യൂനമർദ്ദ ത്തെ തുടർന്ന് കൊടുങ്കാറ്റ് അടിക്കുന്നത് പോലെയുള്ള പൈശാചിക സ്വാധീനത്തിൽ നിങ്ങൾ അകപ്പെട്ടു പോകും. പിശാച് കൊണ്ടുവരുന്ന ലൗകികമോഹചിന്തകൾ കൊണ്ടും ആകുല വിചാരങ്ങൾ കൊണ്ടും മനസ്സുനിറഞ്ഞിരുന്നാൽ നിങ്ങളിൽ നിന്നും പുറപ്പെടുന്ന വാക്കുകൾ കേൾക്കുന്നവർക്ക് അസ്വസ്ഥതയും നിരാശയും വെറുപ്പും ഉളവാക്കുന്ന അനുഭവം ഉണ്ടാകും. ആയതിനാൽ നിങ്ങൾ നാവു ഉപയോഗിക്കുന്നതിനു മുൻപ് നല്ലതുപോലെ ആലോചിക്കുക. ആലോചനയില്ലാതെ പറയുമ്പോഴാണ് തെറ്റായ വാക്കുകൾ പുറത്തു വരുന്നത്. നിങ്ങളുടെ മനസ്സ് ദൈവവുമായുള്ള ബന്ധത്തിൽ എല്ലായിപ്പോഴും നിലനിർത്തിയാൽ നല്ല ചിന്തകൾ ദൈവാത്മാവ് നിങ്ങൾക്കു നൽകി ദൈവരാജ്യവളർച്ചയ്ക്കായി സംസാരിക്കാൻ നിങ്ങൾക്ക് കഴിവു നൽകും. നാവിനെ നിയന്ത്രിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി യാക്കോബ് എഴുതിയിരിക്കുന്നത് നിങ്ങൾ വായിച്ചു ഗ്രഹിക്കുക. (യാക്കോബ് 3: 1 –12). ഇവിടെ പറയുന്ന കാര്യങ്ങൾ നിങ്ങൾ വിശദമായി വായിച്ചു മനസ്സിലാക്കണം. നിങ്ങൾ സംസാരിക്കുമ്പോൾ നിങ്ങളുടെ വ്യക്തിത്വമാണ് വെളിപ്പെടുന്നത്. നിങ്ങളുടെ വാക്കുകളെ നിയന്ത്രിക്കാൻ കഴിയണമെങ്കിൽ നിങ്ങളുടെ വിചാരങ്ങളെ ആദ്യം നിയന്ത്രിക്കണം. എന്നാൽ മാത്രമേ നിങ്ങളുടെ പ്രവൃത്തികളെ നിയന്ത്രിക്കാൻ നിങ്ങൾക്ക് കഴിയുള്ളൂ. നിങ്ങളുടെ ഉള്ളിലുള്ള വിശ്വാസവും നിങ്ങളുടെ ബാഹ്യ പ്രവൃത്തികളും ചേർന്ന് പോകുന്നത് ആയിരിക്കണം എന്ന തത്വം സംസാരത്തിലൂടെ വെളിപ്പെടുത്തുവാൻ നിങ്ങൾ കരുതലോടെ നാവിനെ നിയന്ത്രിക്കുവാൻ ശീലിക്കുക. ഇങ്ങനെ പരിശീലനം ലഭിക്കാത്തവർ

ഉപദേഷ്ടാക്കൾ ആകരുത് എന്നാണ് യാക്കോബ് പറയുന്നത്. നാവിനെ നിയന്ത്രിക്കുന്നവനു ശരീരം മുഴുവൻ നിയന്ത്രിക്കാൻ കഴിയും എന്നും അഗ്നിപോലെ കത്തിപ്പടർന്ന് നാശം വിതയ്ക്കാൻ ഇടയാകാതെ സൂക്ഷിക്കണം എന്നും, മൃഗങ്ങളെ മെരുക്കുന്നത് പോലെ നാവിനെ മെരുക്കുവാൻ എളുപ്പമല്ല എന്നും, നാവിൽനിന്നും ഒരുപോലെ ശാപവും ഒരേസമയം സ്തുതിപ്പും വരുവാൻ സാധ്യതയുണ്ടെന്നും യാക്കോബ് ശ്ലീഹാ മുന്നറിയിപ്പു നൽകുന്നത് ഗൗരവമായെടുത്ത് ശ്രദ്ധയോടെ നാവിനെ നിയന്ത്രിക്കാൻ പഠിക്കുക.

മൂകനും ബധിരനുമായ ഈ മനുഷ്യനെ സൗഖ്യമാക്കിയ സംഭവത്തിൽ പ്രത്യേകമായി മനസ്സിലാക്കേണ്ട ചില കാര്യങ്ങൾ ഞാൻ എടുത്തു പറയട്ടെ.

1). ആ മനുഷ്യനെ അവന്റെ കൂട്ടുകാരാണ് എന്റെ അടുക്കൽ കൊണ്ടുവന്നത്. അവർക്ക് എന്നിൽ വിശ്വാസം ഉണ്ടായിരുന്നു. അതുപോലെ എന്നിൽ വിശ്വസിക്കാത്തവർ ആണെങ്കിൽ പോലും ദൈവിക മർമങ്ങൾ കേൾക്കാനും പറയാനും ഭാഗ്യം ലഭിക്കാത്തവർ നിങ്ങളുടെ ഇടയിൽ കാണും. അവരെ എന്റെ അടുക്കൽ എത്തിച്ചു അവർ സൗഖ്യം പ്രാപിക്കുവാൻ വിശ്വസിക്കുന്നവരായ നിങ്ങൾ പരിശ്രമിക്കണം.

2) ആൾക്കൂട്ടത്തിൽ നിന്നും അവനെയും വിശ്വസിക്കുന്നവരെയും മാത്രം വേറിട്ട് മാറ്റിനിർത്തിയാണ് ഞാൻ സൗഖ്യം നൽകിയത്. ആൾക്കൂട്ടത്തിൽ മിക്കവാറും "വിശ്വാസ തരംഗം"പൊതുവേ കുറവായതിനാൽ വീര്യപ്രവൃത്തികൾ നടക്കാതെ പോകാറുണ്ട്. (മാർക്കോ 6: 6). ജനക്കൂട്ടത്തിൽ പൊതുവേ അവിശ്വാസ തരംഗമാണ് (negative energy) കൂടുതൽ ശക്തിയോടെ വ്യാപരിക്കുന്നത്. ആയതിനാൽ നിങ്ങൾ ചെറിയ വിശ്വാസ കൂട്ടങ്ങളായി മാറിനിന്ന് സത്യവിശ്വാസം നിലനിർത്തുവാൻ ശ്രദ്ധിക്കണം. ജനക്കൂട്ടം പലപ്പോഴും ലോക മോഹങ്ങൾക്കനുസരിച്ച് വിശ്വസിക്കുന്നവരും ആഗ്രഹിക്കുന്നവരും ആണ്. അങ്ങനെ ഉള്ള അനേകർ എന്നെ വിട്ടുപോയ കാര്യം നിങ്ങൾക്ക് അറിയാമല്ലോ. വിശ്വസിക്കുന്ന സമൂഹത്തിലാണ് അത്ഭുതം നടക്കുന്നത് എന്ന് ഞാൻ പറഞ്ഞത് ഓർക്കുക. ഒറ്റയ്ക്ക് നല്ല മനുഷ്യർ ആണെങ്കിലും കൂട്ടത്തിൽ പെട്ടാൽ ചിലപ്പോൾ തെറ്റി പോകാൻ സാധ്യതയുണ്ട്. മനുഷ്യന്റെ വിശ്വാസവും ദൈവത്തിന്റെ ശക്തിയും കൂടി പ്രവർത്തിക്കുന്ന അവസരത്തിലാണ് അത്ഭുതങ്ങൾ സംഭവിക്കുന്നത്.

4) ഞാൻ സൗഖ്യമാക്കുന്നത് പലവിധത്തിൽ ആണെന്ന് നിങ്ങൾ മനസ്സിലാക്കുക. മനസ്സിൽ ചിന്തിച്ചാൽ ദൂരെ ഉള്ളവർക്ക് സൗകര്യം ലഭിക്കും, ഉദാ: ശതാധിപന്റെ ജോലിക്കാരൻ. ഞാനറിയാതെ എന്റെ വസ്ത്രം തൊട്ടാൽ പോലും സൗഖ്യം ലഭിക്കും. ഉദാ: രക്തസ്രാവക്കാരി സ്ത്രീ. പലരെയും വാക്കാൽ പറഞ്ഞു സൗഖ്യമാക്കി. മറ്റുചിലരെ തൊട്ടു സൗഖ്യമാക്കി. മരിച്ചവരെ കൈപിടിച്ച് എഴുന്നേൽപ്പിച്ചു. ഇവിടെ തുപ്പൽ ഉപയോഗിച്ച് സൗഖ്യമാക്കി. മറ്റൊരിക്കൽ മണ്ണ് കുഴച്ചു കുരുടന് കാഴ്ച നൽകി. വാഴ്ത്തി നുറുക്കി അപ്പം വർദ്ധിപ്പിച്ചു. ഏറ്റവുമൊടുവിൽ "അപ്പ വീഞ്ഞുകൾ" "എന്റെ ശരീരരക്തങ്ങൾ" ആക്കി നിങ്ങൾക്ക് നിത്യജീവൻ നൽകി. ഈ രീതിയിൽ ഒന്നുമല്ലാതെ ഞാൻ എന്റെ അടുക്കൽ വിശ്വാസത്തോടെ വരുന്നവരെ അദൃശ്യമായ രീതിയിൽ ഇന്നും ആന്തരികമായി സൗഖ്യമാക്കി കൊണ്ടിരിക്കുകയാണ് എന്നും നിങ്ങൾ അറിയുക.

5). പല രോഗങ്ങളും പിശാചിന്റെ സ്വാധീനത്തിലാണ് നിങ്ങളെ ബാധിക്കുന്നത്. മറ്റൊരവസരത്തിൽ ഊമ യായ വ്യക്തിയിൽ ഉണ്ടായിരുന്ന ഭൂതത്തെ പുറത്താക്കിയപ്പോൾ അയാൾ സംസാരിക്കാൻ തുടങ്ങിയ കാര്യം നിങ്ങൾക്ക് അറിയാമല്ലോ.(ലൂക്കോസ് 11: 14––). ലൂക്കോസ് ഒരു നല്ല വൈദ്യനായിരുന്നു. അദ്ദേഹം തന്നെ ഭൂതബാധ മൂലം രോഗങ്ങൾ വരുമെന്നും ദൈവികശക്തി കൊണ്ടുമാത്രമേ അത്തരം രോഗങ്ങൾ സൗഖ്യം ലഭിക്കുകയുള്ളൂ എന്നും വിവരിക്കുന്നത് വായിക്കുക. ചില മാനസിക രോഗങ്ങൾ ഭൂത ബാധയായി ചിത്രീകരിക്കാൻ ഇടയാക്കാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാനസിക രോഗചികിത്സിക്കുന്ന വിദഗ്ധ ഡോക്ടർമാരെ ആദ്യം സമീപിക്കേണ്ടതാണ്.

ഈ വിഷയം അന്ന് അവിടെ ഉണ്ടായിരുന്ന യഹൂദന്മാർക്ക് ആശയക്കുഴപ്പമുണ്ടാക്കി. അവർ പറഞ്ഞു ഞാൻ ഭൂതങ്ങളുടെ തലവനായ ബേൽസബൂബ് നെ കൊണ്ടാണ് ഭൂതങ്ങളെ പുറത്താക്കുന്നത് എന്ന്. (ലൂക്കോസ് 11: 15– 22). അവരുടെ മക്കൾ ഭൂതങ്ങളെ കൊണ്ട് ബാധ ഒഴിപ്പിക്കുന്ന രീതി ഉണ്ടായിരുന്നതിനാൽ അപ്രകാരം ആണ് ഞാൻ ചെയ്യുന്നത് എന്ന് എന്നെ കുറ്റപ്പെടുത്തുക യായിരുന്നു. എന്നാൽ ഞാൻ ദൈവത്തിന്റെ ശക്തി കൊണ്ടാണ് ഭൂതങ്ങളെ പുറത്താക്കുന്നത് എന്നും അത് ദൈവരാജ്യത്തിന്റെ അടയാളം ആണെന്നും അവരെ പറഞ്ഞു പഠിപ്പിക്കുവാൻ എനിക്ക് അവസരം കിട്ടി.

ആധുനിക കാലത്തും ഈ വിഷയത്തെപ്പറ്റി നിങ്ങൾക്കും

കുറെ സംശയങ്ങൾ ഉണ്ടാകും എന്ന് എനിക്കറിയാം. ഇതേപറ്റി നേരത്തെ വിശദമായ നിങ്ങളോട് പറഞ്ഞിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. (ഈ ഗ്രന്ഥ പരമ്പരയിലെ ഒന്നാം വാല്യം പന്ത്രണ്ടാം അധ്യായം"ഭൂതബാധയും ഭൂതോച്ചാടനവും"എന്ന ഭാഗം വായിക്കുക). ഇന്നത്തെ പ്രഭാഷണം ഇവിടെ അവസാനിപ്പിക്കട്ടെ.

എന്ന് സ്നേഹപൂർവ്വം സ്വന്തം യേശു

14–12–2020.

## അദ്ധ്യായം 57

# നിങ്ങൾ അടയാളങ്ങൾ അന്വേഷിക്കുന്നത് എന്തിന്?

(മത്തായി 12: 38 –42; ലൂക്കോസ് 11: 29 –32)

ദൈവരാജ്യ പ്രവർത്തനത്തിൽ ഉത്സാഹത്തോടെ മുന്നേറുന്നത് എനിക്കും ശിഷ്യന്മാർക്കും വളരെയേറെ ആനന്ദം പകർന്നു എങ്കിലും ശാരീരിക പ്രശ്നങ്ങളും അതോടൊപ്പം സഹിക്കേണ്ടിവന്നിട്ടുണ്ട്. അതിനേക്കാൾ കൂടുതൽ യഹൂദ മതനേതാക്കളുടെ വിമർശനങ്ങളും സംശയങ്ങളും കുറ്റപ്പെടുത്തലുകളും ഞങ്ങളെ പലപ്പോഴും തടസ്സപ്പെടുത്താറുണ്ട്. ദക്കപ്പോലി ദേശം വിട്ട് ഞങ്ങൾ ഗലീലകടൽ തീരത്ത് തന്നെയുള്ള "മഗല" ദേശത്തെത്തിയപ്പോൾ കുറെ യഹൂദപ്രമാണിമാർ വന്ന് എന്നെ ചോദ്യം ചെയ്യാൻ തുടങ്ങി." ഗുരുവേ, നീ ഒരു അടയാളം ചെയ്തു കാണുവാൻ ഞങ്ങൾ ഇച്ഛിക്കുന്നു"(മത്തായി 12: 38)

യഥാർത്ഥത്തിൽ ഞാൻ എത്രയോ അത്ഭുതങ്ങൾ ചെയ്തതാണ്. അത് അവർക്ക് അറിയാം. ഞാൻ "മശിഹാ" ആണോ എന്ന് വ്യക്തമാക്കണം എന്നാണ് അവരുടെ ചോദ്യത്തിന്റെ ഉദ്ദേശം എന്ന് എനിക്ക് മനസ്സിലായി. മശിഹാ വരുമ്പോൾ മുടന്തർ നടക്കും എന്നും ചെകിടർ കേൾക്കുമെന്നും കുരുടർ കാഴ്ച പ്രാപിക്കുമെന്നും ഒക്കെ പ്രവാചകന്മാർ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അവർക്ക് അറിയാവുന്നതാണ്. (ഏശയ. 35: 5,6).

എന്നെ കേൾക്കുന്നവരുടെ മുൻപാകെ ഞാൻ മശിഹാ അല്ല എന്ന് സ്ഥാപിക്കുവാനുള്ള ദുഷ്ട ലക്ഷ്യമാണ് അവരുടെത് എന്ന് എനിക്ക് മനസ്സിലായി. ഞാൻ അവരോട് ഇങ്ങനെ പറഞ്ഞു:" ദോഷവും വ്യഭിചാരവും ഉള്ള തലമുറ അടയാളം തിരയുന്നു. യോനാ പ്രവാചകന്റെ അടയാളം അല്ലാതെ അതിന് അടയാളം ലഭിക്കുകയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്ന് രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും. നിനവേ ക്കാർ ന്യായവിധിയിൽ ഈ തലമുറയോട് ഒന്നിച്ച് എഴുന്നേറ്റ് അതിനെ കുറ്റം

വിധിക്കും. അവർ യോനയുടെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടുവല്ലോ. ഇവിടെ ഇതാ യോനയിലും വലിയവൻ"(മത്തായി 12: 39– 41).

ഒരുവിധത്തിൽ, പരീശന്മാരും ശാസ്ത്രിമാരും ഇപ്രകാരം ചോദിച്ചത് നന്നായി. എനിക്ക് ഈ കാര്യം സംബന്ധിച്ച് പറയുവാൻ ഒരു അവസരം ലഭിക്കുകയായിരുന്നു. ഞാനാരാണെന്നും എന്റെ വരവിന്റെ ഉദ്ദേശം എന്താണെന്നും വ്യക്തമാക്കുവാൻ ഈ ചോദ്യം മൂലം ഇടയായി. യോനാ മുഖാന്തരം പുറജാതി പട്ടണമായ നിനവേ രക്ഷപ്പെട്ട കാര്യം അവർക്ക് നല്ലവണ്ണം അറിയാം. ദൈവത്തെ അനുസരിക്കാതെ പോയ യോനാ പ്രവാചകനെ മത്സ്യത്തിനകത്ത് ഇരുത്തി മാനസാന്തരപ്പെടുത്തി, അവനെകൊണ്ട് തന്നെ നിനുവായിലെ ജനങ്ങളെ രക്ഷിക്കണമെന്ന ദൈവിക പദ്ധതി നടപ്പാക്കിയ കാര്യം അവരെ ഞാൻ ഓർമിപ്പിക്കുകയായിരുന്നു. യോനായെക്കാൾ വലിയവനാണ് ഞാൻ എന്ന് പറഞ്ഞതിന്റെ അർത്ഥം അവർക്ക് വേണ്ടത്ര മനസ്സിലായില്ല. എന്റെ കുരിശു മരണത്തെ തുടർന്ന് ഞാനും ഭൂമിക്കുള്ളിൽ മൂന്നു രാവും മൂന്നു പകലും വസിച്ച് ഉയർത്തെഴുന്നേറ്റശേഷം ലോകം മുഴുവൻ രക്ഷാസന്ദേശം അറിയിച്ചു സർവ്വമനുഷ്യരെയും രക്ഷയിലേക്ക് നയിക്കുവാൻ അയക്കപ്പെട്ടവൻ ആണെന്ന് ഞാൻ അവരെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുക യായിരുന്നു. ഞാൻ ദൈവപുത്രൻ തന്നെയാണെങ്കിലും, മനുഷ്യനായി അവതരിച്ചപ്പോൾ സ്വർഗ്ഗ പിതാവിന്റെ പൂർണ്ണഹിതം തിരിച്ചറിഞ്ഞ് നടപ്പാക്കുക വഴി ലോകത്തെ മുഴുവനും വീണ്ടെടുക്കുക എന്ന വലിയ ദൗത്യം നിർവഹിക്കുകയായിരുന്നു എന്ന് അവരെ ബോധ്യപ്പെടുത്തേണ്ടത് ആവശ്യമായിരുന്നു. കാരണം അവരുടെ പ്രതീക്ഷ, ഈ ലോകപ്രകാരമുള്ള ഒരു മഹാ സാമ്രാജ്യം സ്ഥാപിച്ച് ലോകം മുഴുവൻ അടക്കി വാഴുന്ന ഒരു അഖിലലോക ചക്രവർത്തിയായ മിശിഹാ വരും എന്നതായിരുന്നു. പക്ഷേ എന്റെ സങ്കല്പത്തിലെ ദൈവരാജ്യം മനുഷ്യമനസ്സുകളിൽ സ്ഥാപിച്ച് വളർത്തിക്കൊണ്ടുവരിക എന്നതായിരുന്നു. അതെന്താണെന്നോ, എങ്ങനെയാണെന്നോ ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞില്ല എന്നതാണ് സത്യം. മനുഷ്യമനസ്സുകളിൽ ദൈവാത്മാവ് പ്രവർത്തിച്ചു, ദൈവിക മൂല്യങ്ങൾ തിരിച്ചറിഞ്ഞ് അതിൻപ്രകാരം ജീവിക്കുന്ന പ്രവൃത്തിയാണ് രക്ഷയുടെ അടിസ്ഥാനമായി ഞാൻ ഈ ലോകത്തിൽ ചെയ്തു കാണിച്ചത്. ഈ ലോകകാര്യങ്ങളിൽ മാത്രം മനസ്സ് വച്ചിരിക്കുന്നവർക്ക് സ്വർഗ്ഗീയമർമങ്ങൾ ഗ്രഹിക്കുവാനും അതിൻപ്രകാരം ജീവിച്ചു സന്തോഷം അനുഭവിക്കാനും കഴിയാതെ പോകുന്നു.

"കോട്ടവും വ്യഭിചാരവും ഉള്ള തലമുറ" എന്ന് ഞാൻ പറഞ്ഞത്

അവർക്ക് പ്രയാസമുണ്ടാക്കി എന്ന് എനിക്ക് അറിയാവുന്നതുകൊണ്ട്, തിരുവെഴുത്തുകളിൽ നിന്ന് തന്നെ ചില ഉദാഹരണങ്ങൾ ഞാൻ അവർക്ക് ചൂണ്ടി കാണിക്കേണ്ടിവന്നു. ശൗൽ രാജാവിന്റെ കീഴിൽനിന്ന് ദാവീദിന്റെ കീഴിലേക്ക് ഇസ്രായേൽ മക്കൾ നീങ്ങി കൊണ്ടിരുന്നപ്പോൾ "യിസഹക്കർ" ഗോത്രക്കാർ ബുദ്ധിപരമായി നടത്തിയ നീക്കം ഞാൻ അവരോട് പറഞ്ഞു. (1 ദിന.12: 32). ദൈവജനമായ ഇസ്രായേൽ മക്കളെ ഉപദ്രവിക്കുന്നവർക്ക് തിന്മ ഭവിക്കുമെന്ന പ്രവചനവും അവരുടെ ശ്രദ്ധയിൽപ്പെടുത്തി.(യിറമ്യ.2:1–3;20–25;3:1–5). എന്നെ കേട്ടിരുന്ന പരീശന്മാർ കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയാൻ സമർത്ഥരായിരുന്നു. വാനഗോള ശാസ്ത്രത്തിലും (അസ്ട്രോണമി) പ്രാവീണ്യം ഉള്ളവരായിരുന്നു യഹൂദാ ശാസ്ത്രിമാർ. ബാബിലോണിലെ അടിമ ജീവിതകാലത്ത് അവിടെനിന്നും ജ്യോതിഷവും (അസ്ട്രോളജി) യഹൂദ ശാസ്ത്രിമാർ പരിശീലിച്ചിരുന്നു. (ദാനിയേൽ 1:20). എന്നാൽ ബാബിലോണിൽ നിന്നും തിരിച്ചു വന്നിട്ടും ഈജിപ്തിലെ ദുഷിച്ച കാര്യങ്ങൾ ഉപേക്ഷിച്ചു വരുവാൻ തയ്യാറാകാത്തതിനാൽ സ്വർഗ്ഗപിതാവിന്റെ അടയാളങ്ങൾ തിരിച്ചറിയാൻ അവർക്കു കഴിയാതെ പോയി. ആരംഭത്തിൽ പുറ ജാതികളുടെ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ഉപേക്ഷിക്കുവാൻ പ്രവാചകന്മാർ ആഹ്വാനം ചെയ്തതിന്റെ ഫലമായി കുറെ ശുദ്ധീകരണം നടന്നു എങ്കിലും ആ ദുശീലങ്ങളുടെ ഉറവിടമായ സാത്താനും സൈന്യങ്ങളും കൂടുതൽ ശക്തിയോടെ അവരിൽ പ്രവേശിച്ചതായി ഞാൻ മനസ്സിലാക്കി. അതുകൊണ്ടുതന്നെ ഞാൻ അവരോട് പറഞ്ഞു: "അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടശേഷം വെള്ളം ഇല്ലാത്ത സ്ഥലങ്ങളിൽ കൂടി തണുപ്പ് അന്വേഷിച്ചു കൊണ്ട് സഞ്ചരിക്കുന്നു........ പിന്നെ അവൻ പുറപ്പെട്ടു തന്നിലും ദുഷ്ടത ഏറിയ വേറെ ഏഴ് ആത്മാക്കളെ കൂട്ടിക്കൊണ്ടു വരുന്നു. അവരും അവിടെ കയറി പാർക്കുന്നു. ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പത്തേതിലും വല്ലാതെ ആകും. ഈ ദുഷ്ട തലമുറയ്ക്കും അങ്ങനെ ഭവിക്കും. (മത്തായി 12: 43 –45; ലൂക്കോസ് 11: 24 –26). ഇപ്രകാരമുള്ള പരാമർശങ്ങൾ പഴയനിയമത്തിലും കാണുന്നുണ്ട്. (ആവ 31:20; 32:15– 18; സങ്കീർത്തന 106: 34 –39). പൈശാചിക സ്വാധീനത്തിൽ അകപ്പെട്ട യഹൂദ പ്രമാണിമാരാണ്, യഥാർത്ഥ ദൈവരാജ്യ മർമ്മങ്ങൾ ഗ്രഹിക്കാനാവാതെ ദൈവപുത്രനായ എന്നെ ക്രൂശ് മരണത്തിന് ഏൽപ്പിക്കുവാൻ തീരുമാനിച്ചത്.

പുതിയ ഇസ്രായേലാകുന്ന എന്റെ സഭയിലും ഇപ്രകാരം പൈശാചിക സ്വാധീനത്തിൽ അകപ്പെട്ടു നേതൃത്വത്തിൽ ഉള്ള അനേകർ എന്റെ ഉപദേശങ്ങളെയും ജീവിത ലക്ഷ്യങ്ങളെയും തിരിച്ചറിയാനാകാത്ത

വിധത്തിൽ സ്വർഗ്ഗപിതാവിന്റെ ഹിതത്തിന് എതിരായി പ്രവർത്തിക്കുന്നുവെന്ന് കാണുന്നതിൽ ഞാൻ അതീവ ദുഃഖിതനാണ്. ഒരു വശത്ത് പൈശാചിക പ്രവർത്തനങ്ങളെ തോൽപ്പിക്കുവാൻ ശ്രമം നടക്കുമ്പോഴും, മനുഷ്യമനസ്സുകളിൽ ദൈവരാജ്യമൂല്യങ്ങൾ നിറച്ച് നിലനിർത്തുവാൻ പരാജയപ്പെടുന്നതിനാൽ, ദുർബലരായ മനുഷ്യർ യാഥാർത്ഥ്യം ഗ്രഹിക്കാൻ ആവാതെ, അന്ധമായി തെറ്റായ നേതൃത്വം നൽകുന്നവരുടെ കാഴ്ചപ്പാട് പിന്തുടർന്ന് വഴിതെറ്റി പോകുന്നുണ്ട് എന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങനെ നിഷ്കളങ്കരായ ജനത്തെ വഴിതെറ്റിക്കുന്ന നേതാക്കന്മാർക്ക് അയ്യോ കഷ്ടം!

കാലങ്ങളെയും അടയാളങ്ങളെയും വിവേചിച്ചറിയുന്നതിനെപ്പറ്റി ചില കാര്യങ്ങൾ ഞാൻ നിങ്ങളോട് പറയാം. സ്വർഗ്ഗ പിതാവ് അറിയാതെയും അനുവദിക്കാതെയും യാതൊന്നും എന്നെ വിശ്വസിക്കുന്ന നിങ്ങൾക്ക് സംഭവിക്കുകയില്ല."യാദൃശ്ചികം" എന്ന് നിങ്ങൾ കരുതുന്ന എല്ലാ കാര്യങ്ങളും ദൈവവിശ്വാസികൾക്ക് നന്മയ്ക്ക് വേണ്ടിയുള്ള ദൈവീകപദ്ധതിയാണെന്ന് മനസ്സിലാക്കാൻ കഴിയണം. അപ്പോൾ നിങ്ങൾ അടയാളങ്ങൾക്ക് വേണ്ടി കാത്തിരിക്കേണ്ടതില്ല. ദൈവത്തിലുള്ള വിശ്വാസത്തിൽ ഉറച്ച് മുന്നോട്ടുപോകുക. ഒരു പ്രതിസന്ധിയും അവിചാരിതമല്ല. അവയിൽ കൂടി ദൈവം നൽകുന്ന സന്ദേശം കേൾക്കുവാനും ഗ്രഹിക്കുവാനും അപ്രകാരം നൽകുന്ന ആലോചനകൾക്കനുസരിച്ച് പ്രവർത്തിക്കുവാനും നിങ്ങൾ ശ്രദ്ധിക്കുക.

എന്റെ ശിഷ്യന്മാർപോലും എന്നോട് അടയാളം ചോദിച്ച സന്ദർഭത്തിൽ ഞാൻ അവരോട് പറഞ്ഞത് നിങ്ങളും ഗൗരവമായി ചിന്തിക്കണം. (മത്തായി. 24: 3---). യെരുശലേം ദേവാലയത്തെ നശിപ്പിക്കുന്നതിനെ പറ്റിയാണ് ഞാൻ പറഞ്ഞതെങ്കിലും, യുഗാന്ത്യ ലക്ഷണങ്ങളായി ചില കാര്യങ്ങൾ ഞാൻ പറഞ്ഞത് നിങ്ങളും അറിഞ്ഞിരിക്കണം:

1) ക്രിസ്തു എന്ന പേർ പറഞ്ഞു അനേകം ആളുകൾ നിങ്ങളെ വഴിതെറ്റിക്കും.

2). യുദ്ധങ്ങളെ കുറിച്ചും യുദ്ധ ശ്രുതികളെക്കുറിച്ചും നിങ്ങൾ കേൾക്കും.

3) ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും.

4) ക്ഷാമവും ഭൂകമ്പങ്ങളും ഉണ്ടാകും.

5) മാരകരോഗങ്ങൾ പകർച്ചവ്യാധികൾ എന്നിവ വർദ്ധിക്കും.

6) പ്രകൃതിക്ഷോഭങ്ങൾ കാലാവസ്ഥ മാറ്റങ്ങൾ എന്നിവ സംഭവിക്കും.

7) അധാർമികതയെ പ്രോത്സാഹിപ്പിക്കുന്ന നിയമങ്ങൾ നിലവിൽ വരും. (സ്വവർഗ വിവാഹങ്ങൾ, പരസ്പര സമ്മതത്തോടെയുള്ള ലൈംഗിക ബന്ധങ്ങൾ, ദയാവധം, ഗർഭച്ഛിദ്രം എന്നിവയൊക്കെ കുറ്റം അല്ലാതാക്കുന്ന നിയമനിർമാണങ്ങൾ പല രാജ്യങ്ങളിലും സംഭവിച്ചുകഴിഞ്ഞു.)

8) പീഡനങ്ങളും ഉപദ്രവങ്ങളും ഉണ്ടാകും.

9) എന്റെ നാമം നിമിത്തം അനേകർ നിങ്ങളെ പകച്ചു അന്യോന്യം ഏൽപ്പിച്ചു കൊടുക്കും.

10) അനേകർ എന്റെ നാമം നിമിത്തം വധിക്കപ്പെടും.

11). നിരവധി കള്ള പ്രവാചകന്മാർ പ്രത്യക്ഷപ്പെടും.

12) നിരവധി വ്യാജ സുവിശേഷകർ എന്റെ നാമത്തിൽ അടയാളങ്ങളും അത്ഭുതങ്ങളും കാണിച്ചു വിശ്വാസികളെ വഞ്ചിക്കും.

13) അധർമം പെരുകി അനേകരുടെ സ്നേഹം തണുത്തു പോകും.

14) സൂര്യൻ ഇരുണ്ടു പോകും, നക്ഷത്രങ്ങൾ ആകാശത്ത് നിന്ന് വീഴും, ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും.

മനുഷ്യർ സൃഷ്ടാവിനെ മറന്നു വഴി തെറ്റി പോകുമ്പോഴെല്ലാം നിങ്ങളെ തിരുത്തുവാൻ ദൈവം അറിഞ്ഞുകൊണ്ട് ക്രമീകരിക്കുന്ന ഈ കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കി, ദൈവം നൽകുന്ന താക്കീതുകൾ ആയി കരുതി ദൈവത്തിങ്കലേക്കു മുഖംതിരിച്ചു ജീവിക്കുക.

പഴയ നിയമത്തിൽ ഇപ്രകാരമുള്ള നിരവധി പ്രതിസന്ധികളിൽ കൂടി ഇസ്രായേൽ മക്കളെ വഴി നടത്തിയ കാര്യങ്ങൾ നിങ്ങൾ തിരുവെഴുത്തുകളിൽ കാണുന്നുണ്ട്. അവ പരിശോധിച്ച് മനസ്സിലാക്കുക.

മിസ്ര യിം ദേശത്തെപ്പറ്റി പറയുന്നത് കാണുക:" ഞാൻ മിസ്രയെമ്മ്കാരെ പരസ്പരം കലഹിപ്പിക്കും.... പട്ടണം പട്ടണത്തോടും രാജ്യം രാജ്യത്തോടും യുദ്ധം ചെയ്യും"(എശയ.19:2) "ദൈവം അവരെ

സകലവിധ കഷ്ടങ്ങളാലും പീഡിപ്പിച്ചത് കൊണ്ട് ജാതി ജാതിയേയും പട്ടണം പട്ടണത്തെയും തകർത്തുകളഞ്ഞു".(2 ദിന: 15:6). "ആ കാലത്ത്...... ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്ന് നിന്റെ ജനം, പുസ്തകത്തിൽ പേര് എഴുതി കാണുന്ന ഏവനും തന്നെ രക്ഷപ്രാപിക്കും"(ദാനിയേൽ 12: 1). "സീയോനിൽ കാഹളം ഊതുവിൻ ....,. യഹോവയുടെ ദിവസം വരുന്നതുകൊണ്ട് ദേശത്തിലെ സകല നിവാസികളും നടുങ്ങി പോകും. ഇരുട്ടും അന്ധകാരവും ഉള്ള ഒരു ദിവസം തന്നെ...."(യോവെൽ 2: 1---)." നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനോ സ്വപ്ന കാരനോ എഴുന്നേറ്റ് നീ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ ചെന്ന് സേവിക്കുക എന്ന് പറഞ്ഞുകൊണ്ട് ഒരു അടയാളമോ അത്ഭുതമോ അറിയിക്കുകയും അത് സംഭവിക്കുകയും ചെയ്താൽ ആ പ്രവാചകന്റെയോ സ്വപ്നകാരന്റെയോ വാക്ക് കേട്ട് നീ അനുസരിക്കരുത്. നിങ്ങളുടെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ നിങ്ങൾ സ്നേഹിക്കുന്നുവോ എന്ന് അറിയേണ്ടതിനു നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ പരീക്ഷിക്കുകയാകുന്നു"(ആവർത്തനം 13: 2-5). "ഒരു പ്രവാചകൻ ഞാൻ അവനോടു കല്പിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കുകയും അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുക യും ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കേണം."(ആവർത്തനം 18: 20- 22). "നിന്നെ എടുത്തു കളയുമ്പോൾ ആകാശത്തെ മൂടി അതിലെ നക്ഷത്രങ്ങളെ കറുപ്പുടുപ്പിക്കുകയും സൂര്യനെ മേഘം കൊണ്ട് മറ യ്ക്കുകയും ചെയ്യും. ചന്ദ്രൻ പ്രകാശം നൽകുകയുമില്ല."(എസക്കിയ 32: 7).

ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ നിങ്ങൾ ദൈവത്തിൽ ആശ്രയിച്ച് ധൈര്യമായി ജീവിക്കുക. പ്രതിസന്ധികളിലൂടെ ദൈവത്തിന് ചില കാര്യങ്ങൾ നിങ്ങളോട് പറയാനുണ്ട്. അത് കേട്ട് അതിൻപ്രകാരം വിശ്വാസപൂർവ്വം ജീവിക്കുവാൻ നിങ്ങൾ മനസ്സ് വയ്ക്കുക. പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന സന്ദർഭത്തിൽ നിങ്ങൾ ചെയ്യാനുള്ള ചില കാര്യങ്ങൾ കൂടി പറയാം.

1) ഇത്തരം സന്ദർഭങ്ങൾ അനുതാപനത്തിനുള്ള സമയമാണ്. നിങ്ങളുടെ കാഴ്ചപ്പാടുകൾ തിരുത്തി സ്വർഗ്ഗപിതാവിന്റെ കാഴ്ചപ്പാടുകൾ സ്വീകരിച്ച്, അതനുസരിച്ച് ജീവിക്കുക എന്നതാണ് പ്രധാനം. എന്റെ ആദ്യത്തേയും അവസാനത്തെയും ആഹ്വാനം നിങ്ങളെല്ലാവരും മാനസാന്തരപ്പെട്ട് എങ്കലേക്ക് തിരിഞ്ഞു വരിക എന്നതാണ്. "നിങ്ങളെങ്കലേക്ക് മടങ്ങി വരിക, ഞാനും

നിങ്ങളിലേക്ക് മടങ്ങിവരും."(സക്ക:1;3) ദൈവസ്വരം കേൾക്കുവാനും ദൈവാത്മാവിനാൽ പുതുക്കപ്പെട്ട് നടത്തപ്പെട്ടു വാനും ദൈവത്തിങ്കലേക്ക് തിരിച്ചുവരണം. ലോകരാജ്യ സമൃദ്ധിയെല്ലാം താൽക്കാലികമാണെന്ന് മനസ്സിലാക്കി നിത്യമായി നിലനിൽക്കുന്ന സ്വർഗ്ഗരാജ്യ അനുഭവത്തിലേക്ക് തിരിച്ചുവരിക. എന്നിൽകൂടി മാത്രമേ നിങ്ങൾക്ക് നിലനിൽക്കുന്ന സന്തോഷവും സമാധാനവും ലഭിക്കുകയുള്ളൂ. നിങ്ങളെ മാത്രമല്ല, നിങ്ങൾ മുഖാന്തരം നിങ്ങളുമായി ബന്ധപ്പെടുന്ന എല്ലാവരെയും ഞാൻ സ്വീകരിക്കുവാൻ കാത്തിരിക്കുകയാണ്.

2) ദൈവരാജ്യമഹത്വത്തെ തിരിച്ചറിയാൻ മനസ്സ് പുതുക്കി രൂപാന്തരം പ്രാപിക്കുക. ദൈവിക നന്മകൾ കൊണ്ട് മനസ്സും നിറച്ച് വയ്ക്കുന്നില്ലെങ്കിൽ ദുഷ്ടാത്മാക്കളുടെ സ്വാധീനത്തിൽ അകപ്പെട്ടു തിന്മയുള്ള ജീവിതത്തിലേക്ക് വീണുപോകുമെന്ന് കാര്യം ഓർമ്മയിൽ വച്ച് ജാഗ്രതയോടെ ദൈവാശ്രയത്തിൽ ജീവിക്കുക.

3) മനുഷ്യരോട് കലഹിക്കാതെ, ദുഷ്ടാത്മ സേനയോട് പൊരുതി വിജയിക്കുവാൻ ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിക്കുക. നന്മയാൽ തിന്മയെ ജയിക്കുവാൻ പഠിക്കുക. ബാഹ്യമായി വ്യക്തികളുമായി ജഡിക കാര്യങ്ങളിൽ കലഹിക്കുമ്പോൾ, ആത്മീയ ജീവിതത്തിലെ പൈശാചിക പോരാട്ടത്തിൽ വിജയിക്കുവാനുള്ള നിങ്ങളുടെ ശക്തി കുറഞ്ഞു പോവുകയാണ് എന്ന് ഓർത്തിരിക്കുക. കുടുംബത്തിലായാലും സഭയിലായാലും സമൂഹത്തിലായാലും എല്ലാവിധ കലഹങ്ങളും തർക്കങ്ങളും അവസാനിപ്പിച്ചില്ലെങ്കിൽ, ആത്മീയ പോരാട്ടത്തിൽ നിങ്ങൾ പരാജയപ്പെടുമെന്ന് ഒരിക്കൽ കൂടി ഞാൻ മുന്നറിയിപ്പ് നൽകുന്നു.

4) കാലം സമീപിച്ചിരിക്കുന്നു അഥവാ അന്ത്യകാലം അടുത്തിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ് സ്വർഗരാജ്യത്തിലേക്കുള്ള വാസത്തിനായി നിങ്ങൾ തയ്യാറെടുത്തു തുടങ്ങുക. ലോകാവസാനം എപ്പോൾ, എങ്ങനെ സംഭവിക്കും എന്ന് നിങ്ങൾ അറിയാൻ കാത്തിരിക്കാതെ നിങ്ങളുടെ ഓരോരുത്തരുടെയും മരണത്തോടെ നിങ്ങളുടെ ലോകം അവസാനിക്കുകയാണെന്ന് ഓർത്ത് എത്രയും ഒരുക്കത്തോടെ ദൈവരാജ്യ മഹത്വത്തിനായി, വിശ്വാസത്തോടെയുള്ള സ്നേഹപ്രവൃത്തികൾ ചെയ്ത് പ്രത്യാശയോടെ ജീവിക്കണമെന്ന് നിങ്ങളോട് ഞാൻ അടിയന്തരമായി അഭ്യർത്ഥിക്കുന്നു.

എന്ന് സ്നേഹപൂർവ്വം സ്വന്തം യേശു

15–12–2020.

## അദ്ധ്യായം 58

# പരീശന്മാരുടെയും സദൃക്ക്യരുടെയും പുളിച്ച മാവിനെ സൂക്ഷിക്കുവിൻ

(മത്തായി 16: 5–12; മാർക്കോസ് 8:14 –21; ലൂക്കോസ് 12: 1)

ഗലീലകടലിലൂടെ ഞങ്ങളുടെ യാത്രാമധ്യേ ഉണ്ടായ ഒരു കാര്യം ഇന്ന് നിങ്ങളോട് പറയാം. കഫർന്നഹൂമിൽ നിന്ന് ഗലീലകടലിനക്കരെ ബത്സൈദയിലേക്കുള്ള യാത്രയായിരുന്നു. വലിയ ദൂരം ഒന്നുമില്ല എന്നിരുന്നാലും ഭക്ഷണം കരുതണമായിരുന്നു. ശിഷ്യന്മാർ അതേപ്പറ്റി വ്യാകുലപ്പെടുന്നുണ്ടായിരുന്നുകാരണം അവർ ആവശ്യത്തിന് ഭക്ഷണം എടുത്തിരുന്നില്ല. ഒരു പക്ഷേ അവർ മറന്നതാകാം. അല്ലെങ്കിൽ ഞാൻ നേരത്തെ ചെയ്തതുപോലെ, സമയമാകുമ്പോൾ അത്ഭുതം കാണിച്ച് അപ്പം ഉണ്ടാക്കിക്കൊടുക്കും എന്നും അവർ ചിന്തിച്ചു കാണും. ഏതായാലും അവരുടെ സംസാരം നിലച്ചപ്പോൾ ഞാൻ അവരോട് പറഞ്ഞു: "നോക്കുവിൻ പരീശന്മാരുടെ യും സാദൂക്യരുടെയും പുളിച്ച മാവ് സൂക്ഷിച്ചുകൊൾവിൻ." അപ്പം എടുക്കുവാൻ മറന്നത് ആയിരിക്കും എന്നാണ് അവർ കരുതിയത്. അവർ മറുപടിയൊന്നും പറഞ്ഞില്ല. അപ്പം എടുക്കാൻ മറന്നു പോയതിന്റെ ജാള്യത അവരുടെ മുഖങ്ങളിൽ കാണാമായിരുന്നു.

"പുളിപ്പ് "എന്താണെന്ന് നിങ്ങൾക്ക് അറിയാമല്ലോ? അല്പം പുളിപ്പ് മാവിൽ ചേർത്ത് വച്ചിരുന്നാൽ അത് മുഴുവനും വലുതായി നല്ല മയമുള്ള അപ്പം ഉണ്ടാക്കുവാൻ സാധിക്കും. ബേക്കറികളിൽ ഒക്കെ ഇത്തരം പുളിപ്പ് (yiest) ചേർത്താണ് ബ്രെഡ് ഉണ്ടാക്കുന്നത്. സാധാരണ ഭക്ഷണത്തിനായി പുളിപ്പുള്ള അപ്പം ആണ് ഞങ്ങൾ ഉപയോഗിച്ചിരുന്നത്. എവിടെയെങ്കിലും യാത്ര പോകുമ്പോൾ നേരത്തെ ഉണ്ടായിരുന്ന മാവിൽ നിന്ന് കുറച്ചു മാറ്റിവെച്ച് പുളിപ്പ് ആയി അടുത്ത ദിവസത്തെ മാവിൽ ചേർത്ത് വെക്കുകയാണ് പതിവ്. ശിഷ്യന്മാരുടെ മുഖത്തെ പരിഭ്രമം കണ്ടിട്ട് ഞാൻ അവരോട് പറഞ്ഞു:" അല്പ വിശ്വാസികളെ അപ്പം ഇല്ലായ്കയാൽ തമ്മിൽ തമ്മിൽ പറയുന്നത് എന്ത്? ഇപ്പോഴും തിരിച്ചറിയുന്നില്ല

യോ? ഗ്രഹിക്കുന്നില്ലയോ? നിങ്ങളുടെ ഹൃദയം കടുത്തിരിക്കുന്നുവോ? കണ്ണുണ്ടായിട്ടും കാണുന്നില്ലയോ? ചെവി ഉണ്ടായിട്ടും കേൾക്കുന്നില്ലയോ? അയ്യായിരം പേർക്ക് ഞാൻ അഞ്ചപ്പം നൽകിയപ്പോൾ കഷണങ്ങൾ എത്ര കൊട്ട നിറച്ചെടുത്തു?...... ഇപ്പോഴും നിങ്ങൾ ഗ്രഹിക്കുന്നില്ലയോ?"(മർക്കോസ് 8: 16– 21). ഞാൻ പറഞ്ഞതെല്ലാം അവർ ശ്രദ്ധയോടെ കേട്ടിരുന്നു. 12 കൊട്ടയും 7 വട്ടിയും ബാക്കി നിറച്ച് എടുത്ത കാര്യമൊക്കെ അവർ സമ്മതിച്ചു. പുളിച്ച മാവ് എന്താണെന്ന് ഞാൻ പറയാതെ തന്നെ അവർക്ക് കാര്യം കുറച്ചൊക്കെ മനസ്സിലായി എന്ന് അവരുടെ മുഖഭാവത്തിൽ നിന്നും പിന്നീടുള്ള സംഭാഷണങ്ങളിൽ നിന്നും എനിക്ക് മനസ്സിലായി. ഏതായാലും അപ്പത്തെ കുറിച്ചല്ല ഞാൻ പറഞ്ഞതെന്ന് അവർക്ക് ബോധ്യമായിട്ടുണ്ട്.

ഈ സംഭവം വളരെ ലളിതമായ ഒരു കാര്യമായി നിങ്ങൾക്ക് തോന്നുന്നുണ്ടാകും. എന്നാൽ ഇതുവഴി ചില പ്രധാന കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരണം എന്ന് ഞാൻ ആഗ്രഹിക്കുന്നു.

1) നിങ്ങൾക്ക് മനസ്സിൽ ഉണ്ടാകുന്ന ചിന്തകൾ ദുഃഖമാണെങ്കിലും സന്തോഷമാണെങ്കിലും സംശയമാണെങ്കിലും ആശങ്കകൾ ആണെങ്കിലും, എന്നെ അന്വേഷിച്ച് പിന്തുടരുന്നവരാണ് അഥവാ ശരീരപ്രകാരം ദൂരെ ആയിരുന്നാൽ പോലും മനസ്സുകൊണ്ട് എന്നെ സ്വീകരിച്ചനുഗമിക്കുന്നവർ ആണെങ്കിൽ അവയെല്ലാം എനിക്ക് തൽക്ഷണം അറിയാൻ കഴിയും എന്ന് നിങ്ങൾ മനസ്സിലാക്കുക. ശിഷ്യന്മാർ അപ്പം മറന്ന കാര്യത്തെപ്പറ്റി വിഷമിക്കുന്ന തും അപ്പോൾ പുളിപ്പിനെ പറ്റി ഞാൻ പറഞ്ഞതും പുളിപ്പ് എന്താണെന്നത് ഞാൻ പറയാതെ തന്നെ അവർക്ക് മനസ്സിലായി എന്നതും നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ. ഇപ്രകാരമുള്ള ഒരു "മനപ്പൊരുത്തം" ഞാൻ നിങ്ങളുമായി എപ്പോഴും ഉണ്ടാകണം എന്ന് ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു.

2) ഞാൻ മനസ്സിൽ ഉദ്ദേശിച്ച കാര്യം ശിഷ്യർക്ക് ആദ്യം മനസ്സിലാകാതെ പോയതിന്റെ കാരണം നിങ്ങൾക്ക് മനസ്സിലായോ? അവർ ഭക്ഷണത്തിന്റെ കാര്യം തന്നെ ഓർത്ത് ഇരിക്കുകയായിരുന്നു. "എന്തു തിന്നും"എന്ന വിചാരം നിങ്ങളുടെ മനസ്സിൽ നിറഞ്ഞുനിന്നാൽ "സാക്ഷാൽ ആഹാരമാകുന്ന എന്റെ വചനം" നിങ്ങൾക്ക് മനസ്സിലാകാതെ പോകും. എന്നെ അന്വേഷിച്ചുവന്ന ജനക്കൂട്ടത്തോട് ഞാൻ പറഞ്ഞത് നിങ്ങൾ ഓർക്കുന്നില്ലേ? എന്റെ വചനം കേൾക്കുക അല്ല അപ്പം തിന്നു തൃപ്തരാവുക എന്നതായിരുന്നു അവരുടെ

പ്രധാന ആഗ്രഹം. അവർക്ക് അപ്പം നൽകി തൃപ്തരാക്കി എങ്കിലും "നിത്യജീവനിലേക്ക് നിലനിൽക്കുന്ന ആഹാരം അഥവാ ജീവൻ നൽകുന്ന എന്റെ വചനം" അവർക്കു സ്വീകാര്യമാകാതെ അവരിൽ ഭൂരിഭാഗവും എന്നെ വിട്ടു പോയ കാര്യം നിങ്ങൾക്ക് അറിയാമല്ലോ? (യോഹന്നാൻ 6: 1– 65). ഭക്ഷണത്തെക്കുറിച്ചല്ല ഞാൻ പറഞ്ഞത് എന്ന് ശിഷ്യന്മാർക്ക് മനസ്സിലായപ്പോൾ, അപ്പത്തെ കുറിച്ചുള്ള ചിന്തകൾ അവരുടെ മനസ്സിൽ നിന്നും മാറിപ്പോയി. അപ്പോൾ ഞാൻ പറഞ്ഞ വചനത്തിന്റെ ഹ്യയഥാർത്ഥ പൊരുൾ ഞാൻ പറയാതെ തന്നെ അവർക്ക് മനസ്സിലായി. ഞാൻ ഈ കാര്യം നിങ്ങളോടും പ്രത്യേകം പറയുകയാണ്. നിങ്ങളുടെ മനസ്സിൽ ഭക്ഷണത്തെ പറ്റിയുള്ള ചിന്തകൾ നിറഞ്ഞു നിന്നാൽ ദൈവവചനത്തിന്റെ മർമ്മങ്ങൾ ഗ്രഹിക്കാൻ കഴിയാതെ പോകും. അതുകൊണ്ടാണ് ഉപവാസ ത്തോടെ അതായത് എന്റെ അടുത്ത് ഇരിക്കുമ്പോൾ ഭക്ഷണകാര്യം ആദ്യം തന്നെ മറന്നുപോകുന്ന അനുഭവത്തിൽ മാത്രമേ എന്റെ മനസ്സ് ഉൾക്കൊള്ളുവാനുള്ള "ഉൾകാഴ്ച" നിങ്ങൾക്ക് ലഭിക്കുകയുള്ളൂ. "ദൈവമേ നിന്റെ വേദപ്രമാണത്തിൽ നിന്നും അത്ഭുത കാര്യങ്ങൾ കാണ്മാൻ തക്കവണ്ണം ഞങ്ങളുടെ ഉൾകണ്ണുകളെ പ്രകാശിപ്പിക്കണമേ" എന്ന പ്രാർത്ഥനയോടെ ദൈവവചനം പഠിക്കുക, അപ്പോൾ നിങ്ങൾക്ക് അത് ശരിയായി ഗ്രഹിക്കാനുള്ള കഴിവുണ്ടാകും.

3) എന്താണ് പുളിപ്പ് എന്ന് മനസ്സിലായെങ്കിലും, പരീശ ന്മാരുടെയും സാദൂക്ക്യരുടെ യും ഉപദേശമാണ് പുളിപ്പ് എന്നും, അതിനെ "സൂക്ഷിക്കണം" എന്ന് പറഞ്ഞതിന്റെ അർത്ഥം എന്താണെന്നു നിങ്ങൾക്ക് മനസ്സിലായോ? ഈ രണ്ടു വാക്കുകളും നല്ല അർഥത്തിലും ചീത്ത അർത്ഥത്തിലും ഉപയോഗിക്കാവുന്നതാണ്. മാവ് മുഴുവൻ പുളിപ്പിക്കുന്ന നല്ല കഴിവ് നല്ല അപ്പം ഉണ്ടാക്കുവാൻ പ്രയോജനകരമാണ്. എന്നാൽ, അതേസമയം തെറ്റായ ഉപദേശം എന്ന നിലയിൽ സമൂഹത്തെ മുഴുവനും തെറ്റിലേക്ക് നയിക്കുന്നതിനാൽ അതിനെ ഉപേക്ഷിക്കണം എന്നതും പ്രത്യേകം ശ്രദ്ധിക്കണം. ഒരേസമയം കൂട്ടിച്ചേർക്കാനും അകറ്റിനിർത്താനും ശ്രദ്ധയോടെ വിവേകപൂർവം കൈകാര്യം ചെയ്യേണ്ട വസ്തുവാണ് പുളിപ്പ്. അതുപോലെ നിങ്ങളുടെ പല വാക്കുകളും ഉപദേശങ്ങളും ശ്രദ്ധയോടെ ഉപയോഗിച്ചില്ലെങ്കിൽ വിപരീതഫലം ചെയ്യും എന്നും അറിയുക. ദ്വയാർത്ഥ പ്രയോഗങ്ങൾ കഴിയുന്നതും ഒഴിവാക്കുവാൻ ശ്രദ്ധിക്കുക. നിങ്ങൾ കേൾക്കുന്ന വാക്കുകളുടെ അർത്ഥം ശരിയായി ഗ്രഹിക്കുവാൻ നിങ്ങൾ മനസ്സ് പുതുക്കി രൂപാന്തരപെടണം. "സൂക്ഷിക്കണം" എന്ന് ഞാൻ പറഞ്ഞപ്പോഴും അത് രണ്ടുവിധത്തിൽ അർത്ഥം എടുക്കാം. 1) നല്ലതും പ്രയോജനം ഉള്ളതും ആയതുകൊണ്ട് പിന്നീട് ജീവിതത്തിൽ

ആവശ്യമുള്ളത് ആണെന്ന് കരുതി നഷ്ടപ്പെടാതെ സൂക്ഷിക്കുക.2) സമൂഹത്തെ നശിപ്പിക്കുവാൻ ഇടയുള്ളതിനാൽ എത്രയുംവേഗം ഉപേക്ഷിച്ചു കളയുക. ഇപ്രകാരം ദ്വയാർത്ഥപ്രയോഗം ഉള്ള പദങ്ങളും ശൈലികളും വളരെ ശ്രദ്ധയോടെ പറയാനും ഗ്രഹിക്കാനും നിങ്ങൾ പ്രത്യേകം "സൂക്ഷിക്കണം".

4) എന്താണ് പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവ്?

പൊതുവായി പറഞ്ഞാൽ, അവരുടെ തെറ്റായ ധാരണകളും വ്യാഖ്യാനങ്ങളും ഉപദേശങ്ങളും എന്റെ സ്വർഗ്ഗപിതാവിന്റെ മനസ്സ് വേണ്ടത്ര തിരിച്ചറിയാതെ ഉള്ളതായിരുന്നു. അതിൽ അവരെ മാത്രം പൂർണ്ണമായി കുറ്റപ്പെടുത്താൻ കഴിയില്ല. തിരുവെഴുത്തുകളിൽ എന്നെ കുറിച്ചുള്ള പരാമർശങ്ങൾ കാണാനും, "സ്വർഗ്ഗരാജ്യ ദർശനം"സർവ്വ സ്വാതന്ത്ര്യം നൽകി ഉൾക്കൊള്ളുന്നതാണ് എന്ന പുതിയനിയമ കാഴ്ചപ്പാട് ലഭിക്കുവാനും അവർക്ക് കഴിഞ്ഞില്ല. പഴയനിയമ തിരുവെഴുത്തുകളുടെ വ്യാഖ്യാനം മൂലം "ഈലോകരാജ്യം" മാത്രമായിരുന്നു അവർക്ക് ലക്ഷ്യമായി ലഭിച്ചിരുന്നത്. ആയതിനാൽ, യഹൂദമതത്തിൽ കാലാകാലങ്ങളായി ഉണ്ടായിരുന്ന ഉപദേഷ്ടാക്കളും വേദ പണ്ഡിതരും തലമുറകളായി പഠിപ്പിച്ചിരുന്ന ഉപദേശങ്ങൾ, പിൻതലമുറക്കാർ "വിശുദ്ധ പാരമ്പര്യങ്ങൾ" ആയി സൂക്ഷിച്ചു വന്നു. അതുകൊണ്ടാണ് ഞാൻ അവരെ മുഴുവനുമായി കുറ്റപ്പെടുത്താത്തത്.

ഇനിയും എന്താണ് ഇവരുടെ ഉപദേശത്തിന്റെ കുഴപ്പങ്ങൾ എന്ന് നോക്കാം. യഹൂദന്മാരുടെ ഇടയിൽ ഈ രണ്ടു വിഭാഗക്കാരും ശക്തമായ സ്വാധീനം ചെലുത്തിയിരുന്നു. ഈ രണ്ടു കൂട്ടരുടെയും ഉപദേശങ്ങൾ എന്റെ ശിഷ്യന്മാർ പിൻതുടരുവാൻ പാടില്ല എന്ന് നിർബന്ധമാണ്. അതുകൊണ്ടാണ് ഞാൻ ഈ കാര്യം അല്പം വിശദമായി പറയുന്നത്. എന്തായിരുന്നു ഇവരുടെ ഉപദേശങ്ങൾ എന്ന് നമുക്ക് നോക്കാം.

1) പരീശന്മാരുടെ ഉപദേശം.

പ്രധാനമായും "കപടഭക്തി" ആയിരുന്നു അവർക്ക് ദോഷമായിട്ടുണ്ടായിരുന്നത്. യഹൂദനിയമങ്ങളും അനുഷ്ഠാനങ്ങളും അണുവിട തെറ്റാതെ ആചരിക്കാൻ അവർ ആഹ്വാനം ചെയ്തിരുന്നു. താരതമ്യേന, മറ്റ് യഹൂദൻമാരിൽ നിന്നും ബാഹ്യമായ കാഴ്ചപ്പാടിൽ മതകാര്യങ്ങളും നിയമങ്ങളും അനുഷ്ഠാനങ്ങളും അക്ഷരംപ്രതി അനുസരിക്കുന്നവർ തന്നെയായിരുന്നു. അതിന്റെ ലക്ഷണമായി

വീടിന്റെ മുൻ കട്ടിളവാതിലിലും വസ്ത്രങ്ങളിലും നെറ്റിയിലും കയ്യിലും "ന്യായപ്രമാണം"എന്ന് പരസ്യമായി എഴുതിവയ്ക്കുകയും, പള്ളികളിലും തെരുവുകളുടെ പ്രധാന കോണുകളിലും ആ നിലയിൽ സ്വയം അറിയപ്പെടുന്നതിനുവേണ്ടി പ്രത്യക്ഷപ്പെടുന്നത് ഇവരുടെ ശീലമായിരുന്നു. ചുങ്കക്കാരനും പരീശനും ദേവാലയത്തിൽ പോയി പ്രാർത്ഥിച്ച കാര്യം നിങ്ങൾക്ക് അറിയാമല്ലോ. ദേവാലയത്തിന്റെ പുറകിൽ മാറത്തടിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്ന ചുങ്കക്കാരൻ പോലെയല്ല എന്നതിനാൽ ദൈവത്തെ സ്തുതിക്കുന്ന പരീശൻ സ്വയം നീതികരിക്കുന്നൻ ആയതിനാൽ ദൈവമുമ്പാകെ നിരസിക്കപ്പെട്ടവനായി പോകുന്നതും," പാപിയായ എന്നോട് കരുണ തോന്നണമേ" എന്ന് കരഞ്ഞു ക്ഷമചോദിച്ച് പ്രാർത്ഥിച്ച ചുങ്കക്കാരൻ നീതികരിക്കപ്പെട്ടവനായി ദേവാലയത്തിൽ കാണപ്പെടുന്നതും നിങ്ങൾക്ക് മാതൃകയാക്കാവുന്നതാണ്. ദൈവമുൻപാകെ എന്തെല്ലാം സ്വയം നീതികരണം നടത്തിയാലും, സ്വന്തം കുറവുകൾ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുവാനും വീണുപോകാതെ തുടർന്ന് ജീവിക്കുവാനും ദൈവ കരുണയാണ് ആവശ്യം എന്ന് സമ്മതിച്ച്, ദൈവഹിതത്തിനു സമർപ്പിക്കുന്നവർക്ക് മാത്രമേ യഥാർത്ഥ ജീവിതം നയിക്കുവാൻ കഴിയുകയുള്ളൂ. പരീശന്മാർ സ്വന്തം ശക്തിയിൽ ആശ്രയിച്ച് നീതി പ്രവർത്തിക്കുന്നു എന്ന തെറ്റായ വിശ്വാസം പുലർത്തിയിരുന്നത് ഒരിക്കലും നിങ്ങൾ മാതൃകയാക്കി ജീവിക്കരുത്. നന്മ ചെയ്യുവാൻ നിങ്ങൾക്ക് കഴിയുന്നുണ്ടെങ്കിൽ അത് ഒരിക്കലും നിങ്ങളുടെ കഴിവായി നിങ്ങൾ ചിന്തിക്കരുത്. നന്മ തിരിച്ചറിയാനും തെരഞ്ഞെടുക്കാനും അത് പ്രവർത്തിക്കുവാനും നിങ്ങളെ പ്രാപ്തരാക്കുന്നത് പരിശുദ്ധാത്മാവാണ് എന്ന് ഓർത്ത് എല്ലാ കാര്യത്തിലും ദൈവത്തിനു മഹത്വം കരേറ്റുവാൻ തക്ക വിനയവും വിശ്വാസവും നിങ്ങൾക്ക് ഉണ്ടാകണം. ബാഹ്യമായി നിങ്ങൾ നല്ലവനാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള വ്യഗ്രത നിങ്ങളെ കപടഭക്തി യിലേക്ക് നയിക്കുകയും, ഒരുവിധത്തിലും ആത്മശോധന നടത്തി അനുതാപത്തിലേക്ക് വരുവാൻ കഴിയാതെ പോകുകയും ചെയ്യും. ആയതിനാൽ മനുഷ്യരെ ബോധ്യപ്പെടുത്തുന്ന സമീപനം പാടെ ഉപേക്ഷിക്കുക.

പരീശന്മാരുടെ മറ്റൊരു പ്രധാന ദോഷമായിരുന്നു നിയമത്തോടുള്ള അമിതമായ വിധേയത്വം. നിയമം എന്തിനു വേണ്ടി നല്കപ്പെട്ടു എന്ന് ചിന്തിക്കാതെ "അക്ഷരപ്രകാരം" ആചരിക്കുന്നവരായതിനാൽ തന്നെ "ആത്മാവാകുന്ന" മനുഷ്യനന്മ അവർ അവഗണിച്ചു. ശാബത് നിയമത്തെ ശരിയായി അതിന്റെ "ആത്മാവിൽ" മനുഷ്യനന്മയ്ക്ക് വേണ്ടി എങ്ങനെ ആചരിക്കണം എന്ന് ഞാൻ കാണിച്ചു കൊടുത്തെങ്കിലും അവർക്ക് അത്

മനസ്സിലാക്കാൻ കഴിയാതെ പോയി. ഇന്നും എന്നെ അനുഗമിക്കുന്ന നിങ്ങൾക്കും ഈ അപകടം നിറഞ്ഞ പരീശമനോഭാവം ഉണ്ടെന്ന് ഞാൻ അറിയുന്നു. നിയമത്തോടുള്ള അന്ധമായ വിധേയത്വം (Leagalism) നിങ്ങളെ വഴിതെറ്റിക്കും എന്ന് ഓർക്കുക. നേരെചൊവ്വേ ജീവിക്കുന്നവർക്ക് നിയമത്തിന്റെ സഹായം ആവശ്യമില്ല. ദൈവരാജ്യത്തിന്റെ ദർശനം ലഭിച്ചവർക്ക് "സ്നേഹം" എന്ന ഒരു സ്വഭാവം മാത്രം സ്വന്തമാക്കിയാൽ മതി. ഭവനങ്ങളിൽ നിയമങ്ങൾ സാധാരണഗതിയിൽ ഉപയോഗിക്കാറില്ല. കാരണം, അവിടെ സ്നേഹത്താലുള്ള പരസ്പര വിധേയത്വവും അനുസരണവുമാണ് കാണപ്പെടുന്നത്. ദൈവസ്നേഹം കുറയുന്ന സന്ദർഭങ്ങളിലാണ് നിയമങ്ങൾ പ്രയോഗിക്കേണ്ടി വരുന്നത്. ഞാൻ സ്ഥാപിച്ച എന്റെ സഭയാകുന്ന ദൈവ ഭവനത്തിലും നിയമമല്ല സ്നേഹമാണ് നടപ്പാക്കപ്പെടേണ്ടത്. ഞാൻ പരീശന്മാരുടെ പുളിച്ച മാവായ കപടഭക്തിയും നിയമ ആശ്രയവുമാണ് ഏറ്റവും വെറുത്തിരുന്നത്. അതുകൊണ്ടുതന്നെ വളരെ കഠിനമായ ഭാഷയിൽ ഞാൻ അവരെ ശാസിക്കുകയും ചെയ്തിട്ടുണ്ട്. അവരെക്കാൾ മുൻപേ ചുങ്കക്കാരും പാപികളും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കും എന്ന് ഞാൻ പറഞ്ഞതു എന്താണെന്ന് അവർക്ക് മനസ്സിലായില്ല. അങ്ങനെ മനസ്സിലാകാത്തവർ നിങ്ങളുടെ കൂട്ടത്തിലും ഉണ്ടെന്ന് എനിക്കറിയാം. വിനയത്തോടെ, വിശുദ്ധിയോടെ, വിശ്വാസത്തോടെ എന്റെ അരികിൽ എത്തിയാൽ നിങ്ങൾക്കും ഞാൻ ഈ കാര്യങ്ങളൊക്കെ കൂടുതൽ വ്യക്തമാക്കി തരാം.

സദൂക്യരുടെ പുളിച്ചമാവ്

ഒരുവിധത്തിൽ നീതിമാന്മാർ എന്നാണ് അവരുടെ പേരിന്റെ അർത്ഥം. രാജകുടുംബാംഗങ്ങൾ എന്ന പേരിൽ സമൂഹത്തിൽ "നിലയും വിലയും" സ്വയം അവകാശപ്പെടുന്നവർ ആയിരുന്നു ഇക്കൂട്ടർ. പരീശന്മാരുടെ തീക്ഷ്ണതയും തീവ്രതയും ഒന്നും മത കാര്യങ്ങളിൽ ഇവർ പാലിക്കാറില്ല. ഈ ലോകത്തിന് പുറത്ത് ഒരു മരണാനന്തരജീവിതം ഉണ്ടെന്നും ഇവർ വിശ്വസിക്കുന്നില്ല. മാലാഖമാരിലും ഭൂതങ്ങളിലും അത്ഭുതങ്ങളിലും ഒന്നും ഇവർക്ക് താല്പര്യമില്ല, വിശ്വാസവുമില്ല. കാണുന്നതിനും മനസ്സിലാക്കുന്നതിനും അപ്പുറത്തുള്ള ഒരു കാര്യങ്ങളും അവർ അംഗീകരിക്കുകയില്ല.ശരീരത്തിന് പുറത്ത് "ആത്മാവ്" മനുഷ്യർക്കുണ്ടെന്ന് അവർ സമ്മതിക്കില്ല. ബുദ്ധിയും മനസ്സും എത്രയും ശ്രേഷ്ഠമായി കരുതി, ബുദ്ധികൊണ്ട് മനസ്സിലാക്കാവുന്ന കാര്യങ്ങൾ മാത്രം സ്വീകരിക്കുകയും അല്ലാത്തവ നിരസിക്കുകയും ചെയ്യുന്ന പ്രകൃതക്കാരാണ് ഇവർ. ഈ ലോകജീവിതം മാത്രമേ യഥാർത്ഥമായി

നിലനിൽക്കുന്നുള്ളൂ എന്നും ഇവിടെ ജീവിക്കാനുള്ള അവസരം പരമാവധി ആസ്വദിക്കുവാൻ ഉള്ളതാണെന്നും അവർ ചിന്തിക്കുന്നു. ലോകത്തിന്റെ തത്വശാസ്ത്രങ്ങൾ എല്ലാം അവർക്ക് സ്വീകാര്യമായിരുന്നു. ദൈവം ഇല്ല എന്ന് അവർ പറയുന്നില്ലെങ്കിലും, ദൈവ ഭയമില്ലാതെ ജീവിക്കുന്നതിനാൽ അവർക്ക് ദൈവവിശ്വാസം ഉണ്ടെന്ന് ഞാൻ പറയുകയില്ല. "തിന്നുക കുടിക്കുക ആനന്ദിക്കുക എന്ന "എപ്പിക്കൂറിയൻ" ചിന്താഗതി സ്വീകരിക്കുന്നവർ ആയതിനാൽ, പരമാവധി ജീവിതം ആസ്വദിക്കുവാൻ എല്ലാവിധ രീതികളും സ്വീകരിക്കുന്നതിൽ തെറ്റില്ലെന്ന് കരുതുന്നവരും പഠിപ്പിക്കുന്നവരുമായിരുന്നു അവർ.

ചുരുക്കത്തിൽ പരീശന്മാരും സദൂക്ക്യരും യഹൂദ മതത്തിന്റെ മേൽത്തട്ടിൽ സ്വാധീനം ചെലുത്തിയവരായിരുന്നു. അവരുടെ ഈ കാഴ്ചപ്പാടിൽ സത്യദൈവത്തെ തിരിച്ചറിയാൻ കഴിയാതെ പോയ ദുര്യോഗം എന്റെ പ്രിയ ശിഷ്യന്മാർക്കും ഉണ്ടാകാതിരിക്കാനാണ് ഈ കാര്യം പ്രത്യേകമായി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഇക്കാലത്ത് "ഭക്തിയെ" അനുകൂലിക്കുന്നവർ പരീശ മനോഭാവമുള്ളവരായി സ്വയം ഉയർത്തി കാണിക്കുവാനുള്ള പ്രവണത വലിയ ദോഷം ചെയ്യുമെന്ന് ഞാൻ ഓർമിപ്പിക്കുന്നു. അതുപോലെ ലോക പ്രകാരം മാന്യത നടിച്ച് നടക്കുന്ന "സദൂക്ക്യ മനോഭാവവും"ഇന്ന് ബഹുഭൂരിപക്ഷം മനുഷ്യരിലും കണ്ടുവരുന്ന വളരെ ദോഷം ഉളവാക്കുന്ന പ്രവണതയാണ്.

എന്നെ അനുഗമിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന എല്ലാവരോടുമായി ഞാൻ ഒരിക്കൽ കൂടി പറയുകയാണ് ആണ്, പരീശന്മാരുടെയും സദൂക്യരുടെയും ഉപദേശമാകുന്ന പുളിപ്പിനെ നിങ്ങൾ വേണ്ടവിധം തിരിച്ചറിഞ്ഞ് ശ്രദ്ധയോടെ ഉപേക്ഷിക്കുക. ഭക്ഷണത്തെ പറ്റിയുള്ള ഓർമ്മ മാറ്റിവെച്ച്, ഞാൻ നിങ്ങൾക്ക് ചെയ്ത കാര്യങ്ങളെ ഓർത്തുകൊണ്ട്, എന്റെ വാക്കുകൾ ധ്യാനിച്ചും ഗ്രഹിച്ചും എന്നെ അനുസരിച്ച് ജീവിക്കാൻ പരിശുദ്ധാത്മ സഹായത്തോടെ നിങ്ങൾ പരിശ്രമിക്കുക.

എന്ന് സ്നേഹപൂർവ്വം സ്വന്തം യേശു

16-12-2020.

## അദ്ധ്യായം 59

# മനുഷ്യ മാനദണ്ഡങ്ങളല്ല, ദൈവത്തിന്റെ പ്രമാണങ്ങൾ തന്നെ പാലിക്കുക

(മത്തായി 16: 21 –23; മർക്കോസ് 8: 31– 33; ലൂക്കോസ് 9: 22)

നിങ്ങളെല്ലാവരും മനുഷ്യരാണല്ലോ. അതുകൊണ്ടുതന്നെ "മനുഷ്യത്വം" അഥവാ "മാനവികത" എന്നത് നിങ്ങൾക്ക് വളരെ ഇഷ്ടമുള്ളതും അനുകരിക്കാവുന്ന മാതൃകയായി നിങ്ങളുടെ സമൂഹത്തിൽ ഏറെ വിലമതിക്കപ്പെടുന്നതും സ്വീകാര്യവുമായ ആദർശമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ജീവിതത്തെ വിലയിരുത്തുമ്പോൾ സാധാരണ മാനുഷിക കാഴ്ചപ്പാടിലാണ് നിങ്ങൾ ശ്രദ്ധിക്കാറുള്ളത്. നിങ്ങളുടെ സാഹചര്യങ്ങളിലും പരിമിതികളിലും അത് ഒരുവിധത്തിൽ തെറ്റില്ല എന്ന് പറയാം. പക്ഷേ അതാണ് ഏറ്റവും നല്ലത് എന്ന് ഞാൻ പറയില്ല. കാരണം നിങ്ങൾ നല്ലത് എന്ന് പറയുന്നത് ഞാൻ പറയുന്ന ഏറ്റവും നല്ല തിന്റെ ശത്രുവാണ്.(Good is the Best). നല്ലത് എന്ന് അറിഞ്ഞ കാര്യങ്ങൾ നിങ്ങൾ തെരഞ്ഞെടുത്തു കഴിഞ്ഞാൽ പിന്നെ ഏറ്റവും നല്ലതിനുവേണ്ടി നിങ്ങൾ അന്വേഷിക്കുകയില്ല. ഇവിടെ ഏറ്റവും നല്ലത് എന്താണെന്ന് ഞാൻ പറയാൻ ശ്രമിക്കുകയാണ്.

ശിഷ്യന്മാർ 12 പേർ മാത്രം ഉള്ളപ്പോൾ ഞാൻ ഈ കാര്യം അവരെ ബോധിപ്പിക്കുവാൻ ശ്രമിക്കുകയായിരുന്നു. എന്നെ പറ്റിയുള്ള ജനങ്ങളുടെ അഭിപ്രായം ഒക്കെ അവർ എന്നോട് പറഞ്ഞപ്പോൾ ഞാൻ അവരോട് ചോദിച്ചു: "നിങ്ങൾ എന്നെ ആരെന്ന് പറയുന്നു?" "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്ന് പത്രോസ് ഉത്തരം പറഞ്ഞു. (മത്തായി 16:16). പത്രോസ് മാനുഷിക നിലയിൽ പറഞ്ഞതല്ല എന്ന് എനിക്ക് മനസ്സിലായി. ഞാൻ അവനോട് പറഞ്ഞു:" നീ ഭാഗ്യവാൻ, ജഡരക്തങ്ങൾ അല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് ഇത് നിനക്ക് വെളിപ്പെടുത്തിയത് ".(മത്തായി 16: 17). പത്രോസ് പറഞ്ഞത് ശിഷ്യന്മാരും

കേട്ടതാണ്. ഒരിക്കൽ നദാനിയേൽ എന്നെ ആദ്യം കണ്ടപ്പോൾ, ഞാൻ ദൈവപുത്രനും ഇസ്രായേലിന്റെ രാജാവും ആണ് എന്ന് എന്നോട് പറഞ്ഞിരുന്നത് മറ്റാരും കേട്ടിട്ടില്ലായിരുന്നു. (യോഹന്നാൻ 1: 49). ഏതായാലും മറ്റെല്ലാവരും കേൾക്കേ പത്രോസ് പറഞ്ഞത് എല്ലാവരും അംഗീകരിച്ചു കാണുമെന്ന ധാരണയിൽ ഞാൻ അവരോട് എന്റെ യഥാർത്ഥ ജീവിതലക്ഷ്യം പറയാൻ തുടങ്ങി.: " ഞാൻ യെരുശലേമിൽ ചെന്നിട്ട് മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ച് കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും വേണ്ടതാണ്."(മത്തായി 16: 21). എന്നാൽ പത്രോസിനെ മനുഷ്യത്വം ഉണർന്ന് എന്നോട് പ്രതികരിച്ചത് ഇങ്ങനെയായിരുന്നു: "കർത്താവേ അരുതേ, നിനക്ക് അങ്ങനെ ഭവിക്കരുതെ."എന്ന് പറഞ്ഞ് എന്നെ ശാസിച്ചു തുടങ്ങി. എനിക്ക് സങ്കടവും കോപവും സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ എന്തെല്ലാം കാര്യങ്ങൾ എന്റെ ശിഷ്യന്മാരോട് പറഞ്ഞു, ചെയ്തു കാണിച്ചു. അവരെ എന്റെ വാക്ക് വിശ്വസിപ്പിക്കാൻ ശ്രമിച്ചത് എല്ലാം വ്യക്തമായി പോയോ എന്നതായിരുന്നു പ്രകോപിപ്പിച്ച ചിന്ത. ഞാൻ ഉടനെ തിരിഞ്ഞ് പത്രോസിനോട് പറഞ്ഞു: " സാത്താനെ എന്നെ വിട്ടു പോക, നീ എനിക്ക് ഇടർച്ചയാകുന്നു. നീ ദൈവത്തിന്റെതല്ല മനുഷ്യരുടെ അത്രേ കരുതുന്നത്."(16:13).

വാസ്തവത്തിൽ സാത്താൻ എന്ന് ഞാൻ വിളിച്ചത് പത്രോസിനെ അല്ല അവന്റെ ഉള്ളിൽ അവനെ കൊണ്ട് അങ്ങനെ പറയിപ്പിച്ച സാക്ഷാൽ പിശാചിനെ യാണ്. ഞാൻ ഞാൻ ദൈവപുത്രനായ മശിഹാ എന്ന് അവനെക്കൊണ്ട് പറയിപ്പിച്ചത് ദൈവാത്മാവ് ആയിരുന്നു. നിങ്ങൾ പ്രത്യേകം ഈ കാര്യം ശ്രദ്ധിക്കണം. ദൈവാത്മാവ് വും പരിശുദ്ധാത്മാവും മാറിമാറി എപ്പോൾ വേണമെങ്കിലും നിങ്ങളെ സ്വാധീനിക്കാൻ ഇടയുണ്ട് എന്ന് നിങ്ങൾ ജാഗ്രതയോടെ തിരിച്ചറിയണം. സത്യവിശ്വാസം ഏറ്റു പറഞ്ഞാലും, അതേതുടർന്ന് എന്റെ സ്വർഗ്ഗപിതാവിന്റെ വാക്കുകൾ കേൾക്കുവാനും വിശ്വസിക്കുവാനും അനുസരിക്കുവാനും നിങ്ങൾ മനസ്സ് വെക്കുന്നില്ലെങ്കിൽ സാത്താൻ നിങ്ങളെ കീഴടക്കും എന്ന് അറിഞ്ഞിരിക്കുക.

ഇവിടെ പത്രോസിന് പറ്റിയത് എന്താണെന്ന് ഞാൻ അല്പം കൂടി വ്യക്തമാക്കാം. മാനുഷികമായ സുഖവും സൗകര്യങ്ങളും പ്രതീക്ഷിക്കുന്ന, "മനുഷ്യത്വം" വിലമതിച്ചു പ്രവർത്തിക്കുന്ന സമൂഹത്തിന് അനുയോജ്യമായ നല്ല കാര്യങ്ങൾ തന്നെയാണ് പത്രോസ് പറഞ്ഞത്. പക്ഷേ "ഏറ്റവും നല്ലതിന്" വേണ്ടി പരിശീലിപ്പിക്കപ്പെട്ടു വളരുവാൻ വിസമ്മതിക്കുന്നു

എന്നതാണ് അതിന്റെ കുഴപ്പം. അന്ത്യന്യായവിധി യിൽ കുറ്റപ്പെടുത്താത്ത വിധത്തിൽ ഈ ലോകത്തിൽ ജീവിക്കണമെങ്കിൽ, പ്രത്യേക ജീവിതശൈലി തിരഞ്ഞെടുക്കണം എന്നും, അതിലേക്കായി കഷ്ടതകളും അസ്വസ്ഥതകളും പരിഹാസങ്ങളും ഞരക്കങ്ങളും മൂലം ശാരീരികവും മാനസികവുമായ പീഡനങ്ങളും എല്ലാം ക്ഷമയോടെ സഹിക്കണം എന്ന് മനസ്സിലാക്കണമെങ്കിൽ, "മനുഷ്യത്വം" എന്ന കാഴ്ചപ്പാടിന് മാറ്റം വരുത്തി "ദൈവത്വം" എന്ന പുതിയ ദർശനം സ്വീകരിക്കണം. ഈ ലോകരാജ്യത്തിന്റെ (Kingdom of this Earth) തത്വങ്ങളും കാഴ്ചപ്പാടുകളും വ്യവസ്ഥിതികളും അപ്പാടെ തിരുത്തി, സ്വർഗ്ഗരാജ്യ പ്രമാണങ്ങളും ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും സ്വീകരിക്കുവാൻ മനസ്സിനെ ഒരുക്കുവാൻ നിങ്ങൾ തയ്യാറാകണം. എന്റെ ശിഷ്യന്മാർ ഇതിനോടകം അപ്രകാരം ഒരു യഥാർത്ഥ മാനസാന്തര അനുഭവത്തിൽ എത്തി എന്നാണ് ഞാൻ കരുതിയത്. എന്നാൽ, പെന്തകോസ്റ്റ് ദിനത്തിൽ പരിശുദ്ധാത്മാവിനെ അവർ ഓരോരുത്തരും ഉള്ളിൽ പ്രാപിക്കുന്നതുവരെ അവർക്ക് അതിന് കഴിയില്ല എന്നും എനിക്ക് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ എന്റെ ശാസന ഞാൻ അവിടം കൊണ്ട് അവസാനിപ്പിച്ചു. എന്റെ മരണവും പുനരുദ്ധാനവും ഞാൻ അവരോട് മുൻകൂട്ടി അന്ന് പറഞ്ഞത് അവർ കേട്ടതാണ്. പക്ഷേ അവർ ആ കാര്യം ഗ്രഹിക്കാതെ വണ്ണം ഈ ലോകത്തിന്റെ ദൈവമായ സാത്താൻ അവരുടെ മനസ്സ് കുരു ടാക്കി കളഞ്ഞു. (2 കോരി 4:4). അവരെ സാവധാനം ബോധ്യപ്പെടുത്തുവാൻ പരിശുദ്ധാത്മാവും ആയി ചേർന്ന് ഞങ്ങൾ പദ്ധതി ഇടുകയായിരുന്നു.

എന്റെ സഭയിൽ വിശ്വാസികളായി ജീവിക്കുന്ന നിങ്ങൾ അന്നത്തെ എന്റെ ശിഷ്യന്മാരെകാൾ ഉത്തരവാദിത്വം ഉള്ളവരാണ്. കാരണം,വിശുദ്ധ മാമോദിസ സ്വീകരിച്ചത് വഴി നിങ്ങൾക്ക് "ദൈവപുത്രൻ"എന്ന പദവിയും "പരിശുദ്ധാത്മ അഭിഷേകവും" ലഭിച്ചിട്ടുള്ളതിനാൽ, നിങ്ങൾ വിശ്വസിച്ച് മനസ്സുവെച്ചാൽ സാത്താന്റെ ഉപദേശങ്ങൾക്ക് ചെവി കൊടുക്കാതെ ജീവിക്കുവാൻ നിങ്ങൾക്ക് കഴിയും. "സാത്താനെ എന്നെ വിട്ടു പോ"എന്ന് പറഞ്ഞ് ഞാൻ മരുഭൂമിയിൽ വച്ച് സാത്താനെ ഓടിച്ചതുപോലെ നിങ്ങൾക്കും സാധിക്കും. പരിശുദ്ധാത്മ അഭിഷേകം പ്രാപിച്ച എന്റെ ശിഷ്യന്മാരുടെ പ്രവർത്തനങ്ങൾ നിങ്ങൾ കണ്ടും കേട്ടും വായിച്ചും മനസ്സിലാക്കിയിട്ടുണ്ടല്ലോ. ആദ്യത്തെ മൂന്ന് നാല് നൂറ്റാണ്ടുകൾ വരെ സത്യവിശ്വാസം സ്വീകരിച്ച് അനുസരിക്കുവാനായി ജീവൻതന്നെ ബലിയർപ്പിച്ച രക്തസാക്ഷികളുടെ രക്തമാണ് "എന്റെ സഭയെ" വളർത്തി നിലനിർത്തുന്നത്. എന്നാൽ "ക്രിസ്തീയസഭ" എന്ന പേരിൽ ഇന്ന് കാണുന്ന ബാഹ്യമായ വളർച്ചയും നിലനിൽപ്പും ദൈവാത്മാവിന്റെ

പ്രേരണയാൽ ആണെന്ന് ഞാൻ കരുതുന്നില്ല. "മനുഷ്യത്വം" "മാനവികത"എന്നിങ്ങനെയുള്ള നല്ല പേരിൽ ചില നല്ല കാര്യങ്ങൾ നിങ്ങൾ ചെയ്തു കൂട്ടുന്നുണ്ടെങ്കിലും, അവയൊന്നും ദൈവീക കാഴ്ചപ്പാടിൽ "ഏറ്റവും നല്ലതാണെന്ന്" അംഗീകരിക്കപ്പെടുന്നില്ല എന്ന് നിങ്ങൾ അറിയുക. നിങ്ങളുടെ ദൃഷ്ടിയിലും ചിന്തയിലും നല്ലതെന്ന് തോന്നുന്ന കാര്യങ്ങൾ നിങ്ങൾ ചെയ്യുമ്പോഴും, അതെല്ലാം പരിശുദ്ധാത്മാവിനാൽ പ്രേരിതമായി ചെയ്യുന്ന ദൈവഹിതം ആണെന്ന് ഉറപ്പു വരുത്തുവാൻ നിങ്ങൾക്ക് കഴിയണം.

മാനവിക സമീപനം (Humanism) പ്രധാനമായും ഈ ലോക പ്രകാരമുള്ള സുഖസൗകര്യങ്ങൾക്ക് വേണ്ടി ഊന്നൽ കൊടുക്കുന്നതിനാൽ ജീവിത മൂല്യങ്ങളെയും ആദർശങ്ങളെയും അവഗണിക്കാനും, അവസരത്തിനും സാഹചര്യങ്ങൾക്കു മനുസരിച്ച് വിട്ടുവീഴ്ച ചെയ്യാനും, വേണ്ടിവന്നാൽപൂർണമായുംഅവയെ നിരാകരിക്കാനുംഇടയാക്കുന്നുണ്ട്. ഇന്ന് നിങ്ങൾ കാണുന്ന സുഖലോലുപതയ്ക്ക് വേണ്ടിയുള്ള പരക്കം പാച്ചിൽ ആരംഭിച്ചത് 15,16 നൂറ്റാണ്ടുകളിൽ രൂപംകൊണ്ട ചില ആധുനിക പ്രത്യയശാസ്ത്രങ്ങൾ വഴിയാണ്.(Renaissance , Enlightenment etc). നവോത്ഥാനം, ബോധോദയം തുടങ്ങിയ "നല്ല" കാര്യങ്ങൾ, "ഏറ്റവും നല്ല" കാര്യങ്ങൾ പറഞ്ഞ് പഠിപ്പിച്ചുകൊണ്ടിരുന്ന എന്റെ സഭയുടെ സ്വർഗ്ഗരാജ്യദർശനങ്ങൾക്കും പ്രമാണങ്ങൾക്കും കാഴ്ചപ്പാടുകൾക്കും എതിരായിട്ടാണ് ഭൗതികവാദികൾ ആരംഭം ഇട്ടത്. നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ" ദൈവം രണ്ടാമതും മനുഷ്യൻ ഒന്നാമതും" എന്ന തത്വം പൊതുവേ "നല്ലതായി" അംഗീകരിക്കപ്പെട്ടു തുടങ്ങി. അനേകർ ദൈവവിശ്വാസത്തിൽ അർത്ഥമില്ലെന്ന്കണ്ടെത്തിയുക്തിവാദത്തിലേക്കും നിരീശ്വരവാദത്തിലേക്കും ചെന്നെത്തി. അതിന്റെ ഫലമായി പലവിധ ധാർമിക മൂല്യങ്ങളും മനുഷ്യ മനസ്സുകളിൽ നിന്നും അസ്തമിച്ചു. ശാസ്ത്രീയമായ നേട്ടങ്ങൾ മനുഷ്യന്റെ അഹങ്കാരം വർദ്ധിപ്പിച്ചു. ഓരോ കണ്ടുപിടിത്തവും മനുഷ്യന്റെ നേട്ടമായി പ്രകീർത്തിക്കപ്പെട്ടു. എന്നാൽ ഇത്രയും നാൾ അത് കണ്ടുപിടിക്കാൻ മനുഷ്യനു കഴിയാതിരുന്നതും, ഇനിയും എത്രയോ കാര്യങ്ങൾ മനുഷ്യമനസ്സിന് മറഞ്ഞിരിക്കുന്നതും അംഗീകരിച്ച് സൃഷ്ടിപരമായ കണ്ടുപിടുത്തങ്ങൾ നടത്താനുള്ള കഴിവ് നൽകിയ സൃഷ്ടാവിലേക്ക് മനസ്സ് തിരിച്ച്, ദൈവഹിതപ്രകാരം മനുഷ്യത്വം ദൈവത്വത്തി ലേക്ക് രൂപാന്തരപ്പെടുത്തുന്ന സ്വർഗ്ഗരാജ്യപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാൻ എന്റെ ശിഷ്യന്മാരായ നിങ്ങൾ പരിശ്രമിക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

മനുഷ്യത്വ പ്രമാണങ്ങൾ തീർച്ചയായും മരണം വരെയുള്ള നിങ്ങളുടെ ജീവിതത്തിന് സഹായകരം തന്നെയാണ്. പക്ഷേ മരണത്തിന് അപ്പുറത്തെ നിത്യമായ ഒരു ജീവിതമുണ്ടെന്ന് വിശ്വസിക്കുന്നവർക്ക് അ തനുസരിച്ചുള്ള മാനദണ്ഡങ്ങൾ അന്വേഷിച്ച് കണ്ടെത്തേണ്ടിയിരിക്കുന്നു. ലോകമാനദണ്ഡങ്ങളനുസരിച്ച് "നല്ല" ജീവിതം നയിക്കുന്നവരോട്, മരണശേഷം ന്യായവിധിയും പ്രതിഫലവും ഉണ്ട് എന്നു പറയുന്നത് വിഡ്ഢിത്തമായി കരുതുന്ന അവസ്ഥയിലേക്ക് മനുഷ്യമനസ്സിനെ സ്വാധീനിക്കുവാൻ ദുഷ്ട ശക്തികൾ വെളിച്ചദൂതന്റെ വേഷത്തിൽ പ്രവർത്തിക്കുന്നുണ്ട്. അത് തിരിച്ചറിയാൻ പോലും വിശ്വാസികൾ എന്ന് സ്വയം കരുതുന്നവർക്ക് കഴിയുന്നില്ല എന്നതാണ് ഏറെ ദയനീയമായി ഞാൻ കാണുന്നത്.

ദൈവം എല്ലാവർക്കും സ്വാതന്ത്ര്യം തുല്യമായി നൽകിയിട്ടുണ്ടെന്നും ആർക്കും ആരെയും നിയന്ത്രിക്കാൻ അവകാശമില്ലെന്നും വാദിക്കുന്നതാണ് മനുഷ്യത്വ ദർശനത്തിന്റെ മുഖമുദ്രയായി ഉയർത്തി കാണിക്കുന്നത്. "സ്ത്രീ പുരുഷ സമത്വം" എന്ന പേരിൽ സ്രഷ്ടാവ് പുരുഷനും സ്ത്രീക്കും പ്രത്യേകം നൽകിയിരിക്കുന്ന കഴിവുകളെ പരസ്പരം അംഗീകരിച്ചും ആദരിച്ചും പ്രോത്സാഹിപ്പിക്കുന്നതിനു പകരം,"തുല്യത" എന്ന പേരിൽ ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞ് മാറുന്ന പ്രവണത പ്രോത്സാഹിപ്പിക്കപ്പെടുന്നതിനാൽ, കുടുംബത്തിന്റെ പരിപാവനതയും സമാധാന അന്തരീക്ഷവും കെട്ടുറപ്പും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യകുഞ്ഞുങ്ങൾ മാതാപിതാക്കളുടെ സംരക്ഷണയിലും പരിലാളനയിലും വളർത്തപ്പെടുന്നതിനുപകരം, മക്കൾ തങ്ങളുടെ സുഖജീവിതത്തിന് തടസ്സമാകും എന്ന് കരുതി കുടുംബജീവിതം തന്നെ വേണ്ടെന്നു വച്ച്, വിവാഹം കഴിക്കാതെ തന്നെ "കൂടെ പാർപ്പ് "എന്ന അവസ്ഥയിൽ എത്തി നിൽക്കുകയാണ് ഇന്നത്തെ യുവതലമുറയിൽ പലരും. കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണ് എന്നും ഓരോ മനുഷ്യകുഞ്ഞിലും ദൈവപുത്രൻ ജനിക്കുമെന്നും കാത്തിരുന്ന സ്വർഗ്ഗ പിതാവിന്റെ പ്രതീക്ഷകളെല്ലാം തകർത്തുകൊണ്ട് മാതൃ ഗർഭത്തിൽ വച്ചുതന്നെ കുഞ്ഞുങ്ങളെ കൊലപ്പെടുത്തുന്നത് മാന്യത യായി കരുതുന്ന ഒരു സമൂഹമായി മനുഷ്യവർഗ്ഗം അധഃപതിച്ചിരിക്കുന്നു. കുഞ്ഞുങ്ങൾ ഉണ്ടാകാതിരിക്കാൻ കുടുംബാസൂത്രണം എന്ന പേരിൽ ഗർഭനിരോധനമാർഗങ്ങൾ ഒരു വശത്ത് പരീക്ഷിച്ചപ്പോൾ, പ്രായപൂർത്തിയായ എല്ലാ മനുഷ്യർക്കും സ്ത്രീപുരുഷഭേദമന്യേ ലൈംഗികബന്ധത്തിലേർപ്പെടാം എന്നതിന്

നിയമനിർമാണങ്ങൾ വരെ നടത്തി "മനുഷ്യത്വം" നിലനിർത്തുന്ന രാഷ്ട്രനേതാക്കളും സംവിധാനവും നിലവിൽ വന്നു.

മനുഷ്യജീവന് തീരെ വിലയില്ലാതായി. ഒരു മനുഷ്യന്റെ താൽപര്യത്തിന് തടസ്സമായി നിൽക്കുന്നവരെ വേണ്ടിവന്നാൽ കൊന്നു ഇല്ലാതാക്കാൻ മനുഷ്യർ മടിക്കുന്നില്ല. എന്ത് ക്രൂരകൃത്യം ചെയ്താലും പണമുണ്ടെങ്കിൽ തെളിവ് ഇല്ലാതാക്കി അതിൽനിന്നും പ്രയാസം കൂടാതെ രക്ഷപ്പെടാൻ സഹായകമായ വിധത്തിൽ നിയമ സംവിധാനങ്ങൾ ലോകം മുഴുവനും വ്യാപിച്ചു വന്നു. മനുഷ്യജീവന് വില ഇല്ലാതായി എന്നതിന് തെളിവാണ്, അനാവശ്യമായ കാരണങ്ങൾ പറഞ്ഞ് രാജ്യങ്ങൾ തമ്മിൽ യുദ്ധം ചെയ്തു ലക്ഷക്കണക്കിന് ആളുകളെ കൊല്ലുന്നത്. വാടക ഗുണ്ടകളെ വിട്ട് നിസ്സാര കൂലി കൊടുത്ത് മനുഷ്യരെ കൊല്ലുന്നതും മാനവീയതയുടെ ആധുനിക പ്രതിഭാസമാണ്.

മേൽപ്പറഞ്ഞ പ്രവണതകൾ സഭയിലും കയറിക്കൂടി എന്നതാണ് എന്നെ ഏറെ വേദനിപ്പിക്കുന്നത്. മാനുഷിക സമീപനങ്ങളുടെ പോരായ്മകൾ തിരിച്ചറിഞ്ഞ് അതിന് പരിഹാരം ദൈവീക കാഴ്ചപ്പാടിൽ കണ്ടെത്തേണ്ട തിന്നു പകരം, സഭയും മാനവിക കാഴ്ചപ്പാടുകളാണ് "നല്ലത്" എന്ന് കരുതി ദൈവീകകാഴ്ചപ്പാടിൽ നിന്നും അകന്നു പോകുന്നത് കണ്ട് ഞാൻ വളരെയേറെ ദുഃഖിക്കുന്നു.

നരകം ഇല്ല എന്ന ഉപദേശമാണ് ആധുനിക ജീർണതയുടെ ആരംഭമായി ഞാൻ കാണുന്നത്. യഹൂദ സാദൂക്യരുടെ കാഴ്ചപ്പാടാണ് ഇത്. അന്ത്യന്യായവിധിയിൽ ദൈവം എല്ലാവരെയും എങ്ങനെയെങ്കിലും രക്ഷപ്പെടുത്തും എന്ന സന്ദേശം പറയുന്നവർക്കും കേൾക്കുന്നവർക്കും തന്നിഷ്ടപ്രകാരമുള്ള ജീവിതത്തിന് സഹായകമാണ് എന്നതിനാൽ ആ ഉപദേശം വളരെ സ്വീകാര്യമാണ്. "തിന്നുക, കുടിക്കുക, ആനന്ദിക്കുക" എന്ന മുദ്രാവാക്യമാണ് ഇന്ന് എല്ലാവർക്കും സ്വീകാര്യമായത്. അതുകൊണ്ടുതന്നെ മദ്യ ഷാപ്പുകളും ഹോട്ടൽ ശൃംഖലകളും തഴച്ചു വളരുകയാണ്. സുബോധം നശിപ്പിക്കുന്ന മദ്യം ആൽക്കഹോൾ തന്നെയാണ്.(spirit). എന്നാൽ ലോകത്തിന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെകുറിച്ചും സുബോധം വരുത്തുന്ന പരിശുദ്ധാത്മാവ്(Holy Spirit) നൽകുന്ന സന്തോഷവും സമാധാനവും തിരിച്ചറിയാൻ കഴിയാത്ത വിധം അശുദ്ധാത്മാക്കൾ (Unholy spirit) ഇന്ന് മനുഷ്യഹൃദയങ്ങളെ അടക്കി വാഴുകയാണ്. ദൈവ സ്നേഹവും കരുണയും കരുതലും നൽകുന്നതിനായി വിളിക്കപ്പെട്ട ദൈവമക്കളും

അശുദ്ധാത്മാവ് ആയ സാത്താന്റെ പിടിയിലകപ്പെട്ടു, എന്റെ നാമം എടുത്തുകൊണ്ട് ചെയ്യുന്ന പ്രവൃത്തികൾ കണ്ടു സാധാരണജനങ്ങൾ വഞ്ചിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്.

കരിസ്മാറ്റിക് പ്രസ്ഥാനം പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ ലഭിച്ചു കൊണ്ടാണ് പ്രവർത്തിക്കുന്നത് എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലുംലൗകിക നേട്ടങ്ങൾക്ക് മുൻഗണന നൽകുന്നതിനാൽ മാനുഷിക നന്മ എന്ന വിധത്തിൽ അനേകംപേർ താൽക്കാലികങ്ങളായ ലൗകിക നേട്ടങ്ങൾക്ക് വേണ്ടി ആകൃഷ്ടരാകുന്നുണ്ട്. എന്നാൽ യഥാർത്ഥ നന്മ അഥവാ "ഏറ്റവും നല്ലത്" എന്താണെന്ന് മനസ്സിലാക്കി കൊടുക്കാൻ പല ധ്യാനകേന്ദ്രങ്ങളും പരാജയപ്പെടുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. മാനുഷിക സുഖസൗകര്യം ലക്ഷ്യം വെച്ചു കൊണ്ട് ഇപ്രകാരം ഓടുന്ന ജനങ്ങൾ ഒരിടത്ത് അത് കിട്ടാതെ വന്നാൽ മറ്റിടങ്ങൾ തേടി പോകുന്നത് സാധാരണയായി ഞാൻ കാണുന്ന കാഴ്ചയാണ്. എന്റെ നാമത്തിൽ തന്നെ പ്രവർത്തിച്ചു അനേകരെ വഴിതെറ്റിക്കുന്ന വ്യാജ പുരോഹിതൻമാരും വ്യാജ സുവിശേഷകൻമാരും ഇന്ന് എന്റെ യഥാർത്ഥ താല്പര്യങ്ങൾക്ക് എതിരായി അറിഞ്ഞോ അറിയാതെയോ പ്രവർത്തിക്കുന്നുണ്ട്.

പത്രോസിനെ പാറയായി പ്രഖ്യാപിച്ച ശേഷം കുറച്ചു കഴിഞ്ഞു "സാത്താൻ" എന്ന് വിളിക്കാൻ ഇടയായത് പോലെ, പരിശുദ്ധാത്മാവ് സ്വാധീനിച്ച് പ്രവർത്തിക്കുന്ന വ്യക്തികളിൽ അശുദ്ധാത്മാവ് പ്രവേശിച്ചതിനാൽ ദൈവഹിതം അല്ലാത്ത കാര്യങ്ങൾ ദൈവം അംഗീകരിക്കുന്നതായി പാവം ജനങ്ങളെ പറഞ്ഞു ബോധ്യപ്പെടുത്തി തങ്ങളുടെ പ്രസ്ഥാനങ്ങൾ നിലനിർത്തുന്ന ആളുകൾ മാനസാന്തരപ്പെട്ട് എങ്കലേക്കു വരുന്നില്ലെങ്കിൽ അവരുടെ അന്ത്യന്യായവിധി നാളിൽ ഞാൻ കണക്ക് ചോദിക്കുമെന്ന് അവർ അറിഞ്ഞാൽ കൊള്ളാം.

എന്റെ ശിഷ്യത്വ വ്യവസ്ഥകളെപ്പറ്റി വേണ്ടവിധം പറഞ്ഞു മനസ്സിലാക്കാതെ, "വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്താൽ മാത്രം മതി, നിങ്ങൾ രക്ഷിക്കപ്പെടും" എന്ന് പറഞ്ഞ് അനേകരെ "സ്നാനം" നൽകി അവരുടെ സഭയിൽ ചേർത്ത് ഉപജീവനം നടത്തുന്ന വ്യാജസുവിശേഷ പ്രവർത്തകരെ ഞാൻ ശിക്ഷിക്കാതെ വിടുകയില്ല. എല്ലാം ഉപേക്ഷിച്ച് ദൈവരാജ്യ സമ്പാദ്യങ്ങൾ വർധിപ്പിക്കാനായി ലോക പ്രകാരമുള്ള പ്രയാസങ്ങളും പരിഹാസങ്ങളും അവഗണനകളും പീഡനങ്ങളും ഞാൻ സഹിച്ചത് പോലെ സഹിക്കുവാൻ തയ്യാറായി വരുന്നവരെ മാത്രമേ

യഥാർത്ഥ ശിഷ്യന്മാരായി ഞാൻ കണക്കാക്കുന്നുള്ളൂ. ഇക്കാര്യം അറിയാവുന്നവർ പോലും സ്വർഗ്ഗരാജ്യ മൂല്യങ്ങൾക്കും വ്യവസ്ഥകൾക്കും അവസരത്തിനൊത്ത് മനുഷ്യ പ്രീതിക്കായി വിട്ടുവീഴ്ചയും അവഗണനയും (Compramise and Apostasy) ചെയ്യുന്നതാണ് ഇന്നത്തെ ഏറ്റവും വലിയ പ്രതിസന്ധിയായി ഞാൻ കാണുന്നത്. കുരിശില്ലാതെ കിരീടമില്ല എന്ന് അറിയുക. കുരിശ് എടുക്കുന്നത് മരണം വരിക്കാൻ വേണ്ടി ആണെന്ന് ഓർത്തിരിക്കുക. സ്വാർത്ഥതയെ ക്രൂശിക്കുന്ന വർക്ക് മാത്രമേ എന്നോടൊപ്പം ഉയർപ്പ് അനുഭവത്തിൽ ജീവിക്കുവാൻ കഴിയൂ. ഈ കുരിശിന്റെ സന്ദേശം ഭോഷ്ക്കായി കരുതുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് കള്ള ഇടയന്മാർ. കുരിശിന്റെ മാർഗ്ഗം സ്വീകരിക്കുവാൻ മനസ്സില്ലാത്തവരോട്,"നീ എനിക്ക് ഇടർച്ച ആകുന്നു, കാരണം നീ ദൈവത്തിന്റെ അല്ല മനുഷ്യരുടെത് അത്രേ കരുതുന്നത്"എന്ന് പറഞ്ഞ് ഞാൻ ശാസിക്കും എന്നോർക്കുക.

ദൈവവിശ്വാസം ഇല്ലാത്തവരെയും ദൈവനിഷേധികൾ ആയി ജീവിക്കുന്നവരെയും, അറിവില്ലായ്മയുടെ പേരിൽ ഞാൻ സഹതാപത്തോടെ കാണുകയാണ്. എന്നാൽ ഞാൻ പറഞ്ഞതും പഠിപ്പിച്ചതും ജീവിച്ച കാണിച്ചതുമായ സത്യങ്ങളും തത്വങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ട്, തങ്ങളുടെ പേരിനും പ്രശസ്തിക്കും സമ്പാദ്യ ത്തിനും നേട്ടത്തിനും വേണ്ടി എന്റെ നാമത്തെയും ദൈവീക പ്രമാണങ്ങളെയും ദുരുപയോഗം ചെയ്യുന്നവരെ ഞാൻ ശിക്ഷിക്കാതെ വിടുകയില്ല. മനുഷ്യസമൂഹത്തെ ദൈവ മേഖലയിൽ നിന്ന് അകറ്റുന്ന ലൗകിക സമീപനങ്ങളെ ദൈവികമാണെന്ന് തെറ്റിദ്ധരിപ്പിക്കുന്ന സസമുദായത്തിന്റെയും ആത്മീയ പ്രസ്ഥാനങ്ങളുടേയും ച്ചമതല ക്കാരുടെ മാനസാന്തരത്തിനായിട്ടാണ് ഞാൻ കാത്തിരിക്കുന്നത്. ലോകത്തിൽ ജീവിക്കുന്ന എന്റെ സഭയെ ഞാൻ സ്ഥാപിച്ചു. എന്നാൽ "എന്റെ ശരീരമായ മണവാട്ടി" എന്ന ഏകസഭയെ, പലരും പല പേരിലുള്ള സഭകൾ ആക്കി ദൈവരാജ്യ പ്രവർത്തനങ്ങളെ പരാജയപ്പെടുത്തി കൊണ്ടിരിക്കുന്നു. അധികം താമസിയാതെ തന്നെ ഞാനവരെ നേരിടുന്നതാണ്. കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിഞ്ഞ് ദൈവമക്കൾ എന്റെ ശബ്ദം കേട്ട് അനുസരിക്കുന്നവരായി ജീവിക്കുക. ഇല്ലെങ്കിൽ,"അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ടു പോകുക, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല" എന്ന എന്റെ ഘോരശബ്ദം നിങ്ങൾ കേൾക്കേണ്ടിവരും.

എന്ന് സ്നേഹപൂർവ്വം സ്വന്തം യേശു

16-12-2020.

## അദ്ധ്യായം 60

# ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തുന്നത് തീരാനഷ്ടം തന്നെ

(മത്തായി 16: 26– 28; മർക്കോസ് 8: 36– 38; 9: 1; ലൂക്കോസ് 9:25– 27).

മനുഷ്യരായ നിങ്ങൾ ഈ ലോകത്തിൽ നേരിടുന്ന ജീവിതാനുഭവങ്ങളെ നേരിട്ട് മനസ്സിലാക്കി, ഈ ലോകത്തിന് അപ്പുറത്തുള്ള സ്വർഗ്ഗീയ ജീവിത അനുഭവങ്ങളിലേക്ക് കൊണ്ടുപോകാനാണ് ഞാൻ ഈ ലോകത്തിൽ മനുഷ്യനായി ജനിച്ച് നിങ്ങളെപ്പോലെ ജീവിച്ചത്. നിങ്ങൾക്ക് "ശരീരവും, മനസ്സും, ആത്മാവും" എന്നിങ്ങനെ മൂന്നു തലങ്ങളിൽ വളരുവാൻ തക്കവിധത്തിൽ ആണ് സ്വർഗ്ഗപിതാവ് നിങ്ങളെ സൃഷ്ടിച്ചത്. മണ്ണുകൊണ്ടുള്ള ശരീരത്തിന്റെ ആരംഭവും നിലനിൽപ്പും അവസാനവും ഭൂമിയിൽ തന്നെയാണ്. എന്നാൽ ഒരിക്കലും നാശമില്ലാത്ത ദൈവത്തിന്റെ ശ്വാസമായ മനുഷ്യാത്മാവ് സ്രഷ്ടാവിലേക്ക് തിരികെ പോയി നിത്യമായി ജീവിക്കാൻ ഉള്ളതാണ്. ദൈവാത്മാവുമായി നിരന്തരം ബന്ധപ്പെട്ട് ദൈവഹിതം തിരിച്ചറിഞ്ഞു ശരീരത്തെ നിയന്ത്രിക്കാനായിട്ടാണ് മനസ്സ് അഥവാ ഇച്ഛാശക്തി (Will Power) നിങ്ങൾക്ക് ദൈവം നൽകിയത്. ഈ സ്വതന്ത്ര ബുദ്ധി ഉപയോഗിച്ച് നന്മ മാത്രം തിരഞ്ഞെടുത്തു ദൈവത്തെ പ്രസാദിപ്പിച്ചു ജീവിക്കുവാൻ ശരീരത്തെ നിയന്ത്രിക്കുകയാണ് മനുഷ്യൻ എന്ന നിലയിൽ നിങ്ങൾ ചെയ്യേണ്ടത്. മനുഷ്യാത്മാവ് ദൈവാത്മാവുമായി നിരന്തരം സമ്പർക്കത്തിൽ ഇരുന്ന് ദൈവികമർമ്മങ്ങൾ മനുഷ്യാത്മാവ് വഴിയായി മനുഷ്യമനസ്സ് ഗ്രഹിച്ച്, ശരീര പ്രകാരം നടപ്പിലാക്കി ദൈവത്തെ പ്രസാദിപ്പിക്കുക എന്നതാണ് സ്വർഗ്ഗീയ പിതാവിന്റെ നിങ്ങളെക്കുറിച്ചുള്ള പ്രതീക്ഷ. പക്ഷേ, അതിനെതിരായി ലോകപ്രകാരമുള്ള "നല്ല" കാര്യങ്ങൾ നിങ്ങളെ കാണിച്ചു, വശീകരിച്ചു ദൈവികമായ "ഏറ്റവും നല്ല" കാര്യങ്ങൾ മറച്ചു കളയുന്ന പൈശാചികകെണികളെ നിങ്ങൾ നേരിട്ട് ജയിക്കാനുള്ള ശക്തിയാണ് പരിശുദ്ധാത്മാവ് നിങ്ങൾക്ക് നൽകുന്നത്. പക്ഷേ, പരിശുദ്ധാത്മാവു മായി ബന്ധപ്പെടുവാൻ കഴിവുള്ള മനുഷ്യാത്മാവ്

പലപ്പോഴും പാപംമൂലം മൃതപ്രായമായ അവസ്ഥയിലായി തീരുന്നതാണ് നിങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന ഏറ്റവും വലിയ പ്രതിസന്ധി. ചുരുക്കത്തിൽ, നിങ്ങളുടെ ആത്മാവ് സജീവമായി രിക്കണമെങ്കിൽ പാപ രഹിതമായ ഒരു ആത്മീയ ജീവിതത്തിന് നിങ്ങൾ മനസ്സ് വെച്ചു പരിശ്രമിക്കണം. അതിനുവേണ്ടിയുള്ള രക്ഷാകരപദ്ധതിയാണ് ഞാൻ ലോകത്തിൽ അവതരിപ്പിച്ചത്.

ഏദൻതോട്ടത്തിൽ മനുഷ്യവർഗ്ഗത്തിന്റെ ആരംഭംമുതൽ മനുഷ്യർ നേരിടുന്ന പ്രലോഭനങ്ങൾ അവന്റെ ആത്മീയ വളർച്ചയ്ക്കുവേണ്ടി സ്വർഗ്ഗ പിതാവ് അറിഞ്ഞുകൊണ്ടുതന്നെ ക്രമീകരിച്ചിട്ടുള്ളതാണ്. ഏതൊരു പരിശീലനത്തിനും ഘട്ടംഘട്ടമായി പരീക്ഷകൾ നടത്തുന്നത് പഠനത്തിന്റെ ഭാഗംതന്നെയാണ്. വിദ്യാഭ്യാസ മേഖലയിൽ ഓരോഘട്ടത്തിലും പരീക്ഷകൾ എഴുതി ജയിക്കുന്നവർക്ക് തുടർന്നും ഉന്നത വിദ്യാഭ്യാസവും ഉയർന്ന പരീക്ഷകളും നടത്തുന്നത് വ്യക്തിത്വ വളർച്ചയ്ക്ക് ആവശ്യം എന്നതുപോലെ ആത്മീയ ജീവിതത്തിലും പല ഘട്ടങ്ങളിലായി പലതരം പരിശോധനകൾ നടത്തണം. എങ്കിൽ മാത്രമേ ആത്മാവ് സജീവമായി വളർന്നുകൊണ്ടിരിക്കുകയുള്ളൂ. ആയതിനാൽ ശരീരത്തേക്കാളും മനസ്സിനെകാളും പ്രധാനമായി നിങ്ങളിലുള്ള മനുഷ്യാത്മാവിനെ എപ്പോഴും സജീവമായി നിലനിർത്തുന്നതിന് നിങ്ങളുടെ മനസ്സ് പൂർണ്ണമായി മുൻകൈയെടുക്കണം എന്നത് വളരെ പ്രധാനമാണ്. അതുകൊണ്ടാണ് "മാനസാന്തരം" എന്ന കാര്യം ആത്മീയ ജീവിതത്തിലെ വളർച്ചയുടെ ആദ്യഘട്ടമായി ഞാൻ ആവർത്തിച്ചു പറയുന്നത്.

ഞാൻ ഒരിക്കൽ ശിഷ്യന്മാരോട് ഈ കാര്യത്തെപ്പറ്റി പഠിപ്പിക്കുമ്പോൾ ഇങ്ങനെ പറഞ്ഞു: " ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?"(മത്തായി.16: 26). എന്നിൽ വിശ്വസിക്കുന്നവർ അറിഞ്ഞിരിക്കേണ്ട ഏറ്റവും പ്രധാന കാര്യമാണ് ഞാൻ ഇവിടെ പറയുന്നത്. "ആത്മാവ്" എന്നത് "ജീവൻ"തന്നെയാണ്. മറ്റെല്ലാ ജീവജാലങ്ങൾക്കും ജീവൻ ഉള്ളതുപോലെയുള്ള ഒരു ജീവൻ അല്ല മനുഷ്യജീവൻ. ദൈവത്തിന്റെ "ശ്വാസം" മനുഷ്യനിൽ ദൈവം തന്നെ ഊതി നിക്ഷേപിച്ചതിനാൽ ആത്മാവിന് മരണമില്ല. എന്നാൽ ആ മനുഷ്യാത്മാവ് ഈ ലോകത്തിൽ ശരീരത്തിനകത്ത് വസിക്കുന്ന കാലത്തോളം, ആന്തരികമായി ദൈവിക സ്വഭാവത്തിൽ വളർന്നു വരുവാനുള്ള സാധ്യതയിലാണ് ഒരു ശരീരവും മനസ്സും നിങ്ങൾക്ക്

നൽകി ഈ ലോകത്തിൽ നിങ്ങളെ അനുവദിച്ചിരിക്കുന്നത്. ഈ കാര്യം നിങ്ങൾ നല്ലവണ്ണം തിരിച്ചറിയണം. നിത്യതയുടെ യാഥാർഥ്യങ്ങളുമായി താരതമ്യപ്പെടുത്തിയാൽ നിങ്ങളുടെ ഈ ലോകജീവിതം എത്രയോ ക്ഷണികവും നിസ്സാരവുമാണ്. പക്ഷേ ഈ ക്ഷണികമായ ലോകത്തിൽ വസിച്ചുകൊണ്ട് നിങ്ങളുടെ വിശ്വാസപൂർവ്വമായ പ്രവൃത്തികളാണ് നിത്യ ജീവന്റെ അനുഭവത്തിലേക്ക് നിങ്ങളെ യോഗ്യരാക്കുന്നത്. അതുകൊണ്ടുതന്നെ ആത്മാവിനെപറ്റിയുള്ള നിങ്ങളുടെ ബോധ്യവും കരുതലും വളരെയേറെ പ്രാധാന്യം അർഹിക്കുന്നതാണ്. ശാരീരിക വളർച്ച ഇന്ദ്രിയങ്ങൾ വഴി നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. എന്നാൽ ആത്മീയ വളർച്ച ആണെങ്കിലും തളർച്ച ആണെങ്കിലും മറ്റു മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയില്ല. ദൈവത്തിനും നിങ്ങൾക്കും മാത്രം അറിയാവുന്ന നിങ്ങളുടെ ആത്മാവിന്റെ വളർച്ചയ്ക്കും സംരക്ഷണത്തിനും നിങ്ങൾ തന്നെ ബോധപൂർവ്വം ആഗ്രഹിച്ച് പരിശ്രമിക്കണം. അലസത ലേശം ബാധിച്ചാൽ നിങ്ങൾ നിങ്ങളുടെ ആത്മാവിനെ അശുഭ വഴിയിലേക്ക് വശംവദരായി സ്വയം നശിക്കാൻ ഇടയാകും.

ചരിത്രത്തിൽ ആത്മാവിനെ നശിപ്പിക്കുന്ന വിധത്തിൽ ലൗകിക നേട്ടങ്ങൾക്കുവേണ്ടി ആഗ്രഹിച്ച് പ്രവർത്തിച്ചവരുടെ അനേകം ഉദാഹരണങ്ങൾ കാണാം. ഒരു ഒരു പാത്രം പായസത്തിനു വേണ്ടി അവകാശം വിട്ടുകളഞ്ഞ ഏശാവ്, കേവലം നൈമിഷിക സുഖത്തിനുവേണ്ടി ആത്മ അഭിഷേകവും ശക്തിയും നഷ്ടപ്പെടുത്തിയ ശിംശോൻ, വെറും മുപ്പത് വെള്ളികാശിന് വേണ്ടി എന്നെ ഒറ്റിക്കൊടുത്തു ആത്മഹത്യചെയ്ത യുദാ... ഇവരൊക്കെ ആത്മാവിന്റെ വില അറിയാതെ സ്വന്തം മനുഷ്യ ആത്മാവിനെ വിറ്റു കളഞ്ഞവരാണ്. ലോകത്തിലുള്ള എന്തെല്ലാം സമ്പാദ്യങ്ങൾ കൂട്ടിവെച്ചാലും അവയെല്ലാം താൽക്കാലികമാണ് എന്ന് നിങ്ങൾ മനസ്സിലാക്കുക. ഒരു പക്ഷെ, അവയെല്ലാം ലോകാവസാനംവരെ നില നിൽക്കുന്നതാണെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. എന്നാൽ നിങ്ങളുടെ ആയുസ്സ് കഴിഞ്ഞാൽ നിങ്ങൾ സമ്പാദിച്ചതൊക്കെ നിങ്ങൾക്ക് നഷ്ടപ്പെടുകയല്ലേ? നിങ്ങളുടെ ലോകം നിങ്ങളുടെ ശാരീരിക മരണത്തോടെ അവസാനിക്കുകയാണ്. നിങ്ങളുടെ ഈ ലോക ജീവിതത്തിൽ നിങ്ങൾ ചെയ്തുകൂട്ടിയ നന്മയുടെയും തിന്മയുടെയും കണക്കു മായിട്ടാണ് നിങ്ങളുടെ ആത്മാവ് ന്യായവിധി നാളിനായി കാത്തിരിക്കുന്നത്. നിങ്ങൾ സ്വർഗ്ഗീയ മൂല്യങ്ങൾ എന്തുമാത്രം സമ്പാദിച്ചുവോ അത്രയും ഉന്നതമായ സൗഭാഗ്യ അവസ്ഥയിലേക്ക് നിങ്ങൾ എത്തിച്ചേരും. എന്നാൽ നിങ്ങളുടെ ഈ ലോകസമ്പാദ്യങ്ങൾ വെറും വൈക്കോലും വിറകും പോലെ നിസ്സാരമായവയാണെങ്കിൽ

അതെല്ലാം കത്തിച്ചാമ്പലായി ശൂന്യതയിൽ പറന്നു നടക്കേണ്ടിവരും എന്ന് ഓർക്കുക. ലോക പ്രകാരമുള്ള നൈമിഷിക സുഖം തേടിയുള്ള നിങ്ങളുടെ ജീവിതം, നിങ്ങളുടെ ആത്മാവിന്റെ നിത്യ ദുർഗതിക്ക് ഇടയാക്കുമെന്ന് തിരിച്ചറിഞ്ഞ് ഈ ലോക ജീവിതകാലത്തുതന്നെ മാനസാന്തരപ്പെട്ട് ആത്മീയ വളർച്ച ഉറപ്പുവരുത്തുക.

കാലസമ്പൂർണ്ണതയിൽ ഞാൻ മനുഷ്യാവതാരം ചെയ്തു നിങ്ങളുടെ രക്ഷയുടെ മാർഗ്ഗം കാണിച്ചു തരുവാൻ വേണ്ടി ലോകത്തിൽ വന്നത് പോലെ, ഞാൻ പറഞ്ഞത് ഗ്രഹിച്ചു എന്നെ അനുസരിച്ച് ജീവിച്ചു ഓട്ടം തികച്ച നിങ്ങളെ ചേർത്തുകൊൾവാൻ രണ്ടാമതും വരുമെന്ന് ഞാൻ പറഞ്ഞത് ഒന്നു കൂടി ഓർമിപ്പിക്കുന്നു. "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരും ആയി വരും. അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകും". (മത്തായി 16:27). "...ആരെങ്കിലും ഈ തലമുറയിൽ എന്നെയും എന്റെ വചനങ്ങളെയും കുറിച്ച് നാണിച്ചാൽ, അവനെക്കുറിച്ച് മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധാന്മാരുമായി വരുമ്പോൾ നാണിക്കും" (മർക്കോ 8: 38).

"മനുഷ്യരുടെ മുൻപിൽ എന്നെ ഏറ്റു പറയുന്ന ഏവരെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുൻപിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുൻപിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിന്റെ മുൻപിൽ ഞാനും തള്ളിപ്പറയും"(മത്തായി 10: 32– 33). " എനിക്ക് ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്ക് ശുശ്രൂഷ ചെയ്യുന്നവനെ എന്റെ പിതാവ് മാനിക്കും"(യോഹ. 12: 26). ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളെയും ഇരുത്തണമെന്നും എന്നെ പിതാവ് സ്നേഹിച്ചതുപോലെ നിങ്ങളെയും സ്നേഹിക്കണമെന്നും ഞാനെന്റെ സ്വർഗ്ഗ പിതാവിനോടുള്ള മഹാപുരോഹിത പ്രാർത്ഥനയിൽ പ്രാർത്ഥിച്ചു. (യോഹന്നാൻ 17: 23 –24). അതേപ്പറ്റി പിന്നീടൊരിക്കൽ വിശദമായി പറയാം.

ഈ ലോകം വിട്ടു പോകും എന്നും പിന്നീട് നിങ്ങളെയെല്ലാം കൂട്ടിക്കൊണ്ടുപോകാൻ വീണ്ടും വരുമെന്നും ഞാൻ പറഞ്ഞത് വിശ്വസിക്കാൻ ശിഷ്യന്മാർക്ക് അപ്പോൾ കഴിഞ്ഞില്ല. പക്ഷേ എന്റെ മരണവും പുനരുദ്ധാനവും സ്വർഗ്ഗാരോഹണവും കണ്ടശേഷം ഞാൻ ഇപ്രകാരം പറഞ്ഞ കാര്യങ്ങൾ സന്തോഷത്തോടെ അവർ

ഓർക്കുന്നതായിട്ട് ഞാൻ കണ്ടു. പീഡന കാലഘട്ടങ്ങളിൽ എന്റെ ശിഷ്യന്മാർക്കും എന്നെ വിശ്വസിച്ച് സഭയോട് ചേർന്നവർക്കും ഈ പ്രസ്താവനകൾ വളരെയേറെ ആശ്വാസവും ഊർജ്ജവും പകർന്നു എന്ന് കണ്ട് ഞാൻ സന്തോഷിച്ചു. എന്നാൽ കാലം മുന്നോട്ട് പോകുന്തോറും എന്നിലും എന്റെ വാക്കുകളിലുമുള്ള വിശ്വാസം തണുക്കുകയും സഭ തന്നെ ലോക വ്യവസ്ഥകളും ഭരണക്രമങ്ങളും സ്വീകരിച്ച് പരസ്പരം മത്സരിച്ച് വിവിധ വിഭാഗങ്ങളായി തീർന്നു എന്റെ നാമത്തിനു കളങ്കം വരുത്തി. എന്റെ ജീവിത സാക്ഷ്യവും എന്റെ ജീവ വചനങ്ങളും സഭകൾ വേണ്ടത്ര പരിഗണിക്കാതെ ആയി.

കുറച്ചു നാളുകൾ കൂടി കരുണയോടെ കാത്തിരിക്കാൻ എന്റെ സ്വർഗ്ഗപിതാവ് നിർദേശിച്ചതനുസരിച്ച് എന്റെ രണ്ടാംവരവ് അല്പം കൂടി ദീർഘിപ്പിച്ചിരിക്കുകയാണ്. ലോകം മുഴുവനുമുള്ള മനുഷ്യർ എന്റെ സത്യസുവിശേഷം കേൾക്കാനുള്ള അവസരം ഞാൻ അനുവദിച്ചിരിക്കുന്നത്, എനിക്ക് മനുഷ്യവർഗ്ഗത്തോടുള്ള മനസ്സലിവ് കൊണ്ടാണ്. ആധുനിക സംവിധാനങ്ങൾ വഴി എന്റെ സന്ദേശം പ്രചരിക്കപ്പെടുന്നുണ്ടെങ്കിലും, ആ ആസന്ദേശം കേട്ട് ക്രിസ്ത്യാനികൾ എന്ന പേരിൽ ജീവിക്കുന്നവരിൽ ആ സന്ദേശം അനുസരിച്ച് ജീവിക്കുന്ന സാക്ഷ്യം കാണാത്തതിനാൽ അനേകം പേർ എന്റെ നാമത്തെ തള്ളിക്കളയാൻ ഇടയാകുന്നുണ്ട്. മനുഷ്യരുടെ മുമ്പാകെ എന്നെ ഏറ്റുപറയുക എന്നാൽ, ഞാൻ ജീവിച്ചത് പോലെ ജീവിച്ചു കാണിക്കുക എന്നതാണ്. "വചനം" ജഡം എടുത്ത് നിങ്ങളുടെ ഇടയിൽ പാർത്തു ദൈവഹിതം ജീവിച്ചു കാണിച്ച പോലെ നിങ്ങളും ജീവിച്ചു കാണിക്കുമ്പോൾ മാത്രമേ മനുഷ്യരുടെ മുമ്പാകെ എന്നെ ഏറ്റുപറയുന്നവരായി നിങ്ങളെ ഞാൻ കണക്കാക്കുകയുള്ളൂ. അങ്ങനെയുള്ളവരെ മാത്രമേ ഞാൻ സ്വർഗ്ഗപിതാവിന്റെ മുൻപാകെ മാനിച്ച് ഏറ്റു പറയുകയുള്ളൂ. അങ്ങനെയുള്ള യഥാർത്ഥ ശിഷ്യന്മാരെ മാത്രമേ ഞാൻ എന്റെ കൂടെ സ്വർഗത്തിൽ ഇരുത്തുകയുള്ളൂ എന്ന് മുൻകൂട്ടി എല്ലാവരോടുമായി വീണ്ടും പറയുന്നു. മനുഷ്യർ ഇഷ്ടപ്പെടുകയില്ല എന്ന് കരുതി എന്നെ ഏറ്റുപറയാത്തവരാണ് നിങ്ങളിൽ അധികം പേരും എന്നെനിക്കറിയാം. എന്നാൽ മനുഷ്യരേക്കാൾ അധികമായി ദൈവത്തെ പ്രസാദിപ്പിക്കുവാനായി അനേകായിരങ്ങൾ രക്തസാക്ഷി മരണം പോലും സ്വീകരിച്ച ചരിത്രം നിങ്ങൾ ശരിക്കും മനസ്സിലാക്കി, എന്റെ സാക്ഷികളാകാൻ മുന്നോട്ടുവരണമെന്ന് ഞാൻ ആഹ്വാനം ചെയ്യുകയാണ്. ക്രിസ്തീയ പ്രമാണങ്ങളോട് വിട്ടുവീഴ്ച ചെയ്ത് പ്രവർത്തിക്കുമ്പോൾ, നിങ്ങൾക്ക് കുറെ എളുപ്പമായി, സുഖമായി ഈ ലോകത്തിൽ ജീവിക്കാൻ കഴിഞ്ഞേക്കും. പക്ഷേ അത് മരണം വരെ

ഉള്ള എന്നാൽ നിങ്ങളുടെ മരണത്തിന് അപ്പുറത്തുള്ള നിത്യജീവൻ സന്തോഷപ്രദമാകണമെങ്കിൽ ഈ ലോകത്തിൽ ദൈവരാജ്യമൂല്യങ്ങൾ എല്ലാ സാഹചര്യങ്ങളിലും വിട്ടുവീഴ്ച കൂടാതെ പാലിക്കുവാൻ നിങ്ങൾ മനസ്സ് വയ്ക്കണം. നിങ്ങളെ അപ്രകാരം തീരുമാനിച്ച്, ഉറച്ച് മുന്നോട്ടുവന്നാൽ അത് നടപ്പാക്കാനുള്ള ശക്തിയും ധൈര്യവും അനുകൂല സാഹചര്യങ്ങളും പരിശുദ്ധാത്മാവ് വഴി ഞാൻ ക്രമീകരിച്ചു തരും എന്ന് ഞാൻ പറയുന്നത് നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയണം. നിങ്ങൾ എന്റെ വാക്കുകളേക്കാൾ അധികമായി ലോക ആചാര്യന്മാരുടെയും തത്വചിന്തകരുടെയും മനുഷ്യത്വവും മാനവികതയും ഉയർത്തിപ്പിടിക്കുന്ന ആശയങ്ങളും ആദർശങ്ങളും ആണ് കൂടുതൽ വിശ്വസനീയമായി സ്വീകരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

എന്നാൽ നിങ്ങൾ അറിയാത്ത വലിയ കൂട്ടം ജനങ്ങൾ എന്നെ വിശ്വസിച്ച് എന്റെ സാക്ഷ്യ ജീവിതം നയിക്കുന്നവരായി ഗ്രാമങ്ങളിലും ആധുനിക പരിഷ്കാരം എത്തിപ്പെടാത്ത സമൂഹങ്ങളിലും എന്റെ സ്വർഗ്ഗരാജ്യസന്ദേശം ജീവിതത്തിൽ കൂടെ പ്രചരിപ്പിച്ചുകൊണ്ട് നിശബ്ദമായി എന്നെ ഏറ്റുപറയുന്നുണ്ട് എന്ന് നിങ്ങൾ അറിയുക. നിങ്ങളുടെ നോട്ടത്തിൽ സമൂഹത്തിൽ മാനവികത, സംസ്കാരം, പാണ്ഡിത്യം , മനുഷ്യത്വം, മാന്യത ഒന്നും ഇല്ല എന്ന് കരുതി മാറ്റി നിർത്തിയിരിക്കുന്ന വലിയൊരു ജനവിഭാഗം അവരുടെ കഷ്ടതയിലും പ്രയാസങ്ങളിലും എന്നെയും എന്റെ ഉപദേശങ്ങളെയും ആശ്രയിച്ച് അനുസരിച്ച് വളർന്നുവരുന്നത് എനിക്ക് സന്തോഷവും പ്രത്യാശയും നൽകുന്ന കാര്യമാണ്. അവർ തങ്ങളുടെ ആത്മാവിന്റെ വില അറിഞ്ഞവരാണ്. ലോക നേട്ടങ്ങൾക്ക് വേണ്ടി ആത്മാവിനെ നഷ്ടപ്പെടുത്താൻ ഇഷ്ടപ്പെടാത്തവരാണ്. അവരുടെ പ്രവർത്തനങ്ങളെ പരാജയപ്പെടുത്താൻ പൈശാചിക ശക്തികൾ കുറേ "നല്ല കാര്യങ്ങൾ" അവരുടെ മുമ്പാകെ അവതരിപ്പിച്ചു സത്യപാതയിൽ നിന്നും അവരെ തെറ്റിച്ചുകളയുവാൻ പരിശ്രമിക്കുന്നുണ്ട്.

നിങ്ങളും അങ്ങനെയുള്ളവരെ കണ്ടെത്തി എത്തി അവരോടൊപ്പം ദൈവ രാജ്യത്തിനുവേണ്ടി കഷ്ടം സഹിക്കുവാനും എന്റെ ജീവിക്കുന്ന സാക്ഷികളാകുവാനും പരിശ്രമിക്കുക. ലോകത്തിൽ നിങ്ങൾക്ക് കഷ്ടതകൾ ഉണ്ട്. അവയെല്ലാം നിങ്ങളുടെ ആത്മീയ വളർച്ചയ്ക്കായി ഞാൻ തന്നെ ക്രമീകരിക്കുന്ന പരിശോധനകളാണ്. അവയിൽ നിങ്ങൾ തളർന്നുപോകാതെ എന്റെ വാക്കുകേട്ട് ജീവിക്കുവാൻ മനസ്സോടെ തീരുമാനിക്കുക. ആ തീരുമാനമാണ് നിങ്ങളിൽ പരിശുദ്ധാത്മശക്തി പകർന്നുകൊണ്ട് നിങ്ങളെ എന്റെ ധീരസാക്ഷികൾ ആക്കുവാൻ എന്നെ

പ്രേരിപ്പിക്കുന്നത്. നിങ്ങളെന്നെ മനസ്സുകൊണ്ട് ഏറ്റുപറയുന്നില്ലെങ്കിൽ എനിക്ക് നിങ്ങളെ സഹായിക്കാൻ കഴിയില്ല. "മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തൻ, അവൻ നിങ്ങൾക്ക് കഴിയുന്നതിനും മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹിക്കാൻ കഴിയുന്നതിന് പരീക്ഷയോടു കൂടി അവൻ പോക്കുവഴിയും ഉണ്ടാക്കും." (1കൊരി 10: 13). ഈ ദൈവവചനം നിങ്ങൾ വിശ്വസിക്കുക. എന്റെ ജീവിതമാതൃക മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുവാൻ ഒന്നാമതായി പരിശ്രമിക്കാൻ മനസ്സ് വെക്കുക. അങ്ങനെ ചെയ്താൽ ഉണ്ടാകുന്ന പ്രതിഫലത്തെ പറ്റിയും, ചെയ്യാതിരുന്നാൽ ഉണ്ടാകുന്ന ശിക്ഷാവിധിയെ പറ്റിയും അൽപസമയം ചിന്തിക്കുക. താൽക്കാലികമായ ലോക സുഖമാണോ നിത്യമായ ദൈവരാജ്യ സന്തോഷമാണോ നിങ്ങൾക്ക് വേണ്ടത് എന്ന് നിങ്ങൾ തന്നെ ശാന്തമായി ആലോചിക്കുക. തീരുമാനം നിങ്ങളുടേതാണ്."ഏറ്റവും നല്ലതിന്" വേണ്ടിയുള്ള തീരുമാനമെടുക്കുവാൻ പരിശുദ്ധാത്മ സഹായം തേടുക. അങ്ങനെ ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും വസിക്കുമ്പോൾ നിങ്ങളുടെ ആത്മാവ് ഒരിക്കലും നഷ്ടപ്പെടുകയില്ല, തീർച്ച.

എന്ന് നിങ്ങളുടെ സ്വന്തം, യേശു.

17-12-2020.

(യേശുവിന്റെ ആത്മകഥ വാല്യം 4 ഇവിടെ സമാപ്തം)

.

# അനുബന്ധം 1
# ഉള്ളടക്കം

(വാല്യം – 1)


1) എന്റെ ബാല്യകാല സ്മരണകൾ.
2) എന്റെ ജ്ഞാനസ്നാനം ജോർദാനിൽ.
3) സാത്താൻറ പ്രലോഭനങ്ങളിൽ അകപ്പെടാതെ സൂക്ഷിക്കുക.
4) എന്റെ അത്ഭുതങ്ങൾ നിങ്ങൾക്കുള്ള അടയാളങ്ങളാണ്.
5) എന്നെ അന്വേഷിക്കുന്നവരെ ഞാൻ സ്നേഹത്തോടെ സ്വീകരിക്കുന്നു.
6) വരുവിൻ, എന്നെ അനുഗമിക്കുവിൻ.
7) ഞാൻ യഥാർത്ഥ ശിഷ്യന്മാരെ അന്വേഷിക്കുകയാണ്.
8) സ്വർഗരാജ്യത്തിലേക്ക് ഞാൻ നിങ്ങളെ കൊണ്ടു പോകാം.
9) കാനാവിലെ കല്യാണ വീട്ടിലെ എന്റെ ആദ്യ ദിവ്യ അനുഭവം.
10) ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം.
11) സൗഖ്യ ദാന ശുശ്രൂഷ ഞാൻ തുടരുകയാണ്.
12) ഭൂത ബാധയെ ഭയപ്പെടരുത്,ഞാൻ സൗഖ്യം നൽകാം.
13) ശമരിയകാരെയും ഞാൻ എന്റെ സന്ദേശം അറിയിച്ചു.
14) നിക്കോദിമോസ്സുമായി ഒരു കൂടിക്കാഴ്ച: ചർച്ചാവിഷയം "വീണ്ടും ജനനം".
15) നിങ്ങൾക്കും എന്നെപ്പോലെ ദൈവമക്കളായി തീരാം.


*******

# അനുബന്ധം 2
# ഉള്ളടക്കം

(വാല്യം – 2)

16 ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ
17. എല്ലാ നിയമങ്ങളും മനുഷ്യനന്മയ്ക്ക് വേണ്ടിയുള്ളതാണ്
18. ദൈവരാജ്യ പ്രഭാഷണപരമ്പര പരസ്യമായി ആരംഭിച്ചു
19. സ്വർഗ്ഗ സൗഭാഗ്യങ്ങൾ ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം
20. നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവും ആകുന്നു
21. എന്റെ ഉപദേശങ്ങൾക്ക് നിങ്ങൾ കാതോർക്കുക
22. മൂന്ന് പ്രധാന രഹസ്യ പ്രമാണങ്ങൾ
23. ശിഷ്യപ്രാർത്ഥന നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുക.
24 ഗിരിപ്രഭാഷണ വിചിന്തനങ്ങൾ
25. എന്റെ ചില ജീവിത പ്രമാണങ്ങൾ
26.എന്റെ ഉപമകൾ കേട്ട് അനുസരിക്കുന്നവർ വഴി തെറ്റുകയില്ല
27. എന്നെ വിശ്വസിക്കുന്നവർക്ക് അത്ഭുതങ്ങൾ ആസ്വദിക്കാം
28. ഞാൻ മരിച്ചവരെ ഉയർപ്പിച്ച രണ്ട് അനുഭവങ്ങൾ
29. എന്റെ മുന്നോടിയായ സ്നാപകയോഹന്നാൻ
30 സ്വർഗ്ഗരാജ്യത്തിന്റെ സവിശേഷതകൾ

******

# അനുബന്ധം 3
# ഉള്ളടക്കം

(വാല്യം – 3)

31. സമ്പാദ്യങ്ങൾ എന്ത്, എവിടെ,എങ്ങനെ?
32. ആഹാരത്തെക്കാൾ ജീവനും, ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലോ?
33. ആകാശ പറവകളെയും വയലിലെ പുഷ്പങ്ങളെയും നോക്കുവിൻ
34. നിങ്ങൾക്ക് എന്നെ അനുഗമിക്കുവാൻ മനസ്സുണ്ടോ?
35. വിതയ്ക്കുന്നവൻ വിതയ്ക്കുവാൻ പുറപ്പെട്ടു
36. ആ നല്ല ശമര്യക്കാരൻ ഞാൻ തന്നെ
37. ഒരു ധനവാന്റെയും ഒരു ലാസറിന്റെയും കഥ
38. ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ
39. വിശ്വാസമെന്ന പാറമേൽ ഞാൻ എന്റെ സഭയെ പണിയും
40. ഞാനാകുന്നു നിങ്ങളുടെ നല്ല ഇടയൻ
41. സ്വർഗ്ഗരാജ്യവിരുന്നിൽ സംബന്ധിക്കുന്നവർ ഭാഗ്യവാന്മാർ
42. എന്റെ താലന്തുകൾ കൊണ്ട് നിങ്ങൾ എന്ത് ചെയ്തു?
43. സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്
44. കാണാതെപോയ ആടും നഷ്ടപ്പെട്ട നാണയവും
45. വീട് വിട്ടുപോയ ധൂർത്ത്പുത്രനും, മകനെ കാത്തിരിക്കുന്ന സ്നേഹപിതാവും

******

# അനുബന്ധം 4

## About the Author

Fr.C.C.Cherian, aged 71, born in ”Chungath Family” from Kunnamkulam Diocese of the Malankara Orthodox Church, received the following education: B.Sc&B.Lib.Sc degrees from the Kerala University, B.D & M.T degrees from the Serampore College,and PG Diploma Certifcates :

1. in Syriac language from SEERI, Kottayam,

2. in Archival studies, from the National Archives,New Delhi, and from the State Library Tiruvananthapuram,

3. in Christian Spirituality from Tandoor Ecumenical Institute, Jerusalem.

He served as the chief Librarian and Archivist for 40 years at the Orthodox Teological Seminary Kottayam. He has also contributed his eforts towards the formation of “MGDM Archives”, “MJDM Micro Library” ,”OSDL” Digital library, “Divyabodhanam “Study Program& Publication of 30 text books, Tiruvachana Bhashyam,”a commentary series of N T in 15 volumes, The Church Encyclopedia”,”Sabhavijnanakosam”,”Mar Gregorios Foundation” & several Publications of the writings of LL.Dr Paulose Mar Gregorios etc. He served as the personal secretary to H.G. Dr Paulose Mar Gregorios for 20 years, till his demise in1996.

He also served as the Secretary of the “Alumne Association”and has published”Sabha Gana Madhuri” a series of 16Audio Cassette tapes of Ekkara& other Church Musics sung by Revd.Fr. Malpan N K Koruth Njarthankal of blessed memory. He also served as the staf advisor for diferent activities in the seminary. He retired from the Seminary in 2014.

Fr.Cherian served in 14 parishes of Kottayam Diocese from 1973 onwards and retired in 2018.He lives in Kottayam with his wife Saly Cherian. His children Reena, Cyril and Paul live abroad with their families. All of them are much grateful to the Almighty God who provided them with His abundant blessings.


# Books by the Author

1. ദൈവജനം, ദിവ്യബോധനം ഗ്രന്ഥാവലി, കോട്ടയം 1986
2. നേർവഴിയിൽ (ഒന്നാം ഭാഗം), ദിവ്യബോധനം, 1988
3. The People of God, Divyabodhanam, 1989
4. ഭൂമിയുടെ അറ്റത്തോളവും, പാരിഷ് മിഷൻ ഗ്രന്ഥാവലി, 1995
5. ഉപവാസം ക്രിസ്തീയ വീക്ഷണത്തിൽ, സി. സി. ബുക്സ്, കോട്ടയം, 1996
6. ഉപവാസവും ആത്മീയ ശിക്ഷണവും, സി. സി. ബുക്സ്, കോട്ടയം 1996
7. മാർ ഗ്രീഗോറിയോസ്, ഓർമ്മയുടെ തീരങ്ങളിൽ, സി. സി. ബുക്സ്, കോട്ടയം 1996
8. ക്രൈസ്തവ ആദ്ധ്യാത്മികത, ദിവ്യബോധനം, 1997
9. ഉപവാസം ഒരു പഠനം, സി. സി. ബുക്സ് 1996
10. സംഘർഷങ്ങൾ ആത്മീയ ജീവിതത്തിൽ, MGOCSM, 1998
11. അന്ധവിശ്വാസത്തിൻറെ ബന്ധനങ്ങൾ, Premier Books, Kottayam, 2000
12. യെരുശലേമിലേയ്ക്ക് ഒരു സഫല യാത്ര, കോട്ടയം, 2008
13. ക്രിസ്തീയ ജീവിത സാഫല്യം, MOC Publications, Kottayam, 2008
14. ക്രിസ്തീയ ഉപവാസം എന്ത്, എന്തിന്, എങ്ങനെ, കോട്ടയം 2008
15. Walk The Way: Reflections on the faith and practices of the Orthodox Church. C. C. Books, Kottayam, 2020
16. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 1, സി. സി. ബുക്സ്, കോട്ടയം 2020
17. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 2, സി. സി. ബുക്സ്, കോട്ടയം 2020
18. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 3, സി. സി. ബുക്സ്, കോട്ടയം 2021
19. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 4, സി. സി. ബുക്സ്, കോട്ടയം 2021

# യേശുവിന്റെ ആത്മകഥ

വാല്യം 4

യേശുവിൻറെ ആത്മകഥയുടെ ഈ നാലാം വാല്യത്തിലെ പ്രധാന പ്രതിപാദ്യവിഷയം ഈ ശിഷ്യത്വമാണ്. നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക, നിന്നെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക, ശത്രുവിനെയും സ്നേഹിക്കുക ഇത്യാദി പ്രബോധനങ്ങൾ ഒക്കെ വളരെ ലളിതവും അതേസമയം പ്രാവർത്തികമാക്കാൻ വളരെ പ്രയാസവുമാണ്. അതുകൊണ്ട് അതീവ ലളിതമായ സുവിശേഷ സത്യങ്ങളെ വ്യാഖ്യാനിച്ചു ദുഷ്കരമാക്കുകയും, സഭകൾ തങ്ങളുടെ സൈദ്ധാന്തിക നിലപാടുകളെ മറ്റുള്ളവരുടെതിനേക്കാൾ മേൽത്തരമെന്ന് ബൗദ്ധികമായി സ്ഥാപിക്കുകയും ചെയ്യുന്ന ഉദ്യമത്തിലാണ് എഴുത്തുകാരും പ്രബോധകരും മിക്കപ്പോഴും എത്തി നിൽക്കുന്നത്. ഇവിടെ ശിഷ്യത്വത്തിൻറെ നാനാർത്ഥങ്ങളും വിസ്മൃതിയിലാകുന്നു. അവയെ തിരികെ കൊണ്ടുവരാനുള്ള ശ്രമത്തിലാണ് ബുദ്ധിയേക്കാൾ ഉപരി ആത്മാവിനോട് സംവദിച്ചുകൊണ്ട് നസ്രായൻ തന്റെ ആത്മകഥ തുടരുന്നത്. ഇവയിലെ നിരീക്ഷണങ്ങൾ ശിഷ്യത്വം ഗൗരവമായി എടുക്കുന്ന ഏവരുടെ ഹൃദയത്തെയും കുത്തി നോവിക്കുക തന്നെ ചെയ്യും.



ഫാദർ. സി. സി. ചെറിയാൻ

Chungath House,
Malloosserry P.O.
Kottayam - 686 041
E-Mail: info@ccbooks.in
Website: www.ccbooks.in

C.C. BOOKS KOTTAYAM
CHRISTIAN COMMUNICATIONS

Rs. 120/-